# ഭിന്നശേഷി സൗഹൃദ തദ്ദേശ ഭരണം

## പരിശീലന കൈപ്പുസ്തകം




കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)

മുളങ്കുന്നത്തുകാവ് പി ഒ, തൃശ്ശൂർ–680581

ജൂലൈ 2024

# ഭിന്നശേഷി സൗഹൃദ തദ്ദേശ ഭരണം
(പരിശീലന കൈപ്പുസ്തകം)

**ചീഫ് എഡിറ്റർ**
ഡോ.ജോയ് ഇളമൺ, ഡയറക്ടർ ജനറൽ, കില

**അസോസിയേറ്റ് എഡിറ്റർമാർ**
ശ്രീ.എം.ജി.കാളിദാസൻ, കില
ശ്രീ.കെ.ജി.സജീവ്, കില

**കൈപ്പുസ്തകം തയ്യാറാക്കുന്നതിന് സഹായിച്ചവർ**
ഡോ.അമൃത.കെ.പി.എൻ
ഡോ.ആന്റണി.കെ.ആർ
ശ്രീ.ബാലഗംഗാധരൻ.ആർ
ശ്രീ.രേണുകുമാർ.എം
ശ്രീ.ബഷീർ.കെ.ജി,
ശ്രീ.ബാബുകുമാർ.കെ.ബി
ശ്രീ.വി.കെ.ശ്രീധരൻ
ശ്രീ.അബ്ബാസ് അലി
ശ്രീ.ദിനേശൻ.സി.കെ
ശ്രീമതി സുഷമ.പി
ശ്രീമതി ഹസീന അക്ബർ
ശ്രീ. രവി.കെ.കെ
ശ്രീമതി.ഷിമി ശങ്കർ
ശ്രീ.ഷൈജു.എം, കില

**ഡി.ടി.പി.**
ശ്രീലത.എസ് , കില

**പ്രസാധനം**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ-680581
ഫോൺ - 2200244, 2207087 (ഓഫീസ്)
0487-2201312 (ഡയറക്ടർ),0487-2201062 (ഫാക്സ്)
ഇമെയിൽ: info@kila.ac.in
വെബ്സൈറ്റ് : www.kila.ac.in

**ജൂലൈ 2024**

## അവതാരിക

കേരളത്തിലെ പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗങ്ങൾക്കിടയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനകീയാസൂത്രണവും വരുത്തിയ മാറ്റങ്ങൾ വളരെ ശ്രദ്ധേയമാണ്. പ്രാദേശികമായി ലഭ്യമായിരുന്ന സേവനങ്ങൾ വിപുലീകരിക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും, ജനകീയ ഇടപെടലിന് വേദിയൊരുക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ജനങ്ങളുടെ ആവശ്യങ്ങൾ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നൂതനാശയങ്ങൾ ആവിഷ്കരിക്കുന്നതിനും പ്രാദേശിക സർക്കാരുകൾ മുൻകൈ എടുത്ത പല മാതൃകകളും നമുക്ക് കാണാം. സമൂഹത്തിലെ ഏറ്റവും കൂടുതൽ ക്ലേശമനുഭവിക്കുന്ന വിഭാഗമാണ് ഭിന്നശേഷിക്കാർ. പ്രാദേശികമായി വളരെ പരിമിതമായ സേവനങ്ങളാണ് അവർക്ക് ലഭ്യമായിരുന്നത്. അതിജീവനാവകാശവും വിദ്യാഭ്യാസാവകാശവും അവർക്ക് പൂർണ്ണമായും ലഭ്യമായിരുന്നില്ല. മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പ്രയാസം ഇതിലും ഏറെ പരിതാപകരമായിരുന്നു. ഈ സാഹചര്യത്തിലാണ് മാറ്റങ്ങളനിവാര്യമാണെന്ന തിരിച്ചറിവിന്റെ ഫലമായി ശ്രദ്ധേയമായ പല നൂതനാശയങ്ങളും രൂപപ്പെടുന്നതിന് വഴി വെച്ചത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പുകൾ, സ്റ്റൈപ്പന്റ്, ഉപകരണ വിതരണം, ബഡ്സ് സ്കൂളുകൾ, റീഹാബിലിറ്റേഷൻ സെന്റർ തുടങ്ങിയവ ഭിന്നശേഷിക്കാരുടെ ജീവിതത്തിലും അവരുടെ അവകാശ സംരക്ഷണത്തിലും വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ധാരാളം  തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനകം തന്നെ ബഡ്സ് സ്കൂളുകൾക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും മുൻഗണന നൽകി കഴിഞ്ഞു. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികളുടെ പ്രയോജനങ്ങളും പൊതുജന പങ്കാളിത്തവും ഭിന്നശേഷി സൗഹൃദ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സഹായകമായിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ ഉത്തമവികസനത്തിന് ഏറെ പ്രാധാന്യമാണ് സംസ്ഥാന സർക്കാരും നൽകി പോരുന്നത്. ഈ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് "*ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം*" എന്ന സമഗ്ര ആശയം കില മുന്നോട്ട് വെച്ചത്. ഭിന്നശേഷി നേരി ടുന്നവരുടെ അവകാശങ്ങളെകുറിച്ച് ബോധ്യമുള്ള, അവരുടെ വികസനത്തോട് ആഭിമുഖ്യമുള്ള തദ്ദേശ ഭരണവുമായി ഒത്തുചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യമുള്ള വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവരെ പ്രാപ്തരാക്കുന്നതിന് ഈ കൈപുസ്തകം സഹായകരമാകും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു .

"*ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം*" എന്ന ഈ കൈപുസ്തകം തയ്യാറാക്കുവാൻ സഹായിച്ച കിലയിലെ കൺസൾട്ടന്റുമാരായ ശ്രീ.കാളിദാസൻ.എം.ജി, ശ്രീ.സജീവ്.കെ.ജി എന്നിവരെ പ്രത്യേകം അഭിനന്ദിക്കുന്നു.

കില
01.07.2024

ഡോ.ജോയ് ഇളമൺ
ഡയറക്ടർ ജനറൽ, കില

**ആമുഖം**

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ കാണാൻ കഴിയാത്തത്ര സജീവമായ ക്ഷേമപ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് വരുന്നത്. ജനനം മുതൽ മരണം വരെയുള്ള ജീവിതകാലയളവിലെ (Life span)എല്ലാ ഘട്ടങ്ങളിലും പിൻതുണ ആവശ്യമുള്ളവർക്ക് അത് എത്തിക്കത്തക്ക നിലയിൽ സാമൂഹ്യസുരക്ഷാസംവിധാനത്തെ സമഗ്രമാക്കി മാറ്റികൊണ്ടിരിക്കുകയാണെന്ന് അഭിമാനപൂർവ്വം സ്മരിക്കുന്നു. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ഈ പ്രവർത്തനങ്ങൾ ഭിന്നശേഷിക്കാരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനും അവരുടെ അവകാശങ്ങൾ അനുഭവവേദ്യമാക്കുന്നതിനുമുള്ള നിരന്തര ശ്രമങ്ങളിലാണ്. കേരള സർക്കാരാകട്ടെ സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഇത്യാദിപ്രവർത്തനങ്ങളിൽ പ്രാപ്തരാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുമതികളും നൽകിയിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും ഈ വിഭാഗങ്ങളുടെ ജീവിതനിലവാരവും, ക്ഷേമവും താരതമ്യേന പിന്നിലാണെന്ന വസ്തുത വിസ്മരിക്കുവാൻ പാടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭിന്നശേഷി സേവനങ്ങളെ ശക്തിപ്പെടുത്തുന്നതിന് ജനപങ്കാളിത്തം കൂടിയേ തീരൂ. ഈ സാഹചര്യത്തിലാണ് ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും അടക്കം മുഴുവൻ പേർക്കും പ്രയോജനകരമായ "ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം" എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് കില തീരുമാനിച്ചത്.

ഏഴ് അദ്ധ്യായങ്ങളിലായിട്ടാണ് ഈ കൈപുസ്തകം ക്രമീകരിച്ചിരിക്കുന്നത്. ഭിന്നശേഷി പ്രാധാന്യവും കാഴ്ചപാടുകളും എന്ന ഒന്നാം അദ്ധ്യായത്തിൽ ഇന്ത്യയുടെ ഭിന്നശേഷി സൗഹൃദ നിർദ്ദേശങ്ങൾ, ഭിന്നശേഷി – ദേശീയ കാഴ്ച്ചപ്പാട്, ഭിന്നശേഷിയുള്ളവർക്കായുള്ള ദേശീയ നയം, പുനരധിവാസ മേഖലകൾ, അന്തർദേശീയ നിലപാടുകൾ, ഭിന്നശേഷിക്കാർക്കായുള്ള അന്താരാഷ്ട്ര അവകാശ പ്രഖ്യാപനരേഖ എന്നിവയാണ് വിശദീകരിക്കുന്നത്. രണ്ടാം അദ്ധ്യായമായ ഭിന്നശേഷിക്കാർക്കായുള്ള അവകാശ സംരക്ഷണ നിയമങ്ങൾ എന്നതിൽ ഭിന്നശേഷിക്കാർക്ക് ദേശീയ അവകാശ നിയമം, ഭിന്നശേഷി സംബന്ധിച്ച നിർവ്വചനങ്ങൾ, വൈകല്യങ്ങളുടെ തരംതിരിവുകൾ, ഭിന്നശേഷിക്കാർ അനുഭവിക്കുന്ന പ്രധാനപ്പെട്ട തടസ്സങ്ങൾ എന്നീ കാര്യങ്ങളാണ് ചർച്ച ചെയ്യുന്നത്. കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളും ഭിന്നശേഷിസൗഹൃദഭരണവും എന്ന മൂന്നാം അദ്ധ്യായത്തിൽ കേരളത്തിലെ തദ്ദേശഭരണം, തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള പദ്ധതി പൊതുസമീപനം, മുൻഗണന, സംസ്ഥാന ഭിന്നശേഷി നയം, ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ, ഭിന്നശേഷിസൗഹൃദ തദ്ദേശഭരണം, ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ, സമഗഭിന്നശേഷി മാനേജ്മെന്റ് (മാട്രിക്സ് 13 ഇനപട്ടിക) എന്നിവയും, നാലാം അദ്ധ്യായമായ പ്രാദേശിക സർക്കാരുകളും ഭിന്നശേഷി ക്കാർക്കായുള്ള ഇടപെടലുകളും എന്നതിൽ ഭിന്നശേഷിക്കാരുടെ സമഗ്ര വിവരശേഖരണം, ഏർളി ഡിറ്റക്ഷൻ, രാഷ്ട്രീയ ബാലസ്വാസ്ഥ്യകാര്യക്രം (RBSK), ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകൽ, വിദ്യാകാര്യക്രമം, വിദ്യാഭ്യാസ പരിരക്ഷക്കായി സ്കോളർഷിപ്പ്, ഘടകസ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കൽ, സർവീസ് ചാർട്ടർ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ, ബഡ്സ് സ്കൂൾ, സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ എന്നിവയാണ് പ്രതിപാദിക്കുന്നത്. ഭിന്നശേഷിക്കാർക്കായുള്ള പങ്കാളിത്ത സംവിധാനങ്ങൾ എന്ന അഞ്ചാം അദ്ധ്യായത്തിൽ, ഭിന്നശേഷിക്കാർക്കായുള്ള പങ്കാളിത്ത സംവിധാനങ്ങൾ, ഭിന്നശേഷി വിഭാഗക്കാരുടെ പ്രത്യേക ഗ്രാമസഭ, ബഡ്സ് വികസന മാനേജ്മെന്റ് സമിതി, ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക അയൽക്കൂട്ടം, സ്കൂൾ ക്ലബ്ബുകൾ തുടങ്ങിയ വിഷയങ്ങളാണ് വിശദീകരിക്കുന്നത്. 'ഭിന്നശേഷിക്കാർക്കായുള്ള സർക്കാർ പരിപാടികൾ, സേവനസഹായങ്ങൾ' എന്ന ആറാം അദ്ധ്യായത്തിൽ വിദ്യാഭ്യാസ അവകാശ നിയമം, കേരള സാമൂഹ്യനീതി വകുപ്പ്, കേരള സാമൂഹ്യസുരക്ഷാമിഷൻ പദ്ധതികൾ, ഭിന്നശേഷിയുള്ളവർക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവയാണ് വിശദമാക്കുന്നത്. ഭിന്നശേഷി സൗഹൃദ കർമ്മപരിപാടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എങ്ങിനെ തയ്യാറാക്കാം എന്ന് ഏഴാം അദ്ധ്യായത്തിൽ സൂചന നൽകുന്നു.

മേൽപറഞ്ഞ പ്രവർത്തനങ്ങൾ ചിട്ടപെടുത്തുന്നതിന് സഹായകരമായ അംഗീകൃത മാർഗ്ഗ നിർദ്ദേശങ്ങൾ ആണ് അനുബന്ധമായി നൽകിയിട്ടുള്ളത്. ഈ പരിശീലന കൈപുസ്തകം, ഭിന്നശേഷി ശാക്തീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തീരുമാനങ്ങളെടുക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും അനുബന്ധ ഘടകസ്ഥാപനങ്ങൾക്കും സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഉള്ളടക്കം**


| അദ്ധ്യായം | വിഷയം | പേജ് നം |
|---|---|---|
| അദ്ധ്യായം – 1 | ഭിന്നശേഷി പ്രാധാന്യവും കാഴ്ചപാടുകളും | 7–16 |
| അദ്ധ്യായം – 2 | ഭിന്നശേഷിക്കാർക്കായുള്ള അവകാശ സംരക്ഷണ നിയമങ്ങൾ | 17–33 |
| അദ്ധ്യായം – 3 | ഭിന്നശേഷിവിഭാഗങ്ങളും കേരളവും | 34–39 |
| അദ്ധ്യായം – 4 | കേരളസംസ്ഥാനം ഭിന്നശേഷി വിഭാഗങ്ങളുടെ അവസ്ഥ പ്രശ്നനങ്ങൾ, ഇടപെടലുകൾ | 40–47 |
| അദ്ധ്യായം – 5 | തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭിന്നശേഷിക്കാർക്കായുള്ള ഇടപെടലുകൾ സ്ഥാപനങ്ങൾ സേവനങ്ങൾ | 48–60 |
| അദ്ധ്യായം – 6 | ഭിന്നശേഷിക്കാർക്കായുള്ള പങ്കാളിത്ത സംവിധാനങ്ങൾ | 61–67 |
| അദ്ധ്യായം – 7 | ഭിന്നശേഷിക്കാർക്കായുള്ള സർക്കാർ പരിപാരികൾ സഹായങ്ങൾ | 68–90 |
| അദ്ധ്യായം – 8 | ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം കർമ്മപദ്ധതി ആസൂത്രണം | 91–96 |
| **അനുബന്ധങ്ങൾ** | | |
| അനുബന്ധം – 1 | ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രത്യേക പ്രാധാന്യം എന്ത് കൊണ്ട് | 98–105 |
| അനുബന്ധം 2 | UDID പോർട്ടൽ മുഖേന ഭിന്നശേഷി കാർഡ് അനുവദിയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ | 106 |
| അനുബന്ധം 3 | ആധാർ എൻറോൾമെന്റ് | 107 |
| അനുബന്ധം 4 | ഭിന്നശേഷി വിഭാഗങ്ങളുടെ തദ്ദേശഭരണ സ്ഥാപനതല അവസ്ഥാ പഠനം | 108–114 |
| അനുബന്ധം 5 | ഭിന്നശേഷി വ്യക്തിഗത ഗാർഹികതല വിവരശേഖരണ ഫോറം (ഓരോ വ്യക്തിക്കും പ്രത്യേകം) | 115–122 |
| അനുബന്ധം 6 | സംസ്ഥാന ഭിന്നശേഷിജന നിയമ ചട്ടങ്ങൾ | 123–124 |

# അദ്ധ്യായം 1

## ഭിന്നശേഷി പ്രാധാന്യവും കാഴ്ചപാടുകളും

**ആമുഖം**

മനുഷ്യവംശത്തിന്റെ ആരംഭം മുതൽ അവർ നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്നാണ് വൈകല്യം അഥവ ഭിന്നശേഷി. പ്രാചീന കുടുംബവ്യവസ്ഥയിലും കാർഷിക സമ്പദ്‌വ്യവസ്ഥയിലും ഭിന്നശേഷിയുള്ളവരുടെ കുടുംബസംരക്ഷണം ഏറെ പ്രയാസമുള്ള കാര്യമായിരുന്നില്ല. എന്നാൽ വ്യവസായിക വിപ്ലവത്തിനു ശേഷം സാമൂഹ്യസുരക്ഷക്കപ്പുറം വ്യക്തിഗതമായ പുരോഗതി കൂടി ലക്ഷ്യമായി മാറിയതോടെ ഭിന്നശേഷിയുള്ള വ്യക്തികൾ സാമൂഹ്യസുരക്ഷാവലയത്തിൽ നിന്നും പുറത്താകുന്നതിന് ആക്കം കൂടി. ഇത് വലിയ മാനുഷിക പ്രശ്നമായി അനുഭവപ്പെടാൻ തുടങ്ങിയതിനെ തുടർന്ന് സാമൂഹ്യനിന്ദ ഏറെ അനുഭവിക്കേണ്ടിവന്ന മാനസികരോഗികൾക്കും ബുദ്ധിമാന്ദ്യമുള്ള വ്യക്തികൾക്കും സുരക്ഷാ സ്ഥാപനങ്ങൾ (അസൈലം) ശാരീരിക ചലനവൈകല്യമുള്ളവർക്ക് പ്രത്യേക സംരക്ഷണ സ്ഥാപനങ്ങൾ തുടങ്ങിയവ ഇതോടൊപ്പം പ്രവർത്തിക്കാൻ തുടങ്ങി. ഈ സ്ഥാപനങ്ങളിലെ ജീവിതം ദുരിതപൂർണ്ണമായി അനുഭവപ്പെട്ടതിനാൽ പലവിധത്തിലുള്ള മനുഷ്യത്വപരമായ പരിഷ്കാരങ്ങൾക്ക് ശ്രമമാരംഭിച്ചു. ഇതിന്റെ ഫലമായി ദൃശ്യപരിമിതി ഉള്ളവർക്കായി ബ്രെയിലി പഠന സമ്പ്രദായങ്ങളും ശ്രവണ പരിമിതി ഉള്ള വിഭാഗങ്ങൾക്കായി സൈൻ ലാംഗ്വേജും പ്രയോജനപ്പെടുത്തപ്പെട്ടു. ഒന്നാം ലോകമഹായുദ്ധത്തിൽ ആരോഗ്യദൃഢഗാത്രരായിരുന്ന പലരും അംഗവിഹീനരായതിനെ തുടർന്ന് ശാരീരിക വൈകല്യമുള്ളവരുടെ പുനരധിവാസത്തിനായി സവിശേഷമായ ഉപകരണങ്ങളും ഉപാധികളും കണ്ടുപിടിക്കപ്പെട്ടു. ഇരുപതാം നൂറ്റാണ്ട് മുതൽ ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങളെ കുറിച്ച് അന്താരാഷ്ട്ര തലത്തിൽ ചർച്ചകൾ ആരംഭിച്ചിരുന്നു. ഈ ചർച്ചകൾ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലും പ്രതിഫലിക്കപ്പെട്ടു. അതുകൊണ്ട് തന്നെ ഭാരതത്തിന്റെ ഭരണഘടനയിൽ ഭിന്നശേഷി സൗഹൃദപരമായ ഇടപെടലുകൾ ഉൾചേർക്കപ്പെട്ടിട്ടുണ്ട്. ഇവരുടെ ക്ഷേമത്തിനായി പലവിധപരിപാടികളും സാമ്പത്തിക സഹായങ്ങളും പ്രഖ്യാപിക്കപ്പെട്ടു. എന്നാൽ ഭിന്നശേഷിയുള്ളവർക്ക് അനിവാര്യമായ സേവനങ്ങളും സംവിധാനങ്ങളും അവരുടെ അവകാശമെന്ന നിലയിൽ അംഗീകരിക്കപ്പെട്ടിരുന്നില്ല. 1995 ലെ ദേശീയ ഭിന്നശേഷിജന നിയമത്തിലാണ് ഇന്ത്യയിൽ ഭിന്നശേഷി സൗഹൃദസേവനങ്ങൾ അവകാശമായി പ്രഖ്യാപിക്കപ്പെട്ടത്. അന്താരാഷ്ട്രതലത്തിൽ 2006 ൽ ഭിന്നശേഷിയുള്ള വ്യക്തികൾക്കായുള്ള അന്താരാഷ്ട്ര അവകാശ പ്രഖ്യാപന രേഖ (UNCRPD) അംഗീകരിക്കപ്പെട്ടപ്പോൾ ലോകത്താകമാനം ഈ ജനവിഭാഗത്തിന്റെ അവകാശങ്ങളെ സംബന്ധിച്ച പ്രസക്തി ബോധ്യപ്പെടുകയുണ്ടായി.

**ഇന്ത്യൻ ഭരണഘടനയിലെ ഭിന്നശേഷി സൗഹൃദ നിർദ്ദേശങ്ങൾ**

രാഷ്ട്രം അതിന്റെ സാമ്പത്തികശേഷിയുടെയും വികസനത്തിന്റേയും പരിധിക്കകത്തുനിന്നുകൊണ്ട് ഭിന്നശേഷിക്കാർ, വയോജനങ്ങൾ, രോഗികൾ തുടങ്ങിയവരുടെ ആവശ്യങ്ങൾ സാധ്യമാക്കുന്നതിനും, തൊഴിൽ അവകാശം, വിദ്യാഭ്യാസം, തൊഴിലില്ലായ്മ മുതലായവ പരിഹരിക്കുന്നതിനുമുള്ള പൊതുസേവനങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ ഫലപ്രദമായ നടപടികൾ കൈ കൊള്ളേണ്ടതാണ് എന്ന് ഭരണഘടന 41-ആം വകുപ്പ് നിഷ്കർഷിച്ചിരിക്കുന്നു. ഇന്ത്യ UNCRPD ഉടമ്പടി അംഗീകരിച്ചതോടെ ഭിന്നശേഷി വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നിലവിലുള്ള നിയമങ്ങളിൽ മാറ്റം അനിവാര്യമായി വന്നു. അതിനെയാണ് 1995 ലെ ഭിന്നശേഷി നിയമം RPWD (PWD Act) റദ്ദ് ചെയ്ത് 2016 ഡിസംബറിൽ ഭിന്നശേഷി അവകാശനിയമം ഇന്ത്യൻ പാർലമെന്റ് അംഗീകരിച്ചത്.

അതിനെ തുടർന്ന് കേന്ദ്രസർക്കാർ 2017 ലും കേരള സർക്കാർ 2020 ലും ഭിന്നശേഷി അവകാശ ചട്ടങ്ങൾ രൂപീകരിക്കുയുണ്ടായി.

ഭരണഘടനയുടെ പാർട്ട് - IV, അനുഛേദം - 41 ൽ ഭിന്നശേഷിയുള്ള വ്യക്തികളോട് സ്വീകരിക്കേണ്ട സമീപനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. രാഷ്ട്രത്തിന്റെ സാമ്പത്തിക പരിമിതികളുള്ളിൽ നിന്ന് കൊണ്ട് ഇവരുടെ വികസനത്തിനും വിദ്യാഭ്യാസത്തിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വാർദ്ധക്യക്കാലത്തും രോഗാവസ്ഥയിലും സാധ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ഭിന്നശേഷിക്കാർക്കായുള്ള ദേശീയ നയവും ദേശീയ ഭിന്നശേഷി അവകാശ നിയമവും ഈ നിർദ്ദേശങ്ങൾ ഉറപ്പ് വരുത്തുന്നതിനായി പ്രഖ്യാപിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഓരോ സംസ്ഥാനവും അവരുടേതായ ഭിന്നശേഷി നയവും ഭിന്നശേഷിയുള്ള വ്യക്തികൾക്കായുള്ള ചട്ടങ്ങളും രൂപീകരിക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു.

**ഭിന്നശേഷി – ദേശീയ കാഴ്ചപ്പാട്**

തുല്യത, സ്വാതന്ത്ര്യം, നീതി, അന്തസ്സ് എന്നിവ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് ഉൾപ്പടെ മുഴുവൻ പൗരന്മാർക്കും ഉറപ്പാക്കുക എന്നത് ഇന്ത്യൻ ഭരണഘടനയുടെ താത്വിക നിലപാടാണ്. ഭിന്നശേഷിക്കാരായ ഭൂരിപക്ഷം വ്യക്തികൾക്കും തുല്യഅവസരങ്ങളും നല്ല ജീവിത സാഹചര്യങ്ങളും പ്രദാനം ചെയ്താൽ ഏവരേയും പോലെ ഇവർക്കും ഉയർന്ന നിലയിൽ എത്തുവാൻ കഴിയും എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. നിലവിൽ ഉണ്ടായിരുന്ന വൈദ്യശാസ്ത്രപരമായ പുനരധിവാസത്തിനു പകരം സാമൂഹ്യ പുനരധിവാസത്തിന് ഈ നയം ഊന്നൽ നൽകുന്നു. 1999 ലെ നാഷണൽ ട്രസ്റ്റ് നിയമം, 1992 ലെ റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ നിയമവും, മറ്റനേക നിയമങ്ങളും ഇവരുടെ ജീവിതം വിജയകരമാക്കുന്നതിന് സഹായകരമാകുന്ന ഇടപെടലുകളാണ്. ഇതോടൊപ്പം വിവിധ തരത്തിൽപ്പെട്ട ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും പരിശീലനത്തിനും നേതൃത്വപരമായ പങ്ക് വഹിക്കാൻ ഏഴ് ദേശീയ സ്ഥാപനങ്ങളും ഭാരത സർക്കാർ രൂപീകരിക്കുകയുണ്ടായി.

**ഭിന്നശേഷിയുള്ളവർക്കുള്ള ദേശീയ നയം. (നാഷണൽ പോളിസി ഫോർ പേഴ്സൺ വിത്ത് ഡിസബിലിറ്റി 2006)**

എങ്ങിനെയായിരിക്കണം ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങളെയും പരിഹാരത്തെയും സമീപിക്കേണ്ടത് എന്നതാണ് ഈ നയം വ്യക്തമാക്കാൻ ശ്രമിക്കുന്നത്. ഭിന്നശേഷിക്കാർ രാഷ്ട്രത്തിന്റെ വിലയേറിയ മനുഷ്യശേഷിയാണെന്നും ആ നിലയിൽ അവർക്ക് ഉയർന്നു വരുന്നതിനായി തുല്യ അവസരങ്ങൾക്കും അവകാശ സംരക്ഷണത്തിനും തുല്യ പങ്കാളിത്തത്തിനുമായി സമൂഹത്തിൽ ഉചിതമായ സാഹചര്യങ്ങൾ സൃഷ്ടിക്കണമെന്നും നയം ഉദ്ഘോഷിക്കുന്നു. ഈ നയരേഖയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സംസ്ഥാന പ്രാദേശിക സർക്കാരുകൾ ചുമതലപ്പെട്ടവരായിരിക്കും. ഇതിന് സഹായകരമാകും വിധത്തിലാണ് പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യപ്പെടേണ്ടത്.

**ദേശീയനയത്തിലെ സമീപനം**

ദേശീയ നയത്തിന്റെ കേന്ദ്രബിന്ദു (ഫോക്കസ് ) രണ്ട് സമീപനങ്ങൾക്കാണ്.

1) വൈകല്യങ്ങൾ മുൻകൂട്ടി തടയുക.
2) വൈകല്യങ്ങൾ ഉണ്ടായാൽ അവരെ പുനരധിവസിപ്പിക്കുക

വൈകല്യബാധ മുൻകൂട്ടി തടയുന്നതിന് ജനിതകമോ, ജീവശാസ്ത്രപരമോ ആയ ഹേതുക്കളുടെ പ്രതിരോധത്തിനാണ് ഊന്നൽ നൽകേണ്ടത്. ഇതിനായി ബോധവൽക്കരണവും ഗർഭകാല

പരിചരണവും വൈദ്യപരിശോധനകളും സഹായങ്ങളുമാണ് പ്രധാന ഉപാധികളായി നിർദ്ദേശിച്ചിട്ടുള്ളത്. ഇതോടൊപ്പം പ്രതിരോധ കുത്തിവെയ്പ്പുകൾ , ആശുപത്രി പ്രസവം ഉറപ്പാക്കൽ, നവജാതശിശു ആരോഗ്യ പരിശോധനകൾ, മാതൃശിശു പോഷണം എന്നിവയും ഏർപ്പെടുത്തണം.

1) മെഡിക്കൽ സർട്ടിഫിക്കറ്റ്
2) സന്നദ്ധസംഘടനാ പ്രോത്സാഹനം
3) സാമൂഹ്യ സുരക്ഷാ പെൻഷൻ, ആശ്രയ
4) വിവരശേഖരണം
5) ഗവേഷണം
6) കുട്ടികളും, സാംസ്കാരിക പ്രവർത്തനങ്ങളും

തുടങ്ങിയവ വിഭാവനം ചെയ്യുന്നു

**പുനരധിവാസം**

ഭിന്നശേഷി പുനരധിവാസ പ്രവർത്തനങ്ങളിൽ മൂന്നായി തരംതിരിക്കാം

**എ. ശാരീരിക പുനരധിവാസം** –ശാരീരിക പുനരധിവാസത്തിൽ വൈകല്യങ്ങൾ കാലേകൂട്ടി കണ്ടെത്തൽ വൈദ്യശാസ്ത്രപരമായ ഇടപെടലുകൾ, സഹായ ഉപകരണങ്ങൾ ഉറപ്പാക്കൽ, രക്ഷാകർതൃ പരിശീലനം എന്നിവയാണ് ലക്ഷ്യമിടുന്നത്. പരിശോധനകൾ നടത്തി വൈകല്യബാധ ഉണ്ടോ എന്ന് തിട്ടപ്പെടുത്തുകയാണ് ആദ്യചുവട് വെപ്പ്. തുടർന്ന് അനുയോജ്യമായ പുനരധിവാസ സേവനങ്ങൾ ഉറപ്പാക്കേണ്ടതാണ്. കാലേകൂട്ടിയുള്ള വികസന വ്യതിയാന നിർണ്ണയവും പരിഹാര ഇടപെടലുകളും ഇതിൽ പ്രാധാന്യം അർഹിക്കുന്നു.

**ബി. വിദ്യാഭ്യാസപരമായ പുനരധിവാസം** – ഭരണഘടനയുടെ അനുഛേദം 21 എ നിഷ്കർഷിക്കുന്ന നിർബന്ധിത വിദ്യാഭ്യാസം ഭിന്നശേഷിക്കാർക്കും ഉറപ്പാക്കുകയാണ് ലക്ഷ്യം. ഇതിനായി എസ്.എസ്.കെ പരിപാടിക്ക് കീഴിൽ ഇന്റഗ്രേറ്റഡ് എഡ്യുക്കേഷൻ ഫോർ ഡിസേബിൾഡ് ചിൽഡ്രൻ പരിപാടികൾ സമ്പൂർണ്ണമാക്കുക, പ്രത്യേക വിദ്യാഭ്യാസം ശാസ്ത്രീയമാക്കുക, ആവശ്യമായ സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും ഉറപ്പാക്കുക എന്നിവ നിർദ്ദേശിക്കുന്നു.

**സി. സാമ്പത്തിക പുനരധിവാസം**–തൊഴിൽ സംവരണം ഏർപ്പെടുത്തുക, കേന്ദ്ര സംസ്ഥാന സ്കീമുകളിൽ പ്രത്യേകതൊഴിൽ സംവിധാനത്തിന് പരിരക്ഷ നൽകുക, പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുക, മെഡിക്കൽ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുക, സ്വയംതൊഴിൽ സഹായങ്ങൾ എന്നിവയും പുനരധിവാസ പരിപാടിയിൽ ഉൾപ്പെടുന്നു.

**ദേശീയ നയത്തിലെ പ്രത്യേക പരിഗണനകൾ**

ഭിന്നശേഷിക്കാരിൽ തന്നെ സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക പരിഗണന വേണമെന്ന് ഈ നയം നിർദ്ദേശിക്കുന്നു.

**എ. ഭിന്നശേഷിക്കരായ സ്ത്രീകൾ** – ഭിന്നശേഷിക്കാരായ സ്ത്രീകൾ ജെൻഡർ വിവേചനങ്ങൾക്കും അതിക്രമങ്ങൾക്കും അവഗണനകൾക്കും കൂടുതലായി വിധേയരാണ്. ചൂഷണത്തിൽ നിന്നും അനുചിത പെരുമാറ്റങ്ങളിൽ നിന്നും പരിരക്ഷ നൽകുന്നതോടൊപ്പം വിവിധ ഭിന്നശേഷി പ്രൊജക്ടുകളിൽ 25 ശതമാനം സ്ത്രീ സംവരണം നിഷ്കർഷിച്ചിട്ടുണ്ട്.

**ബി. ഭിന്നശേഷിക്കാരായ കുട്ടികൾ**

ഈ കുട്ടികൾക്ക് പ്രത്യേക സംരക്ഷണം, സുരക്ഷിതത്വം, പരിചരണം, അന്തസ്സ്, തുല്യത എന്നിവ ഉറപ്പാക്കാൻ കഴിയുന്ന സേവനങ്ങൾ സൃഷ്ടിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആരോഗ്യസുരക്ഷ പരിശീലനം വിദ്യാഭ്യാസം എന്നിവയാണ് കുട്ടികളുടെ മുഖ്യധാരാവൽക്കരണത്തിന് അത്യാവശ്യം. വികസനത്തിനുള്ള അവകാശം, അന്തസ്സും തുല്യതയും ഉറപ്പാക്കും വിധം ഏർപ്പെടുത്തേണ്ടതാണ്.

**സി. തടസ്സമുക്ത പര്യാവരണം.–** ഭിന്നശേഷിക്കാർക്ക് സ്വതന്ത്രമായി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രാപ്യതക്ക് സാധ്യമാകും വിധം എല്ലാവിധ പശ്ചാത്തല ഉപകരണങ്ങളും കെട്ടിടങ്ങളും സൂചനാഫലകങ്ങളും, പഠനോപാധികളും തടസ്സ മുക്തമാകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**അന്തർദ്ദേശീയ നിലപാടുകൾ**

ഐക്യരാഷ്ട്രസഭയുടെ നേരിട്ടുള്ളതോ സഹഏജൻസികൾ ഏറ്റെടുത്ത് നിർദ്ദേശിക്കുന്നതോ ആയ പരിപാടികളാണ് അന്താരാഷ്ട്ര നിലപാടുകൾ.

ഇതിൽ ഐക്യരാഷ്ട്ര സഭയുടെ ഭിന്നശേഷി ഇടപെടലുകൾ താഴെ പറയുന്നവയാണ്.

<u>1. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ അവകാശ പ്രഖ്യാപനം</u>

1971 ൽ ഐക്യരാഷ്ട്ര ജനറൽ അസംബ്ലി ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ അവകാശങ്ങൾ പ്രഖ്യാപനം ചെയ്തു. മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് എല്ലാ മനുഷ്യരേയും പോലെ തുല്യമായ അവകാശങ്ങൾ ആസ്വദിക്കുന്നതിന് അവകാശമുണ്ട്. ആയതിനാൽ ശരിയായ വൈദ്യചികിത്സ സാമ്പത്തികസുരക്ഷ, പരിശീലനം, പുനരധിവാസം, സ്വന്തം കുടുംബത്തിലോ ഫോസ്റ്റർ രക്ഷാകർത്താവിനോടൊപ്പമോ താമസിക്കുന്നതിനുള്ള അവകാശം എന്നിവ ഉണ്ടായിരിക്കുമെന്ന് ഈ രേഖ പ്രഖ്യാപിക്കുന്നു.

<u>2. 1975 ലെ യു എൻ പ്രഖ്യാപനം ( സിവിൽ പൊളിറ്റിക്കൽ)</u>

1975 ലെ ഈ പ്രഖ്യാപനം വൈകല്യബാധിതരായ മുഴുവൻ വ്യക്തികൾക്കും മറ്റു മനുഷ്യർക്കെന്നപോലെ സർവ്വവിധ സിവിൽ, പൊളിറ്റിക്കൽ അവകാശങ്ങളുമുണ്ടെന്ന് പ്രഖ്യാപിച്ചു.

<u>3. 1981 ലെ വേൾഡ് പ്രോഗ്രാം ഓഫ് ആക്ഷൻസ്</u>

ഭിന്നശേഷി നേരിടുന്ന വ്യക്തികളുടെ പ്രശ്നങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി 1981 ലോകഭിന്നശേഷി വർഷമായി ആചരിക്കപ്പെട്ടു. പൂർണ്ണ പങ്കാളിത്തവും തുല്യതയും (Full participation and equality) എന്നതായിരുന്നു പ്രതിപാദ്യ വിഷയം. ഐക്യരാഷ്ട്ര സഭ 1983 – 1992 ഭിന്നശേഷി ദശകം ആയി ആചരിക്കുകയുണ്ടായി. തുടർന്ന് എല്ലാ വർഷവും ഭിന്നശേഷി ദിനാചരണം ഡിസംബർ 3ന് ആചരിക്കപ്പെട്ടു വരുന്നു. ഭിന്നശേഷിക്കാർക്ക് സാമൂഹ്യ സാമ്പത്തിക സാംസ്കാരിക അവകാശങ്ങൾ മൗലികമാണെന്ന് അംഗീകരിച്ച് കൊണ്ട് വേൾഡ് പ്രോഗ്രാം ഓഫ് ഏക്ഷൻ അംഗീകരിക്കപ്പെട്ടു. തുല്യത എന്നാൽ വിവേചനങ്ങൾ ഒഴിവാക്കൽ മാത്രമല്ല ഇതുവരെ നേരിട്ട വിവേചനങ്ങൾ സൃഷ്ടിച്ച വേദനകളും (Sufferings) കുറവുകളും പരിഹരിക്കലാണെന്നും നിർദ്ദേശിച്ചു.

**1993ലെ യുഎൻ സ്റ്റാന്റേർഡ് റൂൾസ്**

1993 ൽ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് അവസര സമത്വം (Equalization of opportunity) ഒരുക്കുന്നതിനുള്ള നിയമം യു.എൻ അംഗീകരിച്ചു. ഇത് മനുഷ്യാവകാശ പ്രഖ്യാപനത്തിന് സമാനമായ നിർദ്ദേശങ്ങളായിരുന്നു. 1999 ൽ ലോകാരോഗ്യ സംഘടന ഭിന്നശേഷിയുള്ള വ്യക്തികളുടെ മെഡിക്കൽ

കെയർ പുനരധിവാസം സഹായസേവനങ്ങൾ വ്യക്തിഗത പരിശീലനം എന്നിവ സംബന്ധിച്ച അന്താരാഷ്ട്ര നിലവാരങ്ങൾ നിർണ്ണയിക്കുകയുണ്ടായി.

**1989 ലെ കുട്ടികളുടെ അവകാശ പ്രഖ്യാപന രേഖ**

ഭിന്നശേഷിയുള്ള കുട്ടികൾക്ക് തുല്യതയും പങ്കാളിത്തവും, സംരക്ഷണവും അതിജീവനവും വികസനവും ഉറപ്പാക്കുന്നതിൽ ഈ രേഖ നിസ്തുലമായ സംഭാവനയാണ് ചെയ്തിട്ടുള്ളത്. കുട്ടികളുടെ ഉത്തമ താൽപര്യത്തിന് പ്രഥമ പരിഗണന (ബെസ്റ്റ് ഇന്ററസ്റ്റ് ഓഫ് ചൈൽഡ് ) എന്ന പ്രഖ്യാപനം ഇതിനൊരു ഉദാഹരണമാണ്.

**ഭിന്നശേഷിക്കാർക്കായുള്ള അന്താരാഷ്ട്ര അവകാശ പ്രഖ്യാപന രേഖ ( UNCRPD – 2006)**

ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി വൈകല്യമനുഭവിക്കുന്ന മുഴുവൻ മനുഷ്യരുടേയും അവകാശങ്ങൾ തുല്യമായി സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ 2006 ഡിസംബർ 13 ന് അംഗീകരിച്ച അവകാശ പ്രഖ്യാപന രേഖയാണ് ഇത്. 2008 മെയ് മാസം 3ന് ഈ പ്രഖ്യാപനം നിലവിൽ വന്നു. മനുഷ്യരുടെ ഭിന്നശേഷിക്കാരോടുള്ള മനോഭാവവും സമീപനവും മാറ്റുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം. സേവനങ്ങൾ സ്വീകരിക്കപ്പെടുന്ന വസ്തുവായി (Object) കണക്കാക്കപ്പെട്ടിരുന്ന ഭിന്നശേഷി അനുഭവിക്കുന്ന വ്യക്തിയെ അവകാശങ്ങൾക്ക് അർഹതപ്പെട്ട പൗരനായി (Subject) ഉയർത്തുക എന്നതാണ് ഈ പ്രഖ്യാപനം ലക്ഷ്യമിട്ടത്.

**UNCRPD – പൊതു തത്വങ്ങൾ മുഖവുര**

മുഖവുര

- ലോകത്തിൽ സ്വാതന്ത്ര്യവും നീതിയും സമാധാനവും പുലരുന്നതിനായി ഒരു വ്യക്തിക്ക് അർഹതപ്പെട്ട സ്വതസിദ്ധമായ അന്തസും, മൂല്യവും തുല്യതയും മനുഷ്യവംശത്തിലെ മുഴുവൻ പേർക്കും ഒന്നൊഴിയാതെ (ഭിന്നശേഷിക്കാർക്ക് ഉൾപ്പടെ) ഉറപ്പാക്കപ്പെടുക എന്നതാണ് ഈ പ്രഖ്യാപനരേഖയുടെ താത്വിക നിലപാട്. വൈകല്യമെന്നാൽ എന്താണെന്ന് താഴെ പറയും പ്രകാരം മുഖവുരയിലും അനുച്ഛേദം ഒന്നിലും നൽകിയിട്ടുണ്ട്.

- ഭിന്നശേഷി നിർവചനം

| |
|---|
| ഭിന്നശേഷി എന്നത് കേവലം നിർവചിക്കാൻ കഴിയുന്ന ഒന്നല്ലെന്നും അത് സർവ്വസ്പർശിയായ അമ്പ്രലാ ടേം ആണെന്നും മാനുഷിക മനോഭാവങ്ങളും പരിസ്ഥിതി തടസ്സങ്ങളും, വ്യക്തിയിൽ സംജാതമാകുന്ന അംഗപരിമിതികളുമായി പരസ്പര ബന്ധിതമായി പ്രസ്തുത വ്യക്തികൾക്ക് സമൂഹത്തിൽ മറ്റുള്ളവർക്ക് സമമായി, ഫലപ്രദമായി ഇടപ്പെടുന്നതിനോ പങ്കാളിത്തത്തിനോ സാധ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുന്ന ഒരവസ്ഥയാണ് |

ഇന്ത്യ UNCRPD ഉടമ്പടി അംഗീകരിച്ചതോടെ ഭിന്നശേഷി വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ നിലവിലുള്ള നിയമങ്ങളിൽ മാറ്റങ്ങൾ അനിവാര്യമായി വന്നു. അങ്ങനെയാണ് 1995 ലെ ഭിന്നശേഷി നിയമം RPWD Act റദ്ദ് ചെയ്ത് 2016 ഡിസംബറിൽ ഭിന്നശേഷി അവകാശ ചട്ടം ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയത്. 19.4.2017 മുതൽ ആക്ട് പ്രാബല്യത്തിൽ വന്നു. അനുബന്ധമായി കേന്ദ്ര സർക്കാർ 2017 ലും കേരള സർക്കാർ 2020 ലും നിയമങ്ങൾ രൂപീകരിച്ചു.

**പ്രഖ്യാപന രേഖ ചട്ടക്കൂട്**

2008 ൽ അന്താരാഷ്ട്ര നിയമമായി തീർന്ന യുഎൻസിആർപിഡി മുഖവുരയും 50 അനുഛേദങ്ങളും, 18 നിർദ്ദേശങ്ങളടങ്ങിയ ഓപ്ഷൻ പ്രോട്ടോകോളും (ഔപചാരിക നിബന്ധനകൾ) ഉൾക്കൊള്ളുന്ന ബ്രഹദ് രേഖയാണ് . അതിൽ പ്രധാനപ്പെട്ട അനുച്ഛേദങ്ങൾ താഴെച്ചേർക്കുന്നു.

**അനുഛേദം 1.**

ഉദ്ദേശ്യം-ഈ പ്രഖ്യാപനത്തിന്റെ ഉദ്ദേശ്യം വൈകല്യബാധ നേരിടുന്ന മുഴുവൻ വ്യക്തികൾക്കും മനുഷ്യാവകാശങ്ങൾ പൂർണ്ണമായും ആസ്വദിക്കുന്നതിനുള്ള അവസരമൊരുക്കുക എന്നതാണ്.

**അനുഛേദം 3**

പൊതുതത്വങ്ങൾ – 8 താത്വിക നിലപാടുകളാണ് പൊതുതത്വമായി ഈ രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**ക്ലിപ്തപ്പെടുത്തപ്പെട്ട അവകാശങ്ങൾ**

1. ജന്മസിദ്ധമായ അന്തസ്സ് സ്വാതന്ത്ര്യം (Freedom and Diginity) എന്നിവ മാനിക്കപ്പെടുന്നതിനുള്ള അവകാശം
2. വിവേചനങ്ങൾ ഒഴിവാക്കുക (Non discrimination)
3. സമൂഹത്തിൽ എല്ലായിടത്തും ഉൾച്ചേർക്കുക (Inclusion)
4. ഇവരിൽ കാണുന്ന വ്യത്യാസങ്ങൾ മനുഷ്യവംശത്തിന്റെ വൈജാത്യങ്ങളാണെന്ന് കണക്കിലെടുക്കുക (Respect differences)
5. തുല്യമായ അവസരങ്ങൾ എല്ലാ മേഖലകളിലും ഉറപ്പാക്കുക (Equal opportunity)
6. എല്ലാ സേവനങ്ങൾക്കും പ്രാപ്യത ഉറപ്പാക്കുക (Access)
7. സ്ത്രീ പുരുഷ സമത്വം ഉറപ്പാക്കുക (Gender equality)
8. ഭിന്നശേഷിക്കാരായ കുട്ടികളിൽ വികസിച്ചുവരുന്ന ശേഷികളെ മാനിക്കുകയും അവരുടെ സ്വത്വം അംഗീകരിക്കുകയും ചെയ്യുക (Accept Identity)

**അനുഛേദം 4 –പൊതു ചുമതലകൾ (സർക്കാർ)**

ഈ ഭാഗത്ത് ഓരോ രാഷ്ട്രത്തിലേയും സർക്കാരുകൾ അനുവർത്തിക്കേണ്ട സമഗ്രമായ 5 ചുമതലകളും അതിൽ ഒന്നാമത്തെ ചുമതലക്ക് കീഴിൽ എ മുതൽ ഐ വരെ 9 ഉപചുമതലകളും നൽകിയിട്ടുണ്ട്.

- നിയമനിർമ്മാണം വഴി പ്രഖ്യാപനരേഖയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ അതാത് രാഷ്ട്രങ്ങളിൽ ഉറപ്പുവരുത്തുക.
- ലഭ്യമാക്കാവുന്ന ദേശീയ, അന്തർദേശീയ വിഭവസ്രോതസ്സുകൾ ഇവരുടെ വികസനത്തിനായി പ്രയോജനപ്പെടുത്തുക
- വൈകല്യബാധയും സ്ത്രീകളും എന്ന വിഷയം ക്രിയാത്മകമായ ഇടപെടലുകൾക്ക് വിധേയമാക്കുക. അനുഛേദം 6 ശ്രദ്ധിക്കുക

**അനുഛേദം 7 – കുട്ടികളും ഭിന്നശേഷിയും**

ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സാധാരണ നിലയിലുള്ള എല്ലാ കുട്ടികൾക്കും ലഭ്യമായ അവകാശങ്ങളും അവസരങ്ങളും ഉറപ്പാക്കുക. ഈ കുട്ടികളുടെ ഉത്തമതാൽപര്യങ്ങൾക്ക് പ്രഥമപരിഗണന നൽകുക.

ഇവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ള പങ്കാളിത്ത സംവിധാനങ്ങൾ ഒരുക്കുക (Best interest of children )

**അനുഛേദം – 9** – പ്രാപ്യത ഉറപ്പാക്കുക – തടസ്സവിമുക്ത പര്യാവരണം (Barrier free environment)

**അനുഛേദം – 10** – അതിജീവനാവകാശം (Right to Life)

**അനുഛേദം – 22** – സ്വകാര്യതക്കുള്ള അവകാശം സംരക്ഷിക്കുക( Right to privacy)

**അനുഛേദം – 24** – വിദ്യാഭ്യാസ അവകാശം ഉറപ്പാക്കുക( Right to education )

**അനുഛേദം – 25** – ആരോഗ്യം – ഏറ്റവും ഉയർന്ന ആരോഗ്യം ഉറപ്പ വരുത്തുക ( Right to Health) ഭാരത സർക്കാർ ഈ പ്രഖ്യാപനരേഖ അംഗീകരിച്ച് ഒപ്പുവെക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ഇഞ്ചിയോൺ തന്ത്രങ്ങൾ** (Incheon Strategy) യു എൻ സി ആർ പി ഡി ഏഷ്യാ പസഫിക്ക് രാഷ്ട്രങ്ങളിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2012ൽ രൂപപെടുത്തിയതാണ് ഇഞ്ചിയോൺ തന്ത്രങ്ങൾ. അവകാശങ്ങൾ യാഥാർത്ഥ്യമാക്കുക (Make the Right Real) എന്നതായിരുന്നു ഈ തന്ത്രങ്ങളുടെ മുഖ്യ വാചകം. രണ്ട് ഭാഗങ്ങളിലായി 10 ഉദ്ദേശ്യങ്ങളും 27 ലക്ഷ്യങ്ങളും 62 സൂചകങ്ങളും നൽകിയിരുന്നു. ഇതിൽ ഒന്ന് ഭിന്നശേഷിക്കാരുടെ അവസ്ഥാപഠനം ശേഖരിക്കുക എന്നതാണ്. ആത്യന്തികമായി നയരൂപീകരണനേതൃത്വം, പൗരസമൂഹം, അക്കാഡമീഷ്യന്മാർ എന്നിവരെ കൂട്ടിചേർത്ത് ഭിന്നശേഷി ഉള്ളവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഇത് പ്രേരണ നൽകുന്നു.

## <u>സുസ്ഥിര വികസന ലക്ഷ്യങ്ങൾ</u>

ലോകത്തെ 193 രാജ്യങ്ങൾ യോഗം ചേർന്ന് 2030 ഓടുകൂടി സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള ശ്രമത്തിലാണ്. 17 ലക്ഷ്യങ്ങളും 169 ഉപലക്ഷ്യങ്ങളും മുന്നൂറിൽപരം സൂചകങ്ങളും കൈവരിക്കുന്നതിനുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ഈ ലക്ഷ്യ പ്രഖ്യാപനങ്ങളിൽ ഒപ്പുവെച്ച രാജ്യം എന്ന നിലയിൽ ഇവ നേടിയെടുക്കാൻ നാം പ്രതിജ്ഞാബദ്ധരാണ്. വികസന സൂചകങ്ങളെ 10 വിഷയാധിഷ്ഠിത മേഖലകളായി തരംതിരിച്ച് നിരന്തര അവസ്ഥാ പഠനവും കുറവുകൾ തിട്ടപ്പെടുത്തി പരിഹാരനടപടി സ്വീകരിക്കുകയും ചെയ്യേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ സാമൂഹ്യ സുരക്ഷയുടെ കേന്ദ്രബിന്ദുവാണ്. ഭിന്നശേഷിക്കാർ, വയോജനങ്ങൾ, വനിതകൾ തുടങ്ങിയ ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിന് ആവശ്യമായ പിന്തുണ നൽകുക വഴി ലക്ഷ്യങ്ങൾ നേടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും. ഭിന്നശേഷി സൗഹൃദ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയി മാറുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് വഴി ഈ മേഖലയിലെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് പ്രാദേശിക സർക്കാരുകൾക്ക് സാധിക്കുന്നതാണ്. കേരളത്തിൽ പഞ്ചായത്ത് രാജ്/ മുനിസിപ്പൽ നിയമങ്ങളിൽ ദുർബലവിഭാഗങ്ങൾക്കായുള്ള സേവനങ്ങൾ പ്രത്യേകം പരിഗണിക്കപ്പെടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

### സുസ്ഥിര വികസന ലക്ഷ്യങ്ങളും ഭിന്നശേഷിയും

സർവ്വമാന സംവിധാനങ്ങളും പ്രകൃതിയും ധൃതിഗതിയിലുള്ള മാറ്റങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മാനവരാശിയുടെ നിലനിൽപ്പും പുരോഗതിയും ഉറപ്പുവരുത്തുക എന്നത് ശ്രദ്ധാപൂർവ്വം ലക്ഷ്യബോധത്തോടെ കൈകാര്യം ചെയ്യപ്പെടേണ്ടതാണെന്ന കാഴ്ചപ്പാടിന്റെ ഫലമായി ഉപയോഗമുള്ള

ഒന്നാണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ. ഭാവി തലമുറയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ശേഷിയിൽ വിട്ടുവീഴ്ച ചെയ്യാതെ വർത്തമാനകാല ആവശ്യങ്ങൾ എപ്രകാരം നിറവേറ്റാം എന്ന ചിന്ത രൂപപ്പെട്ടിട്ട് വർഷങ്ങൾ ഏറെയായി. ഇത് ഒരു പരിസ്ഥിതി വാദം ആയിട്ടാണ് ആരംഭം കുറിച്ചത്. ഇപ്പോഴും ഭാവിയിലും മനുഷ്യർക്കും ഭൂമിക്കും സമാധാനവും സമൃദ്ധിയും നിലനിർത്തപ്പെടുന്നതിന് ആസ്പദമായ അന്താരാഷ്ട്ര നിർദേശങ്ങൾ ആയിട്ടാണ് ഇത് പരിണമിച്ചത്. 2015 സെപ്റ്റംബറിൽ ഐക്യരാഷ്ട്രസഭയിൽ ലോക നേതാക്കളുടെ യോഗം ചർച്ച ചെയ്ത 17 ആഗോള ലക്ഷ്യങ്ങളുള്ള വികസന ലക്ഷ്യരേഖ 2016 ജനുവരി ഒന്നിന് അംഗീകരിക്കപ്പെടുകയുണ്ടായി. ഐക്യരാഷ്ട്ര സഭയുടെ എല്ലാ അംഗരാജ്യങ്ങളും ചേർന്ന് അംഗീകരിച്ച ഈ ലക്ഷ്യങ്ങൾ 2030 നകം നേടണമെന്നതാണ് നിബന്ധന.

ഒറ്റപ്പെട്ട ഇടപെടലുകൾ കൊണ്ട് കൊണ്ട് ഈ ലക്ഷ്യങ്ങൾ ഉറപ്പാക്കാൻ സാധ്യമല്ല എന്നതു കൊണ്ട് എല്ലാതലത്തിലുള്ള സർക്കാരുകളും ലക്ഷ്യങ്ങൾ നേടുന്നതിന് സമയബന്ധിതമായി പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ ബാധ്യസ്ഥരാണ്. 17 ആഗോള ലക്ഷ്യങ്ങളിൽ ഓരോന്നിലെയും ലക്ഷ്യങ്ങളും അവ ഉറപ്പാക്കുന്നതിനായി നേടേണ്ട സൂചകങ്ങളും പട്ടികയായി യു.എൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തദ്ദേശവാസികൾ, കുട്ടികൾ, പ്രായമായവർ, ഭിന്നശേഷിക്കാർ, അഭയാർത്ഥികൾ തുടങ്ങിയ ദുർബലരായ

എല്ലാ വിഭാഗങ്ങളുടെയും അവസ്ഥ സൂചിപ്പിക്കുന്ന ഡാറ്റയോ വിവരങ്ങളോ ചേർക്കുകയും നിരന്തരം പരിഷ്കരിക്കുകയും ചെയ്യേണ്ടതുണ്ട്. ഫലപ്രാപ്തി നേടേണ്ട സുസ്ഥിരവികസന ലക്ഷ്യസൂചകങ്ങൾ ഔദ്യോഗിക സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാന തത്വങ്ങൾക്ക് അനുസൃതമായി പ്രായം, ലിംഗഭേദം, വരുമാനം മറ്റു സവിശേഷതകൾ എന്നിവ പ്രകാരം പ്രസക്തമാക്കിയിട്ടുള്ളവയാണ്. പ്രധാന ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

| നം | ലക്ഷ്യം | വിവരണം |
|---|---|---|
| 1. | ദാരിദ്ര്യം | എല്ലായിടത്തും ദാരിദ്ര്യം അതിന്റെ എല്ലാ രൂപത്തിലും അവസാനിപ്പിക്കുക |
| 2. | പട്ടിണി | മെച്ചപ്പെട്ട ഭക്ഷ്യസുരക്ഷയും പോഷകാഹാരവും സുസ്ഥിര കൃഷിയും പ്രോത്സാഹിപ്പിക്കുക |
| 3. | ആരോഗ്യം | ആരോഗ്യകരമായ ജീവിതം എല്ലാ പ്രായത്തിലുള്ളവർക്ക് ഉറപ്പാക്കുക |
| 4. | വിദ്യാഭ്യാസം | ഗുണമേന്മയുള്ള വിദ്യാഭ്യാസം സകലിതമായി ഉറപ്പാക്കുക |
| 5. | ലിംഗ സമത്വം | ലിംഗസമത്വം കൈവരിക്കുകയും സ്ത്രീകളെയും കുട്ടികളെയും ശാക്തികരിക്കുക |
| 6. | കുടിവെള്ളം | എല്ലാവർക്കും സുരക്ഷിതമായ കുടിവെള്ളവും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കുക |
| 7. | ഊർജ്ജ ലഭ്യത | എല്ലാവർക്കും ആധുനികമായ ഊർജ്ജം ഉറപ്പാക്കുക |
| 8. | സാമ്പത്തിക വളർച്ച | ഉൽപ്പാദനം, തൊഴിൽ, മാന്യമായ ജോലി എന്നിവ പ്രോത്സാഹിപ്പിക്കുക |
| 9. | അടിസ്ഥാന സൗകര്യങ്ങൾ | ആരോഗ്യകരമായ ഗതാഗതം, തൊഴിൽശാല സേവന സൗകര്യങ്ങൾ |
| 10. | അസമത്വം കുറയ്ക്കുക | വിവേചനങ്ങൾ, അസമത്വം എന്നിവ കുറയ്ക്കുക, ജനങ്ങളുടെ വരുമാന വളർച്ച ഉറപ്പാക്കുക |
| 11. | വാസസ്ഥലം | സുരക്ഷിതമായ വാസസ്ഥലവും പ്രകൃതിയും പൈതൃകങ്ങളും സംരക്ഷിക്കുക |

| | | |
|---|---|---|
| 12. | ഉപഭോഗം | സുസ്ഥിര ഉപഭോഗവും ഉൽപാദനവും ഉറപ്പാക്കുക |
| 13. | കാലാവസ്ഥ | കാലാവസ്ഥ വ്യതിയാനത്തെയും പ്രത്യാഘാതങ്ങളും ചെറുക്കുന്നതിനുള്ള നടപടികൾ |
| 14. | സമുദ്രങ്ങൾ, വിഭവങ്ങൾ | സമുദ്രങ്ങൾ സമുദ്ര വിഭവങ്ങൾ എന്നിവ സുരക്ഷിതമാക്കുന്നതിനുള്ള നടപടികൾ |
| 15. | കരയിലുള്ള ജീവി – ജീവൻ | ഭൗമ ആവാസവ്യവസ്ഥ സംരക്ഷിക്കുക |
| 16. | സമാധാനം | സമാധാന ജീവിതത്തിനുള്ള നടപടികൾ ഉറപ്പാക്കുക |
| 17. | ആഗോള പങ്കാളിത്തം | സുസ്ഥിരവികസനത്തിനുള്ള ആഗോള പിന്തുണയും പങ്കാളിത്തവും |

ഈ 17 ലക്ഷ്യങ്ങൾ നേടുന്നതിനായി 169 ഉപലക്ഷ്യങ്ങളും മുന്നൂറിൽപരം സൂചകങ്ങളും പട്ടികപെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാനം ഈ ലക്ഷ്യങ്ങളെ 10 വിഷയ മേഖലകളായി തിരിക്കുകയും അവ ഓരോന്നിലും ആർജിക്കേണ്ടതായ സൂചകങ്ങളെ പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുത്ത് ലോക്കൽ ഇൻഡിക്കേറ്റർ ഫ്രെയിം ആയി രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് വിലയിരുത്തുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഉപയുക്തമാക്കാൻ കഴിയുന്ന "ഡാഷ് ബോർഡ് സംവിധാനവും" ലഭ്യമാക്കിയിട്ടുണ്ട്.

**സുസ്ഥിര വികാസ ലക്ഷ്യങ്ങളും ഭിന്നശേഷിയും**

ഭിന്നശേഷി നേരിടുന്ന വ്യക്തികൾക്ക് മാത്രമായി ഒരു പ്രത്യേക ആഗോള ലക്ഷ്യം ചൂണ്ടികാണിക്കുക പ്രയാസമാണ്. എന്നാൽ ഈ ലക്ഷ്യങ്ങളെല്ലാം തന്നെ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിന് അനിവാര്യവുമാണ്. ഭിന്നശേഷി എല്ലാ വിഭാഗം മനുഷ്യർക്കിടയിലും സംഭവ്യമാകയാൽ ഏതെങ്കിലും ഒരു ലക്ഷ്യമോ വിഷയമേഖലയോ ആയി തിട്ടപ്പെടുത്താനാകില്ല. എന്നിരുന്നാലും സുപ്രധാനമായ 52 സൂചകങ്ങൾ ഭിന്നശേഷി നേരിടുന്നവരുടെ അവകാശങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കാണാം. ലക്ഷ്യങ്ങൾ 1, 2, 3, 4, 5, 6, 7, 8, 9, 10, 11, 16 എന്ന 12 ലക്ഷ്യങ്ങൾ നേടുന്നതിനുള്ള 52 സൂചകങ്ങൾ പ്രത്യേകം എടുത്തു പറയേണ്ടതാണ്. ലക്ഷ്യം 10 അസമത്വങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തിലെ പ്രധാന ഘടകം ഭിന്നശേഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു.

എല്ലാ തദ്ദേശസ്ഥാപനങ്ങളും സുസ്ഥിര വികസന ലക്ഷ്യസൂചകങ്ങൾ തിട്ടപ്പെടുത്തുകയും അവയിൽ നിന്ന് ഭിന്നശേഷിക്കാരുടെ അവസ്ഥ ബോധ്യപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പരിപാടികളും സേവനങ്ങളും ഏർപ്പെടുത്തുകയും ചെയ്യുകയെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. പൊതുകെട്ടിടങ്ങൾ പോലെ പാർപ്പിടങ്ങളുടെ നിർമ്മിതിയും സംവിധാനങ്ങളും ഭിന്നശേഷി സൗഹൃദമാക്കേണ്ടതുണ്ട്.

**ഭിശേഷി ക്ഷേമം**

<u>ആജീവനകാല സമീപനം</u> (Life Span)

- ഭിന്നശേഷിക്കാർക്കായുള്ള എല്ലാ ക്ഷേമ ഇടപെടലുകളും ജനനം മുതൽ മരണം വരെയുള്ള ഓരോ പ്രായഘട്ടങ്ങളുടേയും സവിശേഷ ആവശ്യങ്ങളും അവകാശങ്ങളും ഉറപ്പാക്കപ്പെടും വിധം ആവിഷ്കരിക്കപ്പടേണ്ടതാണ്.

- കുട്ടികൾ, സ്ത്രീകൾ, യുവാക്കൾ, വയോജനങ്ങൾ തുടങ്ങിയവരുടെ പരിഗണനകൾ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.
- 18 വയസ്സ് കഴിഞ്ഞ ഭിന്നശേഷിക്കാരുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾ തുല്യ പ്രാധാന്യത്തോടെ പരിഗണിക്കപ്പെടണം.
- യുവജനക്ഷേമ വകുപ്പ്, വനിതാ വികസന കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്കുള്ള പദ്ധതികൾ പ്രത്യേകം ഉൾപ്പെടുത്തുന്നത് അഭിലഷണീയമാണ്.
- ദുരന്തവേളകളിൽ പുനരധിവാസ പരിപാടികളിൽ ഭിന്നശേഷിക്കാർക്ക് മുൻഗണന നൽകേണ്ടതാണ്.
- ഈ വിഭാഗങ്ങളെ പരിചരിക്കുന്ന കുടുംബം, കെയർ ടേക്കർ എന്നിവരും പരിഗണന അർഹിക്കുന്നു.
- നിലവിലെ വൈകല്യങ്ങളും പ്രായവും മാറുന്ന പരിസ്ഥിതികളും അനുസരിച്ച് ആയിരിക്കണം വ്യക്തിഗത സാമൂഹിക അധിഷ്ഠിത (Community Based) പുനരധിവാസവും പരിചരണവും.

**ഭിന്നശേഷി വ്യക്തികളും ജെൻഡർ കാഴ്ചപ്പാടും**

ഭിന്നശേഷി എല്ലാ വ്യക്തികളെയും ഒരേപോലെയാണ് ബാധിക്കുന്നതെങ്കിലും ഭിന്നശേഷിയുള്ള സ്ത്രീകളുടെ പ്രശ്നങ്ങൾ പൊതുവിൽ നിന്നും വ്യത്യസ്തവും ഏറെ ഗുരുതരവും ആണ്. ഈ അവസ്ഥ ഒരു ലൈഫ് സ്പാൻ കാഴ്ചപ്പാടിൽ കാണുകയും ഓരോ പ്രായത്തിനും ജീവിത സാഹചര്യങ്ങൾക്കും അനുസരിച്ച് അനുയോജ്യമായ പ്രത്യേക സംവിധാനങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതാണ്.

- ഓരോ ജെൻഡർ വിഭാഗം വ്യക്തികളും അനുഭവിക്കുന്ന പ്രശ്നങ്ങൾ വ്യത്യസ്തങ്ങളാണ് എന്ന കാഴ്ചപ്പാട്
- അധികാരവും സ്ഥാനമാനങ്ങളും കുറഞ്ഞ വ്യക്തികൾ എന്ന നിലയിൽ പുറംലോകവുമായി ബന്ധപ്പെടുന്നതിനുള്ള പരിമിതികൾ ഏറെ ഉള്ളതുകൊണ്ട് മൊബിലിറ്റി പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകേണ്ടതാണ്.
- ആർത്തവം, പ്രസവം തുടങ്ങിയ പ്രത്യുൽപാദനാരോഗ്യ രംഗങ്ങളിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ (തുടർച്ചയായ ആരോഗ്യ സംരക്ഷണ നിരീക്ഷണം, മൈക്രോ ന്യൂട്രിയൻസ്)
- ലൈംഗിക ചൂഷണത്തിന് വിധേയമാകാനുള്ള സാധ്യതകൾ – കുടുംബത്തിനകത്തും പുറത്തും (നിരന്തര നിരീക്ഷണം)
- ഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർ അനുഭവിക്കുന്ന മാനസിക വൈകാരിക സമ്മർദ്ദങ്ങൾ (തൊഴിൽ തേടുന്നതിനുള്ള അവസരക്കുറവ്)
- കലാകായിക അഭിരുചികൾ പ്രകടിപ്പിക്കുന്നതിനും ആസ്വാദനത്തിനുമുള്ള അവസരങ്ങൾ
- സുരക്ഷിതത്വത്തിനും പരിരക്ഷണത്തിനും സൗകര്യം നൽകുന്ന പകൽ പരിപാലന സംവിധാനങ്ങൾ
- മാനസിക പ്രശ്നങ്ങളും വൈകാരിക പ്രക്ഷുബ്ധതകളും പരിഹരിക്കുന്നതിന് ആവശ്യമായ കൗൺസിലിംഗ് ഗൈഡൻസ് സേവനങ്ങൾ.

## അദ്ധ്യായം 2

## ഭിന്നശേഷിക്കാർക്കായുള്ള അവകാശ സംരക്ഷണ നിയമങ്ങൾ

**മുഖവുര**

ഇന്ത്യൻ ഭരണഘടന ഓരോ പൗരനും ഉറപ്പ് നൽകുന്ന എല്ലാം മൗലികാവകാശങ്ങൾക്കും സംരക്ഷണങ്ങൾക്കും ഭിന്നശേഷിക്കാർക്കും കൂടി തുല്യ അർഹതയുമുണ്ട്. ഭരണഘടനയുടെ 41 ആം വകുപ്പ് ഈ അവകാശങ്ങൾ കൈവരിക്കാൻ ഫലപ്രദമായ കാര്യങ്ങൾ ചെയ്യണം എന്നു പറയുന്നുണ്ട്. ഭരണഘടനയുടെ സംസ്ഥാനങ്ങൾക്കായുള്ള നിയാമക തത്വങ്ങളിൽ സമൂഹത്തിലെ അവശ വിഭാഗങ്ങൾക്കു വേണ്ടി നിയമനിർമാണം നടത്താൻ ആവശ്യപ്പെടുന്നുണ്ട്. 1992ലെ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട് (RCI) 1995ലെ ഭിന്നശേഷിക്കാരുടെ തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണപങ്കാളിത്തവും ആക്ട്, 1999ലെ നാഷണൽ ട്രസ്റ്റ് ആക്ട്, RPWD ആക്ട്, 2006ലെ ഐക്യരാഷ്ട്ര സംഘടനയുടെ ഭിന്നശേഷി കൺവെൻഷൻ (യു.എൻ.സി.ആർ.പി.ഡി) 2009ലെ വിദ്യാഭ്യാസ അവകാശ നിയമം (ആർ.ടി.ഇ ആക്ട്) എന്നിങ്ങനെ നിരവധി ദേശീയ നിയമങ്ങളിലൂടെയും അന്താരാഷ്ട്ര ഉടമ്പടികളിലൂടെയും ആണ് ഭിന്നശേഷിക്കാർക്കുള്ള അവകാശ സംരക്ഷണ നിയമങ്ങൾ രൂപപ്പെട്ടത്.

ഭരണഘടനാ നിർദ്ദേശങ്ങൾക്കും ദേശീയ നയത്തിനും അനുസൃതമായി ഭിന്നശേഷി വിഭാഗങ്ങളുടെ അവകാശം നിയമാനുസൃതം ഉറപ്പുവരുത്തുന്നതിനായിട്ടാണ് 2016–ൽ ഭിന്നശേഷി അവകാശസംരക്ഷണ നിയമം പാസാക്കിയത്. ഈ നിയമത്തിന്റെ പിൻബലത്തിൽ റൂൾസ് അഥവ ചട്ടങ്ങളും രൂപീകരിക്കപ്പെട്ടു. ചില പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായുള്ള സവിശേഷസംവിധാനങ്ങളും സ്കീമുകളും ഏർപ്പെടുത്തുന്നതിനായുള്ള നിയമങ്ങളും നിലവിലുണ്ട്. ഭിന്നശേഷി നേരിടുന്ന വ്യക്തികളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിനുള്ള പരിശ്രമങ്ങളിൽ ബന്ധപ്പെട്ട നിയമങ്ങളെ സംബന്ധിച്ച അവബോധം പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ്.

**ഭിന്നശേഷിയുള്ള വ്യക്തികൾക്കായുള്ള ദേശീയ അവകാശ നിയമം 2016 (The Right of Persons with Disabilities Act 2016)**

ഇന്ത്യൻ ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ (Directive Principles of State Policy) വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റേയും 2006 ലെ ഭിന്നശേഷിക്കാർക്കായുള്ള അന്താരാഷ്ട്ര അവകാശ ഉടമ്പടിയുടേയും അടിസ്ഥാനത്തിൽ 1995 ലെ പേഴ്സൺ വിത്ത് ഡിസെബിലിറ്റിസ് ആക്ട് (Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act 1995) സമുചിതമായ ഭേദഗതികളോടെ 2016 ൽ പരിഷ്കരിച്ചു. ഇപ്രകാരം 2016 ഡിസംബർ 27 ന് പ്രഖ്യാപിച്ച ഭിന്നശേഷി അവകാശ നിയമത്തിൽ 17 അദ്ധ്യായങ്ങളിലായി 102 അനുഛേദങ്ങളും 21 സുവ്യക്തമായ വൈകല്യങ്ങൾ (Specific Disability) സംബന്ധിച്ച ഒരു ഷെഡ്യൂളും നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് നിയമപ്രകാരം ലഭിക്കേണ്ട വിദ്യാഭ്യാസം, ആനുകൂല്യങ്ങൾ, ജോലിസംവരണം, നിയമസംരക്ഷണം തുടങ്ങിയവ നഷ്ടപ്പെടാതിരിക്കാൻ ഫലപ്രദമായ നിയമ നടപടികളും നിയമം തെറ്റിക്കുന്നവർക്കെതിരെ കനത്ത ശിക്ഷാ നടപടികളും ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

RPWD Act ലെ അദ്ധ്യായങ്ങളും അതിന്റെ പ്രത്യേകതകളും താഴെ നൽകിയിരിക്കുന്നു.

**അദ്ധ്യായം – 1. പ്രാഥമികം**

രണ്ട് അനുഛേദങ്ങളുള്ള ഈ അദ്ധ്യായത്തിൽ നിയമത്തിന്റെ കൃത്യമായ പേരും നിയമത്തിൽ ഉദ്ധരിച്ചിട്ടുള്ള സാങ്കേതിക പദങ്ങളുടെ നിർവ്വചനങ്ങളുമാണ് നൽകിയിട്ടുള്ളത്. ഈ ഭാഗത്ത് 1995 ലെ നിയമത്തിൽ നിന്നും വ്യത്യസ്തമായി പരിമിതികളെകുറിച്ച് ഹൈസപ്പോർട്ട് ഗ്രൂപ്പ്, ബഞ്ച്മാർക്ക് ഡിസബിലിറ്റി തുടങ്ങിയ ചില വ്യാഖ്യാനങ്ങൾ നൽകിയിട്ടുണ്ട്.

**തടസ്സങ്ങൾ അഥവ ബാരിയർ** എന്നത് പശ്ചാത്തല കാര്യങ്ങൾക്കുമപ്പുറം സാംസ്കാരികം, സാമ്പത്തികം, പാരിസ്ഥിതികം, സ്ഥാപനതലം, രാഷ്ട്രീയം, സാമൂഹികമനോഭാവം, ഘടനാപരം, വ്യവഹാരപരം എന്നിങ്ങനെ പല നിലകളിലും ഭിന്നശേഷിക്കാരുടെ പങ്കാളിത്തം പിന്നിലാക്കുന്ന തടസ്സ ഘടകങ്ങളാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**ഉയർന്ന പിന്തുണ അഥവ നിരന്തര സഹായം ആവശ്യമായ ഗ്രൂപ്പ് (High Support Group)–** ശാരീരികമോ, മാനസികമോ അല്ലാത്തതോ ആയ ബഞ്ച് മാർക്ക് അംഗപരിമിതി മൂലം സ്വതന്ത്ര ജീവിതത്തിനും ദൈനംദിന ചര്യകൾക്കും, തീരുമാനങ്ങൾ എടുക്കുന്നതിനും, സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനും, വിദ്യാഭ്യാസത്തിനും, ചികിത്സക്കും പരസഹായം ആവശ്യമായി വരുന്ന വിഭാഗത്തെ ഹൈ സപ്പോർട്ട് ഗ്രൂപ്പ് എന്ന് പറയുന്നു.

**ബഞ്ച് മാർക്ക് അംഗപരിമിതി** – 40 %മോ അതിൽ കൂടുതലോ അംഗപരിമിതിയുണ്ടെന്ന് സാക്ഷ്യപ്പെട്ടിട്ടുള്ള വ്യക്തി.

**അദ്ധ്യായം – 2. ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ, അർഹതകൾ**

ഈ നിയമമനുസരിച്ച് ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നു. ഈ അവകാശങ്ങൾ സംസ്ഥാന–പ്രാദേശിക സർക്കാരുകൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

- തുല്യതക്കും അന്തസ്സോടെ ജീവിക്കുന്നതിനും മറ്റുള്ളവരോടൊപ്പം ആദരവോടെ കഴിയുന്നതിനുമുള്ള അവകാശം
- **വിവേചനത്തിൽ നിന്ന് പരിരക്ഷ** – യാതൊരു കാരണവശാലും ഭിന്നശേഷിയുള്ള വ്യക്തികൾക്കെതിരെ വിവേചനങ്ങൾ പാടില്ലാത്തതാണ്.
- **സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക പരിരക്ഷ**–മറ്റെല്ലാവരേയും പോലെ ഭിന്നശേഷിക്കാരായസ്ത്രീകൾക്കും കുട്ടികൾക്കും തുല്യ അവകാശങ്ങൾ ഉറപ്പാക്കുന്ന നടപടികൾക്കുള്ള അവകാശം
- **സ്വന്തം സമൂഹത്തിൽ തന്നെ ജീവിക്കുന്നതിനുള്ള അവകാശം–** സാമൂഹ്യ ജീവിതം ഭിന്നശേഷിക്കാരുടെ അവകാശമാണ്. അവരെ സ്ഥാപനസംരക്ഷണത്തിലേക്ക് നിർബന്ധിതമായി അയക്കുവാൻ പാടില്ല.
- **ക്രൂരതകളിൽ നിന്നും പരിരക്ഷ** – മനുഷ്യത്വരഹിതമായ പെരുമാറ്റത്തിൽ നിന്നും പീഡനങ്ങളിൽ നിന്നും ക്രൂരതകളിൽ നിന്നും സംരക്ഷണത്തിനുള്ള അവകാശം
- **അനുചിത പെരുമാറ്റങ്ങളിൽ നിന്നും പരിരക്ഷ** – ആക്രമണങ്ങളിൽ നിന്നും ദുരുപയോഗങ്ങളിൽ നിന്നും ചൂഷണങ്ങളിൽനിന്നും സംരക്ഷണത്തിനുള്ള അവകാശം

- **സുരക്ഷിതത്വവും സംരക്ഷണവും** – ഏത് ആപൽ സന്ധികളിലും മറ്റെല്ലാവരേയും പോലെ ഈ വിഭാഗത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടതാണ്.
- **കുടുംബവും ഭവനവും.** – വൈകല്യങ്ങളുടെ പേരിൽ കുടുബത്തിൽനിന്നും ഒഴിവാക്കപ്പെടുവാൻ പാടില്ല
- പ്രത്യുൽപാദനപരമോ, കുടുംബാസൂത്രണപരമോ ആയ വിവരങ്ങളുടെ ലഭ്യതക്കുള്ള അവകാശം.
- വോട്ടു ചെയ്യുവാൻ പര്യാപ്തമായ സൗകര്യങ്ങൾക്കുള്ള അവകാശം
- **വിവാഹത്തിനുള്ള അവകാശം**– മറ്റെല്ലാരെയും പോലെ കുടുംബത്തിനും വിവാഹത്തിനും ഉള്ള അവകാശം
- **നിയമ സംരക്ഷണം** – യാതൊരു വിവേചനങ്ങളും കൂടാതെ കോടതികൾ, കമ്മീഷനുകൾ, ട്രൈബ്യൂണലുകൾ എന്നിവയെ സമീപിക്കുന്നതിനുള്ള അവകാശം (ഇവരുടെ നിയമപരമായ അവകാശങ്ങൾ ഉറപ്പു വരുത്തുന്നതിനും സംരക്ഷിക്കുന്നതിനും സംവിധാനങ്ങൾ സൃഷ്ടിക്കേണ്ടതാണ്.)
- **സ്വത്തിനുള്ള അവകാശം** എല്ലാവരേയും പോലെ സ്വത്ത് നേടുന്നതിനും പൈതൃക സ്വത്തുക്കൾ ആർജ്ജിക്കുന്നതിനും അവ കൈകാര്യം ചെയ്യുന്നതിനും സാമ്പത്തിക സ്ഥാപനങ്ങൾ മുഖേന കടം ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള അവകാശം
- **രക്ഷാകർതൃത്വത്തിനുള്ള അവകാശം** – ഭിന്നശേഷിയുള്ള വ്യക്തിക്ക് നിയമാനുസൃത തീരുമാനങ്ങൾ എടുക്കാൻ കഴിയാതെ വരുമ്പോൾ അവർക്കായി രക്ഷാകർത്താക്കളെ നിയോഗിക്കുന്നതിന് അവകാശമുണ്ട്.

**അദ്ധ്യായം 3 വിദ്യാഭ്യാസം – ഗവണ്മെന്റ് ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന എല്ലാ വിദ്യാലയങ്ങളിലും ഉൾച്ചേർന്ന വിദ്യാഭ്യാസം ഉറപ്പാക്കുക**

- **പൊതുവിദ്യാഭ്യാസം**–സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന പൊതു സ്കൂളുകളിൽ ഭിന്നശേഷിക്കാർക്ക് സംയോജിത വിദ്യാഭ്യാസത്തിനുള്ള സൗകര്യം ബന്ധപ്പെട്ട സർക്കാർ ഉറപ്പു വരുത്തണം. ഇത് പരിശോധിക്കുന്നതിന് ഓരോ 5 വർഷത്തിലും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ കണക്കെടുപ്പ് നടത്തണം. 18 വയസ്സുവരെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പുസ്തകം, മറ്റു പഠനോപകരണങ്ങൾ എന്നിവ സൗജന്യമായി ലഭ്യമാക്കണം.
- **ഉൾച്ചേർന്ന വിദ്യാഭ്യാസം**– ഉൾച്ചേർന്ന വിദ്യാഭ്യാസം പൊതു വിദ്യാലയങ്ങളിൽ ഉറപ്പു വരുത്തുന്നതിനായി ആവശ്യകതാപഠനം, ജീവനക്കാർക്കുള്ള പരിശീലനം, സ്കോളർഷിപ്പ്, കരിക്കുലം പരിഷ്കരണം തുടങ്ങിയവ ഉറപ്പു വരുത്തണം.
- ഭിന്നശേഷിയുടെ പേരിൽ പ്രവേശനം നിഷേധിക്കാൻ പാടില്ല
- വിദ്യാഭ്യാസത്തിനും കലാകായിക മേളകളിലും തുല്യഅവസരങ്ങൾ ലഭിക്കണം
- ഭൗതിക സൗകര്യങ്ങൾ ഭിന്നശേഷി സൗഹൃദമാക്കണം
- ആവശ്യാനുസരണം റിസോഴ്സ് സെന്ററുകൾ ആരംഭിക്കണം

**അദ്ധ്യായം 4 നൈപുണീ വികസനവും തൊഴിലും**

**തൊഴിൽ പരിശീലനം** – ഭിന്നശേഷിയുള്ള വ്യക്തികളുടെ സംയോജിത വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ എന്നിവക്കും വായ്പ ഉൾപ്പടെ ആവശ്യമായ സംവിധാനങ്ങൾ ബന്ധപ്പെട്ട സർക്കാരുകൾ ഉറപ്പാക്കേണ്ടതാണ്.

**പൊതു തൊഴിലുകളിൽ വിവേചനം പാടില്ല** – തൊഴിലിടങ്ങളിൽ ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തണം. സർക്കാർ നയങ്ങൾക്കനുസരിച്ച് എല്ലാ സ്ഥാപനങ്ങളിലും ഭിന്നശേഷിക്കാർക്ക് തുല്ല്യ അവസരം ഉറപ്പാക്കലും വേണം.

**അദ്ധ്യായം 5.–സാമൂഹ്യ സുരക്ഷിതത്വം – ആരോഗ്യം, പുനരധിവാസം, വിനോദം**

ഭിന്നശേഷിക്കാർക്ക് തൃപ്തികരമായ ജീവിത നിലവാരം ഉറപ്പ വരുത്തി സമൂഹത്തിൽ സ്വതന്ത്രരായി ജീവിക്കാനാവശ്യമായ അന്തരീക്ഷം സൃഷ്ടിക്കാൻ ബന്ധപ്പെട്ട സർക്കാറുകൾ പദ്ധതികൾ ആസൂത്രണം ചെയ്യണം. സമാനമായ പൊതുപദ്ധതികളേക്കാൾ 25% ആനുകൂല്യങ്ങൾ അധികമായി നൽകണം. ഭിന്നശേഷിക്കാർക്ക് ഭിന്നശേഷി പെൻഷനും സഹായ ഉപകരണങ്ങളും ഉറപ്പാക്കേണ്ടതാണ്. ഹൈ സപ്പോർട്ട് വിഭാഗത്തിൽപ്പെടുന്ന ഭിന്നശേഷിക്കാരെ പരിചരിക്കുന്നവർക്ക് പരിചരണ അലവൻസ് നൽകേണ്ടതാണ്. ഇവർക്കായി പ്രത്യേക ആരോഗ്യ ഇൻഷുറൻസ് ഏർപ്പെടുത്തേണ്ടതാണ്. ഭിന്നശേഷിക്കാർക്ക് സൗജന്യമായ ആരോഗ്യ പരിരക്ഷണവും തടസ്സവിമുക്തമായ സൗകര്യങ്ങളും വൈദ്യസഹായത്തിന് പ്രത്യേക പരിഗണനയും ഉറപ്പ വരുത്തേണ്ടതാണ്. സാംസ്കാരിക വിനോദരംഗങ്ങളിൽ മറ്റുള്ളവരെപ്പോലെ ഭിന്നശേഷിക്കാർക്കും പങ്കാളിത്തം ഉറപ്പ വരുത്തേണ്ടതാണ്. ഭിന്നശേഷിയുള്ള വ്യക്തികൾ ഉചിതമായ കായിക വിനോദങ്ങളിൽ പങ്കെടുക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

**അദ്ധ്യായം 6 – ബഞ്ച് മാർക്ക് ഡിസബിലിറ്റി – പ്രത്യേക പരിരക്ഷണം.**

18 വയസ്സുവരെ പ്രായമുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രാദേശിക വിദ്യാലയങ്ങളിലോ പ്രത്യേക വിദ്യാലയങ്ങളിലോ ഇഷ്ടാനുസരണമുള്ള സൗജന്യമായ വിദ്യാഭ്യാസത്തിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

കുട്ടിയ്ക്ക് കോഴ്സ് പൂർത്തിയാക്കുവാൻ ആവശ്യമായ ശാരീരിക മാനസിക സ്ഥിതി ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

- <u>സംവരണം</u>: സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 5% സംവരണം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഉയർന്ന പ്രായപരിധി 5 വർഷം ഇളവു നൽകേണ്ടതാണ്. സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകളിലേക്ക് ഭിന്നശേഷിക്കാർക്ക് നിർദ്ദിഷ്ട സംവരണം ഉറപ്പാക്കേണ്ടതാണ്.

- <u>പബ്ലിക്ക് സർവ്വീസ് സംവരണം</u> : സർക്കാർ വകുപ്പുകളിൽ ഭിന്നശേഷിക്കാർക്ക് 4% സംവരണം ഉറപ്പാക്കേണ്ടതാണ്. ഇപ്രകാരം സംവരണം നൽകുമ്പോൾ താഴെ പറയുന്ന റൊട്ടേഷൻ ശ്രദ്ധിക്കേണ്ടതാണ്.

എ. അന്ധത 1%

ബി. ബധിരത 1%

സി. ശാരീരിക വൈകല്യങ്ങൾ 1 % ( സി പി, എൽ ഡി, ആസിഡ് അറ്റാക്ക് വിക്ടിം, മസ്കുലർ അട്രോഫി ഉൾപ്പെടെ)

ഡി. ബൗദ്ധിക വെല്ലുവിളികൾ (ബുദ്ധിമാന്ദ്യം, ഓട്ടിസം സ്പെസിഫിക്ക് ലേണിംഗ് ഡിസബിലിറ്റി, മനോരോഗം എന്നിവക്കും)

ഇ. മൾട്ടിപ്പിൾ ഡിസബിലിറ്റി, ബധിരാന്ധത എന്നിവക്കും ചേർന്ന് 1 % സംവരണം

| |
|---|
| കേരളത്തിൽ, മേൽ നിർദ്ദേശം പ്രാബല്യത്തിൽ വരുന്നതുവരെ ജി ഒ. പി നമ്പർ. 20/98 പി എ ആർ ഡി 14.7.1998 തീയതി 3% സംവരണമാണ് കേരള സർക്കാർ നൽകിയിട്ടുള്ളത്. ഈ ഉത്തരവിനു മുമ്പ് നിയമനങ്ങൾ സംവരണ വ്യവസ്ഥയനുസരിച്ച് ജില്ലാ കലക്ടർമാരാണ് നൽകിയിരുന്നത്. പൊതു നിയമനങ്ങളിൽ ദൃശ്യപരിമിതി, ശ്രവണ പരിമിതി, അസ്ഥിഭംഗം സംഭവിച്ചവർ എന്നിവർക്കായി 1:1:1 എന്ന ക്രമത്തിലാണ് സംവരണം. 17/7/17 ജൂലൈ മുതൽ കേരള പബ്ലിക്ക് സർവീസ് കമ്മീഷൻ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് അർഹമായ നിയമനങ്ങളുടെ റാങ്ക് പട്ടികയിലെ ശുപാർശ റോസ്റ്റർ ക്രമം 1, 34, 67 എന്നിങ്ങനെയാണ്. നാല് ശതമാനം സംവരണത്തിനായി ഭിന്നശേഷിക്കാർക്ക് അനുകൂലമായി റോസ്റ്റർ ക്രമം പരിഷ്കരിച്ചിട്ടുണ്ട് |

- പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ച് രൂപീകരിക്കണം.

  പ്രത്യേക പദ്ധതികളിൽ പരിഗണന, കൃഷി ഭൂമി, വീട് എന്നിവ അനുവദിക്കുന്നതിൽ 5% സംവരണം, ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ 5% സംവരണം. ഭൂമി പതിച്ചു കൊടുക്കുന്നതിൽ 5% സംവരണം.

**അദ്ധ്യായം 7–ഹൈസപ്പോർട്ട് ആവശ്യമായ ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള പ്രത്യേക പരിഗണന**

ഉയർന്ന പരിചരണം ആവശ്യമുള്ള ഗുരുതര അംഗപരിമിതിയുള്ള വ്യക്തിക്ക് സഹായത്തിനായി പ്രത്യേക പരിഗണന എല്ലാ രംഗത്തും ലഭ്യമാക്കുന്നതിന് ആവശ്യപ്പെടാൻ അർഹതയുണ്ട്. (പെൻഷൻ, മറ്റാനുകൂല്യങ്ങൾ)

**അദ്ധ്യായം 8 – ബന്ധപ്പെട്ട സർക്കാരുകളുടെ കർത്തവ്യങ്ങളും ഉത്തരവാദിത്തവും**

ഭിന്നശേഷിക്കാരെ എല്ലാ രംഗത്തും ഉൾചേർക്കുന്നതിനും, സഹാനുഭൂതിയും (empathy) ആദരവും കാണിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം കമ്മീഷണറുടെ സഹായത്തോടെ ഏർപ്പെടുത്തുന്നതിന് സർക്കാർ ശ്രദ്ധിക്കേണ്ടതാണ്. സർക്കാർ കെട്ടിടങ്ങൾ, ഗതാഗതം, ഭൗതിക പരിസരങ്ങൾ തുടങ്ങിയവ ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കാൻ കഴിയും വിധം നിലവാരങ്ങൾ തിട്ടപ്പെടുത്തി ഭിന്നശേഷി ചട്ടങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്. സ്കൂളുകൾ, റെയിൽവേസ്റ്റേഷൻ, ബസ്സ്റ്റോപ്പ് തുടങ്ങിയവ തടസ്സവിമുക്തമാക്കുന്നതിന് ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതാണ്. ടിക്കറ്റ് കൗണ്ടറുകൾ ടോയലറ്റ്സ്, പാർക്കിംഗ് സ്ഥലങ്ങൾ എന്നിവ ഭിന്നശേഷിക്കാർക്ക് യഥേഷ്ടം ഉപയോഗിക്കാൻ കഴിയും വിധം ചിട്ടപ്പെടുത്തേണ്ടതാണ്. ഒരു സ്ഥാപനത്തിനും കെട്ടിട നിർമ്മിതിക്ക് ഭിന്നശേഷി മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മാണ അനുമതിയും അംഗീകാരവും നൽകുവാൻ പാടുള്ളതല്ല. ബന്ധപ്പെട്ട സർക്കാരുകൾ ഭിന്നശേഷിക്കാർക്കായി ഏർപ്പെടുത്തുന്ന പ്രോജക്ടുകളുടെ സാമൂഹ്യ ഓഡിറ്റ് അവരെക്കൂടി ഉൾപ്പെടുത്തി നടത്തേണ്ടതാണ്.

**അദ്ധ്യായം 9 ഭിന്നശേഷിക്കാർക്കായുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും ധനസഹായവും**

**കോംപീറ്റന്റ് അതോറിറ്റി** – സംസ്ഥാന സർക്കാർ സ്ഥാപന രജിസ്ട്രേഷനും ഈ അദ്ധ്യായത്തിൽ പറയുന്ന മറ്റ നിർദ്ദേശങ്ങളും പാലിക്കുന്നതിനുമായി കോംപിറ്റന്റ് അതോറിറ്റിയെ നിയമിക്കേണ്ടതാണ്.

**രജിസ്ട്രേഷൻ** – മെന്റൽ ഹെൽത്ത് ആക്ടിന് കീഴിൽ വരാത്ത മറ്റെല്ലാ ഭിന്നശേഷി സേവന കേന്ദ്രങ്ങൾക്കും ഈ ആക്ടിനു കീഴിൽ അംഗീകാരം ഉറപ്പാക്കേണ്ടതാണ്. അംഗീകാരമില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെങ്കിൽ അവർക്കെതിരെ നിയമനടപടികൾ കൈകൊള്ളുന്നതാണ്. രജിസ്ട്രേഷനില്ലാതെ ഒരു സ്ഥാപനവും നടത്താൻ പാടില്ല.

**അപേക്ഷ** – സർക്കാർ ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന മാതൃകയിൽ ഓരോ സ്ഥാപനവും രജിസ്ട്രേഷനായി അപേക്ഷ സമർപ്പിച്ച് രജിസ്ട്രേഷൻ ഉറപ്പാക്കേണ്ടതാണ്. സ്ഥാപനം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കേണ്ടതാണ്. കേന്ദ്ര സംസ്ഥാന സർക്കാറുകൾ നടത്തുന്ന സ്ഥാപനങ്ങളെ രജിസ്ട്രേഷൻ നടപടികളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**ഗ്രാന്റ്** – ഈ നിയമത്തിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ട സർക്കാറുകൾക്ക് ഗ്രാന്റ് അനുവദിക്കാവുന്നതാണ്.

**അദ്ധ്യായം 10 – ഭിന്നശേഷി മെഡിക്കൽ സർട്ടിഫിക്കറ്റ്**

**മാർഗ്ഗനിർദ്ദേശം** – ഒരു വ്യക്തിയിലെ ഭിന്നശേഷി നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കും. വൈകല്യനിർണ്ണയ സർട്ടിഫിക്കറ്റ് നൽകുന്നതിന് യോഗ്യരായവരെ പ്രത്യേക ഉത്തരവ് വഴി കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്നതാണ്. സർട്ടിഫിക്കറ്റിന്റെ മാർഗ്ഗരേഖയും സർക്കാർ പുറപ്പെടുവിക്കും. ഈ സർട്ടിഫിക്കറ്റ് ഇന്ത്യയിലെല്ലായിടത്തും പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

**അദ്ധ്യായം – 11 – കേന്ദ്ര സംസ്ഥാന ഭിന്നശേഷി ഉപദേശക സമിതികൾ**

കേന്ദ്രസർക്കാർ ഭിന്നശേഷി ഉപദേശകസമിതിക്ക് ഈ ആക്ടിന് കീഴിൽ തന്നെ നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.

**സംസ്ഥാനതല ഭിന്നശേഷി ഉപദേശക സമിതി** – ഓരോ സംസ്ഥാന സർക്കാരും ഈ ആക്ടിൽ നിർദ്ദേശിക്കുന്നപ്രകാരം സംസ്ഥാനതല ഉപദേശക സമിതി രൂപീകരിക്കേണ്ടതാണ്.

**ജില്ലാതല ഭിന്നശേഷി ഉപദേശക സമിതി (Dist. Level Committee)** – സംസ്ഥാന സർക്കാർ ജില്ലാതല ഉപദേശക സമിതി രൂപീകരിക്കേണ്ടതാണ്. – `മേൽ പറഞ്ഞ ഉപദേശക സമിതിയുടെ തീരുമാനങ്ങൾ സമിതിക്കുള്ളിൽ ഏതെങ്കിലും അംഗങ്ങളുടെ ഒഴിവുണ്ടെന്ന കാരണത്താൽ അസാധുവാകുന്നതല്ല.

**അദ്ധ്യായം 12. ഭിന്നശേഷിക്കാർക്കായുള്ള കമ്മീഷണർമാർ (കേന്ദ്ര–സംസ്ഥാനങ്ങൾ)**

ഈ നിയമമനുസരിച്ച് കേന്ദ്ര സർക്കാർ ചീഫ് കമ്മീഷണറേയും, സംസ്ഥാന സർക്കാർ സ്റ്റേറ്റ് കമ്മീഷണറേയും നിയമിക്കേണ്ടതാണ്. കമ്മീഷണർക്ക് സ്വമേധയാ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ നിശ്ചയിക്കുന്ന ചുമതലകൾ ഏറ്റെടുക്കുന്നതിനും അധികാരം ഉണ്ടായിരിക്കും. ഈ നിയമത്തിന് കീഴിൽ നടപടികൾ സ്വീകരിക്കുന്നതിന് കമ്മീഷണറുമായി കൂടിയാലോചിക്കേണ്ടതാണ്.

**അദ്ധ്യായം 13. പ്രത്യേക കോടതി** ഹൈകോടതി ചീഫ് ജസ്റ്റിസിന്റെ അനുമതിയോടെ സംസ്ഥാന സർക്കാറുകൾക്ക് ഈ നിയമത്തിനു കീഴിൽ വരുന്ന കേസ്സുകൾ വിചാരണ ചെയ്യുന്നതിന് ഓരോ ജില്ലയിലും പ്രത്യേക കോടതികൾ രൂപീകരിക്കാവുന്നതാണ്.

**അദ്ധ്യായം 14. ദേശീയ ഭിന്നശേഷി നിധി**

കേന്ദ്ര സർക്കാരിന് ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി കേന്ദ്ര ഫണ്ട് രൂപീകരിക്കാവുന്നതാണ്. 1983 ൽ രൂപീകരിച്ച ട്രസ്റ്റ് ഫണ്ട് ഇക്കാര്യത്തിലേക്ക് മാറ്റി വെക്കേണ്ടതാണ്.

| |
|---|
| ഭാരത സർക്കാർ നാഷണൽ ഹാന്റി കാപ്പഡ് പേഴ്സൺസ് ഫൈനാൻസ് കോർപറേഷൻ രൂപീകരിക്കുകയും സംസ്ഥാനതല ഭിന്നശേഷി ക്ഷേമ കോർപറേഷനുകൾക്ക് ധനസഹായം നൽകുകയും ചെയ്യുന്നു. നാഷണൽ ട്രസ്റ്റും ഇത്തരത്തിലുള്ള നിധിയുടെ ഉദാഹരണമാണ്. |

**അദ്ധ്യായം 15 – സംസ്ഥാന ഭിന്നശേഷി നിധി**

സംസ്ഥാന സർക്കാരിന് ഭിന്നശേഷിക്കാർക്കായി പ്രത്യേക മാനദണ്ഡങ്ങളോടെ സംസ്ഥാന നിധി രൂപീകരിക്കാവുന്നതാണ്.

**അദ്ധ്യായം 16. നിയമലംഘനങ്ങളും ശിക്ഷയും**

ഈ നിയമത്തിലോ ബന്ധപ്പെട്ട ചട്ടങ്ങളിലേയോ വ്യവസ്ഥകൾ ലംഘിക്കുന്ന വ്യക്തിക്ക് 10000/- രൂപ പിഴയും നിയമലംഘനം ആവർത്തിച്ചാൽ 50000/- മുതൽ 5 ലക്ഷം രൂപ വരെയും പിഴ ചുമത്താം. ഭിന്നശേഷിയുള്ള വ്യക്തിക്ക് അർഹതപ്പെട്ട ആനുകൂല്യം തട്ടിയെടുക്കുക, പൊതുസ്ഥലത്തുവെച്ച് ഭിന്നശേഷിക്കാരെ അപമാനിക്കുക പ്രകോപിക്കുക, അപമാനിക്കുന്നതിനായി ബലം പ്രയോഗിക്കുക. സംരക്ഷിക്കുന്ന വ്യക്തി ഭിന്നശേഷിക്കാരുടെ  ആഹാരമോ പാനീയമോ നിഷേധിക്കുക, വികലാംഗ വനിതയുടെ മേൽ പീഢനമോ മുറിവേൽപ്പിക്കലോ നടത്തുക, അനുവാദമില്ലാത്ത ഗർഭഛിദ്രം എന്നിവയെല്ലാം 6 മാസം മുതൽ 5 വർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന കൃത്യങ്ങളാണ്. ഭിന്നശേഷിക്കാരുടെ സ്ഥാപനങ്ങൾ അവരുടെ കണക്കുകൾ രേഖകൾ എന്നിവ ഹാജരാക്കാത്തതിന് 25000 രൂപ വരെ പിഴ ചുമത്താം.

**അദ്ധ്യായം 17. മറ്റുള്ളവ**

ഭിന്നശേഷി പട്ടിക (RPWD act -2016)

| നം | ഭിന്നശേഷി പ്രധാന വിഭാഗം | ഭിന്നശേഷി ഉപവിഭാഗങ്ങൾ | ഭിന്നശേഷി വ്യത്യസ്ത തരം |
|---|---|---|---|
| 1. | ശാരീരിക വൈകല്യങ്ങൾ | എ. ചലനവൈകല്യങ്ങൾ | 1. കുഷ്ഠരോഗവിമുക്തർ (LC)<br>2. സെറിബറൽ പാൾസി (CP)<br>3. ഡ്വാർഫിസം<br>4. മസ്കുലർ ഡിസ്ട്രോഫി<br>5. ആസിഡ് അറ്റാക്ക് വിക്ടിം<br>6. ചലനവൈകല്യം (OI) |
| | | ബി. ദൃശ്യവൈകല്യങ്ങൾ | 7. അന്ധത<br>8. ലോവിഷൻ |
| | | സി. ശ്രവണവൈകല്യം | 9. ബധിരത<br>10.ഹാർഡ് ഓഫ് ഹിയറിംഗ്<br>11.ഭാഷണ-ഭാഷാ വൈകല്യം (SI) |
| 2. | ബൗദ്ധിക വൈകല്യങ്ങൾ | എ.ബൗദ്ധിക വെല്ലുവിളികൾ | 12. സുവ്യക്ത പഠനവൈകല്യങ്ങൾ(SLD)<br>13. ഓട്ടിസം സ്പെക്ട്രം സോർഡർ(ASD)<br>14. ബൗദ്ധിക വെല്ലുവിളികൾ(IC) |
| 3. | വിഭ്രാന്തി (Mental Behaviour) | എ. മനോവ്യവഹാര വൈകല്യങ്ങൾ | 15.മനോരോഗം (MI) |

| | | | |
|---|---|---|---|
| 4. | വ്യത്യസ്ത കാരണങ്ങളാലുള്ള വൈകല്യങ്ങൾ | എ. നാഢീസംബന്ധമായ അവസ്ഥ | 16. മൾട്ടിപ്പിൾ സ്ക്ലീറോസിസ്<br>17. പാർക്കിൻസൺ ഡിസീസ് |
| | | ബി.രക്തവുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ | 18. ഹീമോഫീലിയ<br>19. തലാസീമിയ<br>20.സിക്കിൾ സെൽഅനീമിയ |
| 5. | മൾട്ടിപ്പിൾ ഡിസബിലിറ്റീസ് | ബഹുമുഖവൈകല്യങ്ങൾ | 21. ഡഫ് – ബ്ലൈന്റ് (DB) |

**ഭിന്നശേഷി സംബന്ധിച്ച നിർവ്വചനങ്ങൾ**

**I. ശാരീരിക വൈകല്യങ്ങൾ.**

**എ. ചലനവൈകല്യങ്ങൾ** (ഏതെങ്കിലും ഒരു വ്യക്തിക്ക് അസ്ഥി, പേശി ദൗർബല്യമോ, നാഢീവ്യൂഹ തകരാറുകളോ മൂലം നിശ്ചിതമായ ഒരു കർമ്മം നിർവഹിക്കുന്നതിന് അസാധ്യമാകുംവിധം സ്വയമേവ ചലനത്തിനും വസ്തുക്കൾ ചലിപ്പിക്കുന്നതിനും അസാധ്യമാകുന്ന അവസ്ഥ)

1. കുഷ്ഠരോഗവിമുക്തർ – ലെപ്രസി ബാധമൂലം തൊഴിൽ/പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയാത്ത വിധം അംഗഭംഗം നേരിടുകയും സ്പർശനേന്ദ്രിയ ശേഷികൾ കുറയുകയും ചെയ്യുന്ന അവസ്ഥ
2. സെറിബ്രൽ പാൾസി – മസ്തിഷ്ക തളർവാതം (ജന്മനാൽ മസ്തിഷ്ക്കത്തിലെ ഏതെങ്കിലും ഭാഗത്തുണ്ടാകുന്ന ക്ഷതം മൂലം ശരീര ചലനങ്ങളേയും പേശീസംയോജനത്തേയും വികലമാക്കുന്നതും, തുടർവികസനം ദുസ്സാധ്യമാക്കുന്നതുമായ ഒരു കൂട്ടം നാഢീപരമായ അവസ്ഥ.)
3. ഡാർഫിസം – ഹ്രസ്വകായത്വം (ജനിതകമോ ജൈവീകമോ ആയ കാരണങ്ങളാൽ പ്രായപൂർത്തിയായ വ്യക്തിയുടെ ഉയരം 147 സെ.മീ. താഴെയാകുന്ന അവസ്ഥ).
4. മസ്കുലർ ഡിസ്ട്രോഫി – പേശീവിനാശം (ജനിതക കാരണങ്ങളാൽ ശരീരത്തിലെ മാംസപേശികൾ ശോഷിച്ച്, ചലനത്തിന് തടസ്സം സൃഷ്ടിക്കുന്ന, തുടർ വികസനം അസാധ്യമാക്കുന്ന അവസ്ഥ)
5. ആസിഡ് അറ്റാക്ക് വിക്ടിം – ആസിഡ് ആക്രമണ ഇര (ആസിഡോ സമാന രാസപദാർത്ഥങ്ങളോ ഉപയോഗിച്ചുള്ള ആക്രമണത്തിന്റെ ഫലമായി ശരീരഭാഗങ്ങൾ വികൃതമാക്കപ്പെട്ട വ്യക്തി)

**ബി. ദൃശ്യ വൈകല്യങ്ങൾ**

1. അന്ധത– പൂർണ്ണമായ കാഴ്ചയില്ലായ്മ/കാഴ്ചശേഷി കറക്ഷൻ കൂടാതെ 3/60 ൽ താഴെയാകുന്ന അവസ്ഥ/10 ഡിഗ്രിയിൽ താഴെ മാത്രം പ്രകാശ ദൃശ്യത ലഭ്യമായ അവസ്ഥ)

2. ലോവിഷൻ– ഗുരുതര കാഴ്ചക്കുറവ് (ഉപകരണങ്ങൾ ഉപയോഗിച്ചാലും കാഴ്ച 6/18ൽ താഴെയായിരിക്കുകയും പ്രകാശ ദൃശ്യത 10 നും 40 നും ഡിഗ്രിക്കിടയിൽ ആയിരിക്കുകയും ചെയ്യുന്ന അവസ്ഥ)

**സി. – ശ്രവണവൈകല്യം**

1. ബധിരത – രണ്ടു കർണ്ണങ്ങളിലേയും ശ്രവണശേഷിക്കുറവ് 70 ഡെസിബെൽ

2. ഹാർഡ് ഓഫ് ഹിയറിംഗ് – ഹ്രസ്വ ശ്രവണം (2 കർണ്ണങ്ങളിലേയും കേൾവിക്കുറവ് ശക്തി 70 ഡിബിക്കും 60 ഡിബിക്കും ഇടയിലായിരിക്കുന്ന അവസ്ഥ)

**II. ബൗദ്ധിക വെല്ലുവിളികൾ (Intellectual challenges)**– യുക്തിചിന്ത, പഠനശേഷി, പ്രശ്നപരിഹാര ശേഷി തുടങ്ങിയ ബൗദ്ധിക ശേഷികളിലും ദൈനംദിന സാമൂഹിക പ്രായോഗിക നൈപുണികൾ ഉൾപ്പെടുന്ന അഡാപ്റ്റീവ് ബിഹേവിയറിലും സംഭവിക്കുന്ന കാര്യമായ പരിമിതികൾ. ഉദാ– ബുദ്ധിപരമായ വെല്ലുവിളി(IC).

1. സുവ്യക്ത പഠന വൈകല്യങ്ങൾ (സ്പെസിഫിക്ക് ലേണിംഗ് ഡിസബിലിറ്റി) – പഠന പ്രക്രിയകളായ ഭാഷ, എഴുത്ത്, വായന, സംഗ്രഹണം, സംഭാഷണം, ഗണിതപ്രക്രിയകൾ തുടങ്ങിയ ശേഷികളിൽ അനുഭവപ്പെടുന്ന കുറവുകളും അതോടൊപ്പം കാണപ്പെടുന്ന ധാരണാ ശേഷിക്കുറവ്, അക്ഷര വൈകല്യം ചിത്രരചനാ ശേഷികുറവ്, ഗണിതക്രിയാശേഷി വൈകല്യം, മോട്ടോർ കോർഡിനേഷൻ ഡിസോർഡർ തുടങ്ങിയ പ്രശ്നങ്ങളുടെ ശ്രേണി.

2. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ – ഒരു വ്യക്തിയിൽ ആശയ വിനിമയത്തിനും ബന്ധങ്ങൾ ബോധ്യപ്പെടുന്നതിനും മറ്റുള്ളവരുമായി സൗഹൃദത്തിനും കഴിവു കുറയുന്ന അവസ്ഥക്കൊപ്പം പലപ്പോഴും അർത്ഥശൂന്യമായ തുടർ ചലനങ്ങൾ പ്രകടമാക്കുന്ന നാഡീ വികസന വൈകല്യമാണ് ഓട്ടിസം. (കണ്ണിൽ നോക്കി സംസാരിക്കാതിരിക്കുക, ആരോടും അടുപ്പം കാണിക്കാതിരിക്കുക എന്നിവ ലക്ഷണങ്ങളാണ്.)

**III. വിഭ്രാന്തി (Mental Behaviour)**

മനോരോഗം (Mental illness) – ചിന്തയിലും ഭാവത്തിലും ധാരണയിലും സ്മൃതിയിലും സംഭവിക്കുന്ന വൈകല്യങ്ങൾ മൂലം ന്യായീകരണം, വ്യവഹാരം, യാഥാർത്ഥ്യബോധം, പൊതു ചുമതലകൾ നിറവേറ്റൽ തുടങ്ങിയ കാര്യങ്ങളിൽ വന്നുചേരുന്ന അവസ്ഥ.

**IV.വ്യത്യസ്ത കാരണങ്ങളാലുള്ള വൈകല്യങ്ങൾ**

**എ. നാഡീസംബന്ധമായ അവസ്ഥ**

1. മൾട്ടിപ്പിൾ സ്ലീറോസിസ്– തലച്ചോറിനും സ്പൈനൽ കോഡിനും തകരാർ ഉണ്ടാകുന്ന വിധം നാഡീഞരമ്പുകളുടെ അഗ്രഭാഗങ്ങളിൽ മയാലിൻ ഷീറ്റിന് സംഭവിക്കുന്ന അപചയങ്ങളുടെ ഫലമായി തലച്ചോറും സ്പൈനൽ കോഡും തമ്മിൽ ആരോഗ്യകരമായി വിനിമയം തടസ്സമാകുന്നതുമൂലം രൂപപ്പെടുന്ന വേദനാജനകമായ അവസ്ഥ.

2. പാർക്കിൻസൺ ഡിസീസ് – തലച്ചോറിന്റെ ബേസൽ ഗാംഗ്ലിയ ഭാഗത്ത് സംഭവിക്കുന്ന ശോഷണക്രിയകളും ഡോപ്പാമൈൻ ന്യൂറോ ട്രാൻസ്മിറ്റർ കുറവുകളും മൂലം നാഡീവ്യൂഹത്തെ ബാധിക്കുന്ന രോഗബാധമൂലം മദ്ധ്യവയസ്കരിലും, വയോജനങ്ങളിലും അനുഭവപ്പെടുന്ന വിറയൽ, പേശിവലിയൽ, ചലനങ്ങൾ മന്ദഗതിയിലാവൽ തുടങ്ങിയവയിൽ നിന്നും സംജാതമാകുന്ന വൈകല്യാവസ്ഥ.

**ബി. രക്തവുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ**

**1.** ഹീമോഫീലിയ–രക്തം സാധാരണ ഗതിയിൽ കട്ടിപിടിക്കുന്നതിനുള്ള ശേഷി നഷ്ടപ്പെട്ട് ചെറിയ മുറിവുകൾ പോലും ഗുരുതരമായ രക്തസ്രാവത്തിലേക്ക് നയിക്കുന്ന പാരമ്പര്യ രോഗങ്ങളിൽ ഒന്ന്. ഈ രോഗം പുരുഷൻമാരിലാണ് കാണപ്പെടുന്നതെങ്കിലും അമ്മമാർ വഴിയാണ് പകരുന്നത്.

**2.** തലാസീമിയ– ചുവന്ന രക്താണുക്കളുടെ ഉൽപ്പാദന ക്രമം അനിയന്ത്രിതമാകുന്നതുമൂലം അയേൺ ക്രമാതീതമായി വർദ്ധിക്കുകയോ കുറയുകയോ ചെയ്യുന്നു. ഇത് പലവിധ അസ്ഥിരോഗങ്ങൾക്കും കാരണമാവുന്നു. 350 ലക്ഷം രോഗികൾ ഈ വിഭാഗത്തിൽ ക്ലേശം അനുഭവിക്കുന്നതായി കണക്കാക്കുന്നു.

കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം ഹീമോഗ്ലോബിനോപതിസ് ' പ്രിവൻഷൻ ആന്റ് കൺട്രോൾ പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്.

**3.** സിക്കിൾ സെൽ അനീമിയ (അരിവാൾ വിളർച്ച) മനുഷ്യ ശരീരത്തിലെ ക്രോമോസോമിലെ ബീറ്റാജീൻ എന്ന ഘടകത്തിന്റെ വ്യതിയാനങ്ങൾ കാരണം ഉണ്ടാകുന്ന സ്ഥിരവിളർച്ച. ശരീര വേദന, അതുമായി ബന്ധപ്പെട്ട ക്ഷീണാവസ്ഥ. ഒരു പാരമ്പര്യരോഗമെന്ന നിലയിൽ ചെറുപ്പത്തിലെയുള്ള രക്ത പരിശോധനയും നിയന്ത്രണങ്ങളുമാണ് പ്രതിവിധിയായി നിർദ്ദേശിക്കുന്നത്.

**V മൾട്ടിപ്പിൾ ഡിസബിലിറ്റിസ്**-മേൽ പറഞ്ഞ വിഭാഗങ്ങളിൽ രണ്ടോ അതിൽകൂടുതലോ വൈകല്യങ്ങൾ ഏതെങ്കിലും ഒരു വ്യക്തിയിൽ കാണപ്പെടുന്ന അവസ്ഥ ഉദാ- ബധിരാന്ധത.

1995 ലെ PWD ആക്ടിൽ ഉൾകൊള്ളിച്ചിരിക്കുന്ന വൈകല്യങ്ങളുടെ പട്ടിക

1. അന്ധത
2. ഗുരുതര കാഴ്ച കുറവ്
3. കുഷ്ഠ രോഗ വിമുക്തർ
4. ബധിരത
5. ശാരീരിക വൈകല്യം
6. ബുദ്ധി മാന്ദ്യം
7. മാനസിക രോഗം

ലോകാരോഗ്യ സംഘടന -വൈകല്യങ്ങളുടെ തരം തിരിവ് (ഐസി ഡി)

1. ഫിസിക്കൽ ഡിസബിലിറ്റി
2. സെൻസറി ഡിസബിലിറ്റി -കാഴ്ച, കേൾവി, ബാലൻസ് ഡിസോർഡർ
3. ബൗദ്ധിക വെല്ലുവിളികൾ -മെന്റൽ റിറ്റാർഡേഷൻ, പഠന വൈകല്യം
4. വൈകാരിക വൈകല്യം– മാനസിക രോഗം
5. പെർവേസീവ് ഡെവലപ്മെന്റൽ ഡിസോർഡർ -ഓട്ടിസം
6. ഡെവലപ്മെന്റൽ ഡിസബിലിറ്റി– സ്പൈന ബൈഫിഡ
7. അദൃശ്യ വൈകല്യങ്ങൾ–സിക്കിൾ സെൽ അനീമിയ
8. സ്പൈനൽ കോഡ് ഡിസബിലിറ്റി–പക്ഷാഘാതം
9. ബ്രെയിൻ ഇഞ്ചുറി -തലച്ചോറിനേൽക്കുന്ന ക്ഷതം

**വൈകല്യങ്ങളുടെ കാഠിന്യമനുസരിച്ചുള്ള (നിലവാരം) തരംതിരിവുകൾ**

അംഗപരിമിതിയുടെ കാഠിന്യം അഥവ ശതമാനം തിട്ടപ്പെടുത്തുന്നതിന് ചില സൂചകങ്ങൾ ഉപയോഗിക്കുന്നു. വ്യത്യസ്ത വിഭാഗം ഡിസെബിലിറ്റികൾ വിദ്യാഭ്യാസ ആവശ്യം തിട്ടപ്പെടുത്തുന്നതിനും പരിരക്ഷകൾക്കും കണക്കാക്കുന്ന വിധം താഴെ നൽകുന്നു.

- ബൗദ്ധിക വെല്ലുവിളികളും വികാസ വെല്ലുവിളികളും - ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൽസി, ബഹുവിധ വൈകല്യങ്ങൾ : ഈ വിഭാഗത്തിൽപ്പെട്ട വൈകല്യങ്ങളെ മൈൽഡ്, മോഡറേറ്റ്, സിവിയർ, പ്രൊഫൗണ്ട് എന്നിങ്ങനെ നാലായി തരം തിരിക്കുന്നു.
- ശ്രവണ വൈകല്യം - മൈൽഡ്, മോഡറേറ്റ്, സിവിയർ എന്നിങ്ങനെ മൂന്നായി തരം തിരിക്കുന്നു.
- ഇതരവൈകല്യങ്ങൾ – ശാരീരിക വൈകല്യം മുതൽ മറ്റു വൈകല്യങ്ങളുടെ ശതമാനകണക്കിലാണ് വൈകല്യങ്ങൾ രേഖപ്പെടുത്തുന്നത്. ആനുകൂല്യങ്ങൾക്കായി ഇപ്പോൾ ആദ്യ രണ്ട് വിഭാഗം വൈകല്യങ്ങളുടേയും ശതമാനം രേഖപ്പെടുത്തുന്നുണ്ട്.

RPWD ആക്ട് ഭരണഘടനാപരമായ ഇതര നിയമങ്ങളെ ദുർബലപ്പെടുത്തുന്നില്ല. നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഷെഡ്യൂളുകൾക്ക് ഭേദഗതി വരുത്താൻ കേന്ദ്രസർക്കാരിന് അധികാരമുണ്ടായിരിക്കും. ഇതിന് അനുസരണമായി കേന്ദ്രസർക്കാർ പ്രത്യേക ഭിന്നശേഷി നിയമചട്ടങ്ങൾ രൂപീകരിക്കേണ്ടതാണ്. ഈ നിയമത്തിനുസൃതമായി സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിക്കണം. RPWD ആക്ട് പ്രാബല്യത്തിൽ വന്നതോടെ 1955 ലെ ദേശീയ വികലാംഗ ജനനിയമം അസാധുവായി.

**പേരിന്റെ കാര്യം**

ഭിന്നശേഷിയുടെ മനോഭാവപരമായ പ്രശ്നങ്ങളിൽ പ്രധാനം സാമൂഹ്യനിന്ദ ഉൾപ്പെടുന്ന പദപ്രയോഗങ്ങളാണ്. ഒരു വ്യക്തിഗത പ്രശ്നം ഇവരെ പൊതുവായി അഭിസംബോധന ചെയ്യാൻ സ്വീകരിക്കുന്ന പദമാണ് പേരുകളാണെന്ന് പറയാം. ആദ്യകാലങ്ങളിൽ വികലാംഗൻ, മന്ദബുദ്ധി തുടങ്ങിയ പദങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഇത് ഇവരെ തരം താഴ്ത്തുന്നതും അവഹേളിക്കുന്നതും ഒറ്റപ്പെടുത്തുന്നതും ആണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. യു.എൻ.സി.ആർ.പി.ഡി(UNCRPD) രൂപപ്പെട്ട ശേഷം ഭിന്നശേഷി നാമങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ തന്നെ മാറ്റങ്ങൾ ഉണ്ടായി. ഹാൻഡികാപ്പ്ഡ് എന്ന പദം നിലവിൽ ഭിന്നശേഷി എന്ന തലത്തിലേക്ക് മാറ്റപ്പെട്ടു. മാനസിക വെല്ലുവിളികൾ നേരിടുന്നവരെ അഭിസംബോധന ചെയ്യുന്നതിനായി മെന്റലി ചാലഞ്ച്ഡ്, സ്പെഷൽ ചിൽഡ്രൻ തുടങ്ങിയ പദങ്ങൾ ഉപയോഗിക്കാൻ ആരംഭിച്ചു. ഇത് സംബന്ധിച്ച ഭാരത സർക്കാരിന്റെ നിർദ്ദേശം താഴെ കൊടുക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഇതരസംവിധാനങ്ങളിലും ഭിന്നശേഷിക്കാരെ കുറിച്ച് അഭിസംബോധന ചെയ്ത് ഉപയോഗിക്കുന്ന പദങ്ങളിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്. ഹാന്റി കാപ്പ്ഡ്, മെന്റലി റിട്ടാർഡഡ്, ഡെഫ് ആന്റ് ഡമ്പ് എന്നീ പദങ്ങൾ ഉടനടി മാറ്റേണ്ടതാണ്. ഇതിന് പകരമായി ദേശീയ ഭിന്നശേഷി അവകാശ നിയമത്തിൽ നൽകിയിട്ടുള്ള പദങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളു.

വിദ്യാഭ്യാസ ഡയറക്ടറേറ്റ് സർക്കുലർ നമ്പർ എഫ് 14 /ഡി ഡി ഇ (ഐ.ഇ.ഡി.എസ് )/അഡ്മിനിസ്ട്രേറ്റീവ് സെൽ 2017-18 10/8/2017, വിശദാംശങ്ങൾ ഇതേ പുസ്തകത്തിന്റെ അദ്ധ്യായം 2 ൽ ആർപിഡി ആക്ടിന്റെ ഷെഡ്യൂൾ പരിശോധിക്കുക.

**ഭിന്നശേഷിക്കാർക്കായുള്ള മറ്റു പ്രധാന നിയമങ്ങൾ**

ഭിന്നശേഷിക്കാർക്കായുള്ള അവകാശപ്രഖ്യാപനങ്ങൾ പ്രവർത്തനപഥത്തിലെത്തിക്കാൻ ഓരോ അവകാശ മേഖലക്കും ഊന്നൽ നൽകുന്ന നിയമങ്ങൾ രൂപപ്പെടുത്തണം. ഈ യാഥാർത്ഥ്യം കണക്കിലെടുത്ത് നമ്മുടെ രാജ്യത്ത് പാസാക്കിയിട്ടുള്ളതും നടപ്പിലാക്കിയിട്ടുള്ളതുമായ നിയമങ്ങളും, വകുപ്പുകളും, സമ്പ്രദായങ്ങളുമാണ് താഴെ നൽകുന്നത്.

**1. നാഷണൽ ട്രസ്റ്റ് ആക്ട് 1999**

മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളുടെ സ്വത്തിനും പരിചരണങ്ങൾക്കും സംരക്ഷണം നൽകുന്നതിനായി 31-12-1999 ൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ് (National Trust for Welfare of Persons with Autism, Cerebral Palsy, Mental Retardation, Multiple Disabilities Act 1999). ഈ നിയമം മാനസിക രോഗമുള്ളവർക്ക് ബാധകമായിട്ടുള്ളതല്ല. ഇതിൻ പ്രകാരം ജില്ലാ കലക്ടറുടെ നേതൃത്വത്തിലുള്ള ലോക്കൽ ലെവൽ കമ്മിറ്റി മുഖേന ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് നൽകുന്നു.

ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റിട്ടാർഡേഷൻ, ബഹുവിധ വൈകല്യം എന്നിവ ബാധിച്ചിട്ടുള്ളവരുടെ ക്ഷേമത്തിനായി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ബോർഡാണ് നാഷണൽ ട്രസ്റ്റ്. നാഷണൽ ട്രസ്റ്റ് ആക്ട് നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകളിലും ലെവൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. മാനസികവെല്ലുവിളികൾ ബാധിച്ച വ്യക്തികൾക്ക് നിയമാനുസൃത രക്ഷിതാക്കളെ നിയമിക്കുന്നതിനുള്ള അധികാരം ലോക്കൽ ലെവൽ കമ്മിറ്റികളിൽ നിക്ഷിപ്തമാണ്.

**നിയമപരമായ രക്ഷാകർതൃത്വം.**

നാഷണൽ ട്രസ്റ്റ് പ്രകാരം രൂപീകരിക്കുന്ന തദ്ദേശതല സമിതിയുടെ ചുമതലകളിൽ ഒന്നാണ്.

- നിയമാനുസൃത രക്ഷാകർത്താവിനെ നിയമിക്കുക എന്നത്
- ഭിന്നശേഷിവ്യക്തികളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പു വരുത്തുകയാണ് പ്രധാന ലക്ഷ്യം.

**നിയമാനുസൃത രക്ഷാകർതൃത്വം (Legal Guardianship):**

മറ്റൊരു വ്യക്തിയേയോ, അയാളുടെ സ്വത്തോ, പരിപാലിക്കാനും സംരക്ഷിക്കാനും നിയമിക്കപ്പെടുന്ന വ്യക്തിയെ നിയമാനുസൃത രക്ഷകർത്താവ് എന്നു പറയുന്നു.

പ്രായപൂർത്തിയാകാത്ത ഏതൊരു വ്യക്തിയുടെയും നിയമപരമായ രക്ഷിതാക്കൾ മാതാപിതാക്കളായിരിക്കും. എന്നാൽ 18 വയസ്സ് തികയുന്നതോടെ ഭിന്നശേഷിയില്ലാത്ത ഒരു വ്യക്തിയുടെ രക്ഷിതാക്കൾക്ക് ആ വ്യക്തിയുടെ പേരിൽ ഇടപാട് നടത്താനോ ആ വ്യക്തിയെ പ്രതിനിധീകരിക്കാനോ നിയമപരമായി അവകാശമില്ല.

ഓട്ടിസം, മസ്തിഷ്ക തളർവാതം, ബുദ്ധിപരിമിതി, ബഹുമുഖപരിമിതികൾ എന്നീ അവസ്ഥകളിലുള്ളവർക്ക് 18 വയസ്സ് തികഞ്ഞാലും സ്വതന്ത്രമായി ജീവിതം നയിക്കാനോ നിയമപരമായ തീരുമാനങ്ങൾ കൈക്കൊള്ളാനോ സാധിച്ചെന്നു വരില്ല. അങ്ങനെയുള്ളവർക്ക് നിയമപരമായ തീരുമാനങ്ങൾക്കും ഇടപാടുകൾക്കും മറ്റൊരാളുടെ സഹായം ആവശ്യമായി വരുന്നു. നാഷണൽ ട്രസ്റ്റ് നിയമപ്രകാരം നിയമിക്കപ്പെടുന്ന അത്തരം സഹായികളെയാണ് നിയമാനുസൃത രക്ഷാകർത്താവ് (legal guardian) എന്നു പറയുന്നത്. (രക്ഷാകർത്താവ് സ്വന്തം ഇഷ്ടപ്രകാരമല്ല പ്രവർത്തിക്കേണ്ടത്, മറിച്ച്, ഭിന്നശേഷി വ്യക്തിയെ കാര്യങ്ങൾ ബോധ്യപ്പെടുത്തി അയാളുടെ അറിവോടെയും സമ്മതത്തോടെയും മാത്രമേ തീരുമാനങ്ങൾ എടുക്കാവൂ എന്ന് പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണ്.) ഒരു പ്രത്യേക ഇടപാടിനു മാത്രമായി പരിമിത രക്ഷാകർത്താവിനെ നിയമിക്കാം.

നാഷണൽ ട്രസ്റ്റ് ആക്ട് നിലവിൽ വരുന്നതിനു മുൻപ് ഈ നാല് വിഭാഗം ഭിന്നശേഷി വ്യക്തികൾക്ക് നിയമപരമായ പരിരക്ഷ ലഭിച്ചിരുന്നില്ല. ഇപ്പോൾ ഇവരുടെ ജീവിതവും സ്വത്തും നിയമപരമായി സംരക്ഷിക്കപ്പെടുന്നു.

**നിയമാനുസൃത രക്ഷാകർതൃത്വം എന്തിന്?**

ഭവനപദ്ധതി, വായ്പാപദ്ധതി എന്നിവയ്ക്ക് ഇത് ആവശ്യമായി വരും. ബാങ്ക് അക്കൗണ്ട്, പോസ്റ്റാഫീസ് അക്കൗണ്ട്, ഇൻഷുറൻസ് എന്നിവ തുടങ്ങുന്നതിനും, നിക്ഷേപം കൈകാര്യം ചെയ്യുന്നതിനും, മറ്റു ധനകാര്യ ഇടപാടുകൾക്കും ആവശ്യമായി വന്നേക്കാം.

**രക്ഷാകർതൃത്വം ആർക്കൊക്കെ ലഭിക്കും?**

- മാതാപിതാക്കൾ
- സഹോദരങ്ങൾ
- രക്തബന്ധത്തിലുള്ളവർ
- ട്രസ്റ്റിൽ റജിസ്റ്റർ ചെയ്തിട്ടുള്ള എൻ.ജി.ഒ.

ഈ ക്രമത്തിൽ ആർക്കും നിയമപരമായ രക്ഷാകർതൃത്വത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**യോഗ്യത:-**

- ഇന്ത്യ പൗരനായിരിക്കണം
- മനോരോഗമുള്ള വ്യക്തി ആയിരിക്കരുത്
- ക്രിമിനൽ കുറ്റത്തിന് ശിക്ഷിക്കപ്പെട്ട വ്യക്തി ആയിരിക്കരുത്
- നിർധനനായോ പാപ്പരായോ പ്രഖ്യാപിക്കപ്പെട്ട വ്യക്തി ആയിരിക്കരുത്.

**അപേക്ഷ സമർപ്പിക്കേണ്ട വിധം:-**

രക്ഷാകർത്താവാകാൻ താത്പര്യമുള്ളയാൾ എൽ.എൽ.സി. ചെയർമാനായ ജില്ലാകളക്ടർക്ക് വെള്ളക്കടലാസിൽ അഡ്രസ്സും ഫോൺ നമ്പരും അപേക്ഷ സഹിതം നൽകണം. നാഷണൽ ട്രസ്റ്റിന്റെ വെബ് സൈറ്റിലൂടെയും അപേക്ഷിക്കാം. (thenationaltrust.gov.in)

**അപേക്ഷയോടൊപ്പം നൽകേണ്ട രേഖകളുടെ പകർപ്പുകൾ:-**

- അപേക്ഷകന്റെയും ഭിന്നശേഷി വ്യക്തിയുടെയും ആധാർ കാർഡ്
- ഭിന്നശേഷി സർട്ടിഫിക്കറ്റ്
- റേഷൻ കാർഡ്
- ഭിന്നശേഷി വ്യക്തിയുടെയും അപേക്ഷകന്റെയും ഒരുമിച്ചുള്ള പാസ്പോർട്ട് സൈസ് ഫോട്ടൊ
- അപേക്ഷകന്റെ സമ്മതപത്രം
- ഭിന്നശേഷി വ്യക്തിക്ക് അവകാശപ്പെട്ട വസ്തുക്കളുടെ കരം അടച്ച രശീതി.

**നടപടിക്രമം:-**

- അപേക്ഷ ലഭിച്ചാൽ ആവശ്യമാണെങ്കിൽ ഭിന്നശേഷി വ്യക്തിയുടെ വീട് സന്ദർശിച്ച് ഭിന്നശേഷി വ്യക്തിയുടെയും സ്വത്ത് സംബന്ധമായ കാര്യങ്ങളുടെയും നിജസ്ഥിതി എൽ.എൽ.സി.ക്ക് നേരിൽ ബോദ്ധ്യപ്പെടാവുന്നതാണ്. അതിനു ശേഷം എൽ.എൽ.സി. യോഗം ചേരുന്നു. എൽ.എൽ.സി. അംഗങ്ങളും നോമിനേറ്റഡ് അംഗങ്ങളും കൂടാതെ, അപേക്ഷരെയും കുടുംബാംഗങ്ങളെയും, ആവശ്യമെങ്കിൽ മറ്റുള്ളവരെയും, യോഗത്തിൽ പങ്കെടുക്കാനായി വിളിപ്പിക്കാം.അപേക്ഷകൾ ഒരുമിച്ച് ഒരു നിശ്ചിത ദിവസമായിരിക്കും പരിഗണിക്കപ്പെടുന്നത്.

- രക്ഷാകർത്താവിന്റെ ആവശ്യകത പരിശോധിച്ച്, യോജിച്ച വ്യക്തിയെ കണ്ടെത്തി, രക്ഷാകർത്താവായി എൽ.എൽ.സി. നിയമിക്കുന്നു.
- സ്വത്ത് സംബന്ധമായ കാര്യങ്ങളിലും എൽ.എൽ.സി. തീരുമാനമെടുക്കുന്നു. ഭിന്നശേഷി വ്യക്തിയുടെ കുടുംബം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ (ഭവനരഹിതർ, കുടിവെള്ള ദൗർലഭ്യം, റേഷൻ കാർഡ് സംബന്ധിച്ച പ്രശ്നങ്ങൾ, ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കൽ തുടങ്ങിയവ) പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാനും സമിതി ശ്രമിക്കുന്നു.
- യോഗത്തിന്റെ വിശദമായ മിനിറ്റ്സ് രേഖപ്പെടുത്തുന്നു. അതിനുശേഷം ബന്ധപ്പെട്ട രേഖകൾ നാഷണൽ ട്രസ്റ്റിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നു. വിവിധ ഘട്ടങ്ങളിലെ നടപടി ക്രമങ്ങളിലൂടെ രക്ഷാകർതൃ സർട്ടിഫിക്കറ്റ് പ്രസ്തുത വെബ്സൈറ്റിൽ ജനറേറ്റ് ചെയ്യുകയും പ്രിൻറ് ചെയ്തെടുക്കുകയും ചെയ്യുന്നു. ഈ സർട്ടിഫിക്കറ്റ് എൽ.എൽ.സി.ചെയർമാൻ ഒപ്പിട്ട് സീൽ ചെയ്ത് അപേക്ഷകന് നൽകുന്നു.

  നിയമിക്കപ്പെട്ട രക്ഷാകർത്താവ്, ഭിന്നശേഷി വ്യക്തിയെ ശരിയായ വിധത്തിൽ സംരക്ഷിക്കാതിരിക്കുക, സ്വത്ത് ദുരുപയോഗം ചെയ്യുക തുടങ്ങി ഏതെങ്കിലും കാരണത്താൽ അനുയോജ്യ/അനുയോജ്യൻ അല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ അയാളെ തൽസ്ഥാനത്തുനിന്ന് മാറ്റാൻ എൽ.എൽ.സിക്ക് അധികാരമുണ്ട്.

- 18 വയസ്സ് പൂർത്തിയാകുന്നതുവരെ ഏതൊരു കുട്ടിയുടേയും സ്വാഭാവിക രക്ഷിതാക്കൾ മാതാപിതാക്കളാണ്. 18 വയസ്സാകുന്നതോടെ എല്ലാ കുട്ടികളും നിയമപരമായി പ്രായപൂർത്തിയാകുകയും സ്വയം തീരുമാനമെടുക്കുന്നതിന് പ്രാപ്തരാകുകയും ചെയ്യും എന്നാൽ മാനസിക വെല്ലുവിളികൾ ബാധിച്ച കുട്ടികൾക്ക് ഈ കഴിവുകൾ ഉണ്ടാകണമെന്നില്ല. ഇവർക്ക് ജീവിതകാലം മുതൽ രക്ഷാകർത്താവ് ആവശ്യമാണ്. സാധാരണ ഗതിയിൽ ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് സിവിൽ കോടതി മുഖേന മാത്രമേ ലഭിക്കൂ. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അവരുടെ സംരക്ഷണത്തിനും സ്വത്ത് കൈമാറ്റം ചെയുന്നതിനും പരമ്പരാഗത സ്വത്തുകൾ ഭാഗിച്ചുകിട്ടുന്നതിനും ഒരു ഗാർഡിയൻ ആവശ്യമായി വരും. സ്വാഭാവിക രക്ഷിതാവായ മാതാപിതാക്കൾക്ക് ഇവരുടെ ഭാവി എന്താകും എന്നത് സംബന്ധിച്ച സംശയങ്ങൾ അകറ്റാനും ഗാർഡിയൻഷിപ്പ് ആവശ്യമാണ്. ഈയൊരു സാഹചര്യത്തിൽ കോടതി നടപടിക്രമങ്ങൾ ഒഴിവാക്കി ജില്ലാ കലക്ടർ അദ്ധ്യക്ഷനായ ലോക്കൽ ലെവൽ കമ്മിറ്റിക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ച് രക്ഷാകർത്തൃ സർട്ടിഫിക്കറ്റ് വാങ്ങുവാൻ സാധിക്കും.
- രക്ഷാകർത്താവായി നിയമിക്കപ്പെടാൻ ആവശ്യമായ അപേക്ഷകൾ ഓൺലൈനായി നിശ്ചിത ഫോറത്തിൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷയോടൊപ്പം ജനനസർട്ടിഫിക്കറ്റ്, സ്ഥിരതാമസം തെളിയിക്കുന്നതിനുള്ള രേഖ, മെഡിക്കൽ ബോർഡ് നൽകിയ ഡിസബിലിറ്റി സർട്ടിഫിക്കറ്റ്, എന്നിവയുടെ പകർപ്പുകൾ കൂടി ഹാജരാക്കേണ്ടതാണ്. യുക്തമായ അന്വേഷണങ്ങൾ തൃപ്തികരമാണെന്ന് കാണുന്ന പക്ഷം അപേക്ഷകനെ രക്ഷാകർത്താവായി നിയമിക്കുന്നതായി കാണിക്കുന്ന സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈകല്യമുള്ള ആളെയും ടിയാന്റെ സ്വത്തുക്കളേയും സംരക്ഷിക്കുന്നതിന് നിയമപ്രകാരമുള്ള അധികാരം രക്ഷാകർത്താവിന് ഉണ്ടായിരിക്കുന്നതാണ്.

- മാനസിക വെല്ലുവിളികൾ നേരിടുന്ന ആൾക്കുവേണ്ടി കടം വാങ്ങുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും നിക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്നതിനും ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനും ഷെയർ വാങ്ങുന്നതിനും വസ്തുവഹകൾ നോക്കുന്നതിനും കെട്ടിട വാടക പിരിക്കുന്നതിനും മറ്റും ട്രസ്റ്റിന്റെ കീഴിൽ ഉള്ള കമ്മിറ്റി നിയമിക്കുന്ന രക്ഷാ കർത്താവിന് മാത്രം അധികാരമുണ്ടായിരിക്കുന്നതാണ്. സ്വത്തുക്കളെ സംബന്ധിച്ചുള്ള വിവരങ്ങൾ കാലാകാലങ്ങളിൽ ബന്ധപ്പെട്ടവർ മുമ്പാകെ നൽകുന്നതിന് രക്ഷിതാക്കൾക്ക് ബാധ്യതയുള്ളതുമാണ്. മാനസിക വൈകല്യമുള്ള ആളുടെ സ്ഥാവര സ്വത്തുക്കൾ വിൽക്കേണ്ടതായോ, കടപ്പെടുത്തേണ്ടതായോ വരുന്ന പക്ഷം ആയതിന് കമ്മിറ്റിയിൽ നിന്നും പ്രത്യേകമായി അനുവാദം വാങ്ങിക്കേണ്ടതും അപ്രകാരം അനുവാദം വാങ്ങിക്കാതെ നടത്തുന്ന എല്ലാ വിധ കൈമാറ്റങ്ങളും അസാധുവായിരിക്കുന്നതുമാണ്.

**2. മാനസികാരോഗ്യ സംരക്ഷണ നിയമം 2017**

മാനസിക അസുഖമുള്ളവരുടെ (മെന്റലി ഇൽ) അവകാശ സംരക്ഷണത്തിനു വേണ്ടി 1987 ൽ കൊണ്ടു വന്ന നിയമം 2017 ൽ പരിഷ്കരിച്ചു.

മാനസികരോഗമുള്ള വ്യക്തികൾക്കുള്ള അവകാശങ്ങൾ, മുൻകൂർ നിർദ്ദേശം (Advance Directive), മാനസികാരോഗ്യ അതോറിറ്റി, മാനസികാരോഗ്യ ചികിത്സ, ആത്മഹത്യകുറ്റ വിമുക്തമാക്കൽ, ക്രൂരമായ ചികിത്സാരീതികൾ നിർത്തലാക്കുക, മറ്റ് ഏജൻസിയുടെ ഉത്തരവാദിത്തങ്ങൾ, ശിക്ഷയും പിഴയും, എല്ലാ ജില്ലകളിലും മാനസികാരോഗ്യ സേവനങ്ങൾ തുടങ്ങിയ കാര്യങ്ങളാണ് ഈ നിയമം പ്രതിപാദിക്കുന്നത്. മാനസികരോഗമുള്ള ഒരോ വ്യക്തിക്കും അന്തസ്സോടെ ജീവിക്കാനുള്ള അവകാശമുണ്ട് എന്നതാണ് നിയമത്തിന്റെ അന്തസത്ത.–

**3. റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട്, 1992.**

വികലാംഗ പുനരധിവാസരംഗത്തുള്ള പരിശീലന സ്ഥാപനങ്ങൾ, വിദഗ്ധ പരിശീലനങ്ങൾ, അക്കാദമിക്ക് നിബന്ധനകൾ, പ്രഫഷണൽ രജിസ്ട്രേഷൻ തുടങ്ങിയ വിഷയങ്ങൾ ആർസിഐ യുടെ പരിധിയിൽ വരുന്നു. ബഡ്സ് സ്ഥാപനങ്ങളിലെ എല്ലാ അദ്ധ്യാപകരും പരിശീലനത്തിനുശേഷം ആർ.സി.ഐ (RCI) യുടെ സർട്ടിഫിക്കറ്റ് കൂടി കരസ്ഥമാക്കിയാലേ നിയമന അംഗീകാരമുണ്ടാകൂ.

**4.ഭിന്നശേഷി പുനരധിവാസ ദേശീയ നയം (നാഷണൽ പോളസി ഓൺ ഡിസബിലിറ്റി റിഹാബിലിറ്റേഷൻ)**

യു.എൻ.സി.ആർ.പി.ഡി (UNCRPD) അംഗീകരിച്ച രാഷ്ട്രം എന്ന നിലയിൽ ഇന്ത്യ ഭിന്നശേഷിക്കാരായ വ്യക്തികളുടെ പുനരധിവാസം സാധ്യമാക്കുന്നതിനായി ദേശീയ നയം പ്രഖ്യാപിച്ചു.

**ലക്ഷ്യങ്ങൾ**

- ഭിന്നശേഷിക്കാരായ മുഴുവൻ വ്യക്തികളേയും ശാക്തീകരിച്ചുകൊണ്ട് അവരിൽ അന്തർലീനമായ മുഴുവൻ ശേഷികളും പൂർണ്ണമായും വികസിപ്പിക്കുക.
- പൊതുജനങ്ങൾക്കിടയിൽ ഭിന്നശേഷിക്കാർക്ക് പ്രതികൂലമായി നിൽക്കുന്ന മനോഭാവങ്ങൾക്ക് മാറ്റം വരുത്തി ഈ വിഭാഗത്തിന്റെ ആവശ്യങ്ങളും ശേഷികളും ഉറപ്പാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണം നടത്തുക.
- ദേശീയ ഭിന്നശേഷി നിയമം സർക്കാർ–സർക്കാരിതര സംവിധാനങ്ങളുടെ പരിപൂർണ്ണ സഹകരണത്തോടെ ഉറപ്പാക്കുക

**പ്രധാന പുനരധിവാസ ഇടപെടലുകൾ**

- പൊതുജന അവബോധം
- വൈകല്യങ്ങൾ തടയലും നേരത്തെ കണ്ടെത്തലും നേരത്തെയുള്ള ഇടപെടലും
- വിദ്യാഭ്യാസം – പരീക്ഷാ പരിഷ്കരണങ്ങൾ, കരിക്കുലം അനുയോജ്യമാക്കൽ
- തൊഴിൽ പരിശീലനം – സാങ്കേതിക പരിശീലനങ്ങൾ, തൊഴിൽ സംവരണം
- തൊഴിൽ – വരുമാനദായകമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുക
- ഗ്രാമീണ പുനരധിവാസം – കമ്മ്യൂണിറ്റി ബെയ്സ്ഡ് റിഹാബിലിറ്റേഷൻ
- സാമൂഹ്യ സുരക്ഷിതത്വം – ഗാർഡിയൻഷിപ്പ്, സുരക്ഷയും ആവശ്യത്തിന് ക്ഷേമസ്ഥാപനങ്ങളും
- ഇളവുകളും സംവിധാനങ്ങളും
- വാർദ്ധ്യക്യകാല പുനരധിവാസം
- കായികവിനോദങ്ങൾ
- ഡിസബിലിറ്റി ഡാറ്റാ തയ്യാറാക്കൽ
- സോഷ്യൽ മൊബിലൈസേഷൻ
- മാനവശേഷി വികസനം
- സന്നദ്ധസംഘടനകളുടെ ശാക്തീകരണം
- സഹായ ഉപകരണങ്ങളുടെ നിലവാരം.
- ഗവേഷണങ്ങൾ
- ദേശീയ ഭിന്നശേഷി നിയമം സമ്പൂർണ്ണമാക്കൽ
- പരാതി പരിഹാര സംവിധാനങ്ങൾ

ഈ നയങ്ങൾക്കനുസൃതമായി 2025 ആം ആണ്ടോടെ ഭിന്നശേഷിയുള്ള കുട്ടികളുടെ പുനരധിവാസ പ്രക്രിയ മുഖ്യധാരയിൽ എത്തിക്കുക എന്നതാണ് നയത്തിന്റെ ലക്ഷ്യം.

**തടസ്സവിമുക്ത അന്തരീക്ഷം (Barrier Free Environment)**

ഭിന്നശേഷിക്കാരായ വ്യക്തികളുടെ ദേശീയഅവകാശ നിയമവും ചട്ടങ്ങളും എല്ലാ പൊതു മന്ദിരങ്ങളും സംവിധാനങ്ങളും സ്കൂളുകളും അങ്കണവാടികളും തടസ്സവിമുക്ത പശ്ചാത്തലം ഉറപ്പാക്കിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**തടസ്സവിമുക്ത പര്യാവരണം** – കേന്ദ്രസർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഭിന്നശേഷിക്കാരായ വ്യക്തികൾ പലവിധത്തിലുള്ള തടസ്സങ്ങൾ ജീവിതത്തിൽ അനുഭവിക്കേണ്ടി വരുന്നതായി സൂചിപ്പിച്ചിട്ടുണ്ട്.

**ഭിന്നശേഷിക്കാർ അനുഭവിക്കുന്ന പ്രധാനപ്പെട്ട തടസ്സങ്ങൾ**

1. മനോഭാവ തടസ്സങ്ങൾ
2. സാംസ്കാരിക തടസ്സങ്ങൾ
3. സാമ്പ്രദായിക തടസ്സങ്ങൾ
4. ഭൗതിക സൗകര്യ തടസ്സങ്ങൾ എന്നിവയാണ്.

സാംസ്കാരിക തടസ്സങ്ങളിൽ ഭാഷയും ഭാഷാപ്രയോഗങ്ങളുമാണ് പ്രധാന പ്രശ്നം. സാമ്പ്രദായിക തടസ്സങ്ങൾ മൂലം ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് പല സ്ഥാനങ്ങളും അലങ്കരിക്കുന്നതിന് വിലക്കുകൾ നിലനിൽക്കുന്നു. അസാധാരണത്വത്തെ അംഗീകരിക്കാൻ ഉള്ള താൽപര്യക്കുറവ് പരമ്പരാഗത വിശ്വാസങ്ങൾ, ഉൽപാദനക്ഷമത ഇല്ലാത്തവർ കീഴാളരാണെന്ന ബോധം തുടങ്ങിയവയിൽ നിന്നും ഉടലെടുക്കുന്ന സ്ഥായിയായ പെരുമാറ്റവും വ്യവഹാരങ്ങളുമാണ് മനോഭാവ തടസ്സങ്ങൾ. ദീർഘകാല ശാസ്ത്രീയ ബോധവൽക്കരണവും അതോടൊപ്പം ഭിന്നശേഷിക്കാർക്ക് സവിശേഷമായ പിന്തുണകളും സംരക്ഷണവും ഉറപ്പാക്കിയും മാത്രമേ അവരെ പിന്തുണയ്ക്കാൻ കഴിയൂ. എന്നാൽ ഭൗതികസൗകര്യ തടസ്സങ്ങൾ വളരെ വേഗം മാറ്റിയെടുക്കുവാൻ കഴിയും. പ്രധാനപ്പെട്ട തടസ്സവിമുക്ത സംവിധാനങ്ങൾ താഴെ കൊടുക്കുന്നു.

**ഭൗതികതടസ്സ വിമുക്ത സൗകര്യങ്ങൾ (മാനദണ്ഡങ്ങൾ)**

- വാതിലുകൾ കവാടങ്ങൾ – തട്ടിവീഴാത്തവിധം പടികൾ ഒഴിവാക്കി ട്രൈസിക്കിൾ ഓടിക്കുവാൻ പാകത്തിന് നിരപ്പായിരിക്കുക
- ചവിട്ടുപടികൾ ഉയരം കുറഞ്ഞവയും ( 15 സെ.മീ.) വ്യത്യസ്ത നിറങ്ങളോടുകൂടിയവും ആകണം
- ഗോവണികൾ റാമ്പുകളായി രൂപകൽപ്പന ചെയ്യുക– ചവിട്ട പടികളിലും കോണിപടികളിലും നിർബന്ധമായും കൈവരികൾ നിർമ്മിക്കുക ( ഹാന്റ് റെയിൽസ് ) റാമ്പുകൾ 1:12 എന്ന ചരിവും 120 സെ.മീ. വീതിയും ഉറപ്പാക്കുക
- ടോയ്‌ലറ്റുകൾ ട്രൈസിക്കിളുകൾ കയറാൻ പാകത്തിന് ക്രമപ്പെടുത്തുകയും ക്ലോസറ്റുകൾക്ക് സമീപം സൗകര്യ പ്രദമായി ഹാന്റ് ക്ലിപ്പുകൾ ഘടിപ്പിക്കുകയും ചെയ്യുക.
- വാഷ്ബെയ്സിൻ സ്ഥാപിക്കുമ്പോൾ മുട്ടുകാലുകൾ തട്ടാതിരിക്കാൻ 760 എം.എം നീഡ് ബെയ്സും 200 എം എം ഡെബ്തും (ആഴവും) ഉറപ്പാക്കുക
- അടുക്കള – ഗ്യാസ് അടുപ്പുകൾ ഗ്യാസ് സിലിണ്ടർ എന്നിവ കുട്ടികൾ വന്ന് ഉപയോഗിക്കുന്ന രീതിയിൽ ആയിരിക്കരുത്. വായനശാലകൾ, പരീക്ഷണശാലകൾ, സൂചനാഫലകങ്ങൾ കൈവരിക്കൽ, ഫാസ്റ്റ് ഗ്രിപ്പുകൾ തറയോടുകൾ തുടങ്ങിയവയെല്ലാം ഭിന്നശേഷിക്കാർക്കായി പ്രത്യേക സംവിധാനം ചെയ്യണം. പ്രവേശനകവാടങ്ങളിലും മാർഗ്ഗങ്ങളില്ല. അനുരൂപീകരണം നടത്തണം. ഇതിനായി കേന്ദ്ര പൊതുമരാമത്ത് വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് www.nationaltrust.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക

**ആക്സസബിലിറ്റി അഥവ പ്രാപ്യത**

പ്രാപ്യത അഥവ സുഗമമായ ഉപയോഗ സാധ്യത ഉറപ്പാക്കുന്നതു സംബന്ധിച്ച് കേന്ദ്ര പൊതുമരാമത്ത് വകുപ്പ് (CPWD) ഏഴ് തത്വങ്ങൾ പുറപ്പെടുവിച്ചിരുന്നു. പാർക്കിംഗ്, ഫ്ളോറിംഗ്, സറ്റെപ്പ്സ്, റെയിലിംഗ്, ഡോർവേ, വാഷ്, ടോയ്–ലെറ്റസ്, കേബിളിംഗ് എന്നിവ എപ്രകാരമായിരിക്കണമെന്ന് ഇതിൽ നിർദ്ദേശിക്കുന്നു.

# അദ്ധ്യായം 3
# ഭിന്നശേഷി വിഭാഗങ്ങളും കേരളവും

കേരളത്തിലെ ഭിന്നശേഷി ബാധിച്ചവരുടെ അവസ്ഥ സ്വതന്ത്ര്യത്തിന് മുൻപ് ഇന്ത്യയിലെ പൊതു അവസ്ഥയിൽ നിന്നും ഒട്ടും ഭിന്നമായിരുന്നില്ല. അംഗപരിമിതരായവർ ശാരീരിക ശേഷിയിലും, ബുദ്ധിസാമർത്ഥ്യത്തിലും സാമൂഹികമായും പിന്നിലായവർ എന്ന മനോഭാവത്തിൽ നിന്നും ഉരിതിരിഞ്ഞ വിവേചനങ്ങൾ വളരെ പ്രബലമായിരുന്നു. അന്ധവിശ്വാസങ്ങൾക്കൊപ്പം പ്രത്യക്ഷത്തിൽ ഭിന്നശേഷിക്കാരായി ബോധ്യപ്പെട്ടവരുടെ പ്രശ്നങ്ങൾ ആരോഗ്യ പ്രശ്നങ്ങളാണെന്ന കാഴ്ചപ്പാടയിരുന്നു ഉണ്ടായിരുന്നത്. അപൂർവ്വം ചില മാനസികരോഗാശുപത്രികളും കുഷ്ഠരോഗാശുപത്രികളും ഉണ്ടായിരുന്നതൊഴിച്ചാൽ രാജ ഭരണ കാലത്ത് ഭിന്നശേഷിക്കാർക്കായുള്ള സ്ഥാപനങ്ങളും സേവനങ്ങളും പരിമിതമായിരുന്നു എന്നുകാണാം.

കേരള സംസ്ഥാന രൂപീകരണത്തിനു ശേഷം സമൂഹത്തിൽ ഉണ്ടായ ആധുനിക ശാസ്ത്ര ചിന്തകളും പ്രതിഫലിക്കപ്പെട്ട ആഗോളതല മാറ്റങ്ങളും ഭിന്നശേഷിക്കാരോടുള്ള സമീപനങ്ങളിൽ ഗണ്യമായ മാറ്റങ്ങൾക്ക് വഴിവെച്ചു. ദരിദ്രരും ആരും പരിചരിക്കാനില്ലാത്തവരുമായ ചലന വൈകല്ലങ്ങളുള്ളവരുടെ സംരക്ഷണത്തിനായി വികലാംഗ സദനങ്ങൾ എന്ന പേരിൽ ചില പുനരധിവാസ കേന്ദ്രങ്ങൾ ജയിൽ വകുപ്പിന് കീഴിൽ ആരംഭിച്ചത് ഈ രംഗത്തെ പ്രധാന ചുവട് വയ്പ്പകളിൽ ഒന്നായിരുന്നു.

വികലാംഗ സദനങ്ങൾക്കൊപ്പം ഹോം ഫോർ ദി മെന്റലി റിട്ടാർഡ്സ് എന്ന പേരിൽ രണ്ട് സ്ഥാപനങ്ങളും ആരംഭിക്കുകയുണ്ടായി. ആരോഗ്യ വകുപ്പിന് കീഴിൽ നാല് ലെപ്രസി ഹോസ്പിറ്റലുകളും മൂന്ന് മനോരോഗ ചികിത്സ കേന്ദ്രങ്ങളും തുടർന്ന് പ്രവർത്തിച്ചുവന്നു. അതോടൊപ്പം അന്ധത നിയന്ത്രണ പരിപാടി പൊതുജനാരോഗ്യ വിഭാഗത്തിൽ ഉൾപ്പെടുത്തിയതും വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ബ്ലൈൻഡ് സ്കൂളുകളും, ഡഫ് ആൻഡ് ഡമ്പ് സ്കൂളുകളും ആരംഭിച്ചതും ഈ രംഗത്തെ മറ്റൊരു കാൽവയ്പ്പ് ആയിരുന്നു.

കേരളത്തിലെ ആദ്യ സർക്കാർ രൂപീകരണത്തിന് ശേഷം നടന്ന പ്രധാന ഇടപെടലുകളിൽ ഒന്ന് സർക്കാർ ആശുപത്രികളിൽ അസ്ഥിരോഗ ചികിത്സ വിഭാഗം ആരംഭിക്കുകയായിരുന്നു. 1958 നുശേഷം എല്ലാ ബ്ലോക്കുകളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചപ്പോൾ  മലേറിയ, സ്മോൾ പോക്സ് ഇല്ലായ്മ ചെയ്യൽ പരിപാടിക്കൊപ്പം പ്രസവ വാർഡുകൾ ആരംഭിച്ച് സ്ഥാപനതല പ്രസവം പ്രോൽസാഹിക്കപ്പെട്ടപ്പോൾ നവജാത ശിശുക്കളുടെ പരിശോധനകൾക്ക് കുടി ആരംഭം കുറിച്ചു. സർക്കാർ ഗ്രാന്റ് അനുവദിക്കപ്പെട്ടത്തോടെ ഹോം ഫോർ ദി ഡിസേബിൾഡ് എന്ന പേരിൽ സന്നദ്ധ സംഘടനകൾ ചില സ്ഥാപനങ്ങൾ ഏറ്റെടുത്തിരുന്നു. റോട്ടറി ക്ലബ് ആരംഭിച്ച ചെഷയർ ഹോം ഈ രംഗത്ത് മറ്റൊരു കാൽവെപ്പായിരുന്നു. ബ്ലൈൻഡ് ഫെഡെറേഷന്റെ കീഴിലുള്ള ഹോം ഫോർ ദി ബ്ലൈൻഡ് ,അന്ധത ബാധിച്ച വ്യക്തികളുടെ പരിശീലനത്തിനും സംരക്ഷണത്തിനും സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും സ്ഥാപനങ്ങൾ നടത്തിവരുന്നു. മിഷനറിമാരും സന്നദ്ധ സംഘടനകളും ഇതേ അവസരത്തിൽ അന്ധബധിര വിദ്യാലയങ്ങൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.  അപ്രകാരം കേരളത്തിലെ ആദ്യകാല ഭിന്നശേഷി ക്ഷേമപ്രവർത്തനങ്ങൾ പ്രസ്തുത വ്യക്തികളുടെ ആരോഗ് പുനരധിവാസത്തിനും വിദ്യാഭ്യാസ പുനരധിവാസത്തിനും പരിഗണന നൽകിയിരുന്നതായി കാണാം.

1975ൽ സാമൂഹ്യ ക്ഷേമ വകുപ്പ രൂപീകരിക്കുകയും ഭിന്നശേഷിക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾ പ്രസ്തുത വകുപ്പിന് കീഴിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും ഉണ്ടായി. അതോടുകൂടി ഭിന്നശേഷിക്കാർക്കായുള്ള സംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം വിപുലമാക്കുകയും സന്നദ്ധ സംഘടനകൾക്ക് ഗ്രാൻഡ് നൽകിക്കൊണ്ട് ഈ രംഗത്ത് പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തു. 1978ൽ അഗതി പെൻഷൻ അനുവദിക്കപ്പെട്ടതിനെ തുടർന്ന് വികലാംഗർക്ക് കൂടി പെൻഷൻ അനുവദിക്കണമെന്ന് ഡിപ്പാർട്ട്മെൻറ് ആവശ്യപ്പെടുകയും ചെയ്തു. ഇതേ കാലയളവിൽ ആരോഗ്യവകുപ്പിന് കീഴിൽ മെഡിക്കൽ കോളജുകളിലും ജനറൽ ആശുപത്രികളിലും ഫിസിക്കൽ മെഡിസിൻ ലിംപ് ഫിറ്റിംഗ്സ് സെൻറർ എന്നിവയും തുടക്കം കുറിച്ചു. യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ പരിപാടി (UIP) ശക്തിപ്പെടുത്തിയതിനെ തുടർന്ന് കുട്ടികളെ ബാധിച്ചിരുന്ന പിള്ളവാതം പോലുള്ള വൈകല്യ ബാധിതർക്ക് കാരണമായ രോഗങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് സാധിച്ചു. ഭിന്നശേഷി ക്ഷേമത്തിനായി ഒരു നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കപ്പെടാതിരുന്ന കാലഘട്ടത്തിൽ കേരളത്തിൽ NISH, SIMC, NIPMER തുടങ്ങിയ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് സ്ഥാപിച്ചത് മറ്റു സംസ്ഥാനങ്ങൾക്ക് പോലും മാതൃകയായി തീർന്നു. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്ഥാപനങ്ങളുടെ ഗ്രാൻഡ് കേന്ദ്രസർക്കാർ പരിമിതപ്പെടുത്തിയപ്പോൾ കേരള സർക്കാർ ഇതിനായി പ്രത്യേക സംവിധാനം ഒരുക്കുകയും ഉണ്ടായി.

ഭിന്നശേഷിക്കാർക്ക് വേണ്ടി രൂപീകരിച്ച ഹാന്റികാപ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷൻ കൂടാതെ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ രൂപീകരിച്ച് പ്രവർത്തിക്കുന്നതിനും കേരളം മുൻകൈയെടുത്തു. ഇന്ത്യയിൽ ആദ്യമായി ഭിന്നശേഷിക്കാരുടെ സമഗ്ര സർവേ നടത്തിയതും കേരളസംസ്ഥാനം തന്നെയാണ്. കേന്ദ്രസർക്കാർ അനുവദിക്കുന്ന പെൻഷൻ തുകയുടെ ഇരട്ടി തുകയാണ് കേരള സർക്കാർ ഭിന്നശേഷിക്കാർക്കായുള്ള പെൻഷന് വേണ്ടി അനുവദിക്കുന്നത്.

**സംസ്ഥാന ഭിന്നശേഷി നയം**

ദേശീയ ഭിന്നശേഷി നയത്തിന് അനുസൃതമായി കേരള സംസ്ഥാനവും തനതായ ഭിന്നശേഷി സൗഹൃദനയം പ്രഖ്യാപിച്ചിട്ടുണ്ട്. 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ ആകെ ജനങ്ങളുടെ 2.2% ഭിന്നശേഷി നേരിടുന്നവരാണ്. ഇതിൽ സ്ത്രീകളുടെ സംഖ്യ കുറവും പുരുഷൻമാരുടേത് കൂടുതലും ആണ്. ഇതിൽ ഭിന്നശേഷിയുടെ വ്യത്യസ്തവിഭാഗങ്ങൾ തിരിച്ചു കണക്കാക്കിയാൽ ചലനവൈകല്യം 20.3%, ദൃശ്യവൈകല്യം 18.8 %, ശ്രവണ വൈകല്യം 18.9%, സംഭാഷണവൈകല്യം 7.5%, മാനസിക വെല്ലുവിളികൾ 7.6%, മാനസികാരോഗ്യം 2.7%, ബഹുമുഖ വൈകല്യം 7.9 %, മറ്റുള്ളവ 16.3 % എന്നിങ്ങനെയാണ്. കേരളത്തിലെ ലഭ്യമായ കണക്കുകൾ പ്രകാരം ഈ വിഭാഗങ്ങളുടെ നിലവിലെ എണ്ണം വ്യത്യസ്തമായിരിക്കാം.

**കേരളത്തിലെ ഭിന്നശേഷിക്കാരുടെ അവസ്ഥ**

| നം | സൂചകങ്ങൾ | ആകെ എണ്ണം/ശതമാനം |
|---|---|---|
| 1. | ആകെ ഭിന്നശേഷിക്കാർ<br>• സ്ത്രീകൾ<br>• പുരുഷന്മാർ<br>• ഭിന്നലിംഗക്കാർ | 7,99,937 (2.32 %)<br>• 438853<br>• 353895<br>• 1189 |

| | | |
|---|---|---|
| **2.** | ഭവനങ്ങളിൽ കഴിയുന്ന ഭിന്നശേഷിക്കാർ | 775823 |
| **3.** | സ്ഥാപനങ്ങളിൽ കഴിയുന്ന ഭിന്നശേഷിക്കാർ | 18114 |
| **4.** | ബി.പി.എൽ വിഭാഗത്തിലുള്ള ഭിന്നശേഷിക്കാർ | 3,70,277(46.63%) |
| **5.** | സ്ത്രീപുരുഷ അനുപാതം | 45:55 |
| **6.** | ഒരു ഭിന്നശേഷിക്കാരി/ൻ ഉള്ള വീടുകൾ | 6,53,453 |
| **7.** | രണ്ട് ഭിന്നശേഷിക്കാർ ഉള്ള വീടുകൾ | 52030 |
| **8.** | മൂന്ന് ഭിന്നശേഷിക്കാർ ഉള്ള വീടുകൾ | 4998 |
| **9.** | നാലിൽ അധികം ഭിന്നശേഷിക്കാർ ഉള്ള വീടുകൾ | 765 |

*അവലംബം. സംസ്ഥാന സോഷ്യൽ സെക്യൂരിറ്റി മിഷന്റെ 2015 ലെ ഭിന്നശേഷി കണക്കെടുപ്പ് റിപ്പോർട്ട്*

കേരളത്തിലെ ഭിന്നശേഷിക്കാർക്കായുള്ള നയരേഖ അവരുടെ ജന്മസിദ്ധമായ അന്തസ്സം സ്വാതന്ത്ര്യ വ്യക്തിയെന്ന നിലയിൽ തീരുമാനങ്ങൾ കൈകൊള്ളുകയെന്ന സ്വാതന്ത്ര്യവും മാനിക്കപ്പെടുന്നവിധമായിരിക്കണം വികസന സേവനങ്ങൾ ഏർപ്പെടുത്തേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരം നിർദ്ദേശങ്ങളിലൂടെ സേവന പ്രാപ്യത സുരക്ഷ പ്രശ്നങ്ങളിൽ നിന്നും മുക്തി എന്നിവ ഉറപ്പാക്കാൻ കഴിയുന്ന കുടുംബ സാമൂഹ്യാ ധിഷ്ഠിത പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നുണ്ട്.

എല്ലാ വികസന അജണ്ടകളിലും ഭിന്നശേഷിക്കാർ സ്വതന്ത്രരായി ജീവിക്കാൻ കഴിയുന്ന വിധത്തിലുള്ള രൂപരേഖകൾ സൃഷ്ടിക്കപ്പെടുന്നതിന്റെ ഉത്തരവാദിത്വവും അനിവാര്യതകളും അർപ്പണ ബോധവും ഉണ്ടായിരിക്കണമെന്ന് പ്രതീക്ഷിക്കുണ്ട്. ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ ഓരോ വികസന മേഖലകളിലും ഉണ്ടായിരിക്കത്തക്ക വിധമാണ് കേരളത്തിന്റെ പല സംവിധാനങ്ങളും രൂപകൽപ്പന ചെയ്യപ്പെട്ടിരിക്കുന്നത്.

ഈ രംഗത്തുള്ള സംസ്ഥാനത്തിന്റെ പ്രധാന ഇടപെടലുകൾ എന്താണെന്ന് പരിശോധിക്കണം.

- സാമൂഹ്യക്ഷേമ വകുപ്പ് രൂപീകരണവും വകുപ്പ് സാമൂഹ്യനീതി വകുപ്പായി പരിവർത്തനം ചെയ്യപ്പെട്ടതും ശ്രേദ്ധേയമാണ്.
- ക്ഷേമ പ്രവർത്തനങ്ങളുടെ അംഗീകാരങ്ങളും ഗ്രാന്റിംഗ് എയ്ഡുകളും സാമൂഹ്യ നീതി വകുപ്പിലേക്ക് കൈമാറ്റം ചെയ്യപ്പെടാം.
- ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ 1977 സെപ്റ്റംബർ 1 ന രൂപീകരിക്കുകയും ഭിന്നശേഷിക്കാർക്കുള്ള സ്വയം തൊഴിൽ സഹായങ്ങൾ കോർപ്പറേഷനു കീഴിലാക്കുകയും ചെയ്തു.
- ഭിന്നശേഷി വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനായി സകലിത വിദ്യാഭ്യാസം നയമായി സ്വീകരിക്കുകയും ചില വിഭാഗങ്ങൾക്ക് കൂടുതൽ വിദ്യാലയങ്ങൾ അനുവദിക്കുകയും ചെയ്തു.
- അന്താരാഷ്ട്ര വികലാംഗ വർഷം പ്രഖ്യാപിക്കപ്പെട്ടത് കേരളത്തിൽ എല്ലാ വർഷവും ഭിന്നശേഷി ദിനാചരണം നിർബന്ധിതമാക്കി.
- ഭിന്നശേഷിക്കാരിൽ കൂടുതൽ പ്രഗൽഭരായ തൊഴിലാളികൾ കായിക പ്രതിഭകൾ കലാപ്രതിഭകൾ വിദ്യാർഥികൾ എന്നിവർക്ക് അവർഡുകൾ പ്രഖ്യാപിക്കപ്പെട്ടു.

- ഭിന്നശേഷി വിഭാഗങ്ങൾക്ക് ഒരു നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് പോലും സ്ഥാപിക്കപ്പെടാതിരുന്ന സംസ്ഥാനത്ത് നിഷ് നിഗമർ തുടങ്ങിയ സ്ഥാപനങ്ങൾ ആരംഭിച്ചു.
- ഭിന്നശേഷിക്കാരുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്ഥാപിക്കപ്പെട്ടു.
- സംസ്ഥാന ഭിന്നശേഷി ദുരിതാശ്വാസ നിധി ആരോഗ്യ വകുപ്പിന് കീഴിൽ ചികിൽസ ധനസഹായത്തിനായി പ്രത്യേകം ആരംഭിച്ചു.
- സിക്കിൾ സെൽ അനീമിയ ഹീമോഫീലിയ തുടങ്ങിയ പ്രശ്നങ്ങൾ നേരിടുന്നവർക്ക് തുടർ സഹായ പദ്ധതികൾക്ക് തുടക്കം കുറിച്ചു.
  ഇതു സംബന്ധിച്ച കൂടുതൽ വിശദീകരണങ്ങൾ അദ്ധ്യായം ഏഴിലെ ഭിന്നശേഷിക്കാർക്കായുള്ള സർക്കാർ സംവിധാനങ്ങൾ എന്ന ഭാഗത്ത് വിശദമായി ചേർത്തിട്ടുണ്ട്.

**കേരളത്തിലെ ഭിന്നശേഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ**

- അവഗണന
- വിദ്യാഭ്യാസക്കുറവ്
- വരുമാനപ്രശ്നങ്ങൾ
- ചലനശേഷിക്കുറവ്
- ബുദ്ധിവികാസത്തിലുള്ള പ്രശ്നങ്ങൾ
- തൊഴിൽ പരിപോഷണ കുറവ്
- ചികിത്സാസൗകര്യക്കുറവ്
- അന്ധ–ബധിരരുടെ പ്രശ്നങ്ങൾ
- ചൂഷണവിധേയരാകുന്ന അവസ്ഥ
- വൈകല്യം തിരിച്ചറിയുന്നതിലുള്ള കാലതാമസം
- പ്രാപ്തി വളർത്തിയെടുക്കുന്നതിനുള്ള സൗകര്യമില്ലായ്മ
- ഭിന്നശേഷി സൗഹൃദമല്ലാത്ത പൊതുഇടങ്ങൾ

**പ്രധാന പരിഹാര നിർദ്ദേശങ്ങൾ**

- സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം നടത്തി ഭിന്നശേഷിക്കാരെ കണ്ടെത്തുക.
- ആരോഗ്യ–സാമൂഹ്യനീതിവകുപ്പുകളുടെ സഹായത്തോടെ ഇവരുടെ ഭിന്നശേഷി തിട്ടപ്പെടുത്തുക
- സ്വയംതൊഴിൽ പരിശീലനങ്ങൾ ഏർപ്പെടുത്തുക
- തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക (തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ലഭ്യമാക്കുക)
- ചലനം, പഠന– ശ്രവണ സൗകര്യങ്ങൾക്കുള്ള ഉപകരണങ്ങൾ ലഭ്യമാക്കുക (ബ്ലോക്ക്, ജില്ലാപഞ്ചായ ത്തുകൾ)
- വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ്, പഠനോപകരണങ്ങൾ എന്നിവ കൃത്യമായി വിതരണം ചെയ്യുക

- ഭിന്നശേഷി സൗഹൃദ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക (സ്ഥാപനങ്ങളിൽ)
- പ്രത്യേകചികിത്സ, സംരക്ഷണ സേവന പദ്ധതികൾ ഉറപ്പാക്കുക
- റീഹാബിലിറ്റേഷൻ പ്രോജക്റ്റ് തയ്യാറാക്കി നടപ്പിലാക്കുക
- ഭക്ഷണം, വസ്ത്രം, ആരോഗ്യം തുടങ്ങിയ സേവന പരിചരണ പാക്കേജ് നടപ്പിലാക്കുക (ആശ്രയ)
- വിവിധ നിയമങ്ങളെ സംബന്ധിച്ച് ബോധവൽകരണ ക്യാമ്പുകൾ നടത്തുക
- വിവിധ വകുപ്പുകളിൽ നിന്നുള്ള ധനസഹായങ്ങൾ, സേവനപ്രവർത്തനങ്ങൾ, പരിപാടികൾ എന്നിവ ഏകോപിപ്പിക്കുക
- ശാസ്ത്രീയമായ മോണിറ്ററിംങ്ങ് സംവിധാനം ഏർപ്പെടുത്തുക (ഐറ്റി സങ്കേതം പ്രയോജനപ്പെടുത്താം)
- ബഡ്സ് സംവിധാനങ്ങൾ ആരംഭിക്കുക
- സംരംഭകർക്ക് ഉപജീവനമാർഗ്ഗം ഉറപ്പ് വരുത്തുക

**പ്ലാൻ ഓഫ് ആക്ഷൻ ഫോർ ഡിസേബിൾഡ് പേഴ്സൺസ് ഓഫ് കേരള**

ബഹുഭൂരിപക്ഷം ഭിന്നശേഷി നേരിടുന്ന വ്യക്തികൾക്കും ആവശ്യമായ പുനരധിവാസ സേവനങ്ങൾ ലഭിക്കുകയാണെങ്കിൽ അവർക്ക് സാധാരണ ജീവിതം നയിക്കാൻ സാധിക്കും എന്ന കാഴ്ചപ്പാടാണ് ഈ കർമ്മപദ്ധതികൾക്കുള്ളത്. ഭിന്നശേഷി തടയുക, വിദ്യാഭ്യാസ റീഹാബിലിറ്റേഷൻ സേവനങ്ങൾ വ്യാപിപ്പിക്കുക, ഇവരെ തൊഴിലിലേക്ക് നയിക്കുക എന്നിവയാണ് കർമ്മ പദ്ധതിയുടെ മുഖ്യ ഉദ്ദേശങ്ങൾ. എല്ലാ പൊതുസ്ഥാപനങ്ങളും തടസ്സവിമുക്തമാക്കുക, ഭിന്നശേഷി സർട്ടിഫിക്കറ്റ് വേഗത്തിൽ അനുവദിക്കുക, ഡിസ്ട്രസ് റിലീഫ് ഫണ്ട് രൂപീകരിച്ച് സഹായങ്ങൾ എത്തിക്കുക, തിരിച്ചറിയൽ രേഖ എല്ലാവർക്കും ഉറപ്പാക്കുക, ഭിന്നശേഷിയുള്ള വ്യക്തികളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിന് ഗവേഷണ പ്രവർത്തനം നടത്തുക, കായിക വിനോദ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവയ്ക്ക് ഈ കർമ്മപദ്ധതി പ്രാധാന്യം നൽകുന്നു.

**ഭിന്നശേഷി അവകാശ ചട്ടം**

2016 ലെ ഭിന്നശേഷി അവകാശ നിയമത്തിലെ മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് കേരളസംസ്ഥാനം 2020 ജൂൺ 24 റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസിബിലിറ്റീസ് (കേരള റൂൾസ് 2020) എന്ന പേരിൽ പ്രത്യേക ചട്ടങ്ങൾ രൂപപ്പെടുത്തിയിരുന്നു. ഈ ചട്ടങ്ങളിൽ തെറാപ്പി സെന്ററുകളുടെ രജിസ്ട്രേഷൻ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തുന്നതോടൊപ്പം മറ്റു സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചിട്ടപ്പെടുത്തുന്നതിനുള്ള കോംപീറ്റന്റ് അതോറിറ്റി തീരുമാനിക്കുകയും ചെയ്തു. 1995ലെ ഭിന്നശേഷി ജന നിയമം നിഷ്കർഷിച്ചിരുന്ന പ്രകാരം 2001 ൽ കേരള സർക്കാർ സ്റ്റേറ്റ് കമ്മീഷണറേറ്റ് ഫോർ ഡിസബിലിറ്റീസ് രൂപീകരിച്ചു.

2008 ജൂലൈ 19ന് കേരള സർക്കാർ ജി.ഒ (പി) നമ്പർ 46/2008/ എസ് ഡബ്ല്യുഡി തീയതി 16.7.2008 എന്ന ഉത്തരവിൻ പ്രകാരം പൊതു നിയമങ്ങളിൽ മൂന്നു ശതമാനം ഭിന്നശേഷിക്കാർക്ക് അനുവദിക്കുന്നത് സംബന്ധിച്ച പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

2009 ആം ആണ്ടിൽ ഭിന്നശേഷിക്കാരായ വ്യക്തികൾക്കായി റിസർവ് ചെയ്ത പോസ്റ്റുകൾ കേരളം തീരുമാനിക്കുകയുണ്ടായി.

**വികേന്ദ്രീകൃത ആസൂത്രണവും ഭിന്നശേഷി ക്ഷേമവും**

മറ്റേത് സംസ്ഥാനത്തെ അപേക്ഷിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫണ്ടും പദ്ധതി ആസൂത്രണത്തിനുള്ള ഫണ്ടും സ്വാതന്ത്ര്യവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ ഉറപ്പ് പാലിക്കപ്പെടുന്നതിനായി സർക്കാർ ഉത്തരവായി പുറപ്പെടുവിക്കുന്ന പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങളിൽ ഭിന്നശേഷിക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് വിപുലമായ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്.

- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം,
- കൃത്രിമ അവയവങ്ങൾ
- ഓർത്തോപീഡിക് ഉപകരണങ്ങൾ
- സഞ്ചാര സഹായികൾ
- ലാംബാർ കോർസൈറ്റ്
- ട്രൈസിക്കിൾ
- സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ
- കേൾവി സഹായികൾ
- കോക്ലീയർ ഇംപ്ലാന്റ് റിപ്പയറിംഗ്
- മാനസിക വെല്ലുവിളി നേടുന്നവർക്ക് ഔഷധം
- കാഴ്ച കുറഞ്ഞവർക്ക് ചലനോപകരണങ്ങൾ
- ബ്രെയിലി അറ്റാച്ച്മെന്റുകൾ
- പ്രത്യേക പഠന സാമഗ്രികൾ
- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും
- മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, സ്റ്റൈപ്പൻഡ് യാത്രാബത്ത
- ബഡ്സ് സ്കൂൾ നടത്തിപ്പ്
- ബഡ്സ് റീഹാബിലിറ്റേഷൻ ആൻഡ് ഫെസിലിറ്റേഷൻ സെന്റർ
- ബഡ്സ് റിഹാബിലിറ്റേഷൻ ആൻഡ് വൊക്കേഷണൽ റിഹാബിലിറ്റേഷൻ സെൻറർ
- സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ
- ഭിന്നശേഷിക്കാരായ കുട്ടികളുടെ കായിക കലാ മത്സരങ്ങൾ

## അദ്ധ്യായം 4

## ഭിന്നശേഷി വിഭാഗങ്ങളുടെ അവസ്ഥ, പ്രശ്നനങ്ങൾ, ഇടപെടലുകൾ

### കേരളത്തിലെ തദ്ദേശഭരണം

ഭിന്നശേഷി അനുഭവിക്കുന്ന വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് പ്രധാന ബാധ്യതയുള്ള സർക്കാറുകളിൽ ഒന്നാണ് തദ്ദേശ ഭരണ സ്ഥാപനങ്ങൾ. അങ്ങനെയെങ്കിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളെകുറിച്ചും അതിലെ ആസൂത്രണ നടപടി ക്രമങ്ങളെ കുറിച്ചും അറിഞ്ഞുകൊണ്ട് മാത്രമേ ഭിന്നശേഷിക്കാരുടെ അവകാശ സംരക്ഷണം ഉറപ്പാക്കാൻ സാധിക്കുകയുള്ളൂ.

### പൊതുഭരണം

സാമൂഹ്യനീതിയും പ്രാദേശിക സാമ്പത്തിക വികസനവും ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നതും സാധാരണജനതയോട് ഏറെ അടുത്ത് നിൽക്കുന്നതുമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ. നമ്മുടെ ഭരണഘടന തദ്ദേശഭരണസ്ഥാപനങ്ങളെ പ്രാദേശികാർഡുകളായാണ് വിഭാവനം ചെയ്തിരിക്കുന്നത്, ഈ പദവിയനുസരിച്ച് ജനങ്ങൾക്കാവശ്യമായ സേവനം നൽകുന്നതിനായി ഒട്ടേറെ അധികാരങ്ങളും ചുമതലകളും പ്രാദേശിക സംവിധാനത്തിന് നൽകിയിട്ടുണ്ട്.

### പ്രാദേശിക ഭരണ സംവിധാനം

കേന്ദ്രസംസ്ഥാനസർക്കാരുകൾക്ക് പുറമെ ശക്തമായ പ്രാദേശിക സർക്കാരുകൾ കൂടി ഉണ്ടാവുക എന്നതായിരുന്നു 73,74 ഭരണഘടന ഭേദഗതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിലും 1994 ലെ പഞ്ചായത്ത് രാജ് ആക്ടും കേരള മുനിസിപ്പൽ ആക്ടും നിലവിൽ വന്നത്

### ഭിന്നശേഷി അവകാശാധിഷ്ഠിത ഇടപെടലുകൾ

ഭിന്നശേഷിക്കാരുടെ ക്ഷേമം, വികസനം, സംരക്ഷണം എന്നിവ ഉറപ്പ് വരുത്തുന്നതിന് ആവിഷ്കരിക്കുന്ന വിവിധ വികസന ക്ഷേമപ്രവർത്തനങ്ങൾ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന വിധത്തിൽ താഴെപ്പറയുന്ന വിഷയങ്ങളിൽ ഊന്നൽ നൽകികൊണ്ടായിരിക്കണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടത്.

### സ്റ്റാന്റിംഗ് കമ്മിറ്റികൾ

പഞ്ചായത്തുകൾക്കും നഗരസഭകൾക്കും നിരവധി ചുമതലകളുണ്ട്, ഈ ചുമതലകൾ ഒന്നുപോലും വിട്ടുപോകാതെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടുണ്ട്. നിലവിൽ ഭിന്നശേഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതല ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

### വർക്കിംഗ് ഗ്രൂപ്പുകൾ

<u>പ്രസക്തിയും ചുമതലകളും</u>

ഒരു പ്രദേശത്തിന്റെ സാമ്പത്തിക വികസനം ഉറപ്പ് വരുത്തുന്നതിനും പ്രദേശത്തെ മുഴുവനാളുകൾക്കും സാമൂഹ്യനീതി ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക എന്ന ചുമതല, ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികൾ പ്രകാരം കൂട്ടി ചേർക്കപ്പെട്ട ആർട്ടിക്കിളുകൾ 243 ജി, 243 ഡബ്ല്യു എന്നിവ പ്രകാരം, തദ്ദേശഭരണസ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. 1994ൽ കേരളത്തിൽ നിലവിൽ വന്ന കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പൽ നിയമങ്ങളും ഇക്കാര്യങ്ങൾ അടിവരയിട്ടു പറയുന്നുണ്ട്. അധികാര വികേന്ദ്രീകരണത്തിലൂടെ ഈ പ്രക്രിയയിൽ കേരളം വളരെയേറെ മുന്നോട്ടു

പോയിട്ടുണ്ട്. ഒമ്പതാം പഞ്ചവത്സര പദ്ധതി മുതൽ നടപ്പാക്കിയ ആസൂത്രണ വികേന്ദ്രീകരണത്തിലൂടെ കേരളത്തിന്റെ വികസന സങ്കൽപ്പങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിനു നമുക്കു സാധിച്ചിട്ടുണ്ട്. ക്ഷേമ, വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സ്വീകരിച്ചു വന്നിരുന്ന സാമ്പ്രദായിക കേന്ദ്രീകൃത നടപടിക്രമങ്ങളിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അവ താരതമ്യേന കുറ്റമറ്റ രീതിയിൽ നടപ്പാക്കുന്നതിനും സാധാരണ പൗരർക്കും സാധിക്കും എന്ന നിലയിലേക്ക് കേരളത്തിലെ പ്രാദേശിക ആസൂത്രണ നിർവഹണ പ്രക്രിയകൾ മാറിയിട്ടുണ്ട്.

പഞ്ചായത്ത് രാജ് /മുനിസിപ്പൽ നിയമങ്ങളുടെ പ്രായോഗികത ഉറപ്പു വരുത്തുന്നതിനും പ്രാദേശിക വികസനം സുസ്ഥിരമാക്കുന്നതിനുമുള്ള ഉപാധി എന്ന നിലയിലാണ് വികേന്ദ്രീകൃത ആസൂത്രണം രൂപപ്പെടുത്തിയിട്ടുള്ളത്. കാലാനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ഒമ്പതാം പഞ്ചവത്സര പദ്ധതി മുതൽ ഓരോ പഞ്ചവത്സര പദ്ധതിക്കാലത്തും വാർഷിക പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള മാർഗ്ഗരേഖ കേരള സർക്കാർ പുറപ്പെടുവിക്കുന്നുണ്ട്. ഈ മാർഗ്ഗരേഖയിലെ സുപ്രധാന നിർദ്ദേശങ്ങളിലൊന്ന് പ്രോജക്ടുകളുടെ മേഖലാ തരംതിരിവുകളാണ്. വികസനഫണ്ട്, ഉത്പാദന, സേവന, പശ്ചാത്തല മേഖലകളിലായി വിന്യസിക്കപ്പെടേണ്ടതുണ്ട്. ഇതോടൊപ്പം അനിവാര്യ വകയിരുത്തലുകൾ, പ്രത്യേക പദ്ധതികളുടെ വിഹിതം നിശ്ചയിക്കൽ എന്നിവ ഒരു വിഭാഗവും പിന്തള്ളപ്പെട്ടുപോകാതിരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകളാണ്. പ്രാദേശികഭരണം ഫലപ്രദമാക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഭരണനിർവഹണത്തിനായി സ്റ്റാന്റിംഗ് കമ്മറ്റികളെ നിശ്ചയിച്ചിട്ടുള്ളത്. പൂർണ്ണമായും തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ മാത്രമുൾക്കൊള്ളുന്ന സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് ആവശ്യമായ വിദഗ്ദ നിർദ്ദേശങ്ങളും സഹായങ്ങളും നൽകി പ്രാദേശിക ആസൂത്രണം ഫലപ്രദമാക്കുകയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ദൗത്യം. ഇതോടൊപ്പം നിയമാനുസൃതമായ ഗ്രാമസഭകൾ/വാർഡ്സഭകൾ തുടങ്ങി വികസന സെമിനാർ വരെയുള്ള ഔദ്യോഗിക നടപടിക്രമ ങ്ങളിലും പദ്ധതിരേഖ രൂപീകരണത്തിലും വർക്കിങ് ഗ്രൂപ്പുകൾ സജീവ പങ്കാളികളാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണപ്രക്രിയയിലും, നിർവഹണ വേളയിലും, വിലയിരുത്തൽ ഘട്ടങ്ങളിലും സുപ്രധാന പങ്ക് വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ജനപ്രതിനിധികൾ അദ്ധ്യക്ഷന്മാരായിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർ ബന്ധപ്പെട്ട വിഷയമേഖലയിലെ ഉയർന്ന ഉദ്യോഗസ്ഥരായിരിക്കും. വിദഗ്ധരും, സന്നദ്ധപ്രവർത്തകരും ഈസമിതികളുടെ അവിഭാജ്യഘടകങ്ങളാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി ആസൂത്രണത്തിൽ പങ്കെടുക്കാനുള്ള ജനകീയവേദിയാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ജനപ്രതിനിധി, ഉദ്യോഗസ്ഥൻ, പ്രാദേശിക വിദഗ്ദർ, ഉണഭോക്താവ്, സന്നദ്ധപ്രവർത്തകർ എന്നിങ്ങനെ ജീവിതത്തിന്റെ നാനാതുറകളിലുള്ളവരുടെ അഭിപ്രായങ്ങൾ സ്വരൂപിച്ച്, നിയമാനുസൃതമായും കാര്യക്ഷമമായും പദ്ധതികൾക്ക് രൂപം നൽകുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾ നേതൃത്വം നൽകി വരുന്നു.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സർക്കാർ മാർഗ്ഗരേഖ പ്രകാരം വിവിധ വിഷയാധിഷ്ഠിത വർക്കിംഗ് ഗ്രൂപ്പുകൾ ഉണ്ടായിരിക്കുന്നതാണ്. തീരദേശമേഖലകളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മത്സ്യമേഖല വർക്കിംഗ് ഗ്രൂപ്പും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള ഫണ്ട് ലഭിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പട്ടികവർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പും രൂപീകരിക്കേണ്ടതാണ്. ഇവക്കു പുറമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏതെങ്കിലും മേഖലയിൽ പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് ആവശ്യമെങ്കിൽ ആയതും രൂപീകരിക്കാവുന്നതാണ്. ഓരോ വിഷയമേഖലക്കും, (ഉദാ: കൃഷി,

മൃഗസംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, വനിത, പട്ടികജാതി, പട്ടികവർഗ്ഗം, സാമൂഹ്യനീതി, ജൈവ വൈവിധ്യ മാനേജ്മെന്റ് തുടങ്ങിയവ) പ്രത്യേകം വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഓരോ വർക്കിംഗ് ഗ്രൂപ്പിന്റേയും മേൽനോട്ട ചുമതല ഓരോ സ്റ്റാന്റിംഗ് കമ്മറ്റിക്കും വീതിച്ചു നൽകിയിട്ടുണ്ട്.

**വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ**

1. വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകൾ ശേഖരിച്ച്, ക്രോഡീകരിച്ച്, അപഗ്രഥിച്ച് നിലവിലുള്ള അവസ്ഥാരേഖ കാലോചിതമായി പരിഷ്കരിക്കുക.
2. ഗ്രാമസഭയിൽ അച്ചടിച്ച നൽകുന്നതിനായുള്ള മുൻവാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ, തൻവർഷ പ്രോജക്ടുകൾ, നിർദ്ദേശിക്കുന്ന അടുത്ത വർഷത്തെ പ്രോജക്ടുകൾ എന്നീ വിവരങ്ങൾ എഴുതി തയ്യാറാക്കുക (ഫോറം 4, 5, 6)
3. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായുള്ള വികസനദൗത്യങ്ങളുമായി ഏകോപിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക.
4. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിക്കൽ, മിനിട്സ് രേഖപ്പെടുത്തൽ, മിനിട്സ് സൂക്ഷിക്കൽ തുടങ്ങിയവ കൺവീനറുടെ ചുമതലയാണ്.
5. വാർഷിക പദ്ധതി അംഗീകരിച്ച ശേഷം പ്രോജക്ടുകൾ മോണിറ്ററിംഗ് നടത്തുക
6. പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, വനിതാഘടക പദ്ധതി വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവർക്ക് ആവശ്യമായ വിവരങ്ങൾ നൽകുകയും അവരുടെ നിർദ്ദേശങ്ങൾ പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യുക.
7. സംയോജിത പ്രോജക്ടുകൾക്ക് ആവശ്യമായ ഫണ്ട് നിർദ്ദേശങ്ങൾ മുൻകൂട്ടി തയ്യാറാക്കി നൽകുക

**സാമൂഹിക നീതി വർക്കിംഗ് ഗ്രൂപ്പ്**

ക്ഷേമ കാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നതാണ് സാമൂഹ്യനീതി വർക്കിങ് ഗ്രൂപ്പ്. ഈ വർക്കിങ് ഗ്രൂപ്പിൽ പ്രധാനമായും പരിഗണിക്കേണ്ടത് വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ, ഭിന്നലിംഗ വിഭാഗം തുടങ്ങിയവരുടെ വികസന ക്ഷേമ പ്രവർത്തനങ്ങളാണ്. പൊതുസമൂഹത്തിന്റെ പ്രാഥമിക ഉത്തരവാദിത്തങ്ങളിൽ പ്രധാനപ്പെട്ടതാണ് സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുക എന്നത്. സമൂഹത്തിന്റെ പൊതു ധാരയിൽ നിന്നും പല കാരണങ്ങളാൽ ഒതുക്കി നിർത്തപ്പെട്ട വയോജനങ്ങൾ ഭിന്നശേഷിയുള്ളവർ, വനിതകൾ, കുട്ടികൾ തുടങ്ങിയവരുടെ സാമൂഹ്യസുരക്ഷയിലൂന്നിയ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ അനിവാര്യമായ വികസന വികസന ഘടകമാണ് ഓരോ വിഭാഗവും നേരിടുന്ന പ്രശ്നങ്ങൾ വ്യത്യസ്തമാണ്.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭിന്നശേഷിയുമായി ബന്ധപ്പെട്ട ഇടപെടൽ സാധ്യതകൾ**

നമ്മുടെ രാജ്യത്തെ 50 ശതമാനം വൈകല്യങ്ങളും തടയാൻ കഴിയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ശുദ്ധജലം, നല്ല വായു, പൂർണമായ പ്രതിരോധ ചികിത്സ പോഷകാഹാരം, ഗർഭകാല പരിരക്ഷണം എന്നിവ ശരിയാവണ്ണം ഉറപ്പാക്കുകയാണ് ഇതിനുള്ള മാർഗം. അപകടങ്ങൾ, അത്യാഹിതങ്ങൾ ഒഴിവാക്കുക, തൈറോയ്ഡ് രോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവയും വൈകല്യ ബാധക്ക് കാരണമാകുന്നു. ഈ രംഗത്ത് ലഭ്യമായ പദ്ധതികളും പരിപാടികളും വിജയിപ്പിക്കുന്നതിനും സേവന

വിടവുകൾ ഇല്ലാതാക്കുന്നതിനും ഉള്ള ശ്രമമാണ് ഭിന്നശേഷി പ്രതിരോധത്തിനായി പ്രാദേശിക സർക്കാരുകൾക്ക് നിർവഹിക്കാൻ കഴിയുന്ന ചുമതല.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള പദ്ധതി – പൊതുസമീപനം, മുൻഗണന**

- പാർശ്വവൽക്കരിക്കപ്പെട്ട വരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ മുഴുവൻ വിഭാഗങ്ങൾക്കും സവിശേഷ പരിഗണന നൽകുക.
- ഭിന്നശേഷി വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ചചെയ്ത് അവരുടെ വികസന പ്രശ്നങ്ങൾക്ക് പ്രൊജക്റ്റ് നിർദ്ദേശങ്ങൾ രൂപപ്പെടുത്തുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ പ്രത്യേക യോഗം ചേരുക.
- പ്രത്യേക പദ്ധതികൾ – പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപ പദ്ധതി, വനിതാ ഘടക പദ്ധതി, സാമൂഹ്യ സുരക്ഷ പദ്ധതികൾ എന്നിവയ്ക്കായി പ്രത്യേക ഭാഗങ്ങൾ പദ്ധതി രേഖയിൽ ഉണ്ടായിരിക്കണം.
- അഞ്ച് ശതമാനം തുക കുട്ടികൾ ഭിന്നശേഷിയുള്ളവർ ഭിന്നലിംഗ വിഭാഗം എന്നിവരുടെ വികസനത്തിന് നിർബന്ധമായും വകയിരുത്തണം.
- ബഡ്സ് സ്കൂളുകളും ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളും ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ഇവ ആരംഭിക്കാവുന്നതാണ്. പുതുതായി ആരംഭിക്കുന്ന ബഡ്സ് സ്കൂളുകളിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിബന്ധനകളും പാലിച്ചു വേണം. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് ഇതിനായി ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.
- ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവർക്ക് ഏറ്റെടുക്കാവുന്ന മുഴുവൻ പദ്ധതികളും നഗരസഭകൾക്ക് ഏറ്റെടുക്കാവുന്നതാണ്.
- ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ നൽകുന്നതിനുള്ള ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക്, ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്. ഒരു പ്രാവശ്യം ഉപകരണം നൽകിയവർക്ക് ആയതിന്റെ ഉപയോഗ കാലാവധി തീരുന്നതിനു മുൻപ് വീണ്ടും ഉപകരണം നൽകാൻ പാടില്ല. സർക്കാർ സർവീസിലുള്ള ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ആയിരിക്കണം ഉപകരണങ്ങളുടെ ആവശ്യകത നിർണയം നടത്തേണ്ടത് .
- ഭിന്നശേഷിയുള്ളവർക്ക് വേണ്ടി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.
- ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകുന്ന പ്രോജക്റ്റ് കുട്ടികൾക്കായുള്ള (പ്രത്യേകം പദ്ധതികളിൽ ഉൾപ്പെടുത്താൻ പാടില്ല.)

**ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം**

ഭിന്നശേഷിയുള്ള എല്ലാ വിഭാഗത്തെയും പൊതുധാരയിൽ എത്തിക്കുന്നതിനും എല്ലാതലത്തിലും തുല്യപങ്കാളിയായി അവസരങ്ങൾ ഉപയോഗപ്പെടുത്താൻ പ്രാപ്തി നൽകുന്ന ഇടപെടലുകൾ ഒരുക്കുന്നതിന് അവരുടെ അവകാശങ്ങൾ എല്ലായിടത്തും ഉറപ്പാക്കപ്പെടുന്നതിനുള്ള ഭരണക്രമം എന്ന് വിവക്ഷിക്കാം.

**ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ**

എല്ലാ സിവിൽ പൊളിറ്റിക്കൽ മനുഷ്യാവകാശങ്ങൾക്കും ഉപരിയായി താഴെ പറയുന്നവ പ്രത്യേക അവകാശങ്ങളായി പരിഗണിക്കപ്പെടേണ്ടതാണ്.

1) അന്തസ്സ് മാനിക്കപ്പെടുക
2) സ്വാശ്രിത ജീവിതം സാധ്യമാക്കുക
3) ആരോഗ്യപരിരക്ഷകൾ
4) തൊഴിൽ ഉൾപ്പടെ സാമൂഹ്യ സാമ്പത്തിക പരിരക്ഷ
5) പ്രത്യേക പരിഗണന
6) കുടുംബത്തോടൊത്ത് കഴിയാനും സാമൂഹ്യസാംസ്കാരിക പ്രവർത്തനങ്ങൾ വിനോദ പ്രവർത്തന പങ്കാളിത്തം
7) തുല്യ അവസരങ്ങൾ
8) തുല്യ പങ്കാളിത്തം
9) വിദ്യാഭ്യാസം
10) വിവേചനങ്ങൾ ചൂഷണങ്ങൾ, ദുരുപയോഗങ്ങൾ എന്നിവയിൽ നിന്ന് സംരക്ഷണം
11) അവകാശങ്ങൾ സംബന്ധിച്ച അറിയിപ്പുകൾ
12) എല്ലാ നിയമ സഹായങ്ങളും

**പ്രാദേശികമായി ഉറപ്പാക്കേണ്ട അവകാശങ്ങൾ**

<u>ഭിന്നശേഷി അവകാശാധിഷ്ഠിത ഇടപെടലുകൾ</u>

ഭിന്നശേഷിക്കാരുടെ ക്ഷേമം, വികസനം, സംരക്ഷണം എന്നിവ ഉറപ്പ് വരുത്തുന്നതിനായി ആവിഷ്ക്കരിക്കുന്ന വിവിധ വികസന ക്ഷേമപ്രവർത്തനങ്ങൾ ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന വിധത്തിൽ താഴെപ്പറയുന്ന വിഷയങ്ങളിൽ ഊന്നൽ നൽകി കൊണ്ടായിരിക്കണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടത്.

- ഭിന്നശേഷി വിവരശേഖരണം
- വൈകല്യമുള്ളവരെ കണ്ടെത്തി ആരോഗ്യ-സാമൂഹ്യനീതിവകുപ്പുകളുടെ സഹായത്തോടെ ഇവരുടെ വൈകല്യം തിട്ടപ്പെടുത്തുക (Early detection program).
- വിദ്യാഭ്യാസം സമ്പൂർണ്ണമാക്കുന്നതിന് ഭിന്നശേഷി സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് പഠനോപകരണങ്ങൾ എന്നിവ ഉറപ്പാക്കുക
- ചലനം, പഠന- ശ്രവണ സൗകര്യങ്ങൾക്കുള്ള ഉപകരണങ്ങൾ നൽകുക (ബ്ലോക്ക്, ജില്ലാപഞ്ചായത്ത് )
- തടസ്സ വിമുക്ത പശ്ചാത്തല വികസനം പൊതുസ്ഥാപനങ്ങളിലും പൊതുഇടങ്ങളിലും ഏർപ്പെടുത്തുക
- ബഡ്സ് സംവിധാനങ്ങൾ നിർമ്മിക്കുക സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- പ്രത്യേകചികിത്സ, മെഡിക്കൽ ക്യാമ്പ്, ഉപകരണ നിർണ്ണയ ക്യാമ്പ് ഏർപ്പെടുത്തുക
- വിവിധ നിയമങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം - ഗാർഡിയൻഷിപ്പ് ഉറപ്പാക്കൽ
- മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ് എന്നിവ ഉറപ്പാക്കുക
- വിവിധ വകുപ്പുകളിൽ നിന്നുള്ള ധനസഹായങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ ഏകോപിപ്പിക്കുക.
- ശക്തമായ മോണിറ്ററിംങ്ങ് സംവിധാനം ഏർപ്പെടുത്തുക
- സ്വയംതൊഴിലിന് പരിശീലനങ്ങൾ നൽകുക
- തൊഴിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക (പഞ്ചായത്തുകളുടെ നേതൃത്വത്തിൽ)
- എല്ലാവർക്കും UHID, UDID നിർബന്ധമാക്കൽ

**ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സമഗ്ര പദ്ധതി**

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കൃത്യമായ സ്ഥിതി വിവരകണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോരുത്തരും നേരിടുന്ന വെല്ലുവിളികൾ എന്തൊക്കെയാണെന്ന് തിരിച്ചറിഞ്ഞ ശേഷം അതിന് ഹ്രസ്വകാല-ദീർഘകാല അടിസ്ഥാനത്തിൽ പരിഹാരം കാണും വിധം ഒരു പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതും അത് പദ്ധതി രേഖയിലെ ഭാഗമാക്കേണ്ടതുമാണ്. സംയുക്ത പ്രൊജക്ടുകൾക്കായി പ്രതീക്ഷിക്കുന്ന ഫണ്ട് വിഹിതം ബ്ലോക്ക് ജില്ല പഞ്ചായത്തുകളെ അറിയിക്കുന്നതിന് ആവശ്യമായ പട്ടികയും പ്രത്യേകം ഉൾപ്പെടുത്തണം.
പദ്ധതി തയ്യാറാക്കുമ്പോൾ വിവിധ സ്ഥാപനങ്ങൾ (ഉദാ: അങ്കണവാടി, സ്കൂൾ, ആശുപത്രി മുതലായവയും) സാമൂഹ്യ നീതി കെ എസ് എസ് എം തുടങ്ങിയവ നൽകിവരുന്ന വിവിധ സേവനങ്ങളും ഏകോപിപ്പിക്കേണ്ടതുണ്ട്. മാത്രമല്ല സബ്സിഡി-ധനസഹായ നിബന്ധനങ്ങൾ പരിഗണിക്കുമ്പോൾ പൊതുപണം വിനിയോഗിച്ച് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾക്കായി വിവിധസ്ഥാപനങ്ങൾ, സംഘടനകൾ ഉദാരമതികളായ വ്യക്തികൾ എന്നിവരുടെ സഹായം തേടേണ്ടതായും വരും. ഇവയെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ളതായിരിക്കണം പദ്ധതികൾ തയ്യാറാക്കേണ്ടത്.

**സമഗ്ര ഭിന്നശേഷി മാനേജ്മെന്റ് (മാട്രികസ് 13 ഇനപട്ടിക)**

ഭിന്നശേഷി സമഗ്രമായി നിയന്ത്രിക്കുന്നതിനും സാധാരണ നിലയിലാക്കുന്നതിനും ഭിന്നശേഷി സൗഹൃദ തദ്ദേശ ഭരണം സാദ്ധ്യമാക്കുന്നതിനും താഴെ പറയുന്ന 13 മേഖലകളിലെ നിലവിലെ അവസ്ഥ തിട്ടപ്പെടുത്തി പ്രശ്നപരിഹാര തന്ത്രങ്ങളും ബോക്സിലുള്ള ഓരോ കാര്യങ്ങൾക്കും അനുസൃതമായ ഇടപെടൽ സംവിധാനങ്ങൾ ഒരുക്കുകയും സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുകയായിരിക്കണം സമഗ്ര പദ്ധതിയുടെ ലക്ഷ്യം.

- അപകടാവസ്ഥയിലുള്ള ഗർഭിണികൾ
- നവജാതശിശു സ്ക്രീനിംഗ് ഏർളി ഡിറ്റക്ഷൻ
- കുടുംബ മാനസീകാരോഗ്യം, കൗൺസലിംഗ്
- റഫറൽ സേവനങ്ങൾ – ഏർളി ഇന്റർവെൻഷൻ സേവനം
- ഭിന്നശേഷി സൗഹൃദ പര്യാവരണം
- ഭിന്നശേഷി മെഡിക്കൽ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്
- ഉചിതമായ സ്കൂൾ വിദ്യാഭ്യാസം ഉൾച്ചേർന്ന , സംയോജിതം സവിശേഷം കുടുംബതലം
- സാമൂഹ്യ സംയോജനം കുടുംബം, വിവാഹം സ്വയം സഹായം സാമൂഹ്യപുനരധിവാസം
- തൊഴിൽ, നൈപുണി പരിശീലനം
- ഹോസ്റ്റൽ സൗകര്യം ക്ഷേമ കേന്ദ്രം
- തൊഴിൽ, പൊതു തൊഴിൽ, സഹായിത തൊഴിൽ, സ്വയം തൊഴിൽ, കുടുംബ തൊഴിൽ, വ്യാപാരം അർദ്ധസംരംക്ഷിത സംവിധാനം
- നിയമാനുസൃതമായ രക്ഷകർതൃത്ത്വം
- സർക്കാർ ആനുകൂല്യങ്ങൾ സാമൂഹ്യ സുരക്ഷ നിയമ സംരക്ഷണം രക്ഷാകർതൃ സംഘം അയൽക്കൂട്ടം

വിവിധ തലത്തിലുള്ള ഫണ്ടുകളും വൈവിദ്ധ്യങ്ങളും സംയോജിപ്പിച്ചുകൊണ്ട് ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം സാധ്യമാക്കുക എന്നതാണ് സമഗ്ര പദ്ധതികളിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷ്യമാക്കുത്. ഇതിനായി സംയുക്ത പ്രോജക്ടുകളും സംയോജിത പ്രോജക്ടുകളും നിലനിൽക്കുന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി ആവിഷ്കരിക്കുന്നതാണ്.

ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംയുക്തമായി അതിൽ മുഖ്യ പങ്കാളിയായ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

ലക്ഷ്യ സാക്ഷാത്കാരത്തിനായി ഒന്നിലധികം വകുപ്പുകളും വികസന ഏജൻസികളും സംയോജിതമായി ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് സംയോജിത പ്രോജക്ടുകൾ ആയി പരിഗണിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ കണ്ടെത്തുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിനായി ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ സമഗ്ര തലത്തിൽ കണ്ടെത്തി ഭിന്നശേഷി സൗഹൃദ തദ്ദേശ സ്വയംഭരണ സ്ഥാപനം സാധ്യമാകുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (ഡിപിആർ) വിവിധതലത്തിലുള്ള വികസന വകുപ്പുകളുടെയും വികസന ഏജൻസികളുടെയും കൂട്ടായ ചർച്ചകളിലൂടെ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമെങ്കിൽ ലഭ്യമായ ഗവേഷണ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സേവനങ്ങൾ തേടാവുന്നതാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ നിർദേശിക്കുന്ന പ്രവർത്തനങ്ങളുടെ സ്വഭാവം പ്രാധാന്യം കണക്കിലെടുത്ത് പ്രവർത്തനങ്ങളുടെ മുൻഗണന ക്രമം നിശ്ചയിക്കേണ്ടതാണ്.

കണ്ടെത്തുന്ന പ്രവർത്തനങ്ങളും പരിപാടികളും വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരുമിച്ചും വിവിധ കേന്ദ്ര സംസ്ഥാനതല വകുപ്പുതല പരിപാടികളും വിവിധ വികസന ഏജൻസികൾ എൻജിഒ ഒറ്റയ്ക്കോ കൂട്ടായോ നടപ്പിലാക്കാൻ സാധിക്കുന്ന പരിപാടികളും സൂക്ഷ്മതലത്തിൽ കണ്ടെത്തി വിവിധ വകുപ്പ് തല തദ്ദേശ സ്വയംഭരണ സ്ഥാപന തല കൂടിയാലോചനകളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ കൺവെർജൻസ് പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. കൺവെർജൻസ് പ്ലാനിൽ സംയോജിപ്പിക്കേണ്ട കേന്ദ്ര സംസ്ഥാന വകുപ്പുതല പ്രവർത്തനങ്ങൾ സംബന്ധിച്ചും സംയോജിപ്പിക്കേണ്ട വികസന ഏജൻസി സംബന്ധിച്ചും, സംയോജിപ്പിക്കേണ്ട ഫണ്ടുകൾ സംബന്ധിച്ചും വിശദമായി പ്രതിപാദിക്കേണ്ടതാണ്.

കൺവെർജൻസ് പ്ലാനിന്റെ അടിസ്ഥാനത്തിൽ ഓരോ വകുപ്പുകളും വികസന ഏജൻസികളും തദ്ദേശസ്വയംഭരണസ്ഥാപനതല കൂടിയാലോചനകളുടെയും ചർച്ചകളുടെ അടിസ്ഥാനത്തിൽ അവരുടെ വാർഷിക കർമ്മപദ്ധതി തയ്യാറാക്കി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനതല ജോയിൻറ് കമ്മിറ്റിയുടെയും ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെയും നേതൃത്വത്തിൽ കൃത്യമായ ഏകോപനവും പ്രവർത്തന അവലോകനവും നിശ്ചിത ഇടവേളകളിൽ നടത്തി പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം സാധ്യമാക്കുന്നതിനായി താഴെ പറയുന്ന ഫണ്ടുകളും, വികസന വകുപ്പുകളുടെ പദ്ധതികളും, വികസന ഏജൻസികളുടെ സേവനങ്ങളും സംയോജിപ്പിക്കാവുന്നതാണ്.

1) തദ്ദേശഭരണ വകുപ്പ്
2) സാമൂഹ്യനീതി വകുപ്പ്
3) സാമൂഹ്യ സുരക്ഷാ മിഷൻ
4) ആരോഗ്യവകുപ്പ്
5) കുടുംബശ്രീ മിഷൻ
6) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്
7) കൃഷിവകുപ്പ്
8) കേന്ദ്രവിഷ്കൃത പദ്ധതികൾ
9) സംസ്ഥാന പദ്ധതികൾ
10) എംപി ഫണ്ട്
11) എംഎൽഎ ഫണ്ട്
12) സന്നദ്ധ സംഘടന ഫണ്ട്
13) സംഭാവനകൾ
14) വനിതാ ശിശു വികസനം

(*കേന്ദ്ര സംസ്ഥാന പദ്ധതികൾ കൂടുതൽ വിശദാംശങ്ങൾക്ക് അധ്യായം 6 കാണുക*)

# അദ്ധ്യായം 5

## തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭിന്നശേഷിക്കാർക്കായുള്ള ഇടപെടലുകൾ സ്ഥാപനങ്ങൾ സേവനങ്ങൾ

കേരളത്തിൽ ഭിന്നശേഷിക്കാർക്കായി നിരവധിയായ സഹായ പരിപാടികളും ബഡ്സ് പോലുള്ള സ്ഥാപനങ്ങളും ഏർളി ഡിറ്റക്ഷൻ പോലുള്ള സ്ഥാപനങ്ങളും തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തിവരുന്നുണ്ട്. ഇവ സംബന്ധിച്ച ധാരണ സൃഷ്ടിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ പരിശോധിക്കാം.

### 1. ഭിന്നശേഷിക്കാരുടെ സമഗ്ര വിവരശേഖരണം

ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ആവശ്യങ്ങൾ തിട്ടപ്പെടുത്തുന്നതിനും ഏറ്റവും അനിവാര്യമായ ഘടകം സമഗ്രമായ വിവരശേഖരണം തന്നെയാണ്. ഇതിൽ നിന്നും ലഭിക്കുന്ന വിവരങ്ങളും ഗ്രാമസഭയിൽ നിന്നും ഉയർന്നു വരുന്ന നിർദ്ദേശങ്ങളും ചേർത്താണ് തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭിന്നശേഷിക്കാർക്കായുള്ള ആസൂത്രണം ആരംഭിക്കുന്നത്. ഈ വിശകലന രേഖയിൽ സ്ഥിതി വിവരകണക്കുകൾക്കൊപ്പം മുൻവർഷങ്ങളിലെ പ്രോജക്ടുകളുടെ ധനവിനിയോഗവും പുരോഗതിയും തിട്ടപ്പെടുത്തി കൃത്യമായ ധാരണ സൃഷ്ടിക്കുന്നതിന് സൗകര്യമുണ്ടാക്കുന്നു. ഈ അവസ്ഥാശേഖരത്തിന്റെ കൂടുതൽ വിവരങ്ങൾ അനുബന്ധം–2 ൽ നൽകിയിട്ടുണ്ട്. വ്യക്തിഗത വിവരശേഖരണ ഫോറം അനുബന്ധം 3 ൽ നൽകിയിട്ടുണ്ട്.

### 2. ഏർളി ഡിറ്റക്ഷൻ

ഭിന്നശേഷി ഉത്ഭവം തടയുകയും ഉണ്ടായാൽതന്നെ കാലേകൂട്ടി കണ്ടെത്തി പരിഹാരശ്രമങ്ങൾ നടത്തുകയുമാണ് ഏർളി ഡിറ്റക്ഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. ആരോഗ്യ വകുപ്പ്, ഐ.സി.ഡി.എസ് എന്നിവ ഈ പ്രവർത്തനങ്ങളുടെ ചുമതലക്കാരും പങ്കാളികളുമാണ്.

നവജാതശിശുക്കൾ മുതൽ 2 വയസ്സിന് താഴെയുള്ള കുട്ടികളുടെ വികാസ വ്യതിയാനങ്ങൾ തിരുവനന്തപുരം ഡവലപ്പ്മെന്റ് സ്ക്രീനിംഗ് ചാർട്ട് (ഐ.എ.പി) ഉപയോഗിച്ചാണ് പ്രവർത്തകർ കുട്ടികളെ പരിശോധിക്കുന്നത് പരിശോധനയിൽ കുറവുകൾ കണ്ടെത്തുന്ന കുട്ടികളെ മെഡിക്കൽ ഓഫീസർ പരിശോധിക്കുകയും ആവശ്യമെങ്കിൽ വിശദമായ പ്രശ്ന നിർണ്ണയം നടത്തുകയും ചെയ്യും പ്രശ്നങ്ങൾക്കനുസൃതമായ നടപടികൾ സ്വീകരിക്കാൻ രക്ഷാകർത്താക്കളെ പ്രാപ്തരാക്കുകയും ചെയ്യും.

നമ്മുടെ രാജ്യത്തെ ഭിന്നശേഷിയുള്ള മനുഷ്യരിലെ 50% വൈകല്യങ്ങളും തടയാൻ കഴിയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ശുദ്ധജലം, ശുദ്ധവായു, പൂർണ്ണമായ പ്രതിരോധചികിത്സ, പോഷകാഹാരം, ഗർഭകാല പരിരക്ഷണം എന്നിവ ശരിയാംവണ്ണം ഉറപ്പാക്കുകയാണ് ഇതിനുള്ള മാർഗ്ഗം. അപകടങ്ങൾ, അത്യാഹിതങ്ങൾ, രോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവയും വൈകല്യ ബാധക്ക് കാരണമാണ്. ഈ രംഗത്ത് ലഭ്യമായ പദ്ധതികളും പരിപാടികളും വിജയിപ്പിക്കുന്നതിനും സേവനവിടവുകൾ ഇല്ലാതാക്കുന്നതിനുമുള്ള ശ്രമമാണ് ഭിന്നശേഷിത്വ പ്രതിരോധത്തിനായി പ്രാദേശികസർക്കാരുകൾക്ക് നിർവ്വഹിക്കാൻ കഴിയുന്ന ചുമതല.

**വിദ്യാലയ പരിശോധനകൾ**

നഴ്സറി/അങ്കണവാടി കുട്ടികളെ നഴ്സറി ഇവാല്യൂവേഷൻ ടെസ്റ്റ് ഉപയോഗിച്ചും പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളെ എസ്.എസ്.എ ചെക്ക് ലിസ്റ്റ് ഉപയോഗിച്ചും അദ്ധ്യാപകർ ബുദ്ധിവികാസ പ്രശ്നനിർണ്ണയം നടത്തുകയും ആവശ്യമായ റഫറൽ നടത്തുകയും വേണം.

**3. രാഷ്ട്രീയ ബാലസ്വാസ്ത്യ കാര്യകം (RBSK)**

രാഷ്ട്രിയ ബാലസ്വാസ്ത്യ കാര്യകം (RBSK) നാഷണൽ ഹെൽത്ത് മിഷൻ ശിശുക്കളുടെ ആരോഗ്യ നിലവാര നിർണ്ണയ പരിശോധനയും കാലേക്കൂട്ടിയുള്ള ഇടപെടലുകളും സാർവത്രികമാക്കുന്നതിനായി ആരംഭിച്ചിട്ടുള്ള നൂതന പദ്ധതിയാണ്. രാജ്യത്തെ മുഴുവൻ കുട്ടികളേയും ഈ പരിപാടിക്ക് കീഴിൽ ജനനത്തോടൊപ്പമോ ചെറുപ്രായത്തിലോ (0–18) വൈദ്യ പരിശോധനക്ക് വിധേയമാക്കുന്നതാണ്. 4 ഡി എന്നറിയപ്പെടുന്ന പരിശോധനരീതിയാണിത്. ഡിഫക്ട്സ്, ഡെഫിഷ്യൻസി ഡിസീസസ്, ഡെവലെപ്പ്മെന്റ് ഡിലേ ഡിസബിലിറ്റി എന്നിവ ഉണ്ടോ എന്ന് ശാസ്ത്രീയമായ രീതിയിൽ പരിശോധനയ്ക്ക് വിധേയമാക്കുകയാണ് ലക്ഷ്യം. നിലവിലുള്ള കണക്കുകൾ അനുസരിച്ച് 6% കുട്ടികൾ ശാരീരിക തകരാറോട് കൂടിയും (ഡിഫക്ട്സ്) 10% കുട്ടികൾ വികസന വ്യതിയാനത്തോടെയും വളരുന്നുവെന്നാണ് സൂചിപ്പിക്കുന്നത്. ഈ പരിപാടി 27 കോടി കുട്ടികളെ ലക്ഷ്യം വെച്ചുകൊണ്ടാണ് ആരംഭിച്ചിട്ടുള്ളത്. നവജാത ശിശുക്കളുടെ സ്ക്രീനിംഗ് ആരോഗ്യ കേന്ദ്രത്തിൽ വെച്ചും ശിശുക്കളുടെ സ്ക്രീനിംഗ് തുടർന്ന് ആരോഗ്യവകുപ്പ് വിവിധ കേന്ദ്രങ്ങളിൽ വെച്ചും നടത്തും, കണ്ടെത്തപ്പെടുന്ന മുപ്പതോളം രോഗങ്ങൾക്ക് പരാമർശ സേവനവും സർജറി ഉൾപ്പടെയുള്ള ചികിത്സകളും മൂന്നാം തലത്തിൽ പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ ഏർപ്പേടുത്തുകയും ചെയ്യുന്നതാണ്. ജില്ല ആശുപത്രികളോടനുബന്ധിച്ച് ഡിസ്ട്രിക്ട് ഏർളി ഡയഗനോസിസ് ആന്റ് ഇന്റർവെൻഷൻ കേന്ദ്രങ്ങൾ (DEIC) ഇതിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്.

**4. ഘടക സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കൽ**

**തടസ്സമുക്ത പര്യാവരണം**

- വീട്, സ്കൂൾ, ആശുപത്രികൾ തദ്ദേശഭരണ ഓഫീസുകൾ, പൊതുവഴികൾ തടസ്സമുക്തം ആയിരിക്കണം
- പൊതുഇടങ്ങൾ, ബസ് സ്റ്റാൻഡ്, പാർക്കുകൾ, പൊതു കെട്ടിടങ്ങൾ, പൊതുഗതാഗത സൗകര്യങ്ങൾ, ഭിന്നശേഷി സൗഹൃദം ആയിരിക്കണം
- പൊതു ശൗചാലയങ്ങൾ ഭിന്നശേഷി സൗഹൃദം (വീതിയുള്ള വാതിൽ, വീൽചെയർ, ഉയരം കുറഞ്ഞ വാഷ് ബെയ്സിൻ, ഹാൻഡ് ഗ്രിപ്പ്) ആയിരിക്കണം

**പ്രാപ്യത**

- ആശുപത്രികളിൽ ക്യൂ നിൽക്കുന്നതിന് പകരം ഇരിപ്പിടം, കൈവരികൾ, പ്രത്യേക മുൻഗണനാക്രമം, ചവിട്ട് പടികളുടെ സ്ഥാനത്ത് റാമ്പ്
- ബ്രെയ്ലി- സൈനേജ് ബോർഡുകൾ, വീൽചെയർ ലഭ്യത തുടങ്ങിയവ ലഭ്യമാക്കുക

**5. സർവീസ് ചാർട്ടർ ( സേവനവിവരണ ബോർഡ് )**

ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് തദ്ദേശതലത്തിൽ ലഭ്യമായ സേവനങ്ങളുടെ വിശദമായ നോട്ടീസ് അങ്കണവാടി, പ്രാഥമികാരോഗ്യ കേന്ദ്രം, ആശുപത്രി, പൊതുവിദ്യാലയങ്ങൾ, തദ്ദേശഭരണ ഓഫീസ് എന്നിവിടങ്ങളിൽ നിർദിഷ്ട മാതൃകയിൽ സ്ഥാപിക്കണം.

## 6. പൊതുധാരാവൽക്കരണം

- ഭിന്നശേഷി ദിനാചരണം
- പ്രത്യേക മത്സരങ്ങൾ, സമയബന്ധിതമായി ഗ്രാമതലം, ബ്ലോക്ക്തലം, ജില്ലാതലം, സംസ്ഥാനതലം
- അവകാശങ്ങൾ സംബന്ധിച്ച് (ആർപിഡി) – ബോധന ബോർഡുകൾ
- വർക്കിംഗ് ഗ്രൂപ്പ് പ്രാതിനിധ്യം
- കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പരിപാടികൾ (ചുമർ പരസ്യം – സ്പോൺസർഷിപ്പ് വഴി)

## 7. ഭിന്നശേഷി റിസോഴ്സ് സെന്റർ

- ആരോഗ്യ ചികിത്സ സ്ഥാപന അറിയിപ്പുകൾ, ഇൻഷുറൻസ്
- വിദ്യാഭ്യാസ ഗൈഡൻസ്
- തൊഴിൽ പരിശീലനം – ഗൈഡൻസ്
- തൊഴിൽ ലഭ്യത സഹായങ്ങൾ
- സാമൂഹ്യ സുരക്ഷ സഹായങ്ങൾക്കായുള്ള ഇടപെടൽ
- സാമൂഹ്യ ഒത്തുചേരലുകൾ
- ഉല്പാദന വിപണന സൗകര്യങ്ങൾ
- കൗൺസിലിംഗ് സൗകര്യങ്ങൾ
- റിക്രിയേഷൻ സൗകര്യങ്ങൾ – വെർച്ചൽ റിയാലിറ്റി ഉൾപ്പടെ
- റസിഡൻഷ്യൽ ഫെസിലിറ്റീസ് ആന്റ് ഡേ കെയർ
- ഭിന്നശേഷി സൗഹൃദ ഓപ്പൺ ജിം ആന്റ് പാർക്ക്

## 8. ഭിന്നശേഷിക്കാർക്കായുള്ള ദൈനംദിന പൊതുജീവിതസഹായ സേവനം

ഫോൺ വിളി – സന്ദേശം മുഖേന തഴെ പറയുന്ന സേവനങ്ങൾക്കായി സഹായം ലഭിക്കും

- ബാങ്കിംഗ് സേവനം
- ഓൺലൈൻ ഷോപ്പിംഗ്
- നിയമസഹായം
- റിസർവേഷൻ / കൺസഷൻ
- പരാതി രജിസ്ട്രേഷൻ
- ചാർജ്ജുകൾ / ഫീസുകൾ അടക്കൽ
- ഉപകരണ റിപ്പയർ
- ലാബ്/മെഡിക്കൽ പരിശോധന
- മെഡിക്കൽ സർട്ടിഫിക്കറ്റ്
- ആനുകൂല്യങ്ങൾ

ബന്ധപ്പെടുവാനുള്ള സംവിധാനങ്ങൾ ഒരുക്കണം (ടോൾഫ്രീ)

## 9. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ

ജി.ഒ(എം.എസ് )നം.144/2013എൽ.എസ്.ജി.ഡി തിയതി 6/4/2013 ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാവുന്നതാണ്.

**ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള അനിവാര്യ സംവിധാനങ്ങൾ**

പ്രാരംഭനടപടിക്രമങ്ങൾ പൂർത്തിയാക്കുക

- സ്ഥാപനം ആരംഭിക്കുന്നതിനും നടത്തുന്നതിനും തദ്ദേശഭരണ സ്ഥാപനത്തിന്റെ തീരുമാനം
- സുരക്ഷിതമായ 750 ച.അടി വിസ്തൃതിയുള്ള കെട്ടിടം
- ഏറ്റവും കുറഞ്ഞത് സത്രീകൾക്കും പുരുഷൻമാർക്കുമായി ഭിന്നശേഷി സൗഹൃദ പ്രത്യേക ടോയ്‌ലറ്റ് കം ബാത്ത്റൂമുകൾ കേന്ദ്രത്തിൽ ഉറപ്പുവരുത്തുക
- ആർസിഐ അംഗീകാരമുള്ള യോഗ്യതയോടുകൂടിയ ഒരു റിഹാബിലിറ്റേഷൻ വർക്കറേയും ഒരു ആയ കം കുക്കിനേയും നിയമിക്കുക
- തുടർ ചിലവുകൾക്കായുള്ള തുക പ്ലാൻഫണ്ടിൽ വകയിരുത്തുക
- അത്യാവശ്യമായ ഫർണിച്ചറുകളും, ഉപകരണങ്ങളും ലഭ്യമാക്കുക
- ദേശീയ ഭിന്നശേഷി നിയമം അനുസരിച്ചുള്ള അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിക്കുക

**ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ – സേവന രീതികൾ**

- മാനസിക വെല്ലുവിളികൾ നേരിടുന്ന മുതിർന്നവർക്ക് സേവനം നൽകുകയാണ് ഉദ്ദേശം. വിദ്യാഭ്യാസമില്ലാത്ത കുട്ടികൾക്കും പ്രവേശനം നൽകാം.
- നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ഹാൻഡിക്യാപ്ഡ് രൂപകൽപന ചെയ്ത ചെക്ക് ലിസ്റ്റ് പ്രകാരമോ, സർക്കാർ അംഗീകൃത കരികുലമോ, കുടുംബശ്രീ പാഠ്യപദ്ധതി സമീപനരേഖയോ അവലംഭിച്ചുള്ള പ്രത്യേക പരിശീലനം നൽകുകയാണ് ഉദ്ദേശം
- 10–35 പ്രായമുള്ള വ്യക്തികൾക്ക് അവരുടെ പ്രാപ്തിക്കനുസരിച്ച് അനുയോജ്യമായ തൊഴിൽ പരിശീലന പരിപാടികൾ നടപ്പാക്കേണ്ടതാണ്.
- എല്ലാ വിഭാഗക്കാർക്കും ആരോഗ്യപരിരക്ഷയും ഉച്ചഭക്ഷണവും
- സേവനത്തിന്റെ പ്രയോജനം എല്ലാ വ്യക്തിക്കും കുടുംബത്തിനും സഹായകമാവണം. കുടുംബം സ്ഥാപന പ്രവർത്തനങ്ങളെ സഹായിക്കണം.

**10. ബഡ്സ് സ്കൂൾ**

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസം, പകൽസമയ പരിചരണം, തൊഴിൽ പരിശീലനം എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും ബഡ്സ് സ്കൂൾ തുടങ്ങാവുന്നതാണ്. (ജി.ഒ എം എസ് നമ്പർ 148/2009 തസ്വഭവ തിയതി 29/7/2009 ലെ നിർദ്ദേശങ്ങൾ)

- 25 കുട്ടികളെങ്കിലും ഒരു സ്കൂളിൽ ഉണ്ടായിരിക്കണം
- 10 കുട്ടികൾക്ക് പരിശീലനം ലഭിച്ച ഒരു അദ്ധ്യാപിക
- 15 കുട്ടികൾക്ക് ഒരു ആയ
- 1000 ച. അടി കെട്ടിടം, 16 സെന്റ് സ്ഥലം, എന്നീ പശ്ചാത്തലസൗകര്യങ്ങൾ ഉറപ്പാക്കണം
- വിദ്യാഭ്യാസ വകുപ്പിന്റെ ആർപിഡബ്ലിയുഡി രജിസ്ട്രേഷൻ നേടിയിരിക്കണം (വകുപ്പ് തല ആനുകൂല്യങ്ങൾ ലഭിക്കുവാൻ ഇത് നിർബന്ധമാണ്.)
- ചെലവുകൾ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായി വഹിക്കാം
- ഒരു ബ്ലോക്കിൽ ഒന്ന് അഥവാ രണ്ട് ബഡ്സ് സ്കൂൾ മാത്രമാണ് അനുവദനീയമായിട്ടുള്ളത്
- തദ്ദേശ സ്ഥാപനങ്ങൾക്ക് പൊതുജന സ്വകാര്യ സംഭാവനകൾ സ്വീകരിക്കുന്നതിന് ജി ഒ (എം എസ്) നമ്പർ 152/2002 തസ്വഭവ തീയതി 1/8/2009 പ്രകാരം മാനേജ്മെന്റ് സമിതി രൂപീകരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്.

### 11. ജില്ലാതല – സഹായ ഉപകരണങ്ങളുടെ റിപ്പയർ ആന്റ് സർവ്വീസ് സെന്റർ

ഭിന്നശേഷി നേരിടുന്ന വ്യക്തികൾക്ക് നൽകിയിട്ടുള്ള ഉപകരണങ്ങളുടെ ഗ്യാരണ്ടി കാലാവധിക്ക് ശേഷമുള്ള അറ്റകുറ്റപ്പണികളും സർവീസുകളും ലഭ്യമാക്കുന്നതിനുള്ള സെന്ററുകൾ ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും ഏറ്റെടുക്കേണ്ടതാണ്.

ഭിന്നശേഷിക്കാർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള സഹായഉപകരണങ്ങൾ അറ്റകുറ്റപ്പണികളുടെ അഭാവത്തിൽ ഉപയോഗരഹിതമായി കൊണ്ടിരിക്കുകയാണ്. ഇവ പ്രവർത്തനക്ഷമമാക്കി നൽകിയാൽ വിതരണത്തിലെ ഇരട്ടിപ്പ് തടയുന്നതിനും ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയും. വർക്ക് ഷോപ്പ്, സർവീസ് സെൻറർ, സ്റ്റോർ, ഓഫീസ്, വാഹന പാർക്കിംഗ് തുടങ്ങിയവയ്ക്കായി സ്ഥാപിക്കുന്ന കെട്ടിടവും ഭൂമിയും ലഭ്യമാക്കലാണ് പ്രഥമ ഉദ്യമം. ഇതോടൊപ്പം ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കാൻ കഴിയുന്ന സ്കിൽഡ് വർക്കേഴ്സിനെയും ഇതര സ്റ്റാഫ് അംഗങ്ങളെയും നിയോഗിക്കേണ്ടതുണ്ട്. റിപ്പയർ ഉപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയവയും ആവശ്യമാണ്. കഴിയുമെങ്കിൽ മൊബൈൽ സർവീസ് യൂണിറ്റ് നടത്തുന്നതിനാവശ്യമായ വാഹന സൗകര്യം പരിഗണിക്കേണ്ടതാണ്.

ഡിപിആർ തയ്യാറാക്കി ആരംഭിക്കേണ്ട പ്രോജക്ടിന് അനാവർത്തന ചെലവും തുടർന്ന് അനാവർത്തന ചെലവും ചിട്ടപ്പെടുത്തേണ്ടതായിട്ടുണ്ട്. പ്രോജക്റ്റ് തയ്യാറാക്കുന്നതിന് കൺസൾട്ടൻസി സേവനം ഉപയോഗിക്കാവുന്നതാണ്. ഈ സംവിധാനം ജില്ലാ ഭിന്നശേഷി റിസോഴ്സ് സെന്ററിന്റെ ഭാഗമായി പ്രവർത്തിക്കേണ്ടതാണ്.

### 12. ബ്ലോക്ക്തല – ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ

സ്കൂൾ വിദ്യാഭ്യാസ പ്രായത്തിന് മേൽ പ്രായമുള്ള ശാരീരിക മാനസിക പരിമിതികൾ ഉള്ള ഭിന്നശേഷിക്കാരായ യുവാക്കളെ തൊഴിലിലേക്ക് നയിക്കുവാൻ കഴിയുന്ന പരിശീലന കേന്ദ്രമാണ് ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ.

തൊഴിൽ അഭിരുചി നിർണയം (വി.എ.സി.പി), പ്രാഥമിക തൊഴിൽ പരിശീലനം, പൊതു തൊഴിൽ പ്രാപ്യത പരിശീലനം അപ്രന്റിസ്ഷിപ്പ് ആൻഡ് പ്ലേസ്മെന്റ് തുടങ്ങിയവയാണ് പ്രതീക്ഷിക്കുന്ന പ്രധാന ലക്ഷ്യങ്ങൾ, ഇതോടൊപ്പം പരിചരണവും നിരീക്ഷണവും അനിവാര്യമായ പരിശീലന സാധ്യത കുറഞ്ഞ മാനസികവെല്ലുവിളി നേരിടുന്നവർക്ക് പകൽ പരിപാലനത്തിനുള്ള സൗകര്യങ്ങളും സ്ഥാപനത്തിൽ ഏർപ്പെടുത്തേണ്ടതാണ്.

#### ബഡ്സ് വികസന മാനേജ്മെൻറ് സമിതി

സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങളിൽ നിന്ന് സംഭാവനകൾ സ്വീകരിക്കുന്നതിനും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ ഭരണം, വികസനം, ക്ഷേമം എന്നീ കാര്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സഹായിക്കുന്നതിനും രക്ഷാകർതൃ സംഘം പിടിഎ സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവരുടെ പ്രാതിനിധ്യത്തോടുകൂടി ബഡ്സ് വികസന മാനേജ്മെന്റ് സമിതി രൂപീകരിക്കാവുന്നതാണ്. (സർക്കാർ ഉത്തരവ് 152/09/തസ്വഭവ തീയതി 1/8/2009)

6.4. (ബി) ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി

(1) ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള ക്ഷേമപരിപാടികളും പുനരധിവാസ – വികസന പരിപാടികളും പ്രത്യേക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാവുന്നതാണ്.

(2) സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് ഭിന്നശേഷിയുള്ളവർക്ക് അനുവദനീയമായ സ്കോളർഷിപ്പും ബത്തയും ഗ്രാമപഞ്ചായത്തുകൾ നൽകേണ്ടതാണ്. ഇതിനാവശ്യമായ തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾക്ക് യഥാക്രമം 60:30:10 എന്ന അനുപാതത്തിൽ വകയിരുത്തി നൽകാവുന്നതാണ്. ഈ അനുപാതത്തിൽ തുക കണ്ടെത്തുന്നതിന് കഴിയാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ കുറവ് പരിഹരിക്കുന്നതിന് മറ്റ് തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉപയോഗിക്കാവുന്നതാണ്.

(3) 2016-ലെ ഭിന്നശേഷി അവകാശനിയമ പ്രകാരമുള്ള എല്ലാ വിഭാഗങ്ങളിലും ഉൾപ്പെട്ട വ്യക്തികൾക്ക്, ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. സർക്കാർ സർവീസിലുള്ള ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ ആയിരിക്കണം ഉപകരണങ്ങളുടെ ആവശ്യകതാ നിർണ്ണയം നടത്തി സാക്ഷ്യപ്പെടുത്തേണ്ടത്. ഒരു പ്രാവശ്യം ഉപകരണം ലഭിച്ചവർക്ക് ആ ഉപകരണത്തിന്റെ ഉപയോഗ കാലാവധി കഴിയുംമുമ്പ് വീണ്ടും ഉപകരണം നൽകാൻ പാടില്ല.ആവശ്യകതാ നിർണ്ണയ ഘട്ടത്തിൽ ഇക്കാര്യം കൂടി പരിശോധിക്കണം.

(4) 2016-ലെ ഭിന്നശേഷി അവകാശ നിയമത്തെപ്പറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തണം.

(5) ഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള തൊഴിൽ പരിശീലനകേന്ദ്രങ്ങൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(6) ഭിന്നശേഷിയുള്ളവരുടെ സവിശേഷതകൾ പരിഗണിച്ച് അവർക്ക് സൗഹൃദപരമായ രീതിയിൽ വേണം കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്. നിലവിലുള്ള കെട്ടിടങ്ങൾ ഭിന്നേശഷി സൗഹൃദമാക്കി മാറ്റുന്നതിനുള്ള പ്രോജക്ടുകളും ഏറ്റെടുക്കാവുന്നതാണ്. .

(7) ഭിന്നശേഷിയുള്ളവർക്കുള്ള സ്കോളർഷിപ്പും ബത്തയും നൽകുന്നതിനാവശ്യമായ വിഹിതം കണ്ടെത്തുന്നതിന് ഖണ്ഡിക 5.4.1 (10) പ്രകാരം നിർബന്ധമായും നീക്കിവെയ്ക്കേണ്ട 5 ശതമാനം തുക ഉപയോഗിക്കാൻ പാടില്ല.

8.8.1 (2) ബഡ്സ് സ്കൂളുകളും ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളും ഇല്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ കുടുംബശ്രീമിഷൻ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ബഡ്സ് സ്കൂളുകൾ/ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്. പുതിയതായി ആരംഭിക്കുന്ന ബഡ്സ് സ്കൂളിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിബന്ധനകളും പാലിച്ചുവേണം അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ആരംഭിക്കുന്ന ബഡ്സ് സ്കൂളിൽ/ബഡ്സ് പുനരധിവാസ കേന്ദ്രത്തിൽ കെട്ടിടം, അടിസ്ഥാന സൗകര്യങ്ങൾ, ആകർഷകമായ ചിത്ര പെയിന്റിംഗുകൾ എന്നിവ ഒരുക്കുന്ന പ്രോജക്ടുകൾക്ക് ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ ബ്ലോക്ക് പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും ഏറ്റെടുക്കാവുന്നതാണ്.

8.8.3(v) ബഡ്സ് സ്കൂളിലെ കുട്ടികൾക്കും ബഡ്സ് പുനരധിവാസ കേന്ദ്രത്തിലെ 102 അന്തേവാസികൾക്കും
പ്രഭാതഭക്ഷണവും അനുപൂരകപോഷകാഹാരവും ഉച്ചഭക്ഷണം പാകം ചെയ്ത് നൽകുന്നതിനുള്ള പ്രൊജകട് ഏറ്റെടുക്കാവുന്നതാണ്.

2.1(5) ശാരീരിക– മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ദീർഘകാലമായി രോഗ ബാധിതർ, നിത്യ രോഗികൾ, വളരെയേറെ പ്രായമുള്ളവർ എന്നിവർ മാത്രവും ഭക്ഷണം പാകം ചെയ്യാൻ ശേഷിയുള്ള ഒരാൾപോലും ഇല്ലാത്തതുമായ പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്ക് അംഗൻവാടികളിലൂടെ ഭക്ഷണം വിതരണം ചെയ്യണം.
(i) ഈ ചുമതല കുടുംബശ്രീയുടെ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളേയും ഏരിയാ ഡെവലപ്മെൻ്റ് സൊസൈറ്റികളേയും ഏൽപ്പിക്കാവുന്നതാണ്.
(ii) ഈ വിഭാഗത്തിലെ അഗതികൾക്ക് ഭക്ഷണം പാകം ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് വഹിക്കാവുന്നതാണ്.
(iii)അപ്രകാരം ഒരു മാസം ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനാവശ്യമായ തുക ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികൾക്ക് മുൻകൂറായി നൽകാവുന്നതാണ്.

2.3 **പട്ടികവർഗ്ഗ വിഭാഗത്തിലെ ഭിന്നശേഷിയുള്ളവർക്ക് ആശ്വാസം നൽകൽ**

1. കേന്ദ്രാവിഷ്കൃത പരിപാടികളിലെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിച്ച് നടപ്പാക്കുന്നപരിപാടികൾ ഭിന്നശേഷിക്കാർ അംഗങ്ങളായി ഉള്ള പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്ക് മുൻഗ ണന നൽകി നടപ്പാക്കേണ്ടതാണ്.
2. പട്ടികവർഗ്ഗ അഗതികൾക്ക്, കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ, കേരള ഫെഡ റേഷൻ ഓഫ് ദി ബ്ലൈൻഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തൊഴിൽ വൈദഗ്ധ്യ പരിശീലനം നൽകുവാനുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.
3. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും ദേശീയ ഗ്രാമീണ ഉപജീവന മിഷൻ വിഹിതവും ഉപയോഗിച്ച് പട്ടികവർഗ്ഗ അഗതി കടുംബങ്ങളിലെ ശാരീരിക–മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
4. ഭിന്നശേഷിയുള്ളവരായ പട്ടികവർഗ്ഗക്കാരുടെ തൊഴിലധിഷ്ഠിത പ്രോജക്ടുകൾക്ക് കേന്ദ്ര – സംസ്ഥാന സോഷ്യൽ വെൽഫയർ അഡ്വൈസറി ബോർഡുകളിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

## സബ് സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ സ. ഉ. കൈ (നം/115/2022 തസ്വഭവ 28.05.2022

## 7. ധനസഹായങ്ങൾ

### 7.1 സാമൂഹ്യനീതി

### 7.1.1 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം

1) ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം നൽകുന്നതിന് വരുമാന പരിധി ഇല്ല.

2) ഭിന്നശേഷിക്കാരായവരുടെ ഡാറ്റാ ബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട നടപടികൾ ഗ്രാമ പഞ്ചായത്തുകൾ / നഗരഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണം.

3) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക്ഏറ്റവും കുറഞ്ഞത് 40% എങ്കിലും വൈകല്ല്യം ഉണ്ടായിരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച സാക്ഷ്യപത്രത്തിന്റെ അസ്സൽ പരിശോധനക്ക് ശേഷം ഗുണഭോക്താവിന് തിരികെ നൽകേണ്ടതും പകർപ്പ് മാത്രം ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വൈകല്യം വ്യക്തമാക്കുന്ന കാർഡും സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. ഇതും പരിഗണിക്കാവുന്നതാണ്.

4) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ടീമിന്റെ/മെഡിക്കൽ ബോർഡിന്റെ വാർഷിക പരിശോധന ജില്ലാപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടത്തി ഗുണഭോക്താക്കളുടെ ലിസ്റ്റ് പുതുക്കണം.

### 7.1.2 ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സഹായിക്കുന്നതിന് താഴെ വിവരിക്കുന്ന ഇനങ്ങൾ സൗജന്യമായി നൽകാവുന്നതാണ്

**(എ) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ**

(1) സർജിക്കൽ ഷൂസ്, ആംഗിൾബൂട്ട്, മോൾഡ് ഷൂസ്, ഉയരവും അളവും അനുസരിച്ച് പ്രത്യേകം തയ്യാറാക്കിയ തുകൽ ചെരുപ്പ്/മൈക്രോ സെല്ലുലാർ റബ്ബർസോൾ ഉള്ള ചെരുപ്പ്, അക്കോമഡേറ്റീവ് പാദരക്ഷകൾ.

(2) ഓർത്തോപീഡിക്ക് ഉപകരണങ്ങൾ, വിവിധതരം കറക്റ്റീവ് ഷൂസുകൾ.

(3) വിവിധതരം കൃത്രിമ അവയവങ്ങൾ – കാൽ, കൈ എന്നിവ.

(4) സഞ്ചാരസഹായികൾ – വിവിധതരം ക്രച്ചസ്, വാക്കേഴ്സ്

(5) ലംബാർ കോർസൈറ്റ്, സ്പൈനൽബ്രേസ്, ജാക്കറ്റ്, നീബസ് സ്റ്റാറ്റിക് അല്ലെങ്കിൽ ഡൈനാമിക്സ്പ്ലിന്റ്സ്, വീൽചെയർ, കൈകൊണ്ട് ഉപയോഗിക്കുന്നതോ മോട്ടോർ മുഖേന പ്രവർത്തിക്കുന്നതോ ആയ പ്രത്യേകം രൂപകൽപ്പന ചെയ്ത ട്രൈസൈക്കിളുകൾ,

(6) സൈഡ് വീൽ ഘടിപ്പിച്ച് സ്കൂട്ടർ – 40%ത്തിലേറെ വൈകല്യമുണ്ടെങ്കിലും സ്കൂട്ടർ ഓടിക്കാൻ വരുന്ന ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തണം. മോട്ടോർ വാഹന വകുപ്പിന്റെ ലൈസൻസ് പിന്നീട് കരസ്ഥമാക്കിയാൽ മതി. 8 വർഷത്തിനുള്ളിൽ സ്കൂട്ടർ വാങ്ങാൻ ധനസഹായം ലഭിച്ചവർക്ക് വീണ്ടും സ്കൂട്ടർ വാങ്ങാൻ ധനസഹായം നൽകാവുന്നതല്ല. ഇലക്ട്രിക് സ്കൂട്ടർ വാങ്ങുന്നതിന് മുൻഗണന നൽകണം.

**(ബി) കേൾവിശക്തി കുറഞ്ഞവർ**

(1) മെഡിക്കൽ ഓഫീസറുടെ നിർദ്ദേശം അനുസരിച്ച് കേൾവിശക്തി കുറഞ്ഞ കുട്ടികൾക്ക് ഇംപ്ലാന്റിനുശേഷമുള്ള കേൾവി സഹായികളും മറ്റ് ഉപകരണങ്ങളും നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണ്.

(2) കോക്ലിയർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിക്ക് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ഓരോ വർഷവും 50,000 രൂപ നിരക്കിൽ ആകെ കുട്ടികൾക്കു വേണ്ട തുക കണക്കാക്കി കുട്ടികളുടെ ലിസ്റ്റ് സഹിതം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് മുടക്കം കൂടാതെ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും നൽകേണ്ടതാണ്.

**സി ) മാനസിക വെല്ലുവിളികൾ നേരിടുന്നവർ**

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഡോക്ടറുടെ നിർദ്ദേശാനുസരണമുള്ള കൗൺസിലിംഗ്, മരുന്നുകൾ എന്നിവ നൽകണം.

**(ഡി ) കാഴ്ച കുറഞ്ഞവർ**

(1) ചലനത്തിനായുള്ള പ്രത്യേക ഉപകരണങ്ങൾ, വൈറ്റ് കെയിൻ

(2) ഹാൻഡ് ഹെൽഡ് സ്റ്റാന്റ് ലൈറ്റുള്ളവയും അല്ലാത്തവയുമായ മാഗ്നിഫൈയേഴ്സ്, സ്പീച്ച് സിന്തസൈസേഴ്സ്, കമ്പ്യൂട്ടർ/ലാപ്പ്ടോപ്പ് ഇവക്കാവശ്യമായ ബ്രെയിലി അറ്റാച്ച്മെന്റുകൾ, ടോക്കിംഗ് ഹിയറിംഗ് സോഫ്റ്റ്‌വെയർ ഉള്ള ലാപ്പ്ടോപ്പും കമ്പ്യൂട്ടറുകളും മറ്റു അനുബന്ധ ഉപകരണങ്ങളും.

(3) കാഴ്ച കുറഞ്ഞവർക്കും കേൾവിശക്തി കുറഞ്ഞവർക്കുമായി ടെലഫോണിൽ ഘടിപ്പിക്കുന്ന ബ്രയിലിഅറ്റാച്ച് മെന്റുകൾ

(4) ബ്രെയിലി എഴുത്തിനുപകരിക്കുന്ന ഉപകരണങ്ങൾ – ഷോർട്ട് ഹാൻഡ് ബ്രെയിലി മെഷീൻ, പത്താം ക്ലാസ്സ് ജയിച്ച വിദ്യാർത്ഥികൾക്ക് ബ്രെയിലി ടൈപ്പ്റൈറ്റർ, ടോക്കിംഗ് സൗകര്യത്തോടു കൂടിയ ലാപ്ടോപ്പ്/കമ്പ്യൂട്ടർ കാൽക്കുലേറ്ററുകൾ, റെയ്സ്ഡ് മാപ്പ്, ഗ്ലോബ് തുടങ്ങിയവ.

(5) പ്രത്യേക പഠന സാമഗ്രികൾ

(6) കാഴ്ചശക്തി ഇല്ലാത്തവർക്ക് ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള വാച്ച്.

**7.1.3 ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കൽ**

(1) ഓരോരുത്തരേയും പരിശോധിച്ച് അവർക്ക് ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ച ശേഷംമാത്രമേ പ്രോജക്ട് തയ്യാറാക്കാവൂ. ഇതിനായി പ്രൊജെക്ട് തയ്യാറാക്കുന്നതിന് മുമ്പ് ഉപകരണങ്ങളുടെ ആവശ്യകത നിർണയ ക്യാമ്പ് നടത്തണം. ഒപ്പം മെഡിക്കൽ ബോർഡ് ശുപാർശ ചെയ്യുന്ന ഉപകരണങ്ങളും നൽകണം. കേരള സാമൂഹ്യ സുരക്ഷ മിഷൻ നൽകിയിട്ടുള്ള ഐഡന്റിറ്റി കാർഡ് ഉള്ളവരെയും പരിഗണിക്കേണ്ടതാണ്.

(2) എല്ലാ ഗ്രാമ-നഗര ഭരണ സ്ഥാപനങ്ങളും അടുത്ത വർഷത്തെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ഭിന്നശേഷിക്കാരുടെ വൈകല്യം നിശ്ചയിക്കുന്നതിനുമായി വൈദഗ്ധ്യമുള്ള സർക്കാർ ഡോക്ടർമാരുടെ ടീമിനെ ഉൾപ്പെടുത്തി എല്ലാ നവംബർ മാസങ്ങളിലും വരും വർഷത്തെ പ്രോജക്ട് തയ്യാറാക്കാനായി ക്യാമ്പ്നടത്തേണ്ടതാണ്.

(3) ക്യാമ്പിൽ പങ്കെടുക്കുന്ന വ്യക്തിക്കും ആവശ്യമെങ്കിൽ ഒരു സഹായിക്കും കൂടി ഭക്ഷണം -യാത്രാ ചെലവുകൾക്കായി പരമാവധി 250 രൂപ ക്രമത്തിൽ നൽകാവുന്നതാണ്.

(4) ഉപകരണം ഉള്ളവർക്ക് തന്നെ വീണ്ടും അത് നൽകുന്നത് ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത്/ നഗരഭരണ സ്ഥാപനങ്ങൾ അതിനായി ഒരു ഡിജിറ്റൽ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

**7.1.4 ഉപകരണങ്ങൾ വാങ്ങൽ**

(1) ആവശ്യമായ ഉപകരണങ്ങൾ ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ, ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ച്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ഹൈദരാബാദ്/കാൺപൂർ), National Institute of Physical Medicine & Rehabilitation (NIPMER തൃശ്ശൂർ, കല്ലേറ്റുംകര), മറ്റ് സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് നേരിട്ടും സർക്കാർ നിർദ്ദേശിക്കുന്ന ഗുണമേന്മ സർട്ടിഫിക്കേഷൻ ഉള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഇ ടണ്ടർ/ ടെണ്ടർ മുഖേനയും വാങ്ങാവുന്നതാണ്.

(2) ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ നൽകുന്നതിനുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടെ ഇത്തരം പ്രോജക്ടുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ നിന്നും വിഹിതം നൽകാവുന്നതാണ്. ഖണ്ഡിക 7.12(എ)(6)ൽ പ്രതിപാദിച്ചിട്ടുള്ള സൈഡ് വീൽ ഘടിപ്പിച്ചിട്ടുള്ള സ്കൂട്ടർ നൽകുന്ന പ്രോജക്ട് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രം ഏറ്റെടുക്കേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റ് ഗ്രാമപഞ്ചായത്ത് തീരുമാനത്തോടെ നൽകിയവയായിരിക്കണം.

(3) ഗുണഭോക്താക്കളുടെ പേരുവിവരവും ഓരോരുത്തർക്കും വേണ്ട ഉപകരണങ്ങളുടെ ലിസ്റ്റും (ഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്) ലഭിച്ചശേഷം മാത്രമേ ഉപകരണങ്ങൾ വാങ്ങാവൂ.

(4) ഭിന്നശേഷി വിഭാഗക്കാർക്ക് ഉപകരണം വാങ്ങുന്ന പ്രോജക്ടുകൾ ICDS സൂപ്പർ വൈസർ, CDPO, ജില്ലാ സാമൂഹ്യനീതി ഓഫീസർ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി വേണം പ്രോജക്ട് നിർവഹണം നടത്തേണ്ടത്. എന്നാൽ മെഡിക്കൽ ഉപകരണങ്ങളുടെ ഉപയോഗക്ഷമത ഉറപ്പാക്കുന്നതിന് മെഡിക്കൽ ഓഫീസറുടെ സഹായം ആവശ്യമെങ്കിൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

**7.1.5 ജില്ലാതലത്തിൽ സഹായ ഉപകരണങ്ങളുടെ റിപ്പയർ & സർവ്വീസ് സെൻററു:-**

ഉപകരണങ്ങളുടെ ഗ്യാരന്റി കാലാവധിക്കു ശേഷമുള്ള അറ്റകുറ്റപ്പണിയും സർവ്വീസും ലഭ്യമാക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള ഭിന്നശേഷിക്കാരെക്കൂടി ഉൾപ്പെടുത്തി റിപ്പയർ & സർവ്വീസ് സെന്റർ ജില്ലാതലത്തിൽ ആരംഭിക്കുന്നത് പരിഗണിക്കണം. ജില്ലാ പഞ്ചായത്തിനും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്.

**7.1.6 ശാരീരിക – മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും**

(എ) ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അനുവദനീയമായ സ്കോളർഷിപ്പ്, യാത്രബത്ത തുടങ്ങിയവയുടെ നിരക്കുകൾ എ പട്ടികയിലും മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ആനുകൂല്യങ്ങൾ ബി, സി, ജി എന്നീ പട്ടികകളിലും നൽകിയിട്ടുള്ളത് പരിശോധിക്കുക.

(ഇ) സ്കോളർഷിപ്പ്/ബത്ത നൽകൽ

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന അർഹരായ മുഴുവൻ കുട്ടികൾക്കും സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ അതത് മാസം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും പ്രോജക്ട് ഏറ്റെടുക്കണം. ഒപ്പം ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളും ആസൂത്രണ മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ വിഹിതം വകയിരുത്തി ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറണം. ഇത് ICDS സൂപ്പർ വൈസർ/ CDPO മോണിട്ടർ ചെയ്യണം. ധനസഹായം നൽകേണ്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ICDS സൂപ്പർ വൈസർ CDPO മുഖേന ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് മുൻകൂട്ടി നൽകേണ്ടതാണ്. ഇതിന് ജില്ലാ ആസൂത്രണ സമിതി മേൽനോട്ടം വഹിക്കേണ്ടതാണ്. പ്രതിമാസ സ്കോളർഷിപ്പ്/ബത്ത കുട്ടിയുടെയും (ഗുണഭോക്താവ്) രക്ഷകർത്താവിന്റെയും ജോയിന്റ് ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത്

**7.1.7** തീവ്ര ചലനവൈകല്യമുള്ള ഭിന്നശേഷിക്കാരുടെ രക്ഷകർത്താക്കൾക്ക് കുട്ടികളുമായി യാത്ര ചെയ്യുന്നതിന് സൈഡ് കാര്യുള്ള സ്കൂട്ടറുകൾ വാങ്ങി നൽകാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് ഇതിനായി പ്രോജക്ട് എടുക്കാവുന്നതാണ്.

**കുറിപ്പ് :**

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളും അല്ലാത്തവരും ഏത്

തദ്ദേശഭരണസ്ഥാപനത്തിലെ സ്ഥിരതാമസക്കാരാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായംനൽകേണ്ടത്.

2. ധനസഹായത്തിന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെയും അല്ലാത്തവരുടേയും പട്ടിക ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്

**7.1.8 ബഡ്സ് സ്കൂൾ:**

(1) ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ ബഡ്സ് സ്കൂളുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും സ്ഥാപിക്കാവുന്നതാണ്. നിശ്ചിത യോഗ്യതയുള്ളവരെ ടീച്ചർമാരായി നിയമിക്കാവുന്നതും. താഴെപറയും പ്രകാരം ഓണറേറിയം നൽകാവുന്നതുമാണ്.

| ക്ര നം | തസ്തിക | യോഗ്യത | പ്രതിമാസ ഓണറേറിയം (രൂപ) |
|---|---|---|---|
| 1 | സ്പെഷ്യൽ ടീച്ചർ | 1) B Ed Special Education (MR, CP Autism<br>2) D Ed Special (MR, CP, AUTISM,, HI, VI)<br>3) Diploma in Early Childhood Special Education - MR (DECSE - MR)<br>4) Diploma in Community Based Rehabilitation<br>5) Diploma in Vocational Rehabilitation<br>6) Diploma in Special Education (DSE)<br>**Note:-** | 32,560 |

| | | | |
|---|---|---|---|
| | | MR – Mental Retardation<br>CP– Cerebral Palsy<br>HI – Hearing Impairment<br>VI – Visual Impairment | |
| 2 | അസിസ്റ്റന്റ് ടീച്ചർ (without Special Training) | Plus Two | 24,520 |
| 3 | ആയ | | 18,390 |

(2) സ്പെഷ്യൽ ടീച്ചർ, അസിസ്റ്റന്റ് ടീച്ചർ, ആയ എന്നിവർക്ക് സ.ഉ.(പി) നം.29/2021/ധന, തീയതി 11.02.2021 ഉത്തരവിലെ യഥാക്രമം കാറ്റഗറി IX (അസിസ്റ്റന്റ് ടീച്ചർ വിത്ത് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾസ് ഫോർ ദ ഹാൻഡിക്യാപ്ഡ്), കാറ്റഗറി V (അസിസ്റ്റന്റ് ടീച്ചർ വിത്തൗട്ട് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾസ് ഫോർ ഹാൻഡിക്യാപ്ഡ് ), കാറ്റഗറി1 (ആയ) വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയാണ് ഓണറേറിയമായി അനുവദിച്ചിട്ടുള്ളത്. ധനകാര്യവകുപ്പ് മേൽപ്പറഞ്ഞ ഉത്തരവ് പരിഷ്കരിക്കുന്ന മുറയ്ക്ക് ആ തീയതി മുതൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള തുക അനുവദിക്കാവുന്നതാണ്.

(3) ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നി സ്പെഷ്യലിസ്റ്റുകൾക്ക് അവർ സേവനം നൽകുന്ന ഓരോ ദിവസത്തിനും 1,180 രൂപ നിരക്കിൽ ഓണറേറിയം നൽകാവുന്നതാണ്.

(4) ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ബഡ്സ് സ്കൂൾകൾക്ക് / റിഹാബിലയിറ്റേഷൻ സെന്ററുകൾക്ക് സ്ഥലം വാങ്ങൽ കെട്ടിടം, നിർമ്മാണം, വർക്ക് ഷെഡ് നിർമ്മാണം, ഫർണീച്ചർ മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് ഇതിനായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും വിഹിതം നൽകവുന്നതാണ്.

**7.1.9 ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ**

1. 29.07.2009 ലെ ജി. ഒ (എം എസ് ) നം 148/2009/തസ്വഭവ 06.04.2013 ലെ ജി. ഒ. (എം.എസ് ) നം 144/2013/എൽ.എസ്.ജി.ഡി. എന്നി ഉത്തരവുകളിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാവുന്നതാണ്.
2. ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിലെ ജീവനക്കാർക്ക് ബഡ്സ് സ്കൂളിലേതിനു തുല്യമായ നിരക്കിൽ ഓണറേറിയം സ്ഥാപനത്തിന്റെ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് നൽകാവുന്നതാണ്.
3. ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവയ്ക്ക് വാഹനം വാങ്ങുന്നതിനുപകരം വാഹനം വാടകയ്ക്ക് എടുക്കാവുന്നതും വാടക തനത് ഫണ്ടിൽ നിന്നും നൽകേണ്ടതുമാണ്. തനത് ഫണ്ടില്ലാത്ത സ്ഥാപനങ്ങളിൽ വികസനഫണ്ട് (ജനറൽ) വിനിയോഗിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിനും ഇതിൽ പങ്കാളിയാകാം.

**7.1.10 ബഡ്സ് റീഹാബിലിറ്റേഷൻ ആൻ്റ് ഫെസിലിറ്റേഷൻ സെൻ്റർ**

അങ്കണവാടികളിലും ലോവർ പ്രൈമറി സ്കൂളുകളിലും പഠിക്കുന്ന കുട്ടികളിലെ സംസാരവൈകല്യം ഉൾപ്പെടെയുള്ള മറ്റ് വ്യത്യസ്ത വൈകല്യങ്ങൾ ബാല്യകാലത്തിൽ തന്നെ തിരിച്ചറിഞ്ഞ് ആവശ്യമായ ചികിത്സ നൽകുന്നതിനായി ഗ്രാമ/നഗരഭരണ സ്ഥാപനതലത്തിൽ സ്പീച്ച്, ബിഹേവിയർ ആൻ്റ് ഓക്കുപ്പേഷണൽ തെറാപ്പി നൽകാൻ കഴിയുന്ന സ്പെഷ്യലിസ്റ്റുകളുടെ സേവനം ഒരു മാസത്തിൽ രണ്ടു തവണയെങ്കിലും ലഭ്യമാക്കണം. ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ ചേർന്ന് ബഡ്സ് റിഹാബിലിറ്റേഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ കേന്ദ്രീകരിച്ച് ഈ സേവനം ലഭ്യമാക്കുന്നതിന് ക്രമീകരണം ചെയ്യാവുന്നതാണ്. കുട്ടികളെ രക്ഷകർത്താക്കൾ തന്നെ നിശ്ചിത ദിവസങ്ങളിൽ സെന്ററുകളിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കണം. ഓരോ സ്പെഷ്യലിസ്റ്റിനും ഒരു സിറ്റിംഗിന് 1000 രൂപ വീതം നൽകണം. കുട്ടികൾക്ക് ആവശ്യമുള്ള റിഫ്രഷ്മെന്റിനും തുക വകയിരുത്താവുന്നതാണ്. കുട്ടികളുടെ ട്രീറ്റ്മെന്റ് ആന്റ് പ്രോഗ്രസ്സ് റിപ്പോർട്ട് രേഖപ്പെടുത്തി സൂക്ഷിക്കണം. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി ഒന്നോ അതിലധികമോ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത് സൗകര്യപ്രദമായിരിക്കും. സി.ഡി.പി.ഒ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ഇതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

**7.1.12 സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്ററിലേക്ക്**

മാനസികരോഗം വന്ന് സെന്ററിൽ ചികിത്സയിലുള്ളവർക്ക് ആവശ്യമായ മരുന്ന് വകുപ്പ് മുഖേന ലഭ്യമല്ലാതെ വന്നാൽ ആവശ്യമായ മരുന്ന് ജില്ലാപഞ്ചായത്തിന് വാങ്ങി നൽകാവുന്നതാണ്

**7.1.13 ഭിന്നശേഷിക്കാരായ കുട്ടികളുടെ കായിക കലാ മത്സരങ്ങൾ**

(1) ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തല മത്സരം

സംസ്ഥാനത്തെ എല്ലാ ഗ്രാമ/നഗരഭരണ സ്ഥാപനങ്ങളിലും ഭിന്നശേഷിക്കാരായ എല്ലാ കുട്ടികളുടെയും കായിക കലാ മത്സരങ്ങൾ ഓരോ വർഷവും നടത്തേണ്ടതാണ്. കുട്ടികളുടെ ശാരീരിക മാനസികോല്ലാസത്തിന് സഹായകമായതും അവർക്ക് പങ്കെടുക്കാൻ കഴിയുന്നതുമായ ഏകദിന മത്സരങ്ങൾ നടത്താവുന്നതാണ്. വിജയികളാകുന്നവർക്ക് സമ്മാനങ്ങളും പങ്കെടുക്കുന്ന എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങളും നൽകേണ്ടതാണ്. കുട്ടികളുടെ അദ്ധ്യാപകരെയും രക്ഷിതാക്കളെയും ആഘോഷത്തിൽ പങ്കെടുപ്പിച്ച് ആകർഷകവും സന്തോഷകരവുമായ ഒരു കൂടിച്ചേരലാക്കി ഇതു മാറ്റാൻ കഴിയണം. കുട്ടികൾക്ക് റിഫ്രെഷ്മെന്റും ഉച്ചഭക്ഷണവും നൽകണം കുട്ടികൾക്കും രക്ഷകർത്താവിനും യാത്രാച്ചെലവിനായി ആകെ 300 രൂപ നിരക്കിൽ നൽകാവുന്നതാണ്. ഭക്ഷണം, സമ്മാനങ്ങൾ പ്രോത്സാഹന സമ്മാനങ്ങൾ, യാത്ര ചെലവ് മറ്റ് ചെലവുകൾ ഉൾപ്പടെ തനത് /വികസന ഫണ്ടിൽ നിന്ന് 75,000 രൂപ വരെ പരമാവധി ചെലവഴിക്കാവുന്നതാണ്.

(2) ബ്ലോക്ക് തല മത്സരം

ഗ്രാമപഞ്ചായത്തുകളിൽ നടക്കുന്ന മത്സരങ്ങൾക്ക് ശേഷം മത്സരയിനങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികളെയും അവരുടെ രക്ഷകർത്താക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് ബ്ലോക്ക് തലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാരുടെ യോഗം വിളിച്ചു ചേർത്ത് ബ്ലോക്ക് തലത്തിലുള്ള മത്സരയിനങ്ങൾ, മത്സര തീയതി, മത്സരം നടക്കുന്ന സ്ഥലം എന്നിവ സംബന്ധിച്ച് ധാരണയിലെത്തണം. കുട്ടികൾക്കും രക്ഷകർത്താവിനും ആകെ 500/- രൂപ നിരക്കിൽ യാത്രാചെലവായി നൽകാവുന്നതാണ്. ഭക്ഷണം, സമ്മാനങ്ങൾ യാത്രാചെലവ്, മറ്റ് ചെലവുകൾ ഉൾപ്പടെ 3 ലക്ഷം രൂപ വരെ തനത് ഫണ്ട്/വികസന ഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് ചെലവഴിക്കാം.

## അദ്ധ്യായം 6

## ഭിന്നശേഷിക്കാർക്കായുള്ള പങ്കാളിത്ത സംവിധാനങ്ങൾ

**പങ്കാളിത്തം**

വ്യക്തികൾക്ക് പൊതു തീരുമാനങ്ങളിൽ ഉചിതമായി ഇടപെടുന്നതിനുള്ള അവസരം ഉണ്ടാക്കുകയാണ് പങ്കാളിത്തം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. പങ്കാളിത്ത അവകാശം ജീവനും, സ്വാതന്ത്ര്യത്തിനും, വ്യക്തിത്വ വികസനത്തിനും, സ്വാഭിമാനം നിലനിർത്തുന്നതിനും അനിവാര്യമാണ്. അതുകൊണ്ടുതന്നെ അടിസ്ഥാനപരമായ മനുഷ്യാവകാശം തന്നെയാണ് പങ്കാളിത്തത്തിനുള്ള അവകാശം.

ഭിന്നശേഷിക്കാരുടെ ആവശ്യങ്ങൾ, മുൻഗണനകൾ, ആഗ്രഹങ്ങൾ, അഭിപ്രായങ്ങൾ, ആശയങ്ങൾ, ശേഷികൾ എന്താണെന്നും അവ എങ്ങനെ പ്രാവർത്തികമായി നിർവ്വഹിക്കാമെന്നും ഏറ്റവും നന്നായി അറിയാവുന്നതും അവർക്കുതന്നെയാണ്. അതുകൊണ്ട് അവരുടെ ജീവിതം സംബന്ധിച്ച പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത് അവരുടെകൂടി അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും അറിഞ്ഞുകൊണ്ടും പങ്കാളിത്തത്തോടെയുമായിരിക്കണം.

കേരളത്തിലെ വിവിധ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ അനുഭവത്തിൻറെ പശ്ചാത്തലത്തിൽ ഭിന്നശേഷിക്കാരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഭിന്നശേഷിക്കാർക്ക് വിവിധങ്ങളായ പങ്കാളിത്തവേദികൾ ഒരുക്കേണ്ടതും നിലവിലുള്ളവ ശക്തിപ്പെടുത്തേണ്ടതുമാണ്.

**ഉൾച്ചേർക്കലിന്റെ ആവശ്യകത**

ഭിന്നശേഷിക്കാർക്ക് പ്രത്യേകം പദ്ധതികൾ, പരിപാടികൾ എന്ന രീതിയിലുള്ള കാഴ്ചപ്പാടുകൾ അവരുടെ മുഖ്യധാരയിലേക്കുള്ള പ്രയാണം സാമൂഹ്യവൽകരണം, വികാസം, ജീവിത നൈപുണ്യം എന്നിവയെ പരിമിതപ്പെടുത്തുവാൻ സാധ്യതയുണ്ട്. അതിനാൽതന്നെ പ്രാദേശികമായി ഭിന്നശേഷിക്കാരുടെ സാധ്യതകൾ വിലയിരുത്തി പരമാവധി മുഖ്യധാരാ സംവിധാനങ്ങളുമായി ബന്ധപ്പെടുത്തുകയാണ് ചെയ്യേണ്ടത്.

## I. <u>ഉൾച്ചേർക്കൽ നടത്താവുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ/സംവിധാനങ്ങൾ</u>

1. വികസന സെമിനാർ
2. വർക്കിംഗ് ഗ്രൂപ്പ്
3. ബഡ്സ് വികസന മാനേജ്മെൻറ് സമിതി
4. ജാഗ്രതാ സമിതി/നിയമസഹായവേദി
5. വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ക്ലബ്ബുകൾ
6. പൊതുജന ക്ലബ്ബുകൾ/ സംഘടനകൾ/ റസിഡൻഷ്യൽ അസോസിയേഷൻ/ രാഷ്ട്രീയ-സാംസ്കാരിക സംഘടനകൾ, ട്രേഡ് യൂണിയനുകൾ
7. ബാലസഭ, കുട്ടികളുടെ മറ്റ് കൂട്ടായ്മകൾ
8. അയൽക്കൂട്ടങ്ങൾ, വനിതാ സംഘടനകൾ
9. സ്വകാര്യ മേഖലയിലെ തൊഴിൽ
10. MNREG സ്കീമിലെ പങ്കാളിത്തം

### വികസന സെമിനാർ

കരട് വികസനരേഖയും കരട് പദ്ധതിരേഖയും ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനായി ഏകദിന സെമിനാർ പഞ്ചവത്സരപദ്ധതിയുടെ ആദ്യവർഷത്തിലും തുടർന്നുവരുന്ന വർഷങ്ങളിലും സംഘടിപ്പിക്കേണ്ടതുണ്ടെന്നും, തുടർന്ന് ഓരോ വർഷത്തിലേയും മാർഗ്ഗനിർദ്ദേശത്തിൽ നിഷ്കർഷിക്കുന്നുണ്ട്. വികസന സെമിനാറുകളിൽ ഭിന്നശേഷിക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നത് വാർഷിക പദ്ധതികളിൽ അവർക്ക് ആവശ്യവും അനുയോജ്യവും പ്രായോഗികവും ഫലപ്രദവുമായ പദ്ധതികൾ ഉറപ്പാക്കുന്നതിന് സഹായകരമാകും. വികസന സെമിനാറിന്റെ പൊതുവായ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

- വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശ ഭരണ സ്ഥാപനത്തെ ഒറ്റയൂണിറ്റായി കണ്ടുകൊണ്ടുള്ള പദ്ധതികൾക്ക് രൂപം നൽകുക.
- ഏകോപനവും സംയോജന സാധ്യതകളും പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കുക.
- പദ്ധതികൾ ദീർഘവീക്ഷണത്തോടുകൂടിയതും, യുക്തിസഹമായ മുൻഗണനകൾ പരിഗണിച്ചുകൊണ്ടുള്ളതുമാണെന്നും, അതാത് മേഖലയിൽ സ്വീകരിച്ചിരിക്കുന്ന വികസന തന്ത്രത്തിന് അനുസൃതമായ പദ്ധതികളാണെന്നും ഉറപ്പുവരുത്തും.
- ഇന്നത്തെ അവസ്ഥയും പ്രശ്നങ്ങളും ഭാവിയിലെ ആവശ്യങ്ങളും പരിഗണിച്ച് അനുയോജ്യവും പ്രായോഗികവും ഫലപ്രദവുമായ പ്രൊജക്ടുകളാണ് അതാത് മേഖലയിൽ തയ്യാറാക്കുക.

### വർക്കിംഗ് ഗ്രൂപ്പ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ, സന്നദ്ധ പ്രവർത്തകർ, ഗുണഭോക്താക്കൾ എന്നീ വ്യത്യസ്ത വിഭാഗങ്ങളുടെ പ്രാതിനിധ്യമുള്ള സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ഇതിനായി ഓരോ വിഷയമേഖലയ്ക്കും പ്രത്യേകം പ്രത്യേകം വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കണം. ഇതിൽ സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിലാണ് ഭിന്നശേഷിക്കാരുടെ വിഷയങ്ങൾ വരുന്നതെങ്കിലും മറ്റ് എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നത് അതാത് വിഷയത്തിൽ കൂടുതൽ സാധ്യതകൾ തുറന്നുകിട്ടുന്നതിന് സഹായകരമാകും. സ. ഉത്തരവ് (കൈ) നമ്പർ 84/2022/ത സ്വഭവ തീയതി 19-04-2022 നമ്പർ 86/2022/തസ്വഭവ തീയതി 19-04-2022/ സ.ഉ. (കൈ)

### ജാഗ്രതാ സമിതി

സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അത്തരം പ്രശ്നങ്ങളിൽ പ്രാദേശിക ഇടപെടലുകൾ ശക്തിപ്പെടുത്തുന്നതിനുമായി സംസ്ഥാന വനിതാ കമ്മീഷൻറെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കുന്ന സംവിധാനമാണ് ജാഗ്രതാ സമിതി. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അധ്യക്ഷന്മാർ, ചെയർപേഴ്സണും, ഐസിഡിഎസ് സൂപ്പർവൈസർ കൺവീനറുമായിട്ടുള്ള സമിതിയാണ് ജാഗ്രതാ സമിതി. ജി.ഒ (എം.എസ്) 31/2007/സ.ക്ഷേമ തീയതി 23.06.2017.

സ്ത്രീകളും കുട്ടികളും ഭിന്നശേഷിയുള്ള സ്ത്രീകളും കുട്ടികളുമാണ് കൂടുതൽ അരക്ഷിതാവസ്ഥ അനുഭവിക്കുന്നത്. അതുകൊണ്ടുതന്നെ അവർ അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയമാവുന്നതും വിധേയരാവുന്നതിന്

സാധ്യതയുള്ളവരുമാണ്. ജാഗ്രതാ സമിതികളിലെ ഭിന്നശേഷി വിഭാഗങ്ങളുടെ പങ്കാളിത്തം ഈ പ്രശ്നങ്ങളിൽ ക്രീയാത്മകമായി ഇടപെടുന്നതിന് സഹായകരമാകും.

**വിദ്യാഭ്യാസ സ്ഥാപനങ്ങൾ – അനുബന്ധ ക്ലബ്ബുകൾ/ഫോറങ്ങൾ**

ഒരു വ്യക്തിയുടെ സമഗ്രമായ വികസനത്തിന് ഔപചാരിക വിദ്യാഭ്യാസം അനിവാര്യമാണ്. അതുകൊണ്ടുതന്നെ പൊതുവിദ്യാഭ്യാസ സംവിധാനങ്ങളിലേക്ക് പരമാവധി ഭിന്നശേഷി കുട്ടികളെ ഉൾചേർക്കുന്നതിന് തദ്ദേശ ഭരണസ്ഥപാനങ്ങൾ മുൻകൈ എടുക്കേണ്ടതുണ്ട്. നമ്മുടെ ഭരണഘടന, വിദ്യാഭ്യാസ അവകാശ നിയമം എന്നിവയെല്ലാം മുന്നോട്ടുവെയ്ക്കുന്നത് ഇത്തരമൊരു ആശയമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ (സ്കൂളുകൾ കോളേജുകൾ ഉൾപ്പെടെ) ഭിന്നശേഷിക്കാരുടെ പങ്കാളിത്തം അവരെ മുഖ്യധാരയിലെത്തിക്കുന്നതിന് ഏറ്റവും അനുയോജ്യമായ ഇടപെടലായി മാറും. കൂടാതെ അവിടങ്ങളിലെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രചോദനം നൽകുന്ന വിവിധങ്ങളും വേദികളുമുണ്ട്. അവയിലെ അംഗത്വവും പങ്കാളിത്തവും ഉറപ്പുവരുത്തുക വഴി ഭിന്നശേഷിക്കാരുടെ സാമൂഹ്യമായ ഉൾചേർക്കൽ സാധ്യമാകുന്നു.

**വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിലുള്ള ചില വേദികൾ**

1. സയൻസ് ക്ലബ്
2. സാമൂഹിക ക്ലബ്ബ്
3. സാഹിത്യ ക്ലബ്ബ്
4. പരിസ്ഥിതി ക്ലബ്ബ്
5. വിജിലൻസ് ക്ലബ്
6. എൻ.സി.സി/ സ്കൗട്ട്, എസ്.പി.സി
7. ദുരന്ത നിവാരണ ക്ലബ്
8. പൗൾടി ക്ലബ്
9. സ്വയം പ്രതിരോധ ക്ലബ്
10. ഫോറസ്റ്റ് ക്ലബ്
11. കാർഷിക ക്ലബ്
12. മാത്സ് ക്ലബ്
13. യുവജനോത്സവങ്ങൾ
14. സാഹിത്യ സമാജങ്ങൾ
15. ഗണിത – ശാസ്ത്ര മേളകൾ
16. വിജ്ഞാനോത്സവങ്ങൾ
17. വിവിധ മത്സര പരീക്ഷകൾ/സ്കോളർഷിപ്പ് പരിപാടികൾ
18. സംവാദങ്ങൾ/ചർച്ചാവേദികൾ
19. സ്റ്റുഡൻസ് പാർലമെൻറ്

**ബാലസഭയും കുട്ടികളും മറ്റ് കൂട്ടായ്മകളും**

കുട്ടികളുടെ കലാ-കായിക-മാനസിക-സാംസ്കാരിക പങ്കാളിത്ത വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന കുട്ടികളുടെ സംഘടനാ സംവിധാനമാണ് ബാലസഭ, ബാലസമിതി, ബാലപഞ്ചായത്ത്/നഗരസഭകൾ. അയൽക്കൂട്ടതലത്തിൽ ബാലസഭയും, വാർഡ് തലത്തിൽ ബാലസമിതിയും തദ്ദേശ ഭരണതലത്തിൽ ബാലപഞ്ചായത്ത/നഗരസഭകളുമാണ് ഉള്ളത്. ഇത്തരം സംവിധാനങ്ങളിൽ ഭിന്നശേഷിയുള്ളവരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

കൂടാതെ അനൗപചാരികമായി പ്രവർത്തിക്കുന്ന കുട്ടികളുടെ മറ്റ് കൂട്ടായ്മകളിലും ഇത്തരം പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് കഴിയണം.

**അയൽക്കൂട്ടങ്ങൾ, വനിതാസംഘങ്ങൾ, സംഘടനകൾ**

സ്ത്രീകളുടെ ശാക്തീകരണം, കുടുംബങ്ങളുടെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ചിട്ടുള്ള കുടുംബശ്രീ പദ്ധതിയുടെ ഭാഗമായി ഗ്രാമതലങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മയാണ് അയൽക്കൂട്ടങ്ങൾ. ഒരു കുടുംബത്തിലെ 18 വയസ്സ് പൂർത്തിയായ ഒരു വനിത എന്ന നിലയിൽ 10 മുതൽ 20 വരെയുള്ള കുടുംബങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്. നിശ്ചിത കുടുംബങ്ങളെ ഉൾകൊണ്ടുകൊണ്ടുള്ള അയൽകൂട്ടങ്ങൾ വാർഡ്തലത്തിൽ ഏരിയ ഡെവലപ്മെൻറ് സൊസൈറ്റി തദ്ദേശ ഭരണ സ്ഥാപന തലത്തിൽ കമ്മ്യൂണിട്ടി ഡെവലപ്മെൻറ് സൊസൈറ്റി എന്നിങ്ങനെയാണ് കുടുംബശ്രീയുടെ ഘടന. സ.ഉ.(പി) 198/2014 – തസ്വഭവ തീയതി: 13-11-2014.

അയൽക്കൂട്ടങ്ങളിൽ കഴിയുന്ന അത്രയും ഭിന്നശേഷി വിഭാഗത്തിൽപെട്ട സ്ത്രീകളെ ഉൾപ്പെടുത്തുവാൻ സാധിക്കണം. കൂടാതെ പ്രാദേശികമായും അല്ലാതെയും പ്രവർത്തിക്കുന്ന വനിതാ സംഘങ്ങൾ, സംഘടനകൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവയിലും ഭിന്നശേഷിക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്.

**തൊഴിലുറപ്പ് പദ്ധതിയിലേയും സ്വകാര്യമേഖലകളിലെയും തൊഴിൽ അവസരങ്ങൾ**

അടിസ്ഥാന സമൂഹത്തിൻറെ ജീവിത നിലവാരം ഉയർത്തുന്നതിനും വരുമാനം ഉറപ്പുവരുത്തുന്നതിനും നിയമംമൂലം വ്യവസ്ഥ ചെയ്തിട്ടുള്ള പരിപാടിയാണ് തൊഴിലുറപ്പ് പദ്ധതി. കായികാധ്വാനം ആവശ്യമാണെങ്കിലും അത്തരം തൊഴിലുകളെടുക്കുന്നതിന് ശേഷിയുള്ള ഭിന്നശേഷിക്കാർക്ക് അത് ലഭ്യമാക്കുന്നതിനുള്ള മനഃപൂർവ്വമായുള്ള ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്. കൂടാതെ സ്വകാര്യമേഖലയിലെ തൊഴിൽ സാധ്യതകൾ ഭിന്നശേഷിക്കാർക്ക് ലഭിക്കുന്നതിനുവേണ്ട പരിശ്രമങ്ങൾ നടത്തണം.

**സാമൂഹ്യ വികസന സന്നദ്ധ സംഘടനകൾ/ക്ലബ്ബുകൾ/റസിഡൻഷ്യൽ അസോസിയേഷനുകൾ/ രാഷ്ട്രീയ -സാംസ്കാരിക സംഘടനകൾ/ട്രേഡ് യൂണിയനുകൾ തുടങ്ങിയവ**

സാധ്യമായ എല്ലാ തലങ്ങളിലും ഭിന്നശേഷിക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. അതിനായി സാമൂഹിക വികസന സംഘടനകൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, യുവജനസംഘടനകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, രാഷ്ട്രീയ-സാംസ്കാരിക- ട്രേഡ് യൂണിയനുകൾ എന്നിവയിലെ പങ്കാളിത്തം അവരുടെ വ്യക്തിഗത വികാസത്തിനും സാമൂഹികവൽക്കരണത്തിനും അത്യാവശ്യമാണ്.

## II. <u>ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക പങ്കാളിത്ത സംവിധാനങ്ങൾ</u>

1. പ്രത്യേക ഗ്രാമസഭ
2. പ്രത്യേക അയൽക്കൂട്ടം
3. ഭിന്നശേഷിക്കാരുടെ സ്വാശ്രയസംഘങ്ങൾ/സംഘടനകൾ/സഹകരണസംഘങ്ങൾ
4. ഭിന്നശേഷിക്കാർക്കുള്ള കലാകായിക പരിശീലനങ്ങൾ/മത്സരങ്ങൾ

5. ഭിന്നശേഷി ദിനാചരണം

6. ഭിന്നശേഷിക്കാർക്കായുള്ള പ്രത്യേക പദ്ധതികൾ പരിപാടികൾ

7. തൊഴിൽ മേഖലകളിലെ സംവരണം.

**പ്രത്യേക ഗ്രാമസഭ**

ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് അവർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനതലത്തിൽ സംഘടിപ്പിക്കുന്ന പ്രത്യേക ഗ്രാമസഭയാണിത്.

- ഭിന്നശേഷിക്കാരുടെ ദീർഘകാല വികസനത്തിലും പുനരധിവാസത്തിനും ജീവനോപാധികൾക്കും ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകുക.
- ഭിന്നശേഷിക്കാരുടെ നിയമപരവും സാമൂഹ്യപരവുമായ അവകാശങ്ങളും സംരക്ഷണവും സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുക.

എന്നിവയാണ് ഈ പ്രത്യേക ഗ്രാമസഭകൾകൊണ്ട് ലക്ഷ്യമിടുന്നത്. തദ്ദേശ ഭരണ പ്രദേശത്തെ ഭിന്നശേഷിക്കാരായ എല്ലാവരും ഇതിൽ അംഗങ്ങളായിരിക്കും.

**പ്രത്യേക ഗ്രാമസഭയിൽ താഴെപറയുന്നവർ ക്ഷണിതാക്കളായിരിക്കും**

- സംഘടനാ പ്രതിനിധികൾ
- വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രതിനിധികൾ
- ആശാ വർക്കർമാർ, അങ്കണവാടി പ്രവർത്തകർ, പാലിയേറ്റീവ് നഴ്സ്, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ
- സംഘാടനം : തദ്ദേശ സ്ഥാപന ഭരണസമിതി, ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി
- കൺവീനർ : ചെയർമാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
- അദ്ധ്യക്ഷൻ : പ്രസിഡണ്ട് / ചെയർപേഴ്സൺ

യോഗം വർഷത്തിൽ ഒരുതവണ ചേരുകയും, ഗ്രാമസഭയുടെ തീരുമാനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം.

**പ്രത്യേക അയൽക്കൂട്ടം**

കുടുംബശ്രീ മിഷൻ ഭിന്നശേഷിക്കാർക്കായി ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക അയൽക്കൂട്ടം അവർക്കായുള്ള അനുപ്രധാന സൗഹൃദ സമീപനമാണ്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പരാപ്ലീജിയ രോഗികൾ, എച്ച്.ഐ.വി രോഗികൾ എന്നിവർക്കായുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾ അതാത് വിഭാഗങ്ങളിലുള്ളവർക്ക് അംഗത്വം നൽകുന്നതാണ്. എന്നാൽ ഇവരിൽ ചില വിഭാഗങ്ങൾ സി.ഡി.എസ് തലത്തിൽ നാമമാത്രമായ എണ്ണം/ജനസംഖ്യയുള്ളവരും താമസം വ്യത്യസ്തസ്ഥലങ്ങളിലായി ഉള്ളവരും 10ൽ കുറവ് അംഗങ്ങളുമാണെങ്കിൽ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർക്ക് പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് പ്രസ്തുത അയൽക്കൂട്ടം രൂപീകരിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകാവുന്നതാണ്.

ചലനശേഷി ഇല്ലാത്ത വ്യക്തികളുടെ കാര്യത്തിൽ രക്ഷിതാവായ ഒരു വനിതയോ, ഇല്ലാത്ത സാഹചര്യത്തിൽ അവരുടെ ബന്ധുവായ ഒരു വനിതയെ പ്രസ്തുത അയൽക്കൂട്ടത്തിൽ അംഗമായി ചേർക്കാവുന്നതാണ്. ഇത്തരം അയൽക്കൂട്ട രൂപീകരണ ചുമതല സിഡിഎസിൽ നിക്ഷിപ്തമായിരിക്കും. അയൽക്കൂട്ടത്തിൻറെ പരിധി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ ഒരു വാർഡോ സിഡിഎസ് തീരുമാനപ്രകാരം ഒന്നിലധികം വാർഡുകളോ ചേർന്നതായിരിക്കും.

**ഭിന്നശേഷി വിഭാഗങ്ങളുടെ സ്വാശ്രയസംഘങ്ങൾ/സംഘടനകൾ/സഹകരണ സംഘങ്ങൾ**

ഔപചാരിക തലത്തിലും അനൗപചാരിക തലത്തിലും ഭിന്നശേഷിക്കാരുടെ കൂട്ടായ്മകൾ സംഘടനകൾ എന്നിവ രൂപീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും ഇടപെടൽ ആവശ്യമാണ്. അവരുടെ നേതൃത്വത്തിലും കഴിവിലും അത്തരം സംഘനകൾ പ്രവർത്തിക്കേണ്ടതുണ്ട്. ഭിന്നശേഷിക്കാരായ പുരുഷന്മാർക്കുള്ള സ്വാശ്രയ സംഘങ്ങൾ കുടുംബശ്രീ പ്രത്യേക അയൽക്കൂട്ടം ഇല്ലാത്ത സ്ഥലങ്ങളിൽ സ്ത്രീകളുടെ സ്വാശ്രയ സംഘങ്ങൾ എന്നിവ രൂപീകരിക്കാം. കൂടാതെ പരസ്പര സഹായ കൂട്ടായ്മകൾ, സഹകരണ സംഘങ്ങൾ അവരുടെ ക്ഷേമത്തിനും അവകാശ സംരക്ഷണത്തിനുമായി പ്രവർത്തിക്കുന്ന സംഘടനകൾ എന്നിവ രൂപീകരിക്കുന്നതിനും നിയമത്തിലുള്ളവ മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹനം നൽകേണ്ടതാണ്.

**കലാകായിക പരിശീലനങ്ങൾ – മത്സരങ്ങൾ – മേളകൾ – സമ്പർക്ക സൗഹൃദ വിനോദയാത്രകൾ**

തദ്ദേശ ഭരണ സ്ഥാപനതലങ്ങളിൽ ഭിന്നശേഷിക്കാർക്കായി കലാപരിശീലന യൂണിറ്റുകൾ കായിക പരിശീലന കേന്ദ്രങ്ങൾ എന്നിവ നടത്താവുന്നതാണ്. കൂടാതെ വാർഷിക മത്സരപരിപാടികൾ, കരകൗശല വസ്തുക്കളുടെയും നിർമ്മിതികളുടെയും, പ്രദർശനവും വിൽപനയും ഭിന്നശേഷിക്കാരുടെയും രക്ഷിതാക്കളുടെയും സംഗമങ്ങൾ, വിനോദയാത്രകൾ എന്നിവ സംഘടിപ്പിക്കാം.

**സ്പെഷ്യൽ ഒളിംപിക്സ്**

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ കായികശേഷി ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ 1980 ൽ രൂപം കൊണ്ടതാണ് സ്പെഷ്യൽ ഒളിമ്പിക്സ്. "എന്നെ ജയിക്കാൻ അനുവദിക്കു – എനിക്ക് നേടാൻ കഴിയുന്നില്ലെങ്കിലും അതിനായി ശ്രമിക്കാനുള്ള ധൈര്യം എനിക്കുണ്ടാവട്ടെ" (Let me win, But if I cannot win, Let me be brave in the attempt) 1968 ൽ ചിക്കാഗോയിൽ ആദ്യ അന്താരാഷ്ട്ര മത്സരം അരങ്ങേറി. പൂർണ്ണമായുള്ള ഒരു സന്നദ്ധ സംഘടനാ പ്രവർത്തനമാണെങ്കിലും ഓരോ സ്പെഷ്യൽ സ്കൂളും തയ്യാറെടുപ്പ് നടത്തി ജില്ലാ–സംസ്ഥാന–രാഷ്ട്ര മത്സരങ്ങൾക്ക് ശേഷമാണ് സ്പെഷ്യൽ ഒളിമ്പിക്സിൽ മത്സരിക്കുന്നത്.

**പാരാലിമ്പിക്സ് – അടുത്ത പേജിലേക്ക് മാറ്റുക**

ആറ് തരത്തിലുള്ള ഭിന്നശേഷി (ആമ്പ്യൂട്ടീസ്, സെറിബ്രൽ പാഴ്സി, വിഷൽ ഇംപ്ലയർമെൻറ്, സ്പൈനൽ കോഡ് ഇൻജുറീസ്, ഇൻറലക്ച്വൽ ഡിസെബിലിറ്റി ഇത്തരം വിഭാഗങ്ങൾപെടാത്ത Dwarfism പോലുള്ള പരിമിതികൾ) വിഭാഗങ്ങളിൽപ്പെട്ടവർക്ക് അന്തർദേശീയ തലത്തിൽ സംഘടിപ്പിക്കപ്പെടുന്ന കായിക മത്സരമാണ് പരാലിമ്പിക്സ്.

**ദിനാചരണങ്ങൾ**

ഡിസംബർ -3 അന്താരാഷ്ട്ര ഭിന്നശേഷി ദിനം
ഡിസംബർ - 10 - മനുഷ്യാവകാശ ദിനം
ഏപ്രിൽ 2 - അന്തരാഷ്ട്ര ഓട്ടിസം ബോധവത്കരണ ദിനം

**പ്രത്യേക പദ്ധതികൾ/പരിപാടികൾ**

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഭിന്നശേഷിക്കാർക്കായി ക്ഷേമ-പുനരധിവാസ - വികസന പരിപാടികൾ പ്രത്യേക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാവുന്നതാണ്. തദ്ദേശണഭരണസ്ഥാപനങ്ങൾ പൊതുവിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം എസ്.സി, എസ്.ടി, ടി.എസ്.പി എന്നിവ കൂടിയ തുകയുടെ 5% കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി വകയിരുത്തണം. (സ.ഉ.(കൈ)നം 84/2022/കസ്വഭവ തീയതി : 19-04-2022)

# അദ്ധ്യായം 7

# ഭിന്നശേഷിക്കാർക്കായുള്ള സർക്കാർ സംവിധാനങ്ങൾ

**ഭിന്നശേഷി ഉള്ളവർക്കായുള്ള സഹായസംവിധാനങ്ങൾ അവകാശസംരക്ഷണ നിയമങ്ങൾ, ഇളവുകൾ**

തുല്യമായ അവകാശങ്ങളാണ് ഇന്ത്യയുടെ ഭരണഘടന എല്ലാ പൗരന്മാർക്കും വാഗ്ദാനം ചെയ്യുന്നത്. ജാതി, മത, ലിംഗ വ്യത്യാസങ്ങളെയോ ശാരീരികവും മാനസികവുമായ പരിമിതികളെയോ തമ്മിൽ വിവേചനം കൂടാതെ എല്ലാവരെയും തുല്യമായി കാണാനാണ് അത് സമൂഹത്തോട് ആവശ്യപ്പെടുന്നത്. ഭരണഘടനയുടെ 45-ആം ഖണ്ഡിക പതിനാലു വയസിനു താഴെയുള്ള എല്ലാ കുട്ടികൾക്കും (മാനസികവും ശാരീരികവുമായ പരിമിതികൾ അനുഭവിക്കുന്നവർ ഉൾപ്പടെ) നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പു നൽകുന്നുണ്ട്.

**വിദ്യാഭ്യാസ അവകാശ നിയമം 2009**

6 മുതൽ 14 വയസ്സുവരെയുള്ള മുഴുവൻ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കുന്നത് സർക്കാരിന്റെ ബാധ്യസ്തതയാണെന്ന് ഈ നിയമം പ്രഖ്യാപിക്കുന്നു. ഭരണഘടനയുടെ അനുഛേദം 21 എ യിൽ ഉൾപ്പെടുത്തികൊണ്ട് ഈ നിർദ്ദേശം ഭരണഘടനാനുസൃതവും മൗലികാവകാശങ്ങളിൽ ഉൾപ്പെട്ടതുമായി മാറിയിട്ടുണ്ട്. കുട്ടികളുടെ പ്രായഘടനപരമായ നിർവ്വചനത്തിൽ ഭിന്നശേഷിക്കാരായ കുട്ടികളും ഉൾപ്പെടുന്നു. അതുകൊണ്ട് തന്നെ അവർക്കും സൗജന്യ നിർബന്ധിത വിദ്യാഭ്യാസം ഉറപ്പു വരുത്തേണ്ടതാണ്.

**കേരള സാമൂഹ്യ നീതി വകുപ്പ് പദ്ധതികൾ**

| ക്രമ . നം | സ്കീം | ധനസഹായം | നിർവ്വഹണ ഏജൻസി | റിമാർക്സ് |
|---|---|---|---|---|
| 1. | മാതൃജ്യോതി | 2000/- രൂപ പ്രതിമാസം | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 1) ഭിന്നശേഷിക്കാരായ അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിന്റെ പരിചരണത്തിന് കുഞ്ഞിന് 2 വയസ്സ് തികയുന്നത് വരെ<br>2) അപേക്ഷകൾ ഓൺലൈൻ ആയി സുനീതി പോർട്ടലിൽ കൂടി സമർപ്പിക്കണം<br>***(Ref-സുനീതി പോർട്ടൽ, സാമൂഹ്യനീതി വകുപ്പ്)*** |
| 2. | വിദ്യാകിരണം | • 1st to 5th STD - 300/-<br>• 6th to 10th STD - 500/-<br>• +1, +2 ITI - 750/-<br>• Degree, PG, Politechnic & Other Professional courses - 1000/- പ്രതിമാസം | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | 1) ഭിന്നശേഷിക്കാരായ മാതാ/പിതാക്കളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്<br>2) ഒരു ജില്ലയിൽ 25 കുട്ടികൾക്ക് 10 മാസത്തേക്ക് നൽകുന്നു<br>***(Ref-സുനീതി പോർട്ടൽ, സാമൂഹ്യനീതി വകുപ്പ്)*** |
| 3. | വിദ്യാജ്യോതി | • 9th to 10th STD - 1000/- + Uniform - 1500/-<br>• +1, +2 , ITI, VHSC, Politechnic - 2000/- + Uniform - 1500/-<br>• UG, PG, Diploma & Other Professional courses - 3000/- | ജില്ലാ സാമൂഹ്യ നീതി ഓഫീസർ | ഒമ്പതാം ക്ലാസ്സ് മുതൽ പി.ജി വരെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പഠനോപകരണങ്ങളും യൂണിഫോമും വാങ്ങുന്നതിന് ധനസഹായം<br>***(Ref-സുനീതി പോർട്ടൽ, സാമൂഹ്യനീതി വകുപ്പ്)*** |

<table>
<tr><th>ക്രമ. നം</th><th>സ്കീം</th><th>ധനസഹായം</th><th>നിർവ്വഹണ ഏജൻസി</th><th>റിമാർക്സ്</th></tr>
<tr><td>4.</td><td>വിജയാമൃതം</td><td>UG– 8000/–<br>(10 കുട്ടികൾക്ക് ഓരോ ജില്ലയിലും )<br>PG, Professional courses – – 10000/–<br>(ജില്ലയിൽ 1 കുട്ടിക്ക് മാത്രം)</td><td>ജില്ലാ സാമൂഹ്യ നീതി ഓഫീസർ</td><td>UG, PG, Prof Course എന്നിവയിൽ ഉന്നത വിജയം നേടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്<br>*(Ref-സുനീതി പോർട്ടൽ, സാമൂഹ്യനീതി വകുപ്പ്)*</td></tr>
<tr><td>5.</td><td>വിദൂര വിദ്യാഭ്യാസ സ്കോളർഷിപ്പ്</td><td>കോഴ്സ് ഫീസ് യൂണിവേഴ്സിറ്റിയിൽ ഒടുക്കുന്നു</td><td>ജില്ലാ സാമൂഹ്യ നീതി ഓഫീസർ</td><td>ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം. പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ മുഖേന വീട്ടിൽ താമസിച്ച് പഠനം നടത്തുന്നതിന്<br>*(Ref-സുനീതി പോർട്ടൽ, സാമൂഹ്യനീതി വകുപ്പ്)*</td></tr>
<tr><td>6.</td><td>സ്വാശ്രയ</td><td>35,000/–</td><td>ജില്ലാ സാമൂഹ്യ നീതി ഓഫീസർ</td><td>70% മുകളിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി<br>*(Ref-സുനീതി പോർട്ടൽ, സാമൂഹ്യനീതി വകുപ്പ്)*</td></tr>
<tr><td>7.</td><td>സ്നേഹയാനം</td><td>ഇലക്ട്രിക് ഓട്ടോയും വില</td><td>ജില്ലാ സാമൂഹ്യ നീതി ഓഫീസർ</td><td>ഓട്ടിസം, സെറിബ്രൽ പാൾസി, എം.ഡി എന്നിവ ബാധിച്ച കുട്ടികളുടെ അമ്മമാർക്ക്<br>*(Ref-സുനീതി പോർട്ടൽ, സാമൂഹ്യനീതി വകുപ്പ്)*</td></tr>
<tr><td>8.</td><td>പരിണയം</td><td>30,000/–</td><td>ജില്ലാ സാമൂഹ്യ നീതി ഓഫീസർ</td><td>ഭിന്നശേഷിക്കാരായ മാതാ/പിതാക്കളുടെ പെൺമക്കൾ/ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കുള്ള ധനസഹായം<br>*(Ref-സുനീതി പോർട്ടൽ, സാമൂഹ്യനീതി വകുപ്പ്)*</td></tr>
<tr><td>9.</td><td>ചികിത്സാധന സഹായം</td><td>5000/–</td><td>ജില്ലാ സാമൂഹ്യ നീതി ഓഫീസർ</td><td>ഭിന്നശേഷി ദുരിതാശ്വാസ നിധിയിൽ നിന്നുമുള്ള ചികിത്സാ ധനസഹായ പദ്ധതി<br>*(Ref-സുനീതി പോർട്ടൽ, സാമൂഹ്യനീതി വകുപ്പ്)*</td></tr>
<tr><td>10.</td><td>ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്</td><td><table>
<tr><th>താമസം വീട്ടിൽ</th><th>താമസം ഹോസ്റ്റലിൽ</th><th>വായനയ്ക്ക്</th></tr>
<tr><td colspan="3">**$1^{st}$ to $4^{th}$ Std**</td></tr>
<tr><td>300</td><td></td><td>200</td></tr>
<tr><td colspan="3">**$5^{th}$ to $10^{th}$ Std**</td></tr>
<tr><td>500</td><td></td><td>200</td></tr>
<tr><td colspan="3">**+1, +2, ITI**</td></tr>
<tr><td>750</td><td>1000</td><td>300</td></tr>
<tr><td colspan="3">**UG, PolyTechnic**</td></tr>
<tr><td>1000</td><td>1500</td><td>400</td></tr>
<tr><td colspan="3">**PG, Prof Courses**</td></tr>
<tr><td>1000</td><td>1500</td><td>400</td></tr>
</table></td><td>ജില്ലാ സാമൂഹ്യ നീതി ഓഫീസർ</td><td>കുടുംബവാർഷിക വരുമാനം – 36,000/–<br>*(Ref-സുനീതി പോർട്ടൽ, സാമൂഹ്യനീതി വകുപ്പ്)*</td></tr>
</table>

**കാഴ്ച്ചവൈകല്യമുള്ളവർക്കുള്ള പദ്ധതികൾ**

<u>കുറഞ്ഞ കാഴ്ചശക്തിയുള്ളവർക്ക് ശക്തിയേറിയ മാഗ്നിഫൈയിംഗ് ഗ്ലാസ്/ ടെലസ്കോപ്പ് മൗണ്ടഡ് സ്പെക്സ് വാങ്ങുന്നതിനുള്ള ധനസഹായം അനുവദിക്കുന്നു) (500 പേർക്ക്)</u>

**എ.** ഈ പദ്ധതി സംയുക്തമായി നടപ്പിലാക്കുന്നു.

1. സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ കാര്യാലയം
2. സാമൂഹ്യ സുരക്ഷാ മിഷൻ
3. ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ

**ബി** പരമാവധി അനുവദിക്കുന്ന തുക 5000/-

**സി.** ചെലവാകുന്ന തുകയുടെ ബില്ല് നേത്രരോഗ വിദഗ്ധൻ മേലൊപ്പ് ചാർത്തി വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ശിശുവികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കുന്നു.

**ഡി.** ആവശ്യമായ രേഖകൾ

1. ഭിന്നശേഷി സർട്ടിഫിക്കറ്റ്
2. വരുമാന സർട്ടിഫിക്കറ്റ് (1 ലക്ഷം രൂപ)

**ഇ.** ശിശുവികസന പദ്ധതി ഓഫീസർമാർ അപേക്ഷകൾ പരിശോധിച്ച് തുക അനുവദിക്കുവാൻ ജില്ലാ ഓഫീസർമാർക്ക് ശുപാർശ ചെയ്യുന്നു.

**എഫ്.** ജില്ലാ സാമൂഹ്യനീതിവകുപ്പ് ഓഫീസമാരാണ് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

കാഴ്ച വൈകല്യമുള്ളവർക്ക് വൈറ്റ്കെയിൻ നൽകുന്ന പദ്ധതി(2000 പേർക്ക് നൽകുന്നു)

ഈ പദ്ധതി സംയുക്തമായി നടപ്പിലാക്കുന്നു.

1. സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം
2. സാമൂഹ്യ സുരക്ഷാ മിഷൻ
3. ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ

**യോഗ്യതകൾ**

**എ):** 80%-ൽ കൂടുതൽ കാഴ്ച വൈകല്യം (ഭിന്നശേഷി സർട്ടിഫിക്കറ്റ്)

**ബി)** അപേക്ഷകൾ അടുത്തുള്ള അങ്കണവാടികൾ മുഖേന ശിശുവികസന പദ്ധതി ഓഫീസർമാർക്ക് നൽകണം. ശിശു വികസന പദ്ധതി ഓഫീസർമാർ അർഹരായ അപേക്ഷകൾ ശുപാർശയോട് കൂടി ജില്ലാ ഓഫീസർമാർക്ക് സമർപ്പിക്കണം. ജില്ലാ സാമൂഹ്യ നീതി വകുപ്പ് ഓഫീസർമാർ White Cane വാങ്ങി ശിശു വികസന പദ്ധതി ഓഫീസർമാർ മുഖേന വിതരണം നടത്തുന്നു.

**സി)** ഗുണഭോക്താവ് മറ്റ് ഏജൻസി /സർക്കാർ മുഖേന ഈ ആനുകൂല്യം ലഭ്യമായിട്ടില്ലായെന്ന് സത്യവാങ്മൂലം നൽകണം.

കാഴ്ച്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് Braille Kit അനുവദിക്കുന്ന പദ്ധതി ( 1000 പേർക്ക്)

1. Braille Kit - 7-ആം ക്ലാസ് മുതൽ ഡിഗ്രി വരെ പഠിക്കുന്ന കുട്ടികൾക്ക് അനുവദിക്കുന്നു.
2. ഈ പദ്ധതി സംയുക്തമായി നടപ്പിലാക്കുന്നു.

സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം

സാമൂഹ്യ സുരക്ഷാ മിഷൻ

ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ

Braille Kit -750/- രൂപ ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മുഖേന വാങ്ങി നൽകുന്നു.

3. നിശ്ചിതഫോറത്തിൽ ശിശു വികസന പദ്ധതി ഓഫീസർക്ക് അപേക്ഷിക്കണം. ശിശു വികസന പദ്ധതി ഓഫീസർ അർഹത പരിശോധന നടത്തി തുക അനുവദിക്കുന്നതിന് ജില്ലാ സാമൂഹ്യ നീതിവകുപ്പ് ആഫീസർക്ക് ശുപാർശ ചെയ്യുന്നു.

**കാഴ്ച്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് Talking Calculator അനുവദിക്കുന്ന പദ്ധതി (100 പേർക്ക് )**

1. 7–ആം ക്ലാസ് മുതൽ ഡിഗ്രിവരെയുള്ള കുട്ടികൾക്ക് അനുവദിക്കുന്നു.
2. വിദ്യാഭ്യാസ കാര്യാലയ മേധാവി മുഖാന്തിരം അപേക്ഷകൾ ശിശുവികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കണം
3. വാർഷിക വരുമാനം – ഒരു ലക്ഷം
4. രണ്ട് വർഷത്തിനുള്ളിൽ ടി ആനുകൂല്യം ലഭ്യമായിട്ടില്ലായെന്ന് വിദ്യാഭ്യാസ സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രം വേണം.
5. Talking Calculator 1000/-
6. ഈ പദ്ധതി സാമൂഹ്യനീതി ഡയറക്ടർ, സാമൂഹ്യ സുരക്ഷാ മിഷൻ, ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ സംയുക്തമായി നടപ്പിലാക്കുന്നു.

**കാഴ്ച്ച വൈകല്യമുള്ളവർക്ക് Daisy Player System നൽകുന്ന പദ്ധതി**

7–ആം ക്ലാസ് മുതൽ പഠിക്കുന്ന കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നു.

1. സ്കൂൾ മേധാവി മുഖാന്തരം ശിശുവികസന പദ്ധതി ഓഫീസർമാർക്ക് അപേക്ഷ സമർപ്പിക്കണം.
2. പരമാവധി 9500/– രൂപ അനുവദിക്കുന്നു.
3. ഈ പദ്ധതി സംയുക്തമായി സാമൂഹ്യനീതിവകുപ്പ് ഡയറക്ടറുടെ കാര്യാലയം, സാമൂഹ്യ സുരക്ഷാ മിഷൻ, ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ എന്നിവർ ചേർന്നാണ് നടപ്പിലാക്കുന്നത്.

വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ശിശുവികസന പദ്ധതി ഓഫീസർക്ക് സമർപ്പിക്കണം. ശിശുവികസന പദ്ധതി ഓഫീസർമാർ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് അർഹത സർട്ടിഫിക്കറ്റ് സഹിതം ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് നൽകുന്നതും ജില്ലാ സാമൂഹ്യ നീതി ഓഫീസർ തുക അനുവദിക്കുന്നതും ആണ്.

**സ്കോളർഷിപ്പ് തദ്ദേശസ്ഥാപനേതരം**

ഒന്നാം സ്റ്റാൻഡേഡ് മുതൽ ബിരുദാന്തര ബിരുദം വരെ പഠിക്കുന്ന വികാലാംഗ വിദ്യാർത്ഥികൾക്കു സാമൂഹ്യനീതി വകുപ്പ് മുഖേന സ്കോളർഷിപ്പ് നൽകി വരുന്നു. വാർഷിക വരുമാനം 36000/ രൂപയിൽ കവിയാത്തവരും മുൻവാർഷിക പരീക്ഷയിൽ 40% കുറയാതെ മാർക്ക് ലഭിച്ചവരുമായ ഭിന്നശേഷിവിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയുണ്ട്. ഒന്നു മുതൽ നാല് വരെ പഠിക്കുന്നവർക്ക് 100/ രൂപയും അഞ്ച് മുതൽ പത്താം തരം വരെ 125/ രൂപയും പ്ലസ് വൺ, പ്ലസ് ടു, ഐടി കോഴ്സുകളിൽ പഠിക്കുന്നവർക്ക് 150/ രൂപയും എല്ലാ ഡിഗ്രി കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ മുതലായവയ്ക്ക് 250 രൂപയും നല്കിവരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് ഇവ വിതരണം ചെയ്യുന്നത്. ഒന്നാം ക്ലാസ്സ് മുതൽ +2 വരെ പഠിക്കുന്ന അന്ധവിദ്യാർത്ഥികൾക്ക് പ്രതിമാസം 50 രൂപയും ബിരുദം മുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്ന അന്ധവിദ്യാർത്ഥികൾക്ക് പ്രതിമാസം 100 രൂപയും റീഡേഴ്സ് അലവൻസായും വകുപ്പ് നല്കി വരുന്നു. അപേക്ഷകർ അതത് ജില്ലാസാമൂഹ്യനീതി ഓഫീസർമാർക്കാണ് സമർപ്പിക്കേണ്ടത്.

**അഭിഭാഷകർക്കുള്ള ധനസഹായം**

കുടുംബവാർഷിക വരുമാനം 18000/ രൂപയിൽ കവിയാത്ത അന്ധരായ അഭിഭാഷകർക്കും അസ്ഥിസംബന്ധമായ വൈകല്യമുള്ളവർക്കും ധനസഹായം നൽകുന്ന പദ്ധതിയാണിത്. അന്ധരായ അഭിഭാഷകർക്ക് പ്രതിമാസം 1000/ രൂപാ നിരക്കിൽ പരമാവധി അഞ്ച് വർഷത്തേക്ക് റീഡേഴ്സ് അലവൻസും നിയമപുസ്തകവും സ്യൂട്ടും വാങ്ങുന്നതിനായി ഒറ്റത്തവണ യായി 2500/ രൂപയും നല്കി വരുന്നു. അപേക്ഷകൾ സാമൂഹ്യനീതി വകുപ്പിലാണ് സമർപ്പിക്കേണ്ടത്.

**അഭിമുഖം, എഴുത്ത് പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്നവർക്കുള്ള യാത്രാബത്ത**

കുടുംബവാർഷിക വരുമാനം 10000/ രൂപയിൽ കവിയാത്ത ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ എഴുത്ത് പരീക്ഷക്കും ഇന്റർവ്യൂവിനും ഹാജരാകുന്നതിന് യാത്രാബത്ത അനുവദിച്ച് നൽകുന്ന പദ്ധതി.

**എൻ ജി ഒ നടത്തുന്ന ഭിന്നശേഷി പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് നല്കേണ്ടുന്ന ഗ്രാന്റ്**

അംഗീകൃത സന്നദ്ധസംഘടനകൾ നടത്തുന്ന ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണത്തിന് ധനസഹായം വകുപ്പിലൂടെ നല്കിവരുന്നു. ഒരു അന്തേവാസിക്ക് പ്രതിമാസം 525/ രൂപാ നിരക്കിലാണ് ധനസഹായം.

**കേരള സാമൂഹ്യസുരക്ഷാമിഷൻ പദ്ധതികൾ**

സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപ്പാക്കുന്നതിന് സാമൂഹ്യ നീതി വകുപ്പാണ് കേരള സാമൂഹ്യ സുരക്ഷാ മിഷന് രൂപം നൽകിയത്. 2009–ൽ കേരള സാമൂഹ്യസുരക്ഷാമിഷൻ പ്രവർത്തനമാരംഭിച്ചു.

നിരാശ്രയരും നിരാലംബരുമായ അഗതികൾ, വൃദ്ധർ, സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിർ രോഗബാധിതരായവർ തുടങ്ങി അവശതയനുഭവിക്കുന്ന എല്ലാ ജനവിഭാഗങ്ങളുടെയും ക്ഷേമവും സുരക്ഷയും ഉറപ്പു വരുത്തുകയാണ് സാമൂഹ്യ സുരക്ഷാ മിഷന്റെ പരമമായ ലക്ഷ്യം

സാമൂഹ്യ നീതി വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് പുതിയ മാനങ്ങൾ നൽകി ബൃഹത്തും നൂതനവുമായ പദ്ധതികൾ ജനങ്ങളിലേക്കെത്തിച്ച് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുകയും ഗ്രാമതലങ്ങളിലേയ്ക്ക് പദ്ധതിയുടെ പ്രയോജനം എത്തിക്കുന്നതിനായി പ്രവർത്തിക്കുകയും ചെയ്യുന്നു. വിവിധങ്ങളായ സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചുള്ള ഗവേഷണങ്ങൾ, വികസനം, ആരോഗ്യം, സാങ്കേതികവിദ്യ, പരിസ്ഥിതി തുടങ്ങിയ വിവിധ മേഖലകളിൽ നടക്കുന്ന പഠന പരിപാടികളുടെ ഡോക്യുമെന്റേഷൻ എന്നിവയും സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ലക്ഷ്യങ്ങളാണ്.

*കൂടുതൽ വിവരങ്ങൾക്ക് വെബ് സൈറ്റ് : WWW.socialsecuritymission.gov.in*

**വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകളിലൂടെ തത്സമയം മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി :**

വിഭിന്നശേഷിയുള്ളവർക്ക് കേന്ദ്ര – സംസ്ഥാന സർക്കാരുകളിൽ നിന്നും അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകേണ്ട ആനുകൂല്യങ്ങൾക്കുള്ള പൊതു ആധികാര രേഖയായി തിരിച്ചറിയൽ കാർഡ് അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിഭിന്നശേഷിയുള്ള എല്ലാ

വ്യക്തികൾക്കും തിരിച്ചറിയൽ രേഖ നൽകുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രദേശികതല ക്യാമ്പുകൾ സംഘടിപ്പിച്ച് തത്സമയം തിരിച്ചറിയൽ കാർഡ് ഗുണഭോക്താക്കൾക്ക് നൽകുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നതിന് നിശ്ചിത ഫോറത്തിൽ അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്. ക്യാമ്പിന്റെ സ്ഥലവും തീയതിയും അപേക്ഷകരെ യഥാസമയം തപാൽ മാർഗ്ഗം അറിയിക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് യാതൊരുവിധമായ ഫീസും ഈടാക്കാതെ മെഡിക്കൽ പരിശോധന നടത്തി ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിയൽ കാർഡ് നൽകുന്നു. ഇത്തരം ക്യാമ്പിൽ പങ്കെടുക്കുന്ന വിഭിന്നശേഷിയുള്ളവർക്കും അകമ്പടിയായി വരുന്നവർക്കും സൗജന്യമായി ഭക്ഷണവും നൽകി വരുന്നു. മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവർക്ക് ക്യാമ്പിൽ ഹാജരാകാതെ ചുവടെ പറയുന്ന രേഖകൾ സഹിതം നിശ്ചിതഫോറത്തിൽ അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകി തിരിച്ചറിയൽ കാർഡ് സ്വന്തമാക്കാവുന്നതാണ്.

1. മെഡിക്കൽ സർട്ടിഫിക്കറ്റ് (ഒറിജിനൽ) അറ്റസ്റ്റഡ് കോപ്പി
2. പാസ്പോർട്ട് സൈസ് ഫോട്ടോ
3. റേഷൻകാർഡിന്റെ കോപ്പി
4. ഒരു വെള്ളക്കടലാസിൽ വിരലടയാളം

ഈ കാർഡ് ഹാജരാക്കുന്നവരോട് ഭിന്നശേഷിത്വം തെളിയിക്കുന്നതിന് മറ്റൊരു രേഖയും ആവശ്യപ്പെടാൻ പാടുള്ളതല്ല.

**താലോലം**

18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയസംബന്ധമായ രോഗങ്ങൾ, നാഡീ രോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥിവൈകല്യങ്ങൾ, എൻഡോസൾഫാൻ ബാധിതരുടെ രോഗങ്ങൾ, ഡയാലിസിസ്, ശസ്ത്രക്രിയ അടക്കമുള്ള ചികിത്സാചെലവ് വഹിക്കുന്നു. കൂടുതൽ വിദഗ്ധ ചികിത്സ ആവശ്യമായവർക്ക് ചികിത്സാചെലവിന് പരിധി ഏർപ്പെടുത്തിയിട്ടില്ല.

പ്രത്യേക അപേക്ഷ ആവശ്യമില്ല. അതാത് ആശുപത്രികളിൽ നിയോഗിച്ചിട്ടുള്ള സുരക്ഷാമിഷന്റെ കൗൺസലർമാർ നടത്തുന്ന സാമ്പത്തിക, സാമൂഹ്യ വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ ചെലവുകൾ വഹിക്കാൻ കഴിയാത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് എ.പി.എൽ, ബി.പി.എൽ വ്യത്യാസമില്ലാതെ പദ്ധതിയുടെ പ്രയോജനം ലഭ്യമാകും. 2016–17 സാമ്പത്തികവർഷം മുതൽ ആരോഗ്യകിരണം പദ്ധതിയുടെ ഭാഗമാണ്.

*താലോലം/ക്യാൻസർ സുരക്ഷ കൗൺസിലർമാരുടെ സേവനങ്ങൾ ലഭ്യമായ വിവരങ്ങൾക്ക് വെബ്സൈറ്റ് www.socialsecuritymission.gov.in.*

**ശ്രുതിതരംഗം – കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി :**

0–5 വയസ്സുവരെ പ്രായമുള്ള ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിശക്തി ലഭിക്കുമെന്ന് ബന്ധപ്പെട്ട ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന കുഞ്ഞുങ്ങൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും, തുടർച്ചയായ ആഡിയോ വെർബൽ റീഹബിലിറ്റേഷനിലൂടെ സംസാരശേഷിയും ലഭ്യമാക്കുന്ന പദ്ധതി. ഒരു ഗുണഭോക്താവിന് അഞ്ചരലക്ഷം

രൂപ വരെ ചെലവ് ചെയ്ത് നടപ്പാക്കുന്ന ഈ പദ്ധതി പൂർണ്ണമായും സൗജന്യമാണ്. പ്രതിവർഷം രണ്ട് ലക്ഷം രൂപവരെ കുടുംബ വരുമാനമുള്ള കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

പദ്ധതി നടപ്പാക്കുന്നതിന് എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ സൗകര്യപ്രദമായവ ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്. സ്വകാര്യ ആശുപത്രി തെരഞ്ഞെടുക്കുന്നവർ സർജറി ചാർജ് സ്വന്തമായി വഹിക്കേണ്ടതാണ്. സൗജന്യചികിത്സ ലഭിക്കുന്ന ആശുപത്രികളുടെ വിവരങ്ങൾക്ക് വെബ്സൈറ്റ് (www.socialsecurity_mission.gov.in) സന്ദർശിക്കുക.

അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരും സാങ്കേതികവിദഗ്ദരും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളാണ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടത്. അപേക്ഷാഫോറം സാമൂഹ്യ സുരക്ഷാമിഷൻ വെബ്സൈറ്റിലും, ശ്രുതിതരംഗം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളാണ് പദ്ധതിയുടെ വെബ്സൈറ്റിലും, സുരക്ഷാമിഷന്റെ ഓഫീസിലും ലഭ്യമാണ്.

| ക്രമ. നം | സ്കീം | ധനസഹായം | നിർവ്വഹണ ഏജൻസി | റിമാർക്സ് |
|---|---|---|---|---|
| 1. | സമാശ്വാസം -4 | പ്രതിമാസം 1000 രൂപ | KSSM | ഹീമോഫീലിയ തലാമിയ രോഗികൾക്കുള്ള ധനസഹായം |
| 2. | ആശ്വാസ നിധി | പരമാവധി രണ്ട് ലക്ഷം | വനിതാ ശിശു വികസന വകുപ്പ്/WPO | ആസിഡ് അക്രമണത്തിന് ഇരയായവർക്കുള്ള ധനസഹായം |
| 3. | കൈവല്യ | പരമാവധി 50,000 50% സബ്സിഡി | ജില്ല എംപ്ലോയ്മെൻറ് ഓഫീസർ | 21നും 55 നും ഇടയ്ക്ക് പ്രായമുള്ള ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ. വരുമാന പരിധി രണ്ട് ലക്ഷം എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് രജിസ്റ്റർ ചെയ്തിരിക്കണം. റഫറൻസ് www.employmentkerala.gov.in |
| 4. | ആശ്വാസ കിരണം | പ്രതിമാസം 600 രൂപ | KSSM | കിടപ്പുരോഗികൾ മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ ഗുരുത ഗുരുതര രോഗബാധിതർ എന്നിവരെ പരിചരിക്കുന്നവർക്ക് വരുമാനപരിധി ഗ്രാമപ്രദേശം - 20,000 നഗരപ്രദേശം - 22375 |
| 5. | നിരാമയ ഇൻഷ്വറൻസ് | പരമാവധി ഒരു ലക്ഷം | നാഷണൽ ട്രസ്റ്റ് | ഹെൽപ്പ് ലൈൻ നമ്പർ |
| 6. | സെൻട്രൽ സ്പോൺസർഷിപ്പ് (Under mission valsalya) | മാസം 4000/- രൂപ | ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ | മാതാവ് പിതാവ് രണ്ടുപേരും മരണപ്പെട്ടതോ ഉപേക്ഷിച്ച പോയ കുട്ടികൾക്ക് |
| | **ഭിന്നശേഷിക്കാർക്ക് അപേക്ഷിക്കാവുന്ന മറ്റ സ്കീമുകൾ** | | | |
| 7. | പ്രധാനമന്ത്രി സുരക്ഷായോജന (PMSBY) | • മരണം പൂർണ്ണമായ അംഗവൈകല്യം -2 ലക്ഷം രൂപ<br>• ഭാഗികമായ അംഗവൈകല്യം ഒരു ലക്ഷം രൂപ | അക്കൗണ്ട് ഉള്ള ബാങ്കിൽ ബന്ധപ്പെടണം | ✓ 18 - 70 വയസ്സ്<br>✓ വാർഷിക പ്രീമിയം 20 രൂപ<br>✓ ഓരോ വർഷവും പുതുക്കണം |
| 8. | പ്രധാനമന്ത്രി മത്സ്യ സമ്പത്ത് യോജന (PMMSY) | അസിസ്റ്റൻറ് പ്രോജക്ട് കോസ്റ്റ് അടിസ്ഥാനപ്പെട്ടത്തി | ഫിഷറീസ് വകുപ്പ് | മത്സ്യ മേഖലയിൽ തൊഴിലെടുക്കുന്ന വർക്ക് സബ്സിഡി സ്ത്രീകൾക്കും എസ്.സി/ എസ്.ടി വിഭാഗം 60% മറ്റുള്ളവർക്ക് 40% |

| ക്രമ. നം | സ്കീം | ധനസഹായം | നിർവ്വഹണ ഏജൻസി | റിമാർക്സ് |
|---|---|---|---|---|
| 9. | PM SVANIDHI | മിനിമം ലോൺ 10000 രൂപ മാക്സിമം 50,000 രൂപ | PMSVANIDHI Portal Online Link-pmsvanidhimohua.gov.in | വഴിയോരക്കച്ചവടക്കാർക്കുള്ള സബ്സിഡിയോടുകൂടി ഉള്ള വായ്പ പദ്ധതി PMSVANIDHI Portal നഗരസഭ ലൈസൻസോടുകൂടി കച്ചവടം ചെയ്യുന്നവർ |

**സ്റ്റേറ്റ് ഇനിഷിയേറ്റീവ് ഓൺ ഡിസെബിലിറ്റീസ്:**

വൈകല്യം തടയൽ, പ്രാരംഭ നിർണ്ണയം, പ്രാരംഭ ഇടപെടൽ, വിദ്യാഭ്യാസം, തൊഴിൽ, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി സർക്കാർ പ്രത്യേക താൽപര്യമെടുത്ത് തുടങ്ങിയ പരിപാടി. വൈകല്യ പ്രതിരോധ പരിപാടിയുടെ ഭാഗമായി ജന്മനായുള്ള വൈകല്യം തടയുന്നതിനായ് സൗജന്യമായി കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് റുബെല്ലാ കുത്തിവയ്പ്പും നൽകുന്നു. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും കുട്ടികളിലെ വളർച്ചാകുറവ് നേരത്തെ കണ്ടുപിടിച്ച് യഥാസമയം ഇടപെടൽ നടത്തുന്നതിനുമുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രവും (District Early Intervention Centre) പ്രവർത്തിക്കുന്നുണ്ട്.

**ഭിന്നശേഷിയുള്ളവർക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ**

<u>കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം (Ministry of Social Justice and Empowerment)</u> കേന്ദ്രസർക്കാരിന്റെ സാമൂഹ്യക്ഷേമം സാമൂഹ്യനീതി എന്നിവയ്ക്കായി പ്രവർത്തിക്കുന്ന വകുപ്പാണ്.

<u>മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് എംപവർമെന്റ്</u> ഭിന്നശേഷിക്കാർക്കായുള്ള സാമൂഹ്യ പ്രതിരോധം ഉറപ്പ് വരുത്തുന്നതിനായി പട്ടികജാതിക്ഷേമം, മറ്റ് പിന്നോക്ക വിഭാഗക്ഷേമം, പൊതുവിഭാഗ ക്ഷേമം എന്നിങ്ങനെ 3 ഡിപ്പാർട്ട്മെന്റുകൾ ഈ മന്ത്രാലയത്തിന് കീഴിലുണ്ട്. ഈ വകുപ്പിന്റെ ഏറ്റവും ശ്രദ്ധേയമായ സ്കീമുകളിൽ ഒന്ന് ഭിന്നശേഷിക്കാർക്കുവേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്ക് ഗ്രാൻറ് നൽകുന്നതിന് അംഗീകരിച്ചിട്ടുള്ള ദീനദയാൽ ഡിസേബിൾഡ് റിഹാബിലിറ്റേഷൻ സ്കീം ആണ്.

**ദീനദയാൽ ഡിസേബിൾഡ് റിഹാബിലിറ്റേഷൻ സ്കീം (ഡിഡിആർഎസ് )**

ദേശീയ ഭിന്നശേഷിജന നിയമത്തിലെ പുനരധിവാസം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുക എന്ന ഉദ്ദേശത്തോടെ 1999 മുതൽ കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണമന്ത്രാലയം നടപ്പാക്കി വരുന്ന വിപുലമായ ഗ്രാന്റ് ഇൻ എയിഡ് പരിപാടിയാണ് ഡിഡിആർഎസ് ഭിന്നശേഷിജനതയുടെ പുനരധിവാസത്തിനായി യത്നിക്കുന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയാണ് പ്രധാന ഇടപെടൽ. ദേശീയ ഭിന്നശേഷി ജനഅവകാശ നിയമത്തിൽ പുനരധിവാസമെന്നത് വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. അതിൻ പ്രകാരം പുനരധിവാസത്തിന്റെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്.

1. സഹായഉപാധികൾക്കും ഉപകരണങ്ങൾക്കും ലഭ്യതാ സംവിധാനം
2. വിദ്യാഭ്യാസം
3. തൊഴിൽ നൈപുണി പരിശീലനം
4. തൊഴിൽ സഹായം
5. സ്വതന്ത്ര ജീവിത പരിശീലനം

പ്രാദേശിക സർക്കാർ ഉൾപ്പടെയുള്ള ഗവൺമെന്റുകൾ പുനരധിവാസ യത്നങ്ങൾ ഏറ്റെടുക്കണമെന്ന നിർദ്ദേശമുണ്ട്. മേൽപറഞ്ഞ പുനരധിവാസമേഖല സംരംഭങ്ങൾക്കാണ് ഗ്രാന്റ് വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്.

**പരിപാടിയുടെ ഉദ്ദേശ ലക്ഷ്യം**

ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് തുല്യതയും തുല്യ അവസരങ്ങളും സാമൂഹ്യനീതിയും ഒരുക്കുക വഴി ശാക്തീകരണം സാധ്യമാക്കുന്നതിന് പര്യാപ്തമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ലക്ഷ്യം.

**പരിപാടിയുടെ സമീപനവും തന്ത്രങ്ങളും**

പുനരധിവാസം സാധ്യമാക്കുവാൻ സഹായകരമായ എല്ലാ സംവിധാനങ്ങളും സന്നദ്ധസംഘടനകൾക്ക് ധനസഹായം നൽകി ഒരുക്കുകയെന്നതാണ് സമീപനം (എൻ ജി ഒ സമീപനം). ഈ സമീപനം പ്രായോഗികമാക്കുന്നതിന് 16 തന്ത്രങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവ ഏകദേശം പ്രതീക്ഷിക്കുന്ന പ്രോജക്ടുകൾ തന്നെയാണ് ഏർലി ഇന്റർവെൻഷൻ സെന്റർ, സ്പെഷൽ സ്കൂൾ, തെറാപ്പി സൗകര്യം, തൊഴിൽ പരിശീലനം, സഹായിത തൊഴിൽശാല, മനോരോഗ ചികിത്സ കഴിഞ്ഞവർക്കായുള്ള സെന്റർ, കുടുംബാധിഷ്ഠിത പുനരധിവാസം, സാമൂഹ്യധിഷ്ഠിത പുനരധിവാസം, ഗുരുതര ഹ്രസ്വ ദൃശ്യത ഇടപെടൽ, മാനവവിഭവശേഷി പരിശീലനം തുടങ്ങി വിവിധയിന പരിപാടികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും നിലവാര സൂചികയും ധനസഹായവും തന്ത്രങ്ങളിൽ ഉൾപ്പെടുന്നു.

**ധനസഹായ പരിപാടികൾ**

സ്ഥാപനങ്ങളിലെ സേവകരുടെ ഓണറേറിയം, യാത്രാചിലവ്, ബെനിഫിഷറി സ്റ്റൈപന്റ്, കണ്ടിജൻസി ചെലവുകൾ, പരിശീലന വസ്തുക്കൾ,ഫർണിച്ചർ ഉപകരണങ്ങൾ തുടങ്ങിയവയ്ക്ക് ആവർത്തന ചിലവും പരിപാടിയിൽ ഉൾപെടുന്നു.

**സ്ഥാപന അർഹത മാനദണ്ഡങ്ങൾ**

1. രജിസ്റ്റർ ചെയ്ത് 3 വർഷം തികഞ്ഞ സന്നദ്ധസംഘങ്ങൾ
2. ഈ സ്ഥാപനങ്ങൾക്ക് നിയതമായ നിയമാവലി മാനേജിംഗ് കമ്മിറ്റി, സാമ്പത്തികശേഷി 2 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്, വാർഷിക റിപ്പോർട്ട്, ജീവനക്കാരുടെ പട്ടിക, ഗുണഭോക്തൃപട്ടിക എന്നിവ നിർബന്ധമാണ്.

**പ്രോജക്ട് അപേക്ഷ**

കേന്ദ്ര സാമൂഹ്യനീതി-ശാക്തീകരണ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ എൻ.ജി.ഒ ഗ്രാന്റ്/ ഡിഡിആർഎസ് അപേക്ഷ എന്ന പേർട്ടൽ വഴി ഓൺലൈനായി അപേക്ഷ ഏപ്രിൽ, ജൂൺ മാസത്തിൽ സമർപ്പിക്കണം.

**പരിശോധന**

സ്പെഷൽ സ്കൂൾ ബൗദ്ധിക വെല്ലുവിളികൾ വിദ്യാഭ്യാസ വകുപ്പ് അംഗീകാരമുണ്ടെങ്കിൽ മാത്രം ഡിപിഐ നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ (ഡിഡിഇ) പരിശോധന നടത്തും. മറ്റ ഭിന്നശേഷി പ്രോജക്ടുകളുടെ അപേക്ഷകൾ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ പരിശോധിക്കും (ജില്ല സാമൂഹ്യനീതി ഓഫീസർ)

**പ്രോജക്ടിന്റെ നിലവാരം**

ഓരോ എൻജിഒ പ്രോജക്ടിനും സ്പെഷൽ സ്കൂൾ വൊക്കേഷണൽ തുടങ്ങി ഓരോന്നിന്റേയും ലക്ഷ്യങ്ങൾ, മാനദണ്ഡങ്ങൾ, ജീവനക്കാരുടെ യോഗ്യത തുടങ്ങിയവ സ്കീമിൽ വിശദമായി ചേർത്തിട്ടുണ്ട്. ഇവ പരിശോധിച്ചും അതേപടി പ്രാവർത്തികമായി ലഭ്യമാണെന്ന് ഉറപ്പാക്കിയും മാത്രമേ ഗ്രാന്റ് അപേക്ഷ നൽകാവൂ. നോംസ് അഥവ നിയമാനുസൃത പൊതുമാനദണ്ഡങ്ങൾ പാലിക്കാത്ത പ്രോജക്ടുകൾ തള്ളികളയുമെന്ന് ശ്രദ്ധിക്കണം.

**പ്രവർത്തന സാധ്യതകൾ**

1. വിദ്യാഭ്യാസം – സ്കൂൾ മാനേജ്മെന്റ് സമിതി പ്രവർത്തനം വഴി ഐഡിസി വിലയിരുത്തൽ, സ്കൂൾ പുസ്തകങ്ങൾ ഉപകരണ വിതരണം തുടങ്ങിയവയുടെ പുരോഗതി വിലയിരുത്തൽ ഹൈസപ്പോർട്ട് ആവശ്യമുള്ളവരുടെ കുടുംബകേന്ദ്രീകൃത വിദ്യാഭ്യാസം എന്നിവ വിലയിരുത്തുക അവലോകന വിധേയമാക്കുക, പ്രത്യേക വിദ്യാലയങ്ങളിൽ പഠിക്കുന്നവരുടെ സാമ്പത്തിക പരിപാടികൾ കാര്യക്ഷമമാക്കുക, പെൻഷൻ കൃത്യമായി നൽകുക.
2. ഏർളി ഡിറ്റക്ഷൻ പരിപാടികൾ എല്ലാ വർഷവും നടത്തുക ഉപകരണ വിതരണം ശാസ്ത്രീയമായി നടപ്പിലാക്കുക
3. ഡിസബിലിറ്റി സർട്ടിഫിക്കറ്റ് എല്ലാ ഭിന്നശേഷികാർക്കും ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പാക്കുക.
4. ബഡ്സ് സ്കൂൾ/റിഹാബിലിറ്റേഷൻ സെന്റർ ആരംഭിച്ച് നടത്തുക. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളുമായി സംയോജന പ്രവർത്തനങ്ങൾ നടത്തുക
5. ബോധവൽക്കരണം ശക്തിപ്പെടുത്തുക
6. തൊഴിൽ പരശീലനവും തൊഴിൽശാലയും പ്രോത്സാഹിപ്പിക്കുക, ഭിന്നശേഷി ഡാറ്റാ ശേഖരണം തുടർ പരിപാടിയാക്കുക
7. സന്നദ്ധസംഘടന സിഎസ്ആർ സേവനങ്ങൾ ഉറപ്പാക്കുക
8. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പരിപാടികളുടെ വിജകരമായ പ്രവർത്തനം

**അംഗീകാരമുള്ള സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ**

1. ഗാർഹികനിരക്കിൽ കുടിവെള്ളം
2. കുറഞ്ഞ നിരക്കിൽ വൈദ്യുതി
3. കെട്ടിട നികുതി ഒഴിവാക്കൽ
4. സ്ഥാപനങ്ങളുടെ വാഹനത്തിന് വാഹന നികുതിയിൽ ഇളവ്
5. അന്തേവാസികളെ ബി പി എൽ പട്ടികയിൽ ഉൾപ്പെടുത്തി ബി പി എൽ ആനുകൂല്യങ്ങൾ
6. പ്രതിമാസം ഒരു അന്തേവാസിയ്ക്ക് ഒരു രൂപ നിരക്കിൽ 5 കി ഗ്രാം അരി, ബി പി എൽ നിരക്കിൽ മൂന്ന് കി.ഗ്രാം ഗോതമ്പ്, 400 ഗ്രാം പഞ്ചസാര
7. സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിമാസ ആരോഗ്യ സേവനങ്ങൾ

**കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ സ്കീമുകൾ**

ഭിന്നശേഷിക്കാർക്ക് ആവശ്യമായ ട്രൈസൈക്കിൾ, വീൽചെയർ, കൃത്രിമ കൈകാലുകൾ, വാക്കർ, ക്രച്ചസ്, കണ്ണട, ശ്രവണസഹായി തുടങ്ങിയ സഹായോപകരണങ്ങളുടെ സൗജന്യ വിതരണം, കോർപ്പറേഷൻ ഓരോ വർഷവും അപേക്ഷ ക്ഷണിച്ച് നൽകി വരുന്നുണ്ട്.

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നു. ഓരോ മൂന്ന് വർഷത്തിലൊരിക്കലാണ് വൈകല്യമുള്ളവർക്ക് സഹായോപകരണങ്ങൾ നൽകിവരുന്നത്. വീൽചെയർ, മുച്ചക്രസൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണസഹായി, ഡി.വി.ഡി പ്ലെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമീബാഗുകൾ, കണ്ണടകൾ, വൈറ്റ് കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, വാക്കർ മുതലായവ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗുണഭോക്താക്കൾക്ക് 10000/- രൂപ വരെയുള്ള ഉപകരണങ്ങളാണ് സർക്കാർ ഡോക്ടർമാർ നിർദ്ദേശിക്കുന്ന പ്രകാരം നൽകുന്നത്. ഗവൺമെന്റ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, ഭിന്നശേഷി സർട്ടിഫിക്കറ്റ് എന്നിവകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പം ഹാജരാക്കേണ്ടതാണ്.

**ഭിന്നശേഷിക്കാർക്ക് വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ്പ് തുടങ്ങിയ ആധുനികോപകരണ വിതരണം. (മാനദണ്ഡങ്ങൾക്കു വിധേയമായി)**

ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ഭിന്നശേഷിക്കാരായ പഠിക്കുന്ന കുട്ടികൾക്കും മുതിർന്നവർക്കും വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ എന്നിവയും, ഡിഗ്രി ലെവലിലോ അതിനു മുകളിലോ പഠിക്കുന്ന കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് ലാപ്ടോപ്പ് (വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയർ) തുടങ്ങിയ ആധുനിക ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തു വരുന്നുണ്ട്.

**നിബന്ധനകൾ**

1. വാർഷിക വരുമാനം 72,000/-രൂപ വരെയുള്ളവർ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ.)
2. പ്രായപരിധി 40 വയസ്സുവരെയുള്ളവർക്ക്

**സൈഡ് വീൽ ഘടിപ്പിച്ച് സ്കൂട്ടർ വിതരണം**

താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി സൈഡ് വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്കൂട്ടർ ഗുണഭോക്താക്കൾക്ക് നൽകുന്നതാണ്.

**നിബന്ധനകൾ**

- 18 വയസ്സിനു മുകളിൽ പ്രായം.
- 40 ശതമാനത്തിന് മുകളിൽ ഭിന്നശേഷിയുള്ള ലോക്കോമോട്ടോർ ഡിസബിലിറ്റി
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം
- സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria)ആയിരിക്കും.
- ലോക്കോമോട്ടോർ ഡിസബിലിറ്റി ഉള്ളവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു വൈകല്യമുള്ളവരെ ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- അർഹതാ മാനദണ്ഡങ്ങൾ പാലിക്കുന്ന വനിതകൾക്കും, എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർക്കും പ്രഥമ പരിഗണന (എസ്.സി വിഭാഗത്തിനായി പ്രത്യേക പദ്ധതി ഉണ്ട്).

**ഭിന്നശേഷിക്കാർക്കുള്ള പുതിയ സ്കൂട്ടറിൽ സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി.**

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങുന്നതിനായി ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും കോർപ്പറേഷൻ 10,000/– രൂപ സബ്സിഡിയായി നൽകുന്നു. നിശ്ചിത ഫോറത്തിലെ അപേക്ഷാഫോറത്തോടൊപ്പം സ്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റു ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 40% മോ അതിൽ കൂടുതലോ വൈകല്യമുണ്ടെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ കോപ്പി, വാഹനം ഇൻഷ്വർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് എന്നിവ (പകർപ്പുകൾ സ്വയം സാക്ഷ്യപ്പെടുത്തി ) നൽകേണ്ടതാണ്.

**നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷൻ വഴിയുള്ള സ്വയംതൊഴിൽ വായ്പയും അതിനുള്ള ഭിന്നശേഷി ക്ഷേമ കോർപ്പറേഷന്റെ വിഹിതവും**

നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ പദ്ധതി നടപ്പിലാക്കുന്ന കേരളത്തിലെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസിയാണ് ഈ കോർപ്പറേഷൻ. സ്റ്റേറ്റ് ചാനലൈസിംഗ് ഏജൻസി (എസ്.സി.എ) യെന്ന നിലയിൽ, 2000 മുതൽ നാഷണൽ ഹാൻഡിക്കാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പദ്ധതി പ്രകാരമുള്ള വിവിധ വായ്പകൾ കോർപ്പറേഷൻ വിതരണം ചെയ്തു വരുന്നു. 50,000/– രൂപയ്ക്കു മുകളിൽ അനുവദിക്കുന്ന വായ്പയുടെ 5 ശതമാനം എസ്.സി.എ. എന്ന നിലക്ക് കോർപ്പറേഷൻ നൽകുന്നു. 50,000/– രൂപവരെയുള്ള വായ്പക്ക് 5% പലിശയും (സ്ത്രീകൾക്ക് 4%) 50,000/– രൂപയ്ക്ക് മുകളിൽ 6% (സ്ത്രീകൾക്ക് 5%) പലിശയുമാണ്. വായ്പ തിരിച്ചടവ് കാലാവധി 5 വർഷമായി കോർപ്പറേഷൻ നിജപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി പ്രകാരം നിലവി പരമാവധി 20,00,000/– രൂപവരെ വായ്പ നൽകുന്നതാണ്. എൻ.എച്ച്.എഫ്.ഡി.സി മാനദണ്ഡം അനുസരിച്ചാണ് വിവിധ പദ്ധതികൾക്കുള്ള വായ്പ പലിശ നിരക്കുകൾ നിശ്ചയിക്കുന്നത്.

**സ്വയം തൊഴിൽ പദ്ധതി (ബാങ്ക് ലോൺ സബ്സിഡി)**

സ്വയം തൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്. ജി.ഒ.(ആർ.റ്റി) നമ്പർ: 44/12/ എസ്.ഡബ്ളിയു.ഡി തീയതി 23–01–2012 പ്രകാരം ലോൺ തുക 20,000/– രൂപ വരെ ലോൺ തുകയുടെ 50% (പരമാവധി 5000/– രൂപ) സബ്സിഡിയായും, ലോൺ തുക 20,001/– മുതൽ 50,000/– രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും, ലോൺ തുക 50,001/– മുതൽ 1,00,000/– രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/–രൂപ സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപവരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷകൾ ശുപാർശ ചെയ്യുന്നു. പൂർണ്ണമായി പൂരിപ്പിച്ച് നിശ്ചിത മാതൃകയിലെ അപേക്ഷയോടൊപ്പം 40% മുകളിൽ ഭിന്നശേഷി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1, 2 പേജുകളുടെ ഫോട്ടോ കോപ്പി, ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത് ) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

**ബി.പി.എൽ. വിഭാഗത്തിന് എൻ.എച്ച്.എഫ്.ഡി.സി. വായ്പാ സബ്സിഡി**

എൻ.എച്ച്.എഫ്.ഡി.സി.സ്വയംതൊഴിൽ വായ്പാ പദ്ധതി പ്രകാരം ലോണെടുത്ത് തുടർച്ചയായി മൂന്നു വർഷമായി കുടിശ്ശിക വരുത്താതെ വായ്പ തിരിച്ചടച്ചിട്ടുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ബാക്കി വായ്പത്തുകയുടെ നിശ്ചിത ശതമാനം സബ്സിഡി നൽകുന്നതാണ്.

**തികച്ചും ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി**

സർക്കാർ ഉത്തരവ് ജി.ഒ (ആർ. റ്റി) നമ്പർ 346/2012/എസ്.ഡബ്ളിയു.ഡി തീയതി 30-07-2012 പ്രകാരം എട്ട് വയസ് വരെ പ്രായമുള്ള, 60 ശതമാനത്തിന് മേൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ പേരിൽ ഒരു നിശ്ചിത തുക നിക്ഷേപിക്കുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

*എ).* ആൺകുട്ടി – 15,000/- രൂപ, പെൺകുട്ടി- 20,000/- രൂപ

ബി). യോഗ്യത :

1. ജന്മനാ 60 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവർ.
2. പ്രതിവർഷ കുടുംബ വരുമാനം 60,000/- രൂപയിൽ താഴെ.
3. പ്രായ പരിധി : നവജാതശിശു മുതൽ 8 വയസ് വരെ

സി). ട്രസ്റ്റി : കോർപ്പറേഷൻ

ഡി). ഫണ്ട് റിലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യഘട്ടങ്ങളിലോ.

**ജില്ലയിൽ ഉയർന്ന മാർക്കു നേടുന്ന ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള പ്രൊഫിഷ്യൻസി അവാർഡ്**

ഭിന്നശേഷിക്കാരായ കുട്ടികളെ പ്രചോദിതരാക്കുകയെന്ന ഉദ്ദേശ്യത്തോടെ ഓരോ ജില്ലയിലും എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി പരീക്ഷകളിൽ ജില്ലാതലത്തിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന നാലു വിഭാഗത്തിലേയും കുട്ടികൾക്ക് 2500/-രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നതാണ്. അതിനായി കൈകാലുകൾക്ക് വൈകല്യമുള്ളവരെയും കാഴ്ച വൈകല്യമുള്ളവരെയും കേൾവിക്കും സംസാരത്തിനും തകരാറുകളുള്ളവരെയും ബുദ്ധി വൈകല്യമുള്ളവരെയും പരിഗണിക്കുന്നതാണ്. വിദ്യാഭ്യാസവകുപ്പ് മുഖേനയും കോർപ്പറേഷൻ നേരിട്ടും അപേക്ഷകൾ ക്ഷണിക്കുന്നു. ഇതിലേയ്ക്കായി സ്കൂൾ മേലധികാരി സാക്ഷ്യപ്പെടുത്തിയ മാർക്ക് ലിസ്റ്റിന്റെ കോപ്പി, മെഡിക്കൽ ബോർഡിന്റെ 40% ത്തിൽ കുറയാത്ത ഭിന്നശേഷി തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അറ്റസ്റ്റഡ് കോപ്പിയും, നിശ്ചിതമാതൃകയിലെ അപേക്ഷയോടൊപ്പം കോർപ്പറേഷനിൽ സമർപ്പിക്കേണ്ടതാണ്.

**സ്വയംസഹായ സംഘങ്ങളുടെ പരിപോഷണം.**

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഭിന്നശേഷിക്കാരാൽ പ്രവർത്തിപ്പിക്കപ്പെടുന്ന മൈക്രോ പ്രോജക്ടുകൾക്കായി അവരുടെ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കാൻ സംഘങ്ങൾക്ക് അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുക്കാനും ആരംഭിക്കാനുമുള്ള 5000/- രൂപ ധനസഹായം കോർപ്പറേഷൻ നൽകിവരുന്നു.

**സ്റ്റേറ്റ് റിസോഴ്സ് സെന്റർ**

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ സ്റ്റേറ്റ് റിസോഴ്സ് സെന്റർ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നു. ഈ സെന്ററിന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നു.

1. വിവിധ മേഖലയിലുള്ള ഭിന്നശേഷിക്കാരെ കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിക്കുക, അവ ഭാവിയിൽ ഉപയോഗിക്കത്തക്ക രീതിയിൽ സൂക്ഷിച്ചു വെക്കുക, ഇതനുസരിച്ച് ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
2. അവർക്കു വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക.
3. ഭിന്നശേഷിക്കാർക്ക് വേണ്ടി പദ്ധതി രൂപീകരിക്കുക, നടപ്പിലാക്കുക, അവർക്കുവേണ്ട സഹായങ്ങൾ നൽകുകയും അവ വിലയിരുത്തുകയും ചെയ്യുക.

4. ഭാവിയിലെ ഇത്തരം സഹായ വിവരങ്ങൾ പൊതുജനങ്ങൾക്കു ലഭ്യമാക്കാൻ കോൾ സെന്റർ സ്ഥാപിക്കുക.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഭിന്നശേഷി പുനരധിവാസ പദ്ധതി സംസ്ഥാനതലത്തിൽ നടപ്പിലാക്കൽ**

കേരളത്തിലെ ഭിന്നശേഷിക്കാരുടെ സമ്പൂർണ്ണ പുനരധിവാസം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഒരു ബൃഹത് പദ്ധതിയാണ് എൻ.പി.ആർ.പി.ഡി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ദേശീയ ഭിന്നശേഷി പുനരധിവാസ പദ്ധതി. ഭിന്നശേഷിക്കാരുടെ സമഗ്രമായ സർവ്വേ നടത്തിയശേഷം ആവശ്യാധിഷ്ഠിത പഠനം (Need Based Study) നടത്തി ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിന് യഥാർത്ഥത്തിൽ ആവശ്യമായവ എന്താണെന്ന് കണ്ടെത്തി ആയവ ലഭ്യമാക്കുന്നതിനും അവരുടെ വാസസ്ഥാനത്തു അവർക്ക് സർവ്വതോന്മുഖമായ ക്ഷേമം ഉറപ്പു വരുത്തുന്നതിനാവശ്യമായ സൗജന്യചികിൽസ, വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത പരിശീലനം, തൊഴിലവസരങ്ങൾ എന്നിവ ലഭ്യമാക്കുന്ന ഒരു സമ്പൂർണ്ണ പുനരധിവാസപദ്ധതിയാണ് എൻ.പി.ആർ.പി.ഡി. ജില്ലാ പഞ്ചായത്തുകളുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ഒത്തുചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

**ഭിന്നശേഷിക്കാർക്ക് ബോധവൽക്കരണം**

സംസ്ഥാന സർക്കാരും, കേന്ദ്ര സർക്കാരും ഭിന്നശേഷിക്കാർക്കുവേണ്ടി നടപ്പാക്കുന്ന വിവിധ പദ്ധതികൾ റേഡിയോ, ടെലിവിഷൻ, പത്രങ്ങൾ, ബോധവൽക്കരണപരിപാടികൾ എന്നിവ മുഖേന ഗുണഭോക്താക്കളെ ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ അറിയിക്കുന്നു.

**ഭിന്നശേഷി സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലനവും**

ഭിന്നശേഷിക്കാർക്ക് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഉപകരണങ്ങളാണ് വിപണിയിൽ വരുന്നത്. എന്നാൽ ഈ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് പലർക്കും അറിവില്ല. ഉപകരണങ്ങളുടെ ഉപയോഗരീതിയെപ്പറ്റി ഭിന്നശേഷിക്കാരെ ബോധ്യപ്പെടുത്തുന്നതിനായി സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലനവും ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ നടത്തിവരുന്നു.

**ഭിന്നശേഷിക്കാരായ വയോജനങ്ങൾക്കുവേണ്ടിയുള്ള വൃദ്ധസദനം പരിപാലനം**

ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിന് പാറശ്ശാലയിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തും ഭിന്നശേഷിക്ഷേമ കോർപ്പറേഷനും സംയുക്തമായി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരു വൃദ്ധസദനം പ്രവർത്തിപ്പിച്ചു വരുന്നു. ഇവിടെ ഇപ്പോൾ 18 അന്തേവാസികളാണ് ഉള്ളത്.

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH)**

സംസാരശേഷിയും കേൾവിശക്തിയും ഇല്ലാത്തവരുടെ സമഗ്രമായ പുനരധിവാസം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്ഥാപനമാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്. കുട്ടികളുടെ കേൾവിശക്തി വിലയിരുത്തുക, സംസാരശേഷി പുനഃസ്ഥാപിക്കുക, സ്പീച്ച് തെറാപ്പി, ഏർലി ഇന്റർവെൻഷൻ ആന്റ് ഗൈഡൻസ് പ്രോഗ്രാം, ഓട്ടിസം ഇന്റർവെൻഷൻ ക്ളിനിക്ക് (Autism Intervention Clinic), ഇ.എൻ.റ്റി സേവനങ്ങൾ, മനശാസ്ത്രപരമായ സേവനങ്ങൾ, കേൾവിശക്തി കുറവുള്ള പന്ത്രണ്ടാം ക്ലാസ്സ് പാസ്സായ കുട്ടികൾക്കായുള്ള ഡിഗ്രി കോഴ്സുകൾ, കൂടാതെ ഓഡിയോളജി ആന്റ് സ്പീച്ച് വിഷയത്തിൽ

BASLP, MASLP എന്നീ കോഴ്സുകൾ, ഗവേഷണ പ്രവർത്തനങ്ങൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയാണ് നിഷ്-ലെ പ്രധാന പ്രവർത്തനങ്ങൾ.

കേരള സർക്കാർ നടപ്പാക്കിവരുന്ന ശ്രുതിതരംഗം പദ്ധതിയിലൂടെ നടത്തുന്ന കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയിൽ ഓഡിറ്ററി വെർബൽ തെറാപ്പിയുടെ സംസ്ഥാന തലത്തിലുള്ള ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ട്. അതിനു വേണ്ടിയുള്ള പരിശീലനം, ദീർഘകാല പഠനങ്ങൾ തുടങ്ങിയവ നടപ്പാക്കിവരുന്നു.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (NISH),

ശ്രീകാര്യം പി.ഒ,

തിരുവനന്തപുരം 695583, കേരള, ഇന്ത്യ

ഫോൺ : +914713066666, 2596919/, 2596920, 0471-2944666

ഇ-മെയിൽ : nishinfo@nish.ac.in, വെബ്സൈറ്റ് : http://www.nish.ac.in

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീ ഹാബിറ്റേഷൻ (NIPMR)**

പുനരധിവാസ ചികിത്സാമേഖലയിലെ മികവിന്റെ കേന്ദ്രമായി ഇതിനകം മാറിക്കഴിഞ്ഞ സ്ഥാപനമാണ് **NIPMR**. ഭിന്നശേഷിക്കാർക്കുള്ള സ്പെഷ്യൽ സ്കൂൾ മുതൽ ഈ മേഖലയിലെ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനായുള്ള ഡിഗ്രി കോഴ്സുകൾ വരെ നടത്തുന്ന ഈ സ്ഥാപനത്തിൽ ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഒക്യൂപേഷണൽ തെറാപ്പി, ഡെവലപ്മെന്റ് തെറാപ്പി എന്നിവയോടൊപ്പം വൊക്കേഷണൽ കോഴ്സുകളും നടത്തി വരുന്നു. സംസ്ഥാനത്തിലെ വിവിധ ബഡ്സ് സ്കൂളുകളിലും മറ്റു പുനരധിവാസ കേന്ദ്രങ്ങളിലും തെറാപ്പി സൗകര്യങ്ങൾ നേരിട്ടെത്തി നൽകുന്നതിനായി റീഹാബ് ഓൺ വീൽസ്, റീഹാബ് എക്സ്പ്രസ് എന്നീ മൊബൈൽ യൂണിറ്റുകൾക്ക് ഇവിടെ ലഭ്യമാണ്.

വെബ്സൈറ്റ് : www.nipmr.org.in, ഫോൺ നമ്പർ: 7510870111

**ഭിന്നശേഷി ജനവിഭാഗങ്ങൾക്കുള്ള പൊതുസൗജന്യങ്ങളും സഹായങ്ങളും**

**യാത്രാ ഇളവുകൾ**

- കാഴ്ചക്കുറവുള്ളവർക്ക് കെ.എസ്.ആർ.ടി.സി. (ഫാസ്റ്റ് പാസഞ്ചർ, ഓർഡിനറി) ബസുകളിലും പ്രൈവറ്റ് ബസുകളിലും ദൂരപരിധി നിശ്ചയിക്കാതെ സംസ്ഥാനത്തിനകത്ത് എവിടെയും സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്. പൂർണ്ണമായും കാഴ്ചയില്ലാത്തവർക്ക് ആജീവനാന്ത പാസിന് അർഹതയുണ്ട്.
- ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് കെ.എസ്.ആർ.ടി.സി. (ഫാസ്റ്റ് പാസഞ്ചർ, ലോക്കൽ) ബസുകളിലും പ്രൈവറ്റ് ബസുകളിലും 70 % യാത്ര ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രൈവറ്റ് ബസുകളിൽ യാത്ര ചെയ്യാനുള്ള ദൂരപരിധി 40 കിലോമീറ്ററായി പരിമിതപ്പെടുത്തിയിട്ടുണ്ട്. (G.O.(Ms)No. 34/98/Tran.Tvpm.dated 27/7/2008)
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കും ശ്രവണ വൈകല്യമുള്ളവർക്കും കെ.എസ്.ആർ.ടി.സി. യിൽ 50 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്. (G.O.(Ms)No. 18/2004/Tran.Tvpm.dated 17/4/2008)
- (G.O.(Ms)No. 1/87/PW&T Tvm, dated 05/01/1997) അനുസരിച്ച് പ്രൈവറ്റ് ബസുകളിൽ യാത്രാസൗജന്യം അനുവദിക്കുന്നതാണ്. ഉപഭോക്താവിന് 50 ശതമാനത്തിൽ കുറയാത്ത വൈകല്യം ഉണ്ടെന്ന്

അംഗീകൃത ആശുപത്രിയിലെ അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

- തീവണ്ടികളിൽ കാഴ്ചയില്ലാത്തവർക്ക് തനിച്ച് യാത്ര ചെയ്യുന്നതിന് 75 ശതമാനവും സഹായി ഉണ്ടെങ്കിൽ അവർക്കും 75 % യാത്രാ ഇളവ് അനുവദിച്ചിട്ടുണ്ട്. കാഴ്ച ഇല്ലാത്തവർക്ക് വിമാനത്തിൽ 50% ഇളവ് അനുവദിച്ചിട്ടുണ്ട്.
- ബോട്ടുകളിലും കപ്പലുകളിലും യാത്ര ചെയ്യുന്ന കാഴ്ച ഇല്ലാത്തവർക്ക് 50% ഇളവുണ്ട്. അസ്ഥിവൈകല്യം ഉള്ളവർക്ക് 50% യാത്രാ ഇളവ് അനുവദിച്ചിട്ടുണ്ട്. കൂടെ യാത്ര ചെയ്യുന്ന സഹായിയ്ക്കും ഈ ഇളവിന് അർഹതയുണ്ട്.
- ബൗദ്ധിക വെല്ലുവിളികൾ ഉള്ളവർക്ക് സഹായി ഉൾപ്പെടെ തീവണ്ടിയിൽ I AC, II AC ക്ലാസുകളിൽ 50% ഉം മറ്റ് ക്ലാസുകളിൽ 75% ഉം ഇളവ് ലഭിക്കുന്നതാണ്. സഹായി നിർബന്ധമാണ്. സഹായിയ്ക്കും ഈ ഇളവ് ലഭിക്കുന്നതാണ്.

**യാത്രാ ഇളവുകൾ എങ്ങനെ നേടാം ?**

കെ.എസ്.ആർ.ടി.സി. പാസ്സുകൾക്കുള്ള അപേക്ഷാഫോറം എല്ലാ കെ.എസ്.ആർ.ടി.സി ഡിപ്പോകളിലും ലഭ്യമാണ്. പ്രൈവറ്റ് ബസ് പാസ്സ് അനുവദിക്കുന്നത് അതത് ആർ.ടി.ഒ/ജോയിന്റ് ആർ.ടി.ഒ വഴിയാണ്. തീവണ്ടി യാത്രയ്ക്കുള്ള അപേക്ഷാഫോറം റയിൽവേസ്റ്റേഷനുകളിൽ ലഭ്യമാണ്. തീവണ്ടി യാത്രയ്ക്ക് ലഭിക്കുന്ന പാസ്സിന്റെ ഫോട്ടോകോപ്പികൾ ഓരോ യാത്രയിലും ടിക്കറ്റ് കൗണ്ടറിൽ ഏൽപ്പിക്കേണ്ടതും ഒറിജിനൽ കൈവശം വെയ്ക്കേണ്ടതുമാണ്. എല്ലാ ഇളവുകൾക്കും ബന്ധപ്പെട്ട ഡോക്ടറുടെ അഥവാ മെഡിക്കൽ ബോർഡുകളുടെ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നിർദ്ദിഷ്ട ഫോറത്തിൽ തന്നെ വേണ്ടതാണ്.

## സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സേവനങ്ങൾ

### ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ (HMDC)

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന നാലിനും പതിനാറിനുമിടയിൽ പ്രായമുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്ന സ്ഥാപനമാണിത്. കോഴിക്കോട് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലേക്കുള്ള പ്രവേശനത്തിന് കുട്ടി മുൻപ് താമസിച്ചിരുന്ന സ്ഥാപനമേധാവിയുടെ ശുപാർശ കത്തോ /ആഫ്റ്റർ കെയർ ഓഫീസറുടെ ശുപാർശ കത്തോ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇവിടെ പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് ചികിത്സയും പാർപ്പിട സൗകര്യങ്ങളും നല്കിവരുന്നു. വിദ്യാഭ്യാസം, കരകൗശലം, ദൈനംദിനാവശ്യങ്ങൾ എന്നിവ സംയോജിപ്പിച്ചു കൊണ്ടുള്ള പരിശീലനപരിപാടിയും ഉണ്ട്. വിശദാംശ ങ്ങൾ സ്ഥാപന സൂപ്രണ്ടിൽ നിന്നും ലഭ്യമാണ്. (സാമൂഹ്യനീതി വകുപ്പ് )

**പ്രതീക്ഷാഭവൻ**

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന പ്രായപൂർത്തിയായ പുരുഷന്മാർക്കുള്ള സ്ഥാപനമാണ് മലപ്പുറം ജില്ലയിലെ തവനൂരിൽ പ്രവർത്തിക്കുന്ന പ്രതീക്ഷാഭവൻ മെഡിക്കൽ ഓഫീസറുടെ ശുപാർശ കത്ത് സഹിതമുള്ള അപേക്ഷ സ്ഥാപന സൂപ്രണ്ടിന് സമർപ്പിക്കാവുന്നതാണ്. അന്തേവാസികൾക്ക് വസ്ത്രവും ഭക്ഷണവും കിടക്കയും ആരോഗ്യപരിപാലനവും ആവശ്യമായ വൈദ്യചികിത്സയും ഇവിടെ നല്കി വരുന്നു.

**പ്രത്യാശാഭവൻ**

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന പ്രായപൂർത്തിയായ സ്ത്രീകൾക്ക് വേണ്ടിയുള്ള സ്ഥാപനമാണിത്. തൃശ്ശൂർ രാമവർമ്മപുരത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനത്തിന് മെഡിക്കൽ ഓഫീസറുടെ ശുപാർശകത്ത് സഹിതമുള്ള അപേക്ഷ സ്ഥാപന സൂപ്രണ്ടിന് സമർപ്പിക്കാവുന്നതാണ്. അന്തേവാസികൾക്ക് ഭക്ഷണവും വസ്ത്രവും കിടക്കയും ആരോഗ്യപരിപാലനവും ഇവിടെ നല്കിവരുന്നു.

**ഭിന്നശേഷിസദനം**

തിരുവനന്തപുരത്തും എറണാകുളത്തും വനിതാ ഭിന്നശേഷിർക്കും കോഴിക്കോട് പുരുഷ ഭിന്നശേഷിക്കാർക്കും സദനങ്ങൾ പ്രവർത്തിച്ചു വരുന്നു. മെഡിക്കൽ ഓഫീസറുടെ ശുപാർശ സഹിതമുള്ള കത്ത് അപേക്ഷയോടൊപ്പം സ്ഥാപന സൂപ്രണ്ടിന് സമർപ്പിക്കാവുന്നതാണ്. സ്ഥാപനത്തിലെ അന്തേവാസികൾക്ക് അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമെ വിദഗ്ദ ചികിത്സാസഹായവും നൽകി വരുന്നു.

**ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

സംസ്ഥാനത്ത് തിരുവനന്തപുരത്തും കോഴിക്കോടും രണ്ട് തൊഴിൽ പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇവിടെ 18 വയസിനുമേൽ പ്രായമുള്ള യുവജനങ്ങൾക്ക് ബുക്ക് ബൈൻഡിംഗ്, ടൈലറിംഗ്, എംബ്രോയ്ഡറി, കമ്പ്യൂട്ടർ ലെതർ വർക്കുകൾ, ഓഫ് സെറ്റ് പ്രിന്റിംഗ് എന്നിവയിൽ വിദഗ്ദ പരിശീലനം നൽകുന്നു. രണ്ട് വർഷം ദൈർഘ്യമുള്ള  ഈ കോഴ്സുകളിലേക്ക് പ്രവേശനത്തിന് മെഡിക്കൽ അഫീസർ നൽകുന്ന ശുപാർശ കത്ത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള കത്ത് എന്നിവ സഹിതമുള്ള അപേക്ഷ സ്ഥാപനമേധാവിക്ക് സമർപ്പിക്കാവുന്നതാണ്.  ഇതിന് പുറമെ ഹ്രസ്വകാല കമ്പ്യൂട്ടർ കോഴ്സുകളും ടി സ്ഥാപനങ്ങൾ നടത്തി വരുന്നുണ്ട്

**ബാലഭിന്നശേഷിസദനം**

4നും 16 നുമിടയിൽ പ്രായമുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനമാണിത്. മെഡിക്കൽ ഓഫീസറുടെ ശുപാർശ കത്ത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള കത്ത്, എന്നിവ സഹിതമുള്ള അപേക്ഷ സ്ഥാപനമേധാവിക്ക് സമർപ്പിക്കേണ്ടതാണ്. ആലപ്പുഴയിലും കണ്ണൂരിലും പ്രവർത്തിച്ചു വരുന്ന ഈ സദനങ്ങളിൽ കുട്ടികൾക്ക് അടിസ്ഥാസൗകര്യങ്ങൾ നല്കുന്നതോടൊപ്പം വൈദ്യസഹായവും സംരക്ഷണവും നല്കുന്നു. കുട്ടികൾക്ക് യുക്തമായ മേഖലയിൽ പരിശീലനം നല്കുന്നതോടൊപ്പം കലാകായിക രംഗങ്ങളിൽ കഴിവ് തെളിയിക്കുവാനുള്ള അവസരവും അവർക്കിവിടെ ലഭിക്കുന്നു.

**ആശാഭവൻ**

മാനസികാരോഗ്യം വീണ്ടെടുത്തെങ്കിലും സംരക്ഷിക്കുവാനാളില്ലാത്ത രോഗികളായ സ്ത്രീകളുടെ പരിചരണത്തിനും സംരക്ഷണത്തിനുമുള്ളതാണ് ആശാഭവൻ. സംസ്ഥാനത്ത് ആകെ ആറ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മാനസികാരോഗ്യം വീണ്ടെടുത്തവരാണെന്ന് തെളിയിക്കുന്ന മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 18 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കാണ് ഇവിടെ പ്രവേശനം ലഭിക്കുന്നത്.

**കേരള സർക്കാർ ഭിന്നശേഷിക്കാർക്കായി നൽകിയിട്ടുള്ള വിദ്യാഭ്യാസം – നിർദ്ദേശങ്ങൾ**

**സ്കൂൾ പ്രവേശനം**

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് സാധാരണ സ്കൂളുകളിൽ അഡ്മിഷൻ നിഷേധിക്കാൻ പാടില്ല (സർക്കുലർ No. IED 67996/98DPI/Tvpm dated 16/12/1998).

ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിൽ ബി.ആർ.സി. മുഖേന സർവ്വശിക്ഷാ അഭിയാനും ഒൻപതുമുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലേക്ക് പൊതുവിദ്യാഭ്യാസവകുപ്പ് നേരിട്ടും റിസോഴ്സ് അധ്യാപകരെ നിയമിച്ചിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിൽ സാധാരണ കുട്ടികളോടൊപ്പം പഠിക്കുന്ന പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്ക് പഠനപ്രവർത്തനങ്ങൾ നൽകുമ്പോൾ എന്തെല്ലാം അധികപ്രവർത്തനങ്ങളും ഉൾപ്പെടുത്തണമെന്ന ധാരണ അധ്യാപകർക്കു നൽകലും അവരെ അതിനു സഹായിക്കലുമാണ് റിസോഴ്സ് അധ്യാപകരുടെ പ്രധാന ചുമതല. കൂടാതെ കുട്ടികൾക്കു ലഭിക്കേണ്ട എല്ലാതരം ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടതും രക്ഷിതാക്കൾക്ക് അവരുടെ കുട്ടികൾക്ക് ലഭിക്കേണ്ട സേവനങ്ങളെക്കുറിച്ചും ധാരണ നൽകേണ്ടതും റിസോഴ്സ് അധ്യാപകരുടെ ചുമതലയാണ്.

**ബഹുഭാഷകൾ പഠിക്കുന്നതിൽ ഇളവുകൾ കേൾവിക്കുറവ്, ബുദ്ധിപരമായ വെല്ലുവിളി, പഠനവൈകല്യം)**

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ G.0 (MS)135/88 dated 1/09/88 Tvm ഉത്തരവ്, ശ്രവണവൈകല്യമുള്ളവർക്ക് ഒന്നാം ഭാഷയായ മലയാളം മാത്രം പഠിച്ചാൽ മതിയെന്നും കുട്ടി ആഗ്രഹിക്കുന്നുവെങ്കിൽ അവരെ രണ്ടും മൂന്നും ഭാഷകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുന്നു.

**എസ്.എസ്.എൽ.സി. പരീക്ഷ എഴുതുമ്പോൾ**

പരീക്ഷയെഴുതുന്ന പ്രത്യേകാവശ്യങ്ങൾ ഉള്ള കുട്ടികൾക്ക് ഓരോ വിഭാഗത്തിലും പ്രത്യേകം ഇളവുകൾ ലഭ്യമാണ്. അപഗ്രഥനശേഷി ആവശ്യമുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുന്നതിൽ ഇളവുണ്ട്. ഓരോ വിഭാഗത്തിനും ലഭ്യമാകുന്ന ഇളവുകൾ താഴെ കൊടുക്കുന്നു.

**കാഴ്ചക്കുറവുള്ള കുട്ടികൾക്ക്**

- മണിക്കൂറിന് പത്തു മിനിറ്റ് അധികസമയം
- ചിത്രം വര, ഗ്രാഫ് തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം എഴുതേണ്ടതില്ല.
- ബ്രെയിൽ ലിപിയിൽ ഉത്തരം എഴുതാനുള്ള അനുവാദം. ബ്രെയിൽ ലിപിയിൽ ആണ് ഉത്തരം
- എഴുതുന്നതെങ്കിൽ മണിക്കൂറിന് പതിനഞ്ച് മിനിറ്റ് അധികസമയം.
- എഴുതാൻ കഴിയാത്തവർക്ക് ഒരു സഹായി (Scribe) യെ ഉപയോഗപ്പെടുത്താം
- വിദ്യാർത്ഥികൾ ആഗ്രഹിക്കുന്നു എങ്കിൽ കണക്ക് വിഷയങ്ങൾ ഒഴിവാക്കുന്നതാണ്. പകരം വായ്പാട്ട്, ഉപകരണ സംഗീതം, കമ്പ്യൂട്ടർ എന്നിവയിലേതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാം.

**കേൾവിക്കുറവുള്ള കുട്ടികൾക്ക്**

- മണിക്കൂറിന് പത്തു മിനിറ്റ് അധിക സമയം
- വ്യാഖ്യാതാവിന്റെ സേവനം
- 25% ഗ്രേസ്മാർക്ക്

- മലയാളം/ഇംഗ്ലീഷ് കൂടാതെ ഹിന്ദി എന്നീ ഭാഷാവിഷയങ്ങൾ ഒഴിവാക്കാനുള്ള അനുവാദം
- മേൽപ്പറയുന്ന ഭാഷാവിഷയങ്ങൾ ഒഴിവാക്കുന്നെങ്കിൽ ഡ്രോയിംഗ് & പെയിന്റിംഗ്, കാറ്ററിംഗ്, കമ്പ്യൂട്ടർ എന്നിവയിലേതെങ്കിലും തെരഞ്ഞെടുക്കേണ്ടതാണ്.

**ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക്**

- മണിക്കൂറിന് പത്തു മിനിറ്റ് അധിക സമയം
- വ്യാഖ്യാതാവ് അഥവാ എഴുതാനുള്ള സഹായിയുടെ സേവനം
- 25% ഗ്രേസ് മാർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ (G.O (MS) No.61/98 dated 18/02/1989)
- മലയാളം/ഇംഗ്ലീഷ് കൂടാതെ ഹിന്ദി എന്നീ ഭാഷാവിഷയങ്ങൾ ഒഴിവാക്കാനുള്ള അനുവാദം. ഭാഷാവിഷയങ്ങൾക്കു പകരം ഡ്രോയിംഗ് & പെയിന്റിംഗ്, കാറ്ററിംഗ്, ഹോർട്ടികൾച്ചർ, കമ്പ്യൂട്ടർ എന്നിവയിലേതെങ്കിലും തിരഞ്ഞെടുക്കേണ്ടതാണ്.
- പ്രത്യേക സാഹചര്യങ്ങളിൽ കണക്ക് പരീക്ഷയും ഒഴിവാക്കി കൊടുക്കാറുണ്ട്.

**അസ്ഥിപരമായ പരിമിതികളുള്ള കുട്ടികൾക്ക്**

- ആവശ്യമെങ്കിൽ എഴുതാൻ സഹായിയുടെ സേവനം
- ചിത്രം വര, ഗ്രാഫ് എന്നീ മേഖലകളിൽ നിന്നും വരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുന്നതിൽ നിന്നും ഒഴിവാക്കുന്നു (കൈ സ്വാധീനക്കുറവുള്ളവർക്കു മാത്രം)
- മണിക്കൂറിന് പത്തു മിനിറ്റ് അധികസമയം. (കൈ സ്വാധീനക്കുറവുള്ളവർക്കു മാത്രം)
- ആവശ്യമെങ്കിൽ ഇരിപ്പിട ക്രമീകരണങ്ങൾ നൽകുന്നു.

**പഠനവൈകല്യമുള്ള കുട്ടികൾക്ക്**

ഡിസ്കാൽകുലിയ, ഡിസ്ഗ്രാഫിയ, ഡിസ് ലെക്സിയ എന്നീ പഠനവൈകല്യമുള്ള കുട്ടികൾക്കും വിവിധ തരത്തിലുള്ള പരീക്ഷാ ഇളവുകൾ അനുവദിച്ചു വരുന്നു. ടി.ടി.സി, കെ.ജി.ടി.ഇ., സാക്ഷരതാമിഷൻ നടത്തുന്ന തുല്യതാ പരീക്ഷ, പരീക്ഷാ ഭവൻ നടത്തുന്ന മറ്റു വിവിധ പരീക്ഷകൾ എന്നിവയ്ക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെയും ബന്ധപ്പെട്ട മേലധികാരികളുടെ ശുപാർശകളുടെയും അടിസ്ഥാനത്തിൽ ഒരു സഹായി (Scribe)യെ ഉപയോഗപ്പെടുത്തുക, അധികസമയം അനുവദിച്ചു കിട്ടുക തുടങ്ങിയ പരീക്ഷാഇളവുകൾ ഇത്തരം കുട്ടികൾക്ക് ലഭ്യമാക്കാനുള്ള വ്യവസ്ഥയുണ്ട്. എല്ലാ പരീക്ഷാ ഇളവുകളും അനുവദിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നാണ്.

മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷാഫോറത്തിൽ വിദ്യാർത്ഥിയും രക്ഷിതാവും ഒപ്പിട്ട അപേക്ഷ സ്കൂൾ അധികാരികൾക്ക് നൽകേണ്ടതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശയോടെ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് എല്ലാ വർഷവും ഒക്ടോബർ 30നകം അപേക്ഷ സമർപ്പിക്കാവുന്നതാണ്. പത്താംക്ലാസ്സിൽ ലഭിക്കുന്ന മേൽപ്പറഞ്ഞ എല്ലാ പരീക്ഷ ആനുകൂല്യങ്ങളും താഴ്ന്ന ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കും ലഭിക്കുന്നതിന് അർഹതയുണ്ട്.

**സർവ്വകലാശാല പരീക്ഷകൾ**

- കേരളസർവകലാശാല പരീക്ഷാ കൺട്രോളറുടെ ഉത്തരവു നമ്പർ EA 1852/97 dated 20/01/1998 കേരളസർവ്വകലാശാലയുടെ പരീക്ഷകൾക്ക് ബധിരരായവർക്ക് അവർക്ക് ലഭിക്കുന്ന മാർക്കിന്റെ 25 % ഗ്രേസ് മാർക്കായി ലഭിക്കും.
- എസ്.എസ്.എൽ.സി കഴിഞ്ഞ മുഴുവൻ കുട്ടികൾക്കും കേരളത്തിൽ പ്ലസ്ടു അഡ്മിഷൻ ലഭിയ്ക്കും.
- എല്ലാ ഐ.ടി.ഐ.കളിലും ഓരോ സീറ്റു വീതം പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി മാറ്റിവയ്ക്കുന്നു.

**ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ**

- ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് തടസങ്ങളില്ലാതെ സഞ്ചരിക്കാൻ എല്ലാ വിദ്യാലയങ്ങളിലും റാമ്പും, റയിലും, പ്രത്യേകമായി രൂപകല്പന ചെയ്ത ടൊയ്ലറ്റുകളും നിർമ്മിക്കാൻ വ്യവസ്ഥയുണ്ട്.
- പ്രത്യേക പരിശീലനം നൽകുന്ന റിസോഴ്സ് റൂം ഓരോ സ്കൂളിലും നിർബന്ധമായും സജ്ജീകരിക്കേണ്ടതാണ്.
- ക്ലാസ്സ് മുറികൾ താഴെ നിലയിൽ ക്രമീകരിക്കാൻ വ്യവസ്ഥയുണ്ട്.
- സൗകര്യപ്രദമായ ഇരിപ്പിട ക്രമീകരണം.
- തീവണ്ടികളിൽ പ്രത്യേക കോച്ചുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.
- സ്റ്റേഷനുകളിൽ പ്രത്യേക ടിക്കറ്റ് കൗണ്ടറുകൾ, റാമ്പുകൾ, വീൽചെയറുകൾ, ടോയ്ലറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇന്ത്യൻ റെയിൽവേ ഏർപ്പെടുത്തിയിട്ടുണ്ട്.
- റിസർവേഷൻ കമ്പാർട്ടുമെന്റിൽ ബർത്തുകളും ജനറൽ കമ്പാർട്ടുമെന്റിൽ ഒരു സീറ്റും സംവരണം ചെയ്തിട്ടുണ്ട്.
- കെട്ടിടനിർമ്മാണ ചട്ടത്തിൽ ശാരീരിക അവശതകൾ ഉള്ളവർക്ക് വേണ്ടി വിശേഷാൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.(KPBR ചട്ടം 104)

**സഹായക ഉപകരണങ്ങൾ**

- സഹായക ഉപകരണങ്ങൾ ആവശ്യമുള്ള എല്ലാ കുട്ടികൾക്കും മെഡിക്കൽ വിദഗ്ദരുടെ നിർദ്ദേശാനുസരണം വിതരണം ചെയ്യുന്നു. (കണ്ണട, ഹിയറിംഗ് എയ്ഡ്, വീൽ ചെയറുകൾ തുടങ്ങിയ സഹായ ഉപകരണങ്ങൾ)

**മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് (എസ്.എസ്.എ)**

- ഒന്നു മുതൽ എട്ടു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവരുടെ വൈകല്യവുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളിൽ നടത്തുന്ന സർജറിക്ക് പരമാവധി 5000 രൂപ വരെ എസ്.എസ്.എ.യിൽ നിന്നും ലഭ്യമാണ്. ഈ ആനുകൂല്യം ലഭിക്കുവാൻ ഡോക്ടറുടെ ഒപ്പുള്ള ബില്ലും വൗച്ചറും സഹിതം ബി.ആർ.സി.കളിൽ അപേക്ഷ സമർപ്പിച്ചാൽ മതി.
- ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സർക്കാർ ജീവനക്കാരായ രക്ഷിതാവിന് പ്രതിമാസം 150 രൂപ വിദ്യാഭ്യാസ അലവൻസ് ലഭിക്കുവാൻ അർഹതയുണ്ട്. കുട്ടിയുടെ വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും രക്ഷിതാവിന്റെ

സാക്ഷ്യപത്രവും സ്ഥാപനമേധാവിക്കു നൽകിയാൽ ഈ ആനുകൂല്യം ലഭ്യമാകുന്നതാണ്. (ഉത്തരവ് നമ്പർ G.O.(P)No.352/07/(65) Fin.dt.7/08/2006.Tvm)

**SSK സമഗ്ര ശിക്ഷാ കേരളയുടെ കീഴിൽ വരുന്ന ബി.ആർ.സി കളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ**

**1) സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളുടെ സർവ്വേ**

പ്രീ പ്രൈമറി മുതൽ പ്ലസ് ടു തലം വരെ ഉള്ള സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളുടെ സർവ്വേ.

സ്കൂളിന് പുറത്തുള്ള സവിശേഷ പരിഗണന കുട്ടികൾക്കുള്ള പഠന വിടവ് തിരിയ തിരിച്ചറിയുന്നതിന് ശാസ്ത്രീയമായ സർവ്വേ –

- ജില്ലാ ബി.ആർ.സി ഡാറ്റ ശേഖരണം
- പരിഹാരബോധനം
- വിദ്യാലയ പ്രവേശനം

**2) മെഡിക്കൽ ക്യാമ്പ്**

പൊതുവിദ്യാലയങ്ങൾ പഠിക്കുന്ന കുട്ടികളിൽ പ്രീ പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെ ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന്റെ ഭാഗമാകേണ്ട മുഴുവൻ കുട്ടികളും സർവ്വേയിലൂടെ സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ കണ്ടെത്തുകയും ബിആർസിതലത്തിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്യുന്നു. മെഡിക്കൽ ക്യാമ്പിൽ സഹായ ഉപകരണങ്ങൾ വിവിധതെറാപ്പികൾ വിവിധതലത്തിലുള്ള അക്കാദമിക പിന്തുണ വിവിധ അലവൻസുകൾ ഗൃഹാധിഷ്ഠിത വിദ്യാഭ്യാസത്തിന് അർഹരായ കുട്ടികൾ എന്നിവരെ കണ്ടെത്തുന്നു.

**3) സഹായ ഉപകരണങ്ങളും വിതരണം (Providing Aids & Appliances)**

സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളുടെ സ്കൂൾ രൂപീകൃത പ്രവർത്തനങ്ങൾക്ക് ഗുണപരമായ ഫലപ്രാപ്തി ഉണ്ടാക്കുന്നതിനായി വൈകല്യങ്ങളെ മറികടക്കുന്ന സഹായം ഉപകരണ വിതരണം ശ്രവണസഹായി ഓർത്തോ ഉപകരണങ്ങൾ കണ്ണട, ഡയപ്പർ, വാട്ടർബെഡ്, മോട്ടോർസൈഡ്, വീൽചെയർ മുതലായവ

**4) പഠനബോധന സാമഗ്രികൾ വികസിപ്പിക്കുക**

പർച്ചേസ് ആൻഡ് ഡെവലപ്മെന്റ് ഓഫ് ഡിഎൽഎം ഇൻഡസ് ഇൻസ്ട്രക്ഷൻ ട്രെയിനിങ് മെറ്റീരിയൽ സാധാരണ ക്ലാസ് മുറികളിലെ പഠന പ്രവർത്തനങ്ങൾ കൂടുതൽ ഭിന്നശേഷി സൗഹൃദം ആക്കുന്നതിനിക്കായി അധ്യാപകർ ഉപയോഗിക്കുന്ന ബോധന സാമഗ്രികളും പരിശീലന പഠന സാമഗ്രികളും അനുരൂപീകൃത സാധ്യത പരിഗണിച്ചുകൊണ്ട് തയ്യാറാക്കുകയും ആവശ്യമായവ വാങ്ങുകയും ചെയ്യുന്നു ഇവ സ്കൂളുകളിലെയും സ്പെഷ്യൽ കെയർ സെൻററുകളിലും ഓട്ടിസം സെൻററുകളിലേക്കും പഠന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു

**5) സ്പോർട്സ് ഉൾച്ചേർന്ന കായികമേള**

സവിശേഷ പരിഗണന അറിയിക്കുന്ന കുട്ടികൾക്കായി സകലിത (inclusive) ഇൻക്ലൂസീവ് കായികോത്സവങ്ങൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ അധ്യാപക പരിശീലനവും കുട്ടികൾക്ക് വിവിധ ഇനങ്ങളും ഗെയിംസുകളിലും ഇംഗ്ലീഷിൽ സ്പോർട്സ് മാനുവൽ പ്രകാരം പരിശീലനം നൽകുന്നു.

**6) പഠനസന്ദർശനം**

മാനസിക ഉല്ലാസത്തോടൊപ്പം നേരറിവ് സമ്പാദിക്കുന്നതിനും, സാമൂഹിക സാമൂഹികരണം, സഹപാഠ മനോഭാവം എന്നിവ വളർത്തുന്നതിന് യാത്രകൾ പ്രയോജനപ്പെടുന്നു.

**7) തെറാപ്പി സേവനങ്ങൾ**

ശാരീരിക മാനസിക പരിമിതികളെ കടക്കുന്നതിന് ആത്മവിശ്വാസത്തോടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സഹായമായ തെറാപ്പി സേവനങ്ങൾ ബിആർസിതലത്തിൽ നൽകിവരുന്ന ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ബിഹേവിയർ തെറാപ്പി, തെറാപ്പി മ്യൂസിക് തെറാപ്പി, ഡ്രാമ തെറാപ്പി, ഹോർട്ടികൾച്ചർ തെറാപ്പി, സ്മൈൽ തെറാപ്പി എന്നിവ നൽകുന്നു.

**8) ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം**

കിടപ്പിലായ വിദ്യാഭ്യാസ നൈപുണികളുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുവാൻ കഴിയാത്ത സാഹചര്യത്തിൽ മുഴുവൻ കുട്ടികളെയും കണ്ടെത്തി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നേതൃത്വത്തിൽ വീടുകളിൽ എത്തി ഹോം ട്യൂഷൻ ഉറപ്പാക്കുന്നു.

**9) വെർച്ചൽ ക്ലാസ് മുറി**

ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നൽകിവരുന്ന കുട്ടികൾക്ക് വീടുകളിൽ ടാബ് സൗകര്യം ഏർപ്പെടുത്തി ക്ലാസ് മുറികളുടെ നേരനുഭവം ലഭ്യമാക്കുന്നു. സ്കൂളിന്റെ നേരനുഭവും കുട്ടികൾക്ക് നൽകുന്നു

**10) ചങ്ങാതിക്കൂട്ടം**

ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം ചെയ്യുന്ന കുട്ടികൾക്ക് വിദ്യാലയം നേരെ അനുഭവ സാധ്യതകൾ നൽകുന്നതിനും കൂട്ടുകൂടലിന്റെ മധുരം അറിയുന്നതിനും, വിദ്യാലയ പ്രവർത്തനങ്ങളുമായി കൂട്ടുകാരും അധ്യാപകരും വീട്ടിലേക്ക് എത്തി കുട്ടിയോടൊപ്പം അവധി ദിനങ്ങളും വിശേഷദിനങ്ങളും ചെലവഴിക്കുന്ന രീതിയിലാണ് ചങ്ങാതിക്കൂട്ടം രൂപപ്പെടുത്തിയിട്ടുള്ളത്. സഹപാഠികൾക്ക് ഇത്തരം സാഹചര്യങ്ങളെ കുറിച്ചുള്ള ധാരണകളും മനോഭാവം രൂപപ്പെടുന്നു എന്നും ഏറെ പ്രധാനമാണ്

**11) ഓട്ടിസം സെന്റേഴ്സ്**

സംസ്ഥാനത്ത് 168 ഓട്ടിസം സെൻറർ കീഴിൽ പ്രവർത്തിക്കുന്നു വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കൊപ്പം മറ്റ സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികൾക്കും വ്യക്തിഗത പരിശീലനം നൽകി വരുന്നു വിവിധങ്ങളായ തെറാപ്പികൾ തെറാപ്പിസ്റ്റുകൾ ആയ തുടങ്ങിയവരുടെ സേവനങ്ങൾ ലഭ്യമാണ്

**12) തൊഴിൽ പരിശീലനം**

ഓട്ടിസം സെൻടൽ അനുബന്ധിച്ച് രക്ഷിതാക്കൾക്ക് തൊഴിൽ പരിശീലനം ചെറു വിപണന സാധ്യതക്ക് അവസരവും സെൻറർ കേന്ദ്രീകരിച്ചു ഉറപ്പുവരുത്തുന്നു.

**13) ഭിന്നശേഷി സൗഹൃദ സാമൂഹ്യ മനോഭാവം സൃഷ്ടിക്കൽ**

സമൂഹ കാഴ്ചപ്പാടിൽ അഭിലഷണീയമായ മാറ്റം ഉണ്ടാക്കുന്നതിനായി സ്വാഭാവികമായ സാഹചര്യങ്ങളും നേർ അനുഭവങ്ങളും സമൂഹത്തിന് ലഭ്യമാക്കുന്നതിനായി പ്രത്യേകം തയ്യാറാക്കപ്പെട്ട വീഡിയോസ്, തെരുവുനാടകങ്ങൾ, സ്കൂൾതല രചന മത്സരങ്ങൾ, ഷോർട്ട് ഫിലിം മത്സരങ്ങൾ, സോഷ്യൽ മീഡിയകളിലെ സാധ്യതകൾ, റേഡിയോ പ്രക്ഷേപണസാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

**14) സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെയും ആയ മാരുടെയും സേവനം കുട്ടികൾക്ക് ലഭ്യമാക്കുന്നു.**

**15) സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാം**

സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളെ സ്വാഭാവികമായി സമൂഹത്തിലേക്ക് ഉൾചേർക്കുന്നതിനായി ഭിന്നശേഷി ദിനാചരണം, മറ്റ് ദേശീയ ദിനാചരണങ്ങൾ, രക്ഷാകർതൃ അവബോധ, പരിപാടികൾ, തുടങ്ങിയവ നടപ്പിലാക്കുന്നു

16) **എസ്കോർട്ട് അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ്, girls stipend എന്നിവ നൽകുന്നു**

17) **ബ്രെയിലി സ്റ്റേഷനറി മെറ്റീരിയൽ വിതരണം**

18) **ഓറിയന്റേഷൻ ഓഫ് പ്രിൻസിപ്പൽ എജ്യുക്കേഷൻ അഡ്മിനിസ്ട്രേറ്റീവ് പാരൻസ് ഗാർഡിയൻ പ്രധാന അധ്യാപകൻ ഉൾപ്പെടെയുള്ള വിവിധ ഭരണകർത്താക്കളുടെ പരിശീലനം**

19) **ഇൻസർവീസ് ട്രെയിനിങ് ഫോർ സ്പെഷ്യൽ എജ്യുക്കേറ്റഴ്സ്**

20) **അധ്യാപക പരിശീലനം**

21) **SPACE- Special Platform to Achieve Classroom Experience for bedridden children**

SPACE പദ്ധതി - കിടപ്പിലായ കുട്ടികൾക്ക് സ്കൂൾ നേരം അനുഭവം നൽകുന്നതിനായി തിരഞ്ഞെടുത്ത സ്കൂളിലെ ഒരു ക്ലാസിൽ CPChair, ICU Bed, Wheel Chairs, തെറാപ്പി ഉപകരണങ്ങൾ, Adapted Toilet എന്നിവ സജ്ജീകരിക്കുന്നു

22) **ഓൺലൈൻ സപ്പോർട്ട്**

ടോക്കിങ് ടെക്സ്റ്റ്, വൈറ്റ് ബോർഡ് വീഡിയോസ്, വർക്ക് ഷീറ്റ് എന്നിവ ഓരോ ക്ലാസിലെയും ടെക്സ്റ്റ് ബുക്കുകൾക്ക് അനുസരിച്ച് തയ്യാറാക്കിയിരിക്കുന്നു

SSK വെബ്സൈറ്റിൽ തെറാപ്പി പരിശീലനങ്ങൾ രക്ഷിതാക്കൾക്ക് സഹായകമായ വീഡിയോകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്

23) **സ്കൂളുകളിലെ പരിപാടികൾ പങ്കാളിത്തം**

24) **സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളുടെ കലാകായിക പ്രവർത്തനങ്ങൾക്ക് പിന്തുണ** നൽകുന്നതിനായി BRC തലത്തിൽ കൾച്ചറൽ ഹബ്ബ് രൂപീകരിച്ചിട്ടുണ്ട്.

25) **പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ Special Panchayat Education** Committee (PEC) /MEC/CEC

26) **PRASATH APP വഴി സ്കൂൾ അധ്യാപകർ ശേഖരിക്കുന്ന കുട്ടികളുടെ വിവരം**

## അദ്ധ്യായം – 8

## ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം കർമ്മപദ്ധതി ആസൂത്രണം

ഭിന്നശേഷി നേരിടുന്ന മുഴുവൻ പേർക്കും സാധാരണ ജീവിതം സാധ്യമാക്കുന്നതിന് എന്ത് ചെയ്യാൻ കഴിയും.? അദ്ധ്യായം 3 ൽ സൂചിപ്പിച്ച 11 പൊതുപ്രശ്നങ്ങൾ തദ്ദേശഭരണസ്ഥാപന പ്രദേശത്ത് എത്രമാത്രമുണ്ടെന്ന് കണ്ടെത്തേണ്ടതുണ്ട്. അതിനായി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കാര്യക്ഷമമാകണമെങ്കിൽ ഭിന്നശേഷി മാനേജ്മെന്റ് പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള മൗലികമായ പ്രശ്നമേഖലകളിൽ ഓരോന്നും എപ്രകാരം പരിഹരിക്കാൻ കഴിയുമെന്ന് പരിശോധിക്കണം. പ്രശ്നങ്ങൾ തിട്ടപ്പെടുത്തുക, നിശ്ചിത കാലയളവിനുള്ളിൽ എത്രമാത്രം അവ പരിഹരിക്കാൻ ലക്ഷ്യമിടുന്നു, അതിനായി ഏതെല്ലാം തന്ത്രങ്ങൾ സ്വീകരിക്കാം എന്നിവ കണക്കാക്കി ഏറ്റെടുക്കാൻ തയ്യാറുള്ള കർമ്മപരിപാടിക്ക് രൂപം നൽകണം.

കർമ്മപരിപാടിക്ക് രൂപം നൽകുമ്പോൾ നിലവിൽ ലഭ്യമായ മുഴുവൻ സേവന സാധ്യതകളും ഓരോ പ്രശ്നങ്ങൾക്ക് നേരെയും അടയാളപ്പെടുത്തണം. ഇതോടൊപ്പം ലക്ഷ്യം നേടുന്നതിന് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ ഏതെല്ലാം പ്രയോജനപ്പെടുത്താമെന്നും പരിശോധിക്കണം. ഈ പരിശോധനകൾക്ക് ശേഷമാകണം സമഗ്ര കർമ്മപദ്ധതി ആവിഷ്കരിക്കേണ്ടത്. അപ്രകാരം ഒരു പ്രാദേശിക നയവും സംയോജിത പദ്ധതിയും രൂപപ്പെടുത്തുന്നതിന് തദ്ദേശസ്ഥാപനത്തിന്റെ തീരുമാനം ആവശ്യമാണ്. ഇതിനായി സ്വീകരിക്കാവുന്ന നടപടിക്രമങ്ങൾ താഴെ നൽകുന്നു.

**ഗ്രാമ/മുനിസിപ്പൽ തല കർമ്മപരിപാടി**

- ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം ഒരു നയമായി ഭരണസമിതി അംഗീകരിക്കുക.
- ഭിന്നശേഷിയുള്ളവരെ സംബന്ധിച്ച് സമഗ്രമായ സ്ഥിതിവിവര കണക്കുകൾ ഗ്രാമ/നഗര പഞ്ചായത്തുകൾ ശേഖരിക്കുക.
- തദ്ദേശ സർക്കാർ തലത്തിൽ പ്രത്യേക ഭിന്നശേഷി ഗ്രാമസഭ വിളിച്ചു ചേർക്കുക.
- ഭിന്നശേഷിക്കാർക്കായി അയൽക്കൂട്ടങ്ങൾ/ക്ലബ്ബുകൾ എന്നിവ രൂപീകരിക്കുവാൻ നേതൃത്വം നൽകുക.
- ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം നടപ്പിലാക്കുന്നതിന് തദ്ദേശതല സഹായസമിതിക്ക് രൂപം നൽകുക.
- അവസ്ഥ വിശകലനത്തിന്റേയും, ഗ്രാമസഭ നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ പ്രശ്ന പരിഹാര പരിപാടികൾ തയ്യാറാക്കുക.
- ഭിന്നശേഷി സൗഹൃദ ലക്ഷ്യങ്ങൾ നിർണ്ണയിക്കുക.
- ഭിന്നശേഷി കർമ്മപദ്ധതി ആവിഷ്കരിക്കുക. (ഫോറം 2 പരിശോധിക്കുക)
- ബഡ്ജറ്റ് വകയിരുത്തലും വിവിധ സേവനമേഖലകളുടെ സംയോജിത പ്രവർത്തനങ്ങളും ചിട്ടപ്പെടുത്തുക.
- ഭിന്നശേഷി ജനകീയ സഹായസമിതികൾ – ഗ്രാമതലം മുതൽ : കുടുംബശ്രീ, വയോജനക്ഷേമ സംഘടനകൾ, തൊഴിലാളി സംഘടനകൾ, വനിത സമാജങ്ങൾ, പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി, വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ കമ്മിറ്റി, പി.ടി.എ, അങ്കണവാടി മോണിറ്ററിംഗ്

കമ്മിറ്റി തുടങ്ങിയവയിൽ നിന്നും സേവന തൽപരരായവരെ സഹായസമിതിയിൽ ചേർക്കേണ്ടതാണ്.

**ബ്ലോക്ക് തല കർമ്മപരിപാടി :**

- ഒരു ബ്ലോക്കിനകത്തുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും പ്രത്യേക യോഗം വിളിച്ച ചേർക്കൽ
- സംയോജിത പ്രവർത്തനങ്ങൾ നിർണ്ണയിക്കൽ
- സംയുക്ത ഇടപെടൽ സാദ്ധ്യതകൾ പട്ടികപ്പെടുത്തൽ
- ബ്ലോക്ക് കർമ്മപരിപാടി തയ്യാറാക്കൽ
- ബഡ്സ് റിഫാബിലിറ്റേഷൻ ആന്റ് വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ
- സ്കോളർഷിപ്പ് വിഹിതം
- ഏർളി ഡിറ്റക്ഷൻ
- മെഡിക്കൽ ക്യാമ്പ്

**ജില്ലാതല കർമ്മപരിപാടി**

ഒരു ജില്ലയ്ക്കകത്തുള്ള എല്ലാ ബ്ലോക്കുകളുടെയും നഗരസഭകളുടേയും വിവിധ വകുപ്പുകളുടെയും സംയുക്ത ഇടപെടൽ

- ജില്ലാതല പ്രത്യേക യോഗം ഡിപിസിയുടെ നേതൃത്വത്തിൽ വിളിച്ച ചേർക്കൽ
- ജില്ലാതല ടാസ്ക് ഫോഴ്സ് രൂപീകരിക്കൽ
- ജില്ലാ കർമ്മപരിപാടി തയ്യാറാക്കൽ
- ഭിന്നശേഷി സൗഹൃദ ഭരണ പ്രാരംഭ വിളംബരം
- പ്രവർത്തനക്ഷമമായ മോണിട്ടറിംഗ് – വിലയിരുത്തൽ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ

**സമഗ്ര പദ്ധതി ഉദ്ദേശ ലക്ഷ്യങ്ങൾ**

1. ഭിന്നശേഷി അവസ്ഥാ പഠനം അവശ്യ അപഗ്രഥനം (Need Analysis).
2. സ്കോളർഷിപ്പിന്റെ കൃത്യമായ വിതരണം.
3. പെൻഷൻ സമഗ്രമാക്കൽ.
4. ഒരു ബഡ്സ് സ്ഥാപനം, പരിശീലന കേന്ദ്രം പകൽ പരിപാലന കേന്ദ്രം ഉറപ്പാക്കൽ.
5. സംയോജിത സംയുക്ത പ്രോജക്ടുകൾ നിശ്ചയിക്കൽ.
6. ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടെയും ഘടകസ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കൽ.
7. പാലിയേറ്റീവ് സേവന വ്യാപനം. (ഭിന്നശേഷിക്കാരുടെ കുടുംബാംഗങ്ങളിലേക്കും)
8. ചികിത്സാ സൗകര്യങ്ങൾ, ഏർളി ഡിറ്റക്ഷൻ ഇന്റർവെൻഷൻ സെന്റർ സേവനങ്ങൾ
9. സഹായ ഉപകരണ ആവശ്യകത നിർണ്ണയിക്കലും അവയുടെ വിതരണവും ലഭ്യതയും.

10. എല്ലാവർക്കും വിദ്യാഭ്യാസം നിയമാനുസൃതം ഉറപ്പാക്കൽ
11. തൊഴിൽ പരിശീലന ഇടപെടൽ
12. ഉത്പന്ന സംഭരണ വിപണന സൗകര്യത്തിന് പ്രത്യേക സംവിധാനങ്ങൾ

ഇപ്രകാരം അദ്ധ്യായം രണ്ടിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ പുനരധിവാസ ഇടപെടലുകളും ചർച്ച ചെയ്യേണ്ടതാണ്.

**ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം കർമ്മപരിപാടി തയ്യാറാക്കൽ (ഫോർമാറ്റ്)**

ഓരോ തദ്ദേശഭരണ സ്ഥാപനവും ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ ഉറപ്പ് വരുത്തുന്നതിനായി ഭിന്ന ശേഷി സൗഹൃദ തദ്ദേശഭരണം നയമായി സ്വീകരിക്കാൻ തീരുമാനിച്ചാൽ അത് നടപ്പിൽ വരുത്തുന്നതിന് സ്വീകരിക്കേണ്ട മേഖലാതല ലക്ഷ്യങ്ങളും കർമ്മപരിപാടിയും തയ്യാറാക്കുന്നതിനുള്ള മാതൃകാപട്ടിക താഴെ നൽകുന്നു.

## ഗ്രൂപ്പ് വർക്ക് – ഫോറം –1

## ഭിന്നശേഷി സൗഹൃദതദ്ദേശഭരണം ലക്ഷ്യരേഖ

**തദ്ദേശ സ്ഥാപനത്തിന്റെ പേര്.....................................**

| ക്രമ നം. | മുഖ്യലക്ഷ്യമേഖല (മാട്രിക്സ് പ്രകാരം) | നടപ്പാക്കാൻ തീരുമാനിക്കുന്ന ഉപലക്ഷ്യങ്ങൾ (കുറഞ്ഞത് ഓരോ ലക്ഷ്യത്തിനും നേരെ നൽകിയിട്ടുള്ള 3 പ്രവർത്തനങ്ങളെങ്കിലും തിരഞ്ഞെടുക്കുക) |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |
| 11 | | |

**കുറിപ്പ്**

കൈപുസ്തകം മാനേജ്മെന്റ് മാട്രിക്സ് പരിശോധിച്ച് ഓരോ മേഖലയിൽ നിന്നും കുറഞ്ഞത് 3 ലക്ഷ്യങ്ങൾ തിരഞ്ഞെടുത്ത് ചാർട്ടിൽ രേഖപ്പെടുത്തുക. തുടർന്ന് അദ്ധ്യായം 7 ഭിന്നശേഷി സൗഹൃദഭരണം കർമ്മപദ്ധതി ലക്ഷ്യമാതൃക പരിശോധിച്ച് അതുമായി ബന്ധപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തുക.

പ്രവർത്തനങ്ങൾ രേഖപ്പെടുത്തുമ്പോൾ അവ നേരിട്ട് കാണാവുന്നതോ, അളക്കാവുന്നതോ ആയിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

**തിയതി** **(ഒപ്പ്)**

**പേര്**

**ഫോറം – 2**

**ഗ്രൂപ്പ് വർക്ക് – കർമ്മരേഖ**

**(ഭിന്നശേഷി സൗഹൃദ തദ്ദേശഭരണം സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, തിയതികൾ)**

തദ്ദേശ സ്ഥാപനത്തിന്റെ പേര്...............................

| ക്രമ നം | പ്രവർത്തനങ്ങൾ | നടപ്പാക്കുന്ന സമയം | ചുമതലക്കാർ |
|---|---|---|---|
| 1 | ഭിന്നശേഷിസൗഹൃദ ഭരണം തീരുമാനം | | |
| 2 | സ്റ്റിയറിംഗ് കമ്മിറ്റി യോഗം | | |
| 3 | വിവരശേഖരണ ഉദ്യോഗസ്ഥ യോഗം | | |
| 4 | വ്യക്തിഗത വിവരശേഖരണം | | |
| 5 | പ്രത്യേക ഗ്രാമസഭ സംഘാടനം | | |
| 6 | ഭിന്നശേഷി സൗഹൃദ മാനേജ്മെന്റ് സമിതി രൂപീകരണം | | |
| 7 | ഭിന്നശേഷി അയൽക്കൂട്ടം രൂപീകരണം | | |
| 8 | ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി കേന്ദ്രം ആരംഭിക്കൽ (GRC പോലെ DRC) | | |
| 9 | ഭിന്നശേഷി സൗഹൃദ മാനേജ്മെന്റ് പ്ലാൻ ലക്ഷ്യരേഖ തയ്യാറാക്കൽ | | |
| 10 | ഭിന്നശേഷി ക്ഷേമ പ്രോജക്ടുകൾ ഹ്രസ്വകാല, ദീർഘകാല കർമ്മപദ്ധതി തീരുമാനിക്കൽ | | |
| 11 | സ്റ്റേക്ക്ഹോൾഡർ മീറ്റിംഗ് | | |
| 12 | ഭിന്നശേഷി കർമ്മ പദ്ധതി തയ്യാറാക്കൽ | | |
| 13 | ഭിന്നശേഷി സൗഹൃദ ഭരണം പ്രാരംഭ പ്രഖ്യാപനം | | |
| 14 | മോണിറ്ററിംഗ് – കമ്മറ്റി രൂപീകരണം | | |
| | | | |

**കുറിപ്പ്** – മേൽസൂചിപ്പിച്ച പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് സമയബന്ധിതമായി പാലിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച മാതൃക വിവരണം ഫോറം 3 താഴെ നൽകിയിരിക്കുന്നു. ഈ നിർദ്ദേശങ്ങൾ പരിശോധിച്ചതിനുശേഷം ഫോറം 2 പൂരിപ്പിക്കുക

**ഫോറം 3**

**കർമ്മരേഖ ചുമതലാ വിഭജനം**

തദ്ദേശ സ്ഥാപനത്തിന്റെ പേര്.....................

പ്രതീക്ഷിക്കുന്ന നടപടികൾ പ്രവത്തനങ്ങൾ

| ക്രമ നം. | പ്രതീക്ഷിക്കുന്ന നടപടികൾ | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| 1. | ഭിന്നശേഷി സൗഹൃദ ഭരണ തീരുമാനം | തദ്ദേശ ഭരണസമിതി | പ്രസിഡന്റ് |
| 2. | സ്റ്റിയറിംഗ് കമ്മിറ്റി | വിവരശേഖരണം, പ്രത്യേക ഗ്രാമസഭ, നടത്തിപ്പുകൾ | പ്രസിഡന്റ് |
| 3. | വിവരശേഖരണ ഉദ്യോഗസ്ഥ യോഗം | ആരോഗ്യവും വിദ്യാഭ്യാസവും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് കീഴിലെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും ചുമതല വിഭജനം<br>• ക്രോഡീകരണം<br>• അപഗ്രഥനം | സെക്രട്ടറി |
| 4. | വ്യക്തിഗത വിവരശേഖരണം | സമഗ്ര ഭിന്നശേഷി വിവരശേഖരണം – അങ്കണവാടി വർക്കർമാർ, അയൽക്കൂട്ടങ്ങൾ മുഖേന | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ |
| 5. | പ്രത്യേക ഗ്രാമസഭ | ഭിന്നശേഷിക്കാരുടെ ആവശ്യങ്ങൾ നിർദ്ദേശങ്ങൾ തിട്ടപ്പെടുത്തൽ, അയൽക്കൂട്ട രൂപീകരണ നിർദ്ദേശം | പ്രസിഡന്റ് |
| 6. | ഭിന്നശേഷി സൗഹൃദ മാനേജ്മെന്റ് സമിതി | വിവിധ ജനവിഭാഗങ്ങൾ ഉദ്യോഗസ്ഥർ, സ്വകാര്യ പ്രസിഡന്റ്, സേവന പ്രവർത്തകർ | പ്രസിഡന്റ് |
| 7. | ഭിന്നശേഷി അയൽക്കൂട്ട രൂപീകരണം | പ്രത്യേക ഗ്രാമസഭയിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ ഓരോ വാർഡിൽ ചുമതല നൽകൽ | പ്രസിഡന്റ് |
| 8. | ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി കേന്ദ്രം ആരംഭിക്കൽ | സാധ്യതകൾ, സ്വീകരിക്കുന്ന മാതൃക, നൽകാൻ ഉദ്ദേശിക്കുന്ന മറ്റ് സേവനങ്ങൾ, വിഭവസമാഹരണം, നിർവ്വഹണ രീതി, മാനേജ്മെന്റ് | പ്രസിഡന്റ്,<br>ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി |
| 9. | ഭിന്നശേഷി സൗഹൃദ മാനേജ്മെന്റ് പ്ലാൻ (മാട്രിക്സ് ) | ഭിന്നശേഷിക്കാർക്കായി ഏർപ്പെടുത്താൻ വയോജന ലക്ഷ്യരേഖ എന്നിവ തിട്ടപ്പെടുത്തൽ | പ്രസിഡന്റ് |
| 10. | ഭിന്നശേഷി ക്ഷേമ പ്രോജകൾ ഹ്രസ്വകാല, ദീർഘകാല കർമ്മപദ്ധതി തീരുമാനിക്കൽ | കൗൺസലിംഗ്, നിയമസഹായം, ഭിന്നശേഷി സൗഹൃദ ആശുപത്രി, സമ്പൂർണ്ണ പെൻഷനും സ്കോളർഷിപ്പുകളും, സഹായ ഉപകരണങ്ങൾ, നിർമ്മിതികൾ, പകൽ പരിപാലനം, പരിശീലനം തുടങ്ങിയവ | പ്രസിഡന്റ്/സ്റ്റാന്റിംഗ് കമ്മിറ്റികൾ |
| 11. | സ്റ്റേക്ക്ഹോൾഡർ മീറ്റിംഗ് | സ്വകാര്യ സന്നദ്ധ പങ്കാളിത്തം | പ്രസിഡന്റ് |
| 12. | ഭിന്നശേഷി കർമ്മ പദ്ധതി | വിവര അപഗ്രഥനം മാനേജ്മെന്റ് പ്ലാൻ, ക്ഷേമ പ്രോജക്ടുകൾ തുടങ്ങിയവ തയ്യാറാക്കിയ ശേഷം അദ്ധ്യായം 7 അനുസരിച്ച് കർമ്മപദ്ധതി | സ്റ്റാന്റിംഗ് കമ്മിറ്റികൾ |
| 13. | ഭിന്നശേഷി സൗഹൃദ – ഭരണ പ്രാരംഭപ്രഖ്യാപനം | ലക്ഷ്യങ്ങൾ – പദ്ധതികൾ രൂപീകരിച്ച് വിപുലമായ പൊതുസമ്മേളനം | ഭരണസമിതി |
| 14. | മോണിറ്ററിംഗ് | പദ്ധതി അവലോകനം, പുരോഗതി റിപ്പോർട്ട് തയ്യാറാക്കൽ | സ്റ്റാന്റിംഗ് കമ്മിറ്റികൾ |

# അനുബന്ധങ്ങൾ

## അനുബന്ധം – 1

## ഭിന്നശേഷി വിഭാഗങ്ങളിൽ ബൗദ്ധികവെല്ലുവിളികൾ നേരിടുന്നവർക്ക് എന്തുകൊണ്ട് പ്രത്യേക പ്രാധാന്യം ?

ശാരീരിക ചലന വൈകല്യങ്ങളെയാണ് മുൻകാലങ്ങളിൽ ഭിന്നശേഷിയായി കണ്ടിരുന്നത്. പോളിയോപോലുള്ള രോഗങ്ങൾ, അപകടങ്ങൾ, യുദ്ധം, കലാപം എന്നിവയൊക്കെ ശാരീരിക വൈകല്യങ്ങൾക്ക് കാരണമായിരുന്നു. ഇന്ദ്രിയ പരിമിതികളായ അന്ധത, ബധിരത എന്നീ ഭിന്നശേഷികളും പ്രത്യക്ഷത്തിൽ കാണാവുന്നതായിരുന്നു. അതുകൊണ്ട് തന്നെ ഇവരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നേരത്തേ ആരംഭിച്ചിരുന്നു. രോഗപ്രതിരോധ ചികിത്സകൾ ഇതിൽ പ്രധാനമായിരുന്നു. ഇതോടൊപ്പം കാഴ്ച കുറഞ്ഞവർക്ക് ബ്രെയിലി ലിപി, ബധിരത ബാധിച്ചവർക്ക് സൈൻ ലാംഗ്വേജ് എന്നിവ രൂപപ്പെടുത്തുകയും അവർക്കായി പ്രത്യേക പാഠശാലകൾ ആരംഭിക്കുകയും ചെയ്തു.

ബൗദ്ധിക വെല്ലുവിളികൾ അതായത് ബുദ്ധിപരിമിതി, ഓട്ടിസം തുടങ്ങിയവ ഏറെ തെറ്റിദ്ധാരണകൾക്ക് കാരണമായ വ്യക്തിവ്യത്യാസം മാത്രമായി കണക്കാക്കപ്പെട്ടു. മാനസിക രോഗം തന്നെയാണ് ബൗദ്ധിക വെല്ലുവിളികളെന്നും തെറ്റിദ്ധരിച്ചിരുന്നു. പൂർവ്വജന്മശാപവും, പിശാചുബാധയും മറ്റുമാണ് ഇതിന് കാരണമെന്ന് വിശ്വസിക്കുകയും അതുകൊണ്ട് തന്നെ ഇവരോട് ക്രൂരമായ പെരുമാറ്റം ഉണ്ടാവുകയും ചെയ്തിരുന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ ബുദ്ധിമാനം (ഐ.ക്യൂ) വികാസം പ്രാപിക്കുകയും അതോടൊപ്പം ജീവശാസ്ത്രരംഗത്ത് ക്രോമസോം, ഡിഎൻഎ തുടങ്ങിയ ജനിതക ഘടകങ്ങൾ കണ്ടെത്തുകയും ചെയ്തപ്പോഴാണ് ബുദ്ധിപരമായ വെല്ലുവിളി (Intellectual challenges) ജനിതക – ജീവശാസ്ത്ര കാരണങ്ങളാൽ തലച്ചോറിന്റെ പ്രവർത്തനങ്ങളേയും അന്തസ്രാവി ഗ്രന്ഥികളേയും അസ്ഥിപേശിബന്ധങ്ങളേയും (മസ്കുലോസ്കെലിട്ടൽ) സാരമായി ബാധിക്കുന്നതും ജീവിതചക്രത്തിലുടനീളം തുടരുന്നതുമായ അവസ്ഥയാണെന്ന് കണ്ടെത്തിയത്. ബൗദ്ധിക വെല്ലുവിളികൾക്ക് പരിഹാരമായ ഔഷധ ചികിത്സ ഇന്നും രൂപപ്പെട്ടിട്ടില്ല.

### മാനസിക വെല്ലുവിളികൾ

### a. ബുദ്ധിപരമായ വെല്ലുവിളി അനുഭവിക്കുന്നവർ (Intellectual disability)

സാധാരണ ബുദ്ധിശക്തിയുടെ പ്രവർത്തനക്ഷമതയിലെ പരിമിതികൾ മൂലം സാമൂഹിക ഇടപെടലിലും ദിനചര്യകളിൽ പോലും പരിമിതി അനുഭവപ്പെടുന്നവർ നമുക്കു ചുറ്റുമുണ്ട്. ലോക ജനസംഖ്യയിൽ ഏകദേശം 3% പേർക്ക് ബുദ്ധിപരിമിതി ഉള്ളതായി കണക്കാക്കപ്പെടുന്നു. ബുദ്ധിവികാസം കുറവായതിനാൽ ഇവർക്ക് സമൂഹത്തിൽ മറ്റുള്ളവരുമായി ഒത്തിണങ്ങി പോകുന്നതിന് ആവശ്യമായ കഴിവ് കുറവായിരിക്കും. ആശയവിനിമയത്തിനും ദൈനംദിന കാര്യങ്ങൾ സ്വന്തമായി ചെയ്യുന്നതിനുമുള്ള കഴിവില്ലായ്മ, സാമൂഹിക പരിജ്ഞാനകുറവ്, ആരോഗ്യ പരിപാലനത്തിലും സുരക്ഷാബോധത്തിലും ധാരണയില്ലായ്മ തുടങ്ങിയവയെല്ലാം ബുദ്ധിപരിമിതിയുള്ളവരിൽ സാധാരണ കണ്ടുവരുന്നു. ബുദ്ധിപരിമിതി ഒരു രോഗമല്ല; മസ്തിഷ്കത്തിന്റെ ഘടനയിലോ പ്രവർത്തനത്തിലോ ഉള്ള തകരാറുമൂലം സംഭവിക്കുന്ന ഒരവസ്ഥയാണിത്.

‘‘സാധാരണ ബുദ്ധിശക്തിയുടെ പ്രവർത്തനം ഗണ്യമായ വിധം ശരാശരിയിൽ കുറവും അതിനു സമാന്തരമായി അനുദിന കൃത്യ നിർവ്വഹണത്തിൽ പോരായ്മകളും വികാസഘട്ടത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രതിഭാസത്തെ 'ബുദ്ധിപരിമിതി' എന്ന് പറയാം.

പുതിയ കാര്യങ്ങൾ ശ്രദ്ധിക്കുക, പ്രശ്നങ്ങൾ പരിഹരിക്കുക, കഴിഞ്ഞകാല അനുഭവങ്ങൾ ഓർക്കുക, പുതിയ കാര്യങ്ങൾ മനസ്സിലാക്കുക തുടങ്ങിയ കാര്യങ്ങളിലെല്ലാം വ്യത്യസ്ത വ്യക്തികളുടെ തലച്ചോറുകൾ വ്യത്യസ്ത കഴിവുകളാണ് പ്രകടിപ്പിക്കുന്നത്.

തലച്ചോറിന്റെ ഈ പ്രവർത്തനങ്ങളുടെയെല്ലാം ആകെത്തുകയെ നാം ബുദ്ധി എന്ന് പറയുന്നു. ഈ സാമർത്ഥ്യക്കുറവിനെ ‘ബുദ്ധി പരിമിതി’ എന്ന് പറയാം. അവർ വ്യക്തി-സാമൂഹ്യജീവിതത്തിൽ നിരവധി വെല്ലുവിളികൾ അനുഭവിക്കുന്നുണ്ട്. ബുദ്ധിപരിമിതിയുള്ള കുട്ടികളിൽ മാനസിക പ്രായം (Mental Age) കുറവായിരിക്കും.

18 വയസ്സിനുശേഷം തലച്ചോറിന് ക്ഷതം സംഭവിക്കുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധി കുറവിനെ സാധാരണയായി ബുദ്ധിപരിമിതിയെന്ന് വിളിക്കാറില്ല.

ഒരാളുടെ യഥാർത്ഥ വയസ്സും മാനസിക വളർച്ചയും തമ്മിലുള്ള അനുപാതം ബുദ്ധിമാനം (IQ) എന്നറിയപ്പെടുന്നു.

Intelligence Quotient = Mental Age/ Chronological Age *100

ബുദ്ധിയെ അളക്കാൻ വിവിധ ശാസ്ത്രീയ മാനദണ്ഡങ്ങൾ ഇന്നു ലഭ്യമാണ്. കുട്ടികളുടെ ബുദ്ധിമാനം (ഐക്യു) അളക്കുന്നതിന് നിലവിൽ അംഗീകരിക്കപ്പെട്ട പലതരം ടെസ്റ്റുകളുണ്ട്. ഇവയോരോന്നും വ്യത്യസ്തമാണ്. കുട്ടികളുടെ പ്രായം, മാനസിക വളർച്ച, സാമൂഹിക ചുറ്റുപാട് എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് ഇത്തരം ടെസ്റ്റുകൾ നടത്തുന്നത്.

ബുദ്ധിമാനം അളക്കുന്നതിനുള്ള സാമഗ്രികൾ-

1. Wechsler Intelligence Scale for Children (WISC)

   ഗണിതം, വാക്യപൂരണം, താരതമ്യം, ചിത്രപൂരണം, ബ്ലോക്ക് ഡിസൈനിംഗ് തുടങ്ങിയ നിരവധി പ്രവർത്തനങ്ങളിലൂടെയാണ് ബുദ്ധിമാനം അളക്കുന്നത്.

2. (a) Raven's Standard Progressive Matrics

   (b) Coloured Progressive Matrics (Raven.G.C)

   ഇവ രണ്ടും ചിത്രങ്ങളുടെ സഹായത്തോടെയാണ് നടത്തുന്നത്. ആദ്യം എളുപ്പമുള്ള പ്രവർത്തനത്തിൽ നിന്നും തുടങ്ങി വിഷമം പിടിച്ച പ്രവർത്തനത്തിലൂടെ കുട്ടിയെ കടത്തിക്കൊണ്ട് പോകുന്നു. പൂർണ്ണമല്ലാത്ത ചിത്രങ്ങൾ നൽകി സൂചകങ്ങളിൽ നിന്നും യോജിച്ചത് കണ്ടെത്താം ഇതാണ് മാപന രീതി.

3. Seguin Form Board Test (SFBT)

ജാതീയ രൂപങ്ങൾ, ചിത്രങ്ങൾ എന്നിവയുടെ കട്ട് ഔട്ടുകൾ നൽകി അതിന്റേതായ യോജിച്ച സ്ഥലങ്ങളിൽ നിശ്ചിത സമയങ്ങളിൽ ക്രമീകരിക്കുന്നു.

ഇങ്ങനെ ധാരാളം IQ ടെസ്റ്റുകൾ നിലവിലുണ്ട്.

സാധാരണ രീതിയിൽ വികാസം പ്രാപിച്ചിട്ടുള്ള ബുദ്ധിയുടെ അളവ് (ഐക്യു) 90-110 ആയിരിക്കും. 70 മുതൽ 90 വരെ ഐ.ക്യു ഉള്ള വ്യക്തികൾ ബോർഡർ ലൈൻ എന്ന പേരിൽ അറിയപ്പെടുന്നു. ഐക്യു നിലവാരം 70നും താഴെയുള്ളവരെ ഇന്റലെക്ച്വലി ചാലഞ്ച്ഡ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തുന്നു.

ഐ.ക്യു അനുസരിച്ച് ബുദ്ധിപരിമിതിയെ പൊതുവെ 4 ആയി തരം തിരിക്കുന്നു.

1) മൃദുവായ ബുദ്ധിപരിമിതി (Mild) IQ – 50–70

2) മിതമായ ബുദ്ധിപരിമിതി (Moderate) – IQ–35–49

3) തീവ്രമായ ബുദ്ധിപരിമിതി (Severe) – IQ – 20–34

4) അതിതീവ്രമായ ബുദ്ധിപരിമിതി (Profound) –IQ–20 ൽ കുറവ്

ബുദ്ധിമാനം (IQ) എല്ലാ കുട്ടികളിലും ഒരുപോലെ അല്ല എന്നതുപോലെ അവരുടെ പ്രായോഗിക ശേഷികളിലും (Functional Ability) വ്യത്യാസങ്ങൾ ഉണ്ടായിരിക്കും. അതുകൊണ്ട് തന്നെ അവരുടെ പരിശീലന പരിപാടികൾ വ്യക്തിനിഷ്ഠമായിരിക്കണം.

ഇക്കാരണത്താൽ വിദ്യാഭ്യാസശേഷി കണക്കിലെടുത്ത് ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരെ മൂന്നായി തരം തിരിച്ചിട്ടുണ്ട്.

1) വിദ്യാഭ്യാസ ശേഷിയുള്ളവർ (Educable Group)
   ചെറിയതോതിൽ ബുദ്ധിവളർച്ചയിൽ പ്രശ്നങ്ങളുള്ള കുട്ടികളാണിവർ. ചെറിയ ക്ലാസ്സിലെ പ്രവർത്തനങ്ങൾ, ലളിതമായ ഭാഷാ പ്രയോഗങ്ങൾ, ലഘുഗണിത ക്രിയകൾ എന്നിവ ഇവരെ പരിശീലിപ്പിക്കാൻ കഴിയും.
2) പരിശീലനശേഷിയുള്ളവർ (Trainable Group)
   ഇവരെ പ്രത്യേക പരിശീലനം വഴി സ്വന്തം ശാരീരികാവശ്യങ്ങൾ നിറവേറ്റാൻ കഴിവുള്ളവരാക്കാൻ ഇവരിൽ ഭൂരിഭാഗം പേർക്കും കഴിയുന്നു. കുറഞ്ഞ വൈദഗ്ധ്യം ആവശ്യമുള്ളതോ വൈദഗ്ധ്യം ആവശ്യമില്ലാത്തതോ ആയ ജോലികൾ പരിശീലിപ്പിച്ചെടുക്കാവുന്നതാണ്.
3) പരസഹായാശ്രിതർ (Custodial Care Group)

ഈ വിഭാഗത്തിൽപെടുന്ന കുട്ടികൾക്ക് മുതിർന്നാലും മറ്റുള്ളവരുടെ സഹായമില്ലാതെ സ്വന്തം ശരീരികാവശ്യങ്ങൾ നിറവേറ്റാൻ കഴിയുകയില്ല. ഇവരെ ക്രമവും തുടർച്ചയായതുമായ പരിശീലനത്തിലൂടെ ദിനചര്യകൾ ചെയ്യാൻ പ്രാപ്തരാക്കാം.

**b) ഡൗൺ സിൻഡ്രോം (ട്രൈസമി – 21)**

ക്രോമോസോമുകളുടെ വ്യതിയാനം മൂലമുണ്ടാകുന്ന ഒരവസ്ഥയാണ് ഡൗൺ സിൻഡ്രോം. മംഗോളിസം എന്ന പേരിലും ഇതറിയപ്പെട്ടിരുന്നു. മാതാവിന്റേയും പിതാവിന്റേയും കോശങ്ങൾ കൂടി ചേർന്ന് ശിശുരൂപം കൈകൊള്ളുമ്പോൾ മനുഷ്യ ശരീരത്തിലുള്ള 23 ജോഡി ക്രോമസോമുകൾ കൈമാറ്റം ചെയ്യപ്പെടുന്നു. പിതാവിൽ നിന്നും മാതാവിൽ നിന്നും തുല്യ എണ്ണം ക്രോമോസോമുകൾ ആണ് വിനിമയം ചെയ്യപ്പെടുന്നത്. എന്നാൽ ക്രോമോസോമുകളുടെ ഘടനയിലോ, എണ്ണത്തിലോ വ്യത്യാസം വരാം. 21–ാമത്തെ ജോഡിയിൽ ഒരെണ്ണം അധികമായാൽ (ട്രൈസമി –21) ഡൗൺ സിൻഡ്രോം എന്ന അവസ്ഥ ഉണ്ടാകുന്നു. ഇത്തരം കുട്ടികളെ തിരിച്ചറിയൽ എളുപ്പമാണ്. മംഗോളിയൻ വംശജരുടെ മുഖപ്രകൃതി ഇവർക്ക് കാണാം. ചരിഞ്ഞ കണ്ണുകൾ, ഇടുങ്ങിയ നാസാദ്വാരം, നീളം കുറഞ്ഞ കഴുത്ത്, വട്ടമുഖം എന്നിവ പ്രത്യേകതകളാണ്. ഇപ്രകാരം തന്നെ ട്രൈസമി –18 അഥവ അഡ്വാർഡ് സിൻഡ്രും, ട്രൈസമി ഡി–1 (13–15) പാറ്റോസ് സിൻഡ്രും എന്നിവയും കാണപ്പെടുന്നുണ്ട്.

**വില്യം സിൻഡ്രോം (Wiliam Syndrome)**

ക്രോമസോം ഏഴിന് വരുന്ന തകരാറുകളാണ് ഇതിനു കാരണം. ചില കുട്ടികൾക്ക് തൂക്കം വളരെ കുറവും സാധാരണയിൽ നിന്നും വലിപ്പം കുറഞ്ഞ തലയും (Micro Cephaly) രക്തക്കുഴലുകൾ ചുരുങ്ങൽ, ഗ്ലൂക്കോസിന്റെ അംശം കുറവ് എന്നിവയും അതികഠിനമായ ബുദ്ധി പരിമിതിയും ഉണ്ടാകാനിടയുണ്ട്.

**ഏജൽമാൻ സിൻഡ്രോം (Angelman Syndrome)**

ക്രോമസോം 15 ന വരുന്ന ചില വൈകല്യങ്ങൾ ബുദ്ധിപരിമിതിക്ക് കാരണമാകുന്നു. കഠിനമായ ബുദ്ധിപരിമിതിക്ക് കാരണമാകുന്നു. കഠിനമായ ബുദ്ധി പരിമിതിയോടൊപ്പം ശാരീരിക വൈകല്യങ്ങളും പ്രത്യക്ഷമാകുന്നു. വൈകല്യമുള്ള മുഖം, ചെറിയ തല നേരിയ മേൽച്ചുണ്ട്, ആഴത്തിലുള്ള കണ്ണുകൾ, വലിയ വായ എന്നിവക്കു പുറമെ ഓട്ടിസത്തിന്റെ ലക്ഷണങ്ങളുമുണ്ടായിരിക്കും.

രക്ഷിതാക്കളുടെ ക്രോമസോമുകൾ ബുദ്ധിപരിമിതിയുടെ (Trait) സവിശേഷമായ അംശങ്ങൾ വഹിക്കുന്നുണ്ടെങ്കിൽ അത് കുട്ടികളെ ബാധിക്കുന്നു. അച്ഛന്റെയും അമ്മയുടേയും ജീൻ സമുച്ചയങ്ങളിൽ ജന്യമാകുന്ന ടെയിറ്റുകൾ കുട്ടികളിൽ ബുദ്ധിപരിമിതിയുണ്ടാക്കുന്നു.

ക്രോമസോമുകളുടെ ചില അസ്വഭാവികമായ പ്രക്രിയകൾ, കരളിലെ പോഷണാപചയത്തെ (Metabolism) സാരമായി ബാധിക്കാൻ ഇടയുണ്ട്. ഇത് ഫിനൈൽ ജിറ്റാറിൽ (Phenyl Ketoniriea) എന്ന രോഗമുണ്ടാക്കുന്നു. ഇതും കുട്ടികളിലുണ്ടാക്കുന്ന ബുദ്ധിപരിമിതിക്ക് ഒരു പ്രധാന കാരണമായി കണ്ടിരിക്കുന്നു. തൈറോയിഡ് ഗ്രന്ഥികൾ സ്രവിക്കുന്ന തൈറോക്സിൻ (Thyroxin) എന്ന ഹോർമോൺ തലച്ചോറിന്റെ വികസനത്തിന് വളരെ പ്രധാനമായ ഒന്നാണ്. ശരീരകോശങ്ങളുടെ വളർച്ചക്ക് ഇത് അത്യാവശ്യമാണ്. ഉപ്പിലൂടെ എത്തുന്ന ഐയഡിൻ തൈറോയിഡിന്റെ പ്രവർത്തനത്തെ സഹായിക്കുന്നു. അയഡിന്റെ കുറവ് കഴുത്തിൽ ഗോയിറ്റർ എന്ന വീക്കത്തിന് കാരണമാകാൻ ഇടയുണ്ട്. കൂടാതെ ബുദ്ധി പരിമിതിയും ഉണ്ടാക്കുന്നു. ഹൈപ്പോതൈറോയിഡിസം (Hypothyroidism) എന്ന പേരിലാണ് തൈറോയിഡ് ഗ്രന്ഥികളുടെ പ്രവർത്തന വൈകല്യം കാരണമായുണ്ടാകുന്ന ബുദ്ധി പരിമിതിയെ അറിപ്പെടുന്നത്. ഗർഭഛിദ്രം, മാസം തികയാത്ത പ്രസവം എന്നിവയും അയഡിന്റെ കുറവുമൂലം ഉണ്ടാകാൻ ഇടയുണ്ട്.

ജീവശാസ്ത്രപരമായ കാരണങ്ങളെ കൊണ്ടും ബുദ്ധി പരിമിതി ഉണ്ടാകുന്നു. വലിയ തല, ചെറിയ മൂക്ക്, ചെറിയ നാക്ക്, അണ്ണാക്കിന് പിളർപ്പ് (Cleft Palate), സാധാരണയിൽ കവിഞ്ഞുള്ള പല്ലുകൾ എന്നിവ കഠിനബുദ്ധി പരിമിതിയോടൊപ്പം ഉണ്ടാകുന്നു.

**സെറിബ്രൽ പാൾസി**

വികാസവും വളർച്ചയും നടന്നുകൊണ്ടിരിക്കുന്ന കാലയളവിൽ കുഞ്ഞുങ്ങളുടെ തലച്ചോറിനുണ്ടാകുന്ന ക്ഷതം മൂലം ചലനശേഷിയിലും പേശീബലത്തിലുമുണ്ടാകുന്ന തകരാറുകളെയുമാണ് സെറിബ്രൽ പാൾസി എന്നു പറയുന്നത്. കൈകാലുകളെ നിയന്ത്രിക്കുന്ന മസ്തിഷ്കത്തിന്റെ ഭാഗങ്ങളെയാണ് ഇതു ബാധിക്കുന്നത്. സെറിബ്രൽ എന്നാൽ തലച്ചോറിനേയും, പാൾസി എന്നാൽ ബലഹീനതയാൽ നിയന്ത്രണമില്ലായ്മയേയും സൂചിപ്പിക്കുന്നു. തലച്ചോറിലുണ്ടാകുന്ന ബലഹീനതകളും പ്രയാസങ്ങളുമാണ് മസ്തിഷ്കവാതം (സെറിബ്രൽ പാൾസി).

400 കുട്ടികളിൽ ഒരാൾക്ക് എന്ന തോതിൽ ഈ അവസ്ഥ കാണപ്പെടുന്നു. തലച്ചോറിന്റെ രൂപകൽപനയിലുണ്ടാകുന്ന തകരാറു മൂലമോ, തലച്ചോറിലെ രക്തചംക്രമണത്തിലെ പ്രശ്നങ്ങൾ കാരണമോ ഓക്സിജൻ ശരിയായി ലഭിക്കാത്തതു മൂലമോ സെറിബ്രൽ പാൾസി ഉണ്ടാകാം. ഇതിൽ അധിക പങ്കും തെറാപ്പി, പ്രത്യേക വിദ്യാഭ്യാസം, സാങ്കേതിക ഉപകരണം, സർജറി തുടങ്ങിയവയുടെ സഹായത്താൽ നിയന്ത്രണ വിധേയമാക്കാൻ കഴിയും.

സെറിബ്രൽ പാൾസി ഓരോ കുട്ടിയേയും വ്യത്യസ്ത രീതിയിലാണ് ബാധിക്കുന്നത്. ചെറിയ തോതിൽ സെറിബ്രൽ പാൾസി ബാധിച്ച കുട്ടി നടത്തത്തിൽ അസന്തുലിതത്വം കാണിക്കുന്നു. ചില കുട്ടികൾക്ക് കൈ ഉപയോഗിക്കുന്നതിനാവും ബുദ്ധിമുട്ട്, കൂടുതലായി സെറിബ്രൽ പാൾസി ബാധിച്ച കുട്ടിക്ക് ഇരിക്കാനും ദൈനംദിന പ്രവർത്തനങ്ങളിലേർപ്പെടാനും പരസഹായം ആവശ്യമായി വരും. സെറിബ്രൽ പാൾസിയുള്ള കുട്ടികൾക്ക് പലതരത്തിലുള്ള ചലന പ്രശ്നങ്ങളും നേരിടുന്നു. ഈ അവസ്ഥ ബാധിച്ചിട്ടുള്ള തലച്ചോറിന്റെ ഭാഗം, പേശിദൃഢത എന്നിവയാണ് ചലനവൈകല്യത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നത്. പേശികൾ യഥാവിധം ചലിപ്പിക്കുന്നതിനും ശരീരത്തെ നേരെ നിർത്തുന്നതിനും ഇത് തടസ്സം സൃഷ്ടിക്കുന്നു. പേശികളെ നിയന്ത്രിക്കാനുള്ള തലച്ചോറിന്റെ കഴിവ് നഷ്ടപ്പെടുന്നതുമൂലമാണ് ഇത് സംഭവിക്കുന്നത്.

തലച്ചോറിൽ നിന്ന് പേശികൾക്ക് ലഭിക്കുന്ന തെറ്റായ നിർദ്ദേശം മൂലം പേശികൾ ദൃഢമാവുകയോ ചലനമറ്റതാവുകയോ ചെയ്യുന്നു. സംവേദനേന്ദ്രിയങ്ങളേയും ഇത് പ്രതികൂലമായി ബാധിക്കാം. കുട്ടികൾ വലുതാകുംതോറും ഇതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഗുരുതരമായിക്കൊണ്ടിരിക്കും. സെറിബ്രൽ പാൾസി ബാധിച്ച ചിലരിൽ ബുദ്ധിപരമായ വെല്ലുവിളി കണ്ടേക്കാം. മുഖത്തെ പേശികളുടെ ശേഷിക്കുറവുകാരണം മുഖം കോട്ടുകയും ഉമിനീർ ഒരു വശത്തുകൂടി ഒഴുകികൊണ്ടിരിക്കുകയും ചെയ്യുന്നതിനാലും ബുദ്ധിപരിമിതിയുണ്ടെന്ന് തെറ്റിദ്ധരിച്ചേക്കാം.

സെറിബ്രൽ പാൾസിയുള്ളവരിൽ കാഴ്ചയും കേൾവിയും തകരാറിലാവാൻ ഇടയുണ്ട്. ഇത് രണ്ടും പരിശോധിച്ചറിഞ്ഞില്ലെങ്കിൽ കുട്ടിയിൽ ബുദ്ധിമാന്ദ്യം സംശയിച്ചേക്കാം. അപസ്മാരം ചില കുട്ടികളിൽ കാണാനിടയുണ്ട്. ചിരി, കരച്ചിൽ, ഭയം തുടങ്ങിയവ ഇടക്കിടെ പ്രത്യക്ഷപ്പെടും. ആഗ്രഹിക്കുന്നതുപോലെ പ്രവർത്തിക്കാൻ പറ്റാത്തതുമൂലമുള്ള നിരാശയാണ് ഇതിന് ഭാഗികമായ കാരണം. തലച്ചോറിന്റെ

തകരാറും ഇതിൽ പങ്കു വഹിച്ചേക്കാം. സെറിബ്രൽ പാൾസി മൂന്ന് രൂപത്തിൽ പ്രത്യക്ഷപ്പെടാം. മസ്തിഷ്ക തളർവാതത്തിന്റെ വ്യാപ്തിയനുസരിച്ച് സംസാരം, കേൾവി, കാഴ്ച ഇവയെയെല്ലാം ബാധിക്കപ്പെട്ടേക്കാം.

**എ. പേശീ മുറുക്കം**

ശരീരം ബലംപിടിച്ച് നടക്കുന്നതിനാൽ ചലനങ്ങൾ പതുക്കെയും ഒതുക്കമില്ലാതെയും ആവുന്നു. ഇവരുടെ പേശികൾ ഇറുകിയതും മയമില്ലാത്തതുമാണ്.

**ബി. അത്തെറ്റോസിസ്**

നല്ല ആരോഗ്യമുള്ള, എന്നാൽ മുറുകിയതും മയമില്ലാത്തതുമായ തരത്തിലുള്ള പേശിയായതുകൊണ്ട് സ്വാഭാവികമല്ലാത്ത ചലനങ്ങളും ചലനരീതികളുമാണ് ഇവരുടേത്. അതിനാൽ കൈകാലുകൾ ഉപയോഗിച്ച് ഒരു പ്രവർത്തി ചെയ്യുന്നതിനോ ആശയ വിനിമയത്തിനോ (സംസാരത്തിലൂടെ) ഇവർക്ക് പ്രയാസം അനുഭവപ്പെടുന്നു.

**സി. അറ്റാക്സിയ**

പേശി ഏകോപനത്തിന്റേയും ബാലൻസിന്റേയും അഭാവം മൂലം കുട്ടിക്ക് ഇരിക്കാനും നടക്കാനും പ്രയാസമുണ്ടാകുന്നു. ഇത്തരം കുട്ടികൾ കാലുകൾ അകറ്റി വളഞ്ഞ് നടക്കുന്നു.

ശരീരത്തിന്റെ ഏതൊക്കെ ഭാഗങ്ങളെ ബാധിക്കുന്നു എന്നതനുസരിച്ചും മസ്തിഷ്ക തളർവാതം തരം തിരിക്കാവുന്നതാണ്.

| | |
|---|---|
| Monoplegia | കൈകാലുകളിൽ ഒന്നിനെ മാത്രം ബാധിച്ചിരിക്കുന്നു. |
| Diplegia | കൈകളേക്കാൾ കാലുകളെ ബാധിച്ചിരിക്കുന്നു |
| Triplegia | കൈകാലുകളിൽ ഏതെങ്കിലും 3 എണ്ണത്തെ ബാധിച്ചിരിക്കുന്നു. |
| Quadriplegia | ശരീരത്തെ മൊത്തമായും ബാധിച്ചിരിക്കുന്നു.മുഖത്തെ പേശികൾക്ക് ശ്രദ്ധേയ തകരാറുകൾ ഉണ്ടായേക്കാം. |
| Hemiplegia | കുട്ടിയുടെ ശരീരത്തിന്റെ ഒരു വശം മാത്രം ബാധിച്ചിരിക്കുന്നു. |
| Double Hemiplegia | ശരീരത്തെ മൊത്തമായും, കാലുകളേക്കാൾ കൂടുതൽ കൈകളേയും ബാധിച്ചിരിക്കുന്നു. മിക്ക കുട്ടികളിലും പാല് കുടിക്കുന്നതിനും സംസാരിക്കുന്നതിനും പ്രശ്നങ്ങൾ കണ്ടു വരുന്നു. |

.

ഫിസിയോ തെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി, സ്പീച്ച് ആന്റ് ലാംഗേജ് തെറാപ്പി, ഡ്രഗ് തെറാപ്പി എന്നിവയാണ് സെറിബ്രൽ പാൾസി ബാധിച്ച ആളുടെ പുനരധിവാസത്തിൽ ചെയ്യേണ്ടത്. ചില അവസരങ്ങളിൽ സർജറിയിലൂടെ പേശീ ബലത്തിൽ അയവു വരുത്താൻ സാധിക്കും. വ്യക്തി വിദ്യാഭ്യാസ പരിപാടി (ഐഇപി) ഇവർക്ക് ഏറെ സഹായകമാകും.

**ഓട്ടിസം**

യഥാർത്ഥ ലോകത്ത് നിന്ന് പിൻവാങ്ങി ആന്തരികമായ സ്വപ്നലോകത്ത് വിഹരിക്കുന്ന അവസ്ഥയാണ് ഓട്ടിസം (ദിവാസ്വപ്ന പ്രകൃതം) എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. കുട്ടികളുടെ തലച്ചോറിനുണ്ടാകുന്ന

തകരാറുമൂലം ജനിച്ച് 3 വർഷത്തിനുള്ളിൽ ആശയവിനിമയത്തിനും സാഹചര്യങ്ങൾക്കനുസരിച്ച് പെരുമാറുന്നതിനും ചിന്തിക്കുന്നതിനും കഴിവില്ലാതെ വരുന്ന അവസ്ഥയാണിത്.

നാഡീപരമായ തകരാറുകൾ കൊണ്ട് തലച്ചോറിന്റെ പ്രവർത്തനത്തെ ബാധിക്കുന്നതും ജീവിതകാലം മുഴുവൻ നീണ്ടു നിൽക്കാവുന്നതുമായ വികാസത്തിനുണ്ടാവുന്ന പരിമിതിയാണ് ഓട്ടിസം എന്ന അവസ്ഥ, ഓട്ടിസത്തിന്റെ പ്രധാന പ്രശ്നം സാമൂഹ്യപ്രവർത്തന പരിമിതിയാണ്. ഓട്ടിസം എന്നാൽ ബുദ്ധിപരിമിതിയല്ലെങ്കിലും ഓട്ടിസം ബാധിച്ചവരിൽ ഏതാണ്ട് 70% പേരും ബുദ്ധിപരിമിതിയുള്ളവരാണ്. ലോകത്തിൽ 10000 കുട്ടികൾ ജനിക്കുമ്പോൾ 10 പേർക്ക് ഓട്ടിസം ഉള്ളതായി കാണപ്പെടുന്നു.

പെൺകുട്ടികളിലുള്ളതിനേക്കാൾ നാലുമടങ്ങ് കൂടുതലായി ആൺകുട്ടികളിലാണ് ഓട്ടിസം കണ്ടു വരുന്നത്. ഓട്ടിസം ഉള്ള കുട്ടികൾക്കെല്ലാം കൃത്യമായും ഒരേ ലക്ഷണങ്ങളും പരിമിതികളും കാണണമെന്നില്ല. എന്നാൽ ഓട്ടിസം ബാധിച്ചവർ ഓരോ മേഖലയിലും വ്യത്യസ്ത അളവിലായിരിക്കും ശേഷീ വളർച്ച കൈവരിക്കുക. ചില മേഖലകളിൽ അവർ പുറകിലും ചിലതിൽ മുന്നിലുമാവാം.

അസന്തുലിതമായിരിക്കും അവരുടെ മാനസിക വളർച്ച. ഓട്ടിസം ബാധിച്ച ചില കുട്ടികൾ ബുദ്ധിപരമായി ഉയർന്ന നിലവാരം പുലർത്തുന്നവരായിരിക്കും. ചിലർ പരിമിതിയുള്ളവരും മൂകരും അല്ലെങ്കിൽ ഭാഷാപരമായ കടുത്ത പിന്നോക്കാവസ്ഥയിലുള്ളവരുമായിരിക്കും. സാമൂഹ്യ പ്രതിവർത്തന പരിമിതി നിമിത്തം മറ്റുള്ളവരിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി ഏകാകിയായി തീരുന്നു. ചിലർ പറഞ്ഞതുതന്നെ വീണ്ടും വീണ്ടും പറഞ്ഞുകൊണ്ടിരിക്കുകയോ, ചെയ്യുന്ന കാര്യങ്ങൾ തന്നെ തുടരുകയോ ആവർത്തിക്കുകയോ ചെയ്യും. ശബ്ദം, വെളിച്ചം, സ്പർശം, ഗന്ധം എന്നിവയോട് ചിലപ്പോൾ പ്രതികരിക്കുകയോ തീരെ പ്രതികരിക്കാതിരിക്കുകയോ ചെയ്യും.

ഓരോ കുട്ടിയുടേയും പരിമിതിയിൽ നിന്നുകൊണ്ട് സമൂഹത്തിൽ ഗുണപരമായി ഇടപെടാൻ പ്രാപ്തനാക്കുക എന്നതാണ് വിദ്യാഭ്യാസ പ്രവർത്തനത്തിൽ മുഖ്യമായും ലക്ഷ്യം വെക്കേണ്ടത്. ശാരീരിക ബുദ്ധിപരമായ കാര്യങ്ങൾ ഈ ലക്ഷ്യത്തിന് തടസ്സമാകരുത്. സാമൂഹ്യജീവി എന്ന നിലയിൽ പരിമിതികൾ ഉള്ള കുട്ടികളും വളരാനും വികസിക്കാനും ശാക്തീകരിക്കാനും അവകാശമുള്ളവരാണ്.

**സാധാരണയായി ഓട്ടിസം ബാധിച്ച കുട്ടിയിൽ കണ്ടു വരുന്ന ലക്ഷണങ്ങൾ**

- സ്ഥിരമായി ദൃഷ്ടി ഒരിടത്ത് കേന്ദ്രീകരിക്കാതിരിക്കുക
- ബധിരതയുള്ളതുപോലെ തോന്നിക്കുക
- മറ്റുള്ളവരുടെ സാന്നിദ്ധ്യം അറിയാത്തതുപോലെ പെരുമാറുക
- കളിപ്പാട്ടങ്ങൾ മണക്കുകയും നക്കുകയും ചെയ്യുക
- മൂകമായിരിക്കുക
- ഒരറക്കുള്ളിലെന്നതുപോലെ പുറത്തേക്ക് വരാതിരിക്കുക
- ഒരു പ്രത്യേക വസ്തുവിനോടോ പ്രവർത്തിയോടോ താൽപര്യം കാണിക്കുക
- തലക്ക് ശക്തിയായി ഇടിക്കുക, പ്രത്യേക രീതിയിൽ കൈയാട്ടുക, ശരീരം ചലിപ്പിക്കുക
- യാതൊരു പ്രകോപനവുമില്ലാതെ മറ്റുള്ളവരെ ഉപദ്രവിക്കുക
- മറ്റുള്ളവരെ അഭിമുഖീകരിക്കാൻ പ്രയാസപ്പെടുക

- ആരെയെങ്കിലും കാണുമ്പോൾ നാണിക്കുക (മറ്റുള്ളവരുടെ കണ്ണുകളിലേക്ക് നേർക്കുനേർ നോക്കണമെന്നില്ല)
- മണിക്കൂറുകളോളം അലറി വിളിക്കുക
- പ്രത്യേക ശബ്ദമോ പ്രവർത്തിയോ ആവർത്തിച്ചുകൊണ്ടിരിക്കുക
- വസ്ത്രം ധരിക്കാതിരിക്കുക
- അലക്ഷ്യമായി ഇറങ്ങിയോടുക
- കേൾക്കുന്ന ശബ്ദം മനസ്സിലാക്കാതെ തുടർച്ചയായി ആവർത്തിക്കുക
- ഒരേ തരത്തിലുള്ള തുടർച്ചയായുള്ള പെരുമാറ്റം
- ചില ശബ്ദം, സ്പർശം, രുചി, ഗന്ധം എന്നിവയോട് അതികഠിനമായി പ്രതികരിക്കുക
- ആശ്ലേഷിക്കൽ, ലാളനം തുടങ്ങിയ ശാരീരിക സ്പർശം ഇഷ്ടപെടാതിരിക്കുക

**ഓട്ടിസം ബാധിച്ച കുട്ടികളുടെ ആവശ്യങ്ങൾ**

- വ്യക്തിഗത പരിശീലനം (IEP)
- പരിഹാരബോധനം (Remedial Teaching)
- വ്യക്തിപരമായ ശ്രദ്ധ (Personal Attention)
- ദൈനംദിനചര്യകളുടെ പരിശീലനം (DLS Training Daily Living Skills)
- ഫിസിയോതെറാപ്പി (Physio Therapy)
- സ്പീച്ച് തെറാപ്പി (Speech Therapy)
- ഒക്യുപേഷണൽ തെറാപ്പി (Occupational Therapy)
- പ്രവർത്തനാധിഷ്ഠിത ബോധനം
- മാറ്റങ്ങളോടെയുള്ള പഠന സാമഗ്രികൾ (Adapted Learning Material)

**ബഹുവിധ വൈകല്യങ്ങൾ (Multiple Disabilities)**

ഒരു വ്യക്തിക്ക് രണ്ടോ അതിലധികമോ വൈകല്യങ്ങൾ ഒന്നിച്ച് ഉണ്ടെങ്കിൽ അത് ബഹുവിധ വൈകല്യങ്ങളായി കണക്കാക്കുന്നു. സാമൂഹിക ചുറ്റുപാടിൽ ഇടപെടുന്നതിന് ബഹുമുഖ വൈകല്യങ്ങളുള്ള കുട്ടികളെ സഹായിക്കണമെങ്കിൽ ഒന്നിലധികം മേഖലകളിൽ ഇടപെടൽ പിൻതുണ ആവശ്യമാണ്. സഞ്ചാരം, ആശയവിനിമയം, സ്വയംരക്ഷ, സ്വാശ്രയ ജീവിതം, തൊഴിൽ എന്നിവയിൽ ഇവർക്ക് സഹായം ആവശ്യമാണ്.

## അനുബന്ധം -2

## UDID പോർട്ടൽ മുഖേന ഭിന്നശേഷി കാർഡ് അനുവദിയ്ക്കുന്നതിനുള്ള നടപടിക്രമങ്ങൾ

**ഘട്ടം 1**

www.swavlambancard.gov.in എന്ന UDID വെബ് പോർട്ടലിലെ രജിസ്റ്റർ എന്ന് ലിങ്കിൽ പോയി രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. ഇത് സ്മാർട്ട് ഫോണിലൂടെയും കമ്പ്യൂട്ടറിലൂടെയും ചെയ്യുവാൻ കഴിയും. പ്രസ്തുത സൗകര്യമില്ലാത്തവർക്ക് അക്ഷയ സെന്റർ, കോമൺ സർവ്വീസ് സെന്റർ മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ഘട്ടം 2**

"Apply Online" എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. ആയത് മലയാളത്തിലും ഇംഗ്ലീഷിലും ചെയ്യുവാനുള്ള സൗകര്യം പോർട്ടലിൽ ലഭ്യമാണ്.

**ഘട്ടം 3**

പാസ്പോർട്ട് സൈസ് കളർ ഫോട്ടോയും മറ്റ തിരിച്ചറിയൽ രേഖകളും ഓൺ ലൈൻ ആയി അപ്‌ലോഡ് ചെയ്യുക.

**ഘട്ടം 4**

പ്രസ്തുത വിവരങ്ങൾ DMO/ ജില്ലാ/ താലൂക്ക്/ ജനറൽ ആശുപത്രി / മെഡിക്കൽ കോളേജിലേയ്ക്ക് സമർപ്പിക്കുക.

**ഘട്ടം 5**

DMO/ജില്ലാ/താലൂക്ക് ജനറൽ ആശുപത്രി മെഡിക്കൽ കോളേജിലെ ബന്ധപ്പെട്ടവർ പ്രസ്തുത വിവരങ്ങൾ പരിശോധിയ്ക്കുന്നു.

**ഘട്ടം 6**

വിവരങ്ങൾ പരിശോധിച്ചതിനു ശേഷം DMO/ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രി മെഡിക്കൽ കോളേജിലെ ബന്ധപ്പെട്ട വിദഗ്ധർക്ക് അഭിപ്രായത്തിനായി സമർപ്പിക്കപ്പെടുന്നു.

**ഘട്ടം 7**

സ്പെഷ്യലിസ്റ്റ് ഡോക്ടർ ഭിന്നശേഷി തോത് വിലയിരുത്തുകയും അതുമായി ബന്ധപ്പെട്ട അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്യുന്നു.

**ഘട്ടം 8**

മെഡിക്കൽ ബോർഡ് കേസ് അവലോകനം ചെയ്യുകയും ഭിന്നശേഷിതോതിന്റെ ശതമാനം നിർണ്ണയിക്കുകയും ചെയ്യുന്നു. DMO ഓഫീസ് ഭിന്നശേഷി സർട്ടിഫിക്കറ്റ് തയ്യാറാക്കുകയും UDID, ഭിന്നശേഷി സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുകയും ചെയുന്നു.

**ഘട്ടം 9**

UDID ഡാറ്റാ ഷീറ്റ് UDID കാർഡായി പ്രിന്റ് ചെയ്യുകയും ഭിന്നശേഷിക്കാരന് അയച്ചു കൊടുക്കുകയും ചെയ്യുന്നു.

## അനുബന്ധം-3

## ആധാർ എൻറോൾമെന്റ്

പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ആധാർ എൻറോൾമെന്റിന് സഹായം നൽകുന്നത് സംബന്ധിച്ച് യൂണിക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ - ആധാർ ഉപയോഗ വിഭാഗം (Unique Identification Authority of India - Aadhar Usuage Division) 2022 ഡിസംബറിൽ താഴെ പറയുന്ന വിശദാംശങ്ങൾ നൽകിയിരിക്കുന്നു

1. പരിക്ക്, വൈകല്യങ്ങൾ, വിരലുകൾ, കൈകൾ എന്നിവയുടെ ഛേദം അല്ലെങ്കിൽ മറ്റേതെങ്കിലും പ്രസക്തമായ കാരണങ്ങളാൽ വിരലടയാളം നൽകാൻ കഴിയാത്തവരുടെ ഐറിസ് സ്കാനുകൾ മാത്രമേ ശേഖരിക്കുകയുള്ളൂ.
2. ഈ നിയന്ത്രണങ്ങൾ അനുസരിച്ച് ആവശ്യമായ ബയോമെട്രിക് വിവരങ്ങൾ നൽകാൻ കഴിയുന്നില്ലെങ്കിൽ അത്തരം ഒഴിവാക്കലുകൾ കൈകാര്യം ചെയ്യുന്നതിനായി അതോറിറ്റി എൻറോൾമെൻറ് സോഫ്റ്റ്‌വെയർ നവീകരിക്കുകയും എൻറോൾമെന്റിനായി അതോറിറ്റി നിശ്ചയിച്ചിട്ടുള്ള ഒരു പ്രത്യേക നടപടിക്രമം പിന്തുടരുകയും ചെയ്യും. അതനുസരിച്ച് 2014 ഓഗസ്റ്റ് 1ലെ ബയോമെട്രിക് ഒഴിവാക്കൽ എൻറോൾമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ ഔദ്യോഗിക വെബ്സൈറ്റിൽ താഴെ പറയുന്ന ലിങ്കിൽ ലഭ്യമാണ്.

https://uidai.gov.in/images/biometric- exception-guidelines-01-08-2014/ pdf

കൂടാതെ ഭിന്നശേഷി കാരണം ആധാർ എൻറോൾമെന്റിനായി അക്ഷയ/ആധാർ കേന്ദ്രം സന്ദർശിക്കാൻ കഴിയാത്തവർക്ക് uidai ടോൾഫ്രീ നമ്പറായ നമ്പറായ 1947 ബന്ധപ്പെട്ടുകൊണ്ടോ help@uidai.gov.in email ചെയ്തു കൊണ്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും രീതി മുഖേനയോ ബന്ധപ്പെട്ടുകൊണ്ട് ഫോം എൻറോൾമെന്റിനായി uidai യിൽ അപേക്ഷിക്കാം UDAI റീജിയണൽ ഓഫീസുകൾ, സ്റ്റേറ്റ്/ സംസ്ഥാന നോഡൽ വകുപ്പുകളുമായി ചേർന്നുകൊണ്ട് ഇത്തരം കാര്യങ്ങൾ ഏറ്റെടുക്കുകയും മെറിറ്റിന്റെ അടിസ്ഥാനത്തിൽ താമസക്കാർക്ക് ആധാർ എൻറോൾമെൻറ് സേവനം ഉറപ്പാക്കുകയും ചെയ്യുന്നു.

## അനുബന്ധം 4

## ഭിന്നശേഷി സമഗ്ര സ്ഥിതി വിവര ഫോർമാറ്റ് (ദ്വിതീയ വിവരശേഖരണം)

ഏത് മേഖലയിലും ക്രിയാപരമായ ആസൂത്രണം സാധ്യമാകണമെങ്കിൽ വസ്തുനിഷ്ഠമായ കണക്കുകൾ ശേഖരിക്കുകയും അവ അപഗ്രന്ഥിച്ച് പ്രശ്നങ്ങൾ തിട്ടപ്പെടുത്തുകയും വേണം. അവസ്ഥാപഠന റിപ്പോർട്ടിന്റെ അഭാവത്തിൽ പ്രശ്ന പരിഹാരങ്ങൾ ലക്ഷ്യമാക്കിയുള്ള ആസൂത്രണം അസന്തുലിതമോ, ഭാഗീകകമോ ആകും. അതുകൊണ്ട് തന്നെ ഭിന്നശേഷിക്കാരുടെ വിവരം (കണക്ക്) ശേഖരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യേണ്ടത് ഒഴിവാക്കാൻ കഴിയുന്ന ഒന്നല്ല.

### 1. ഭിന്നശേഷി സ്ഥിതിവിവര ശേഖരണ ഫോർമാറ്റ്

**തദ്ദേശഭരണസ്ഥാപനം ....................................................... വർഷം ............................**

| ക്ര.നം | ഭിന്നശേഷി ജനസംഖ്യാ വിവരങ്ങൾ | തരംതിരിവുകൾ | | | ആകെ | റിമാർക്സ് |
|---|---|---|---|---|---|---|
| | | ആൺ | പെൺ | ട്രാൻസ് ജെൻഡർ | | |
| 1 | 0 – 5 വയസ്സ് വരെ | | | | | |
| 2 | 6–18 | | | | | |
| 3 | 19–25 | | | | | |
| 4 | 26 – 45 | | | | | |
| 5 | 46–59 | | | | | |
| 6 | 60 ന് മുകളിൽ | | | | | |
| | ആകെ | | | | | |

### 2. ഭിന്നശേഷി സംഖ്യ വിഭാഗം – ലിംഗവും ശതമാനവും തിരിച്ച്

| ഭിന്നശേഷി പ്രധാന വിഭാഗങ്ങൾ | ഭിന്നശേഷി ഉപവിഭാഗങ്ങൾ | ഭിന്നശേഷി വ്യത്യസ്ത തരംതിരിവുകൾ | തരംതിരിവുകൾ (ഭിന്നശേഷി എണ്ണം, ശതമാനം (%) വ്യക്തമാക്കുക) | | | ആകെ | ശതമാനം |
|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ട്രാൻസ് ജെൻഡർ | | |
| I.ശാരീരിക വൈകല്യങ്ങൾ | എ. ചലന വൈകല്യങ്ങൾ | 1. കുഷ്ഠരോഗ വിമുക്തർ | | | | | |
| | | 2. സെറിബൽ പാൾസി | | | | | |
| | | 3. ഡ്വാർഫിസം | | | | | |
| | | 4. മസ്കുലർ ഡിസ്ട്രോഫി | | | | | |
| | | 5. ആസിഡ് അറ്റാക്ക് വിക്ടിം | | | | | |
| | | 6. ചലനവൈകല്യം | | | | | |
| | ബി. ദൃശ്യ വൈകല്യങ്ങൾ | 7. അന്ധത | | | | | |
| | | 8. ലോവിഷൻ | | | | | |
| | സി. ശ്രവണ വൈകല്യങ്ങൾ | 9. ബധിരത | | | | | |
| | | 10. ഹാർഡ് ഓഫ് ഹിയറിംഗ് | | | | | |
| | | 11. ഭാഷണ–ഭാഷാ വൈകല്യം | | | | | |

| ഭിന്നശേഷി പ്രധാന വിഭാഗങ്ങൾ | ഭിന്നശേഷി ഉപവിഭാഗങ്ങൾ | ഭിന്നശേഷി വ്യത്യസ്ത തരംതിരിവുകൾ | തരംതിരിവുകൾ (ഭിന്നശേഷി എണ്ണം, ശതമാനം (%) വ്യക്തമാക്കുക) | | | ആകെ | ശതമാനം |
|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ട്രാൻസ് ജെൻഡർ | | |
| II.ബൗദ്ധിക വൈകല്യങ്ങൾ | എ. ബൗദ്ധിക വെല്ലുവിളികൾ | 12. സുവ്യക്ത പഠനങ്ങൾ വൈകല്യങ്ങൾ | | | | | |
| | | 13. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ | | | | | |
| | | 14. ഭൗതീക വെല്ലുവിളികൾ | | | | | |
| III.വിഭ്രാന്തി (MentalBehavie ) | എ.മനോവ്യവഹാര വൈകല്യങ്ങൾ | 15. മനോരോഗം | | | | | |
| IV.വ്യത്യസ്ത കാരണങ്ങളാലുള്ള വൈകല്യങ്ങൾ | എ.നാഡീ സംബന്ധമായ അവസ്ഥ | 16. മൾട്ടിപ്പിൾ സ്ക്ലീറോസിസ് | | | | | |
| | | 17. പാർക്കിൻസൺ ഡിസീസ് | | | | | |
| | ബി.രക്തവുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ | 18. ഹീമോഫീലിയ | | | | | |
| | | 19. തലാസീമിയ | | | | | |
| | | 20. സിക്കിൾ സെൽ അനീമിയ | | | | | |
| V.മൾട്ടിപ്പിൾ ഡിസബിലിറ്റീസ് | ബഹുമുഖ വൈകല്യങ്ങൾ | 21. ഡഫ് – ബ്ലൈന്റ് | | | | | |

**പ്രവൃത്യുന്മുഖ കാര്യശേഷി**

**3. ഭിന്നശേഷിക്കാരുടെ ഫംഗ്ഷണൽ അവസ്ഥ – വിഭാഗം തിരിച്ച്**

| ഭിന്നശേഷി വിഭാഗങ്ങൾ | ഭിന്നശേഷി തരം | തരം തിരിവുകൾ | | | ആകെ | വിദ്യാലയങ്ങളിൽ പഠിക്കുന്നവർ | തൊഴിൽ പരിശീലനത്തിൽ | ഒന്നിലും പങ്കെടുക്കുന്നില്ല | തൊഴിൽ ചെയ്യുന്നു |
|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ട്രാൻസ് ജെൻഡർ | | | | | |
| ചലന വൈകല്യങ്ങൾ | 1. കുഷ്ഠരോഗവിമുക്തർ | | | | | | | | |
| | 2. സെറിബറൽ പാൾസി | | | | | | | | |
| | 3. ഡാർഫിസം<br>4. മസ്കുലർ ഡിസ്ട്രോഫി | | | | | | | | |

| ഭിന്നശേഷി വിഭാഗങ്ങൾ | ഭിന്നശേഷി തരം | തരം തിരിവുകൾ | | | ആകെ | വിദ്യാലയങ്ങളിൽ പഠിക്കുന്നവർ | തൊഴിൽ പരിശീലനത്തിൽ | ഒന്നിലും പങ്കെടുക്കുന്നില്ല | തൊഴിൽ ചെയ്യുന്നു |
|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ട്രാൻസ് ജെൻഡർ | | | | | |
| | 5. ആസിഡ് അറ്റാക്ക് വിക്റ്റിം | | | | | | | | |
| | 6. ചലനവൈകല്യം | | | | | | | | |
| ദൃശ്യ വൈകല്യങ്ങൾ | 7. അന്ധത | | | | | | | | |
| | 8. ലോവിഷൻ | | | | | | | | |
| ശ്രവണ വൈകല്യങ്ങൾ | 9. ബധിരത | | | | | | | | |
| | 10. ഹാർഡ് ഓഫ് ഹിയറിംഗ് | | | | | | | | |
| | 11. ഭാഷണ-ഭാഷാവൈകല്യം | | | | | | | | |
| ബൗദ്ധിക വെല്ലുവിളികൾ | 12. സുവ്യക്ത പഠന വൈകല്യങ്ങൾ | | | | | | | | |
| | 13. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ | | | | | | | | |
| | 14. ബൗദ്ധിക വെല്ലുവിളികൾ | | | | | | | | |
| മനോവ്യവഹാര വൈകല്യങ്ങൾ | 15. മനോരോഗം | | | | | | | | |
| എ. നാഡീ സംബന്ധ | 16. മൾട്ടിപ്പിൾ സ്ലീറോസിസ് | | | | | | | | |

| ഭിന്നശേഷി വിഭാഗങ്ങൾ | ഭിന്നശേഷി തരം | തരം തിരിവുകൾ | | | ആകെ | വിദ്യാലയങ്ങളിൽ പഠിക്കുന്നവർ | തൊഴിൽ പരിശീലനത്തിൽ | ഒന്നിലും പങ്കെടുക്കുന്നില്ല | തൊഴിൽ ചെയ്യുന്നു |
|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ട്രാൻസ്ജെൻഡർ | | | | | |
| മായ അവസ്ഥ | 17. പാർക്കിൻസൺ ഡിസീസ് | | | | | | | | |
| ബി. രക്തവുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ | 18. ഹീമോഫീലിയ | | | | | | | | |
| | 19. തലാസീമിയ | | | | | | | | |
| | 20. സിക്കിൾ സെൽ അനീമിയ | | | | | | | | |
| ബഹുമുഖ വൈകല്യങ്ങൾ | 21. ഡഫ് – ബ്ലൈന്റ് | | | | | | | | |
| | **ആകെ മൊത്തം** | | | | | | | | |

**4. സാമൂഹ്യ സുരക്ഷാ സഹായം ലഭിക്കുന്നവർ**

| ക്ര.നം | സേവനങ്ങൾ ലഭിക്കുന്നവർ | ആൺ | പെൺ | ട്രാൻസ് ജെൻഡർ | ആകെ |
|---|---|---|---|---|---|
| 1 | തദ്ദേശസ്ഥാപന സ്കോളർഷിപ്പ് ലഭിക്കുന്നവർ | | | | |
| 2 | തദ്ദേശസ്ഥാപന സ്റ്റൈപന്റ് ലഭിക്കുന്നവർ | | | | |
| 3 | ഭിന്നശേഷി പെൻഷൻ ലഭിക്കുന്നവർ | | | | |
| 4 | പരിചരണ സമാശ്വാസം ലഭിക്കുന്നവർ | | | | |
| 5 | ഇതര സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നവർ (എസ്എസ്എ, എസ്ജെഡി, സന്നദ്ധസംഘടന) | | | | |

**5. റിപ്പോർട്ട് വർഷം പ്രാദേശിക സർക്കാർ വഴി സഹായ ഉപകരണങ്ങൾ ലഭിക്കുന്നവർ**

| ക്ര.നം | സേവനങ്ങൾ ലഭിക്കുന്നവർ | ആൺ | പെൺ | ട്രാൻസ് ജെൻഡർ | ആകെ |
|---|---|---|---|---|---|
| 1 | ചലന വൈല്യമുള്ളവർ | | | | |
| 2 | ദൃശ്യ വൈകല്യമുള്ളവർ | | | | |
| 3 | ശ്രുവണ വൈകല്യമുള്ളവർ | | | | |
| 4 | മാനസിക വെല്ലുവിളികൾ നേരിടുന്നവർ | | | | |

**6. റിപ്പോർട്ട് വർഷം ഇതര ഏജൻസികൾ വഴി സഹായ ഉപകരണങ്ങൾ ലഭിക്കുന്നവർ (ഭിന്നശേഷി കോർപ്പറേഷൻ, കെഎസ്എസ് എൻ ഹെൽത്ത്, എസ്എസ്എ, സന്നദ്ധസംഘടന)**

| ക്ര.നം | സേവനങ്ങൾ ലഭിക്കുന്നവർ | ആൺ | പെൺ | ട്രാൻസ് ജെൻഡർ | ആകെ |
|---|---|---|---|---|---|
| 1 | ചലന വൈകല്യമുള്ളവർ | | | | |
| 2 | ദൃശ്യ വൈകല്യമുള്ളവർ | | | | |
| 3 | ശ്രുവണ വൈകല്യമുള്ളവർ | | | | |
| 4 | മാനസിക വെല്ലുവിളികൾ നേരിടുന്നവർ | | | | |

**7. തദ്ദേശഭരണസ്ഥാപന സേവനങ്ങൾ ഉപയോഗിക്കുന്ന ഭിന്നശേഷിക്കാർ**

| ക്ര.നം | സേവനങ്ങൾ ലഭിക്കുന്നവർ | ആൺ | പെൺ | ട്രാൻസ് ജെൻഡർ | ആകെ |
|---|---|---|---|---|---|
| 1 | ബഡ്സ് | | | | |
| 2 | സ്പെഷൽ സ്കൂൾ | | | | |
| 3 | പൊതുവിദ്യാലയം | | | | |
| 4 | അയൽക്കൂട്ടം | | | | |
| 5 | പ്രത്യേക ഗ്രാമസഭ | | | | |
| 6 | പ്രാഥമികാരോഗ്യ കേന്ദ്രം/ ആയുഷ് ക്ലിനിക് | | | | |

## 8. ഭിന്നശേഷിക്കാരുടെ ആരോഗ്യാവകാശങ്ങൾ

| ക്ര.നം | വിഭാഗങ്ങൾ | ആൺ | പെൺ | ട്രാൻസ് ജെൻഡർ | ആകെ |
|---|---|---|---|---|---|
| 1 | കാര്യമായ രോഗങ്ങൾ ഇല്ലാത്തവർ | | | | |
| 2 | അലോപതി ചികിത്സ തേടുന്നവർ | | | | |
| 3 | ആയുർവേദം | | | | |
| 4 | ഡയബറ്റിസ് ബാധിച്ചവർ | | | | |
| 5 | ഡയാലിസിസ് വേണ്ടവർ | | | | |
| 6 | ന്യൂറോ ചികിത്സ വേണ്ടവർ | | | | |
| 7 | കണ്ണ ശസ്ത്രക്രിയ വേണ്ടവർ | | | | |
| 8 | കിടപ്പ് രോഗികളായവർ | | | | |
| 9 | പാലിയേറ്റിവ് സേവനം വേണ്ടവർ | | | | |
| 10 | ക്യാൻസർ ചികിത്സ വേണ്ടവർ | | | | |
| 11 | ഉത്കണ്ഠ/ഉറക്കകുറവ് | | | | |
| 12 | അപസ്മാര ചികിത്സ വേണ്ടവർ | | | | |
| 13 | ശസ്ത്രക്രിയ വേണ്ടവർ | | | | |

## 9. ഭിന്നശേഷിക്കാരുടെ കുടുംബാവസ്ഥ

| ക്ര.നം | വിഭാഗങ്ങൾ | ആൺ | പെൺ | ട്രാൻസ് ജെൻഡർ | ആകെ |
|---|---|---|---|---|---|
| 1 | അച്ഛനമ്മമാർ ഇല്ലാത്തവർ (2 പേരും) | | | | |
| 2 | അച്ഛനോ അമ്മയോ ഇല്ലാത്തവർ | | | | |
| 3 | കുടുംബത്തിൽ അവകാശമുള്ളവർ | | | | |
| 4 | കുടുംബത്തിൽ അവകാശമില്ലാത്തവർ | | | | |
| 5 | തൊഴിലുകളിൽ ഏർപ്പെടുന്നവർ | | | | |
| 6 | ബാങ്ക് അക്കൗണ്ടുള്ളവർ | | | | |
| 7 | ബന്ധുക്കളോടൊപ്പം താമസികുന്നവർ | | | | |
| 8 | ഒറ്റക്ക് താമസികുന്നവർ | | | | |
| 9 | വിവാഹിതർ | | | | |
| 10 | അവിവാഹിതർ (30 ന മേൽ പ്രായം) | | | | |
| 11 | മക്കളുള്ളവർ | | | | |
| 12 | സ്ഥാപനങ്ങളിൽ കഴിയുന്നവർ | | | | |
| 13 | ഊരുചുറ്റി നടക്കുന്നവർ | | | | |
| 14 | ആശ്രയ/ലൈഫ് സഹായം ലഭിച്ചവർ | | | | |

## 10. ഭിന്നശേഷിക്കാരുടെ പൊതു ആവശ്യങ്ങൾ

| ക്ര.നം | ആവശ്യങ്ങൾ | ആൺ | പെൺ | ട്രാൻസ് ജെൻഡർ | ആകെ |
|---|---|---|---|---|---|
| 1 | പകൽ സംരക്ഷണം | | | | |
| 2 | സ്ഥാപനസംരക്ഷണം | | | | |
| 3 | പാചകം ചെയ്ത ഭക്ഷണം വേണ്ടവർ | | | | |
| 4 | തൊഴിൽ പരിശീലനം | | | | |
| 5 | തൊഴിൽ വായ്പ | | | | |
| 6 | തൊഴിൽ ഉപകരണങ്ങൾ വേണ്ടവർ | | | | |
| 7 | സ്വയം തൊഴിൽ വേണ്ടവർ | | | | |
| 8 | സ്ഥലം/വീട് വേണ്ടവർ | | | | |
| 9 | പുനരധിവാസ ചികിത്സ വേണ്ടവർ | | | | |
| 10 | സഹായ ഉപകരണങ്ങൾ | | | | |

## 11. ഭിന്നശേഷിക്കാരുടെ പൊതു പങ്കാളിത്ത ആവശ്യങ്ങൾ

| ക്ര.നം | ആവശ്യങ്ങൾ | ആൺ | പെൺ | ട്രാൻസ് ജെൻഡർ | ആകെ |
|---|---|---|---|---|---|
| 1 | പ്രത്യേക ഗ്രാമസഭ | | | | |
| 2 | പ്രത്യേക അയൽക്കൂട്ടം | | | | |
| 3 | വർക്കിംഗ് ഗ്രൂപ്പുകളിലെ പങ്കാളിത്തം | | | | |
| 4 | ബഡ്സ് | | | | |
| 5 | റിസോഴ്സ് സെന്റർ | | | | |
| 6 | പാർക്ക് | | | | |
| 7 | കലാപരിശീലനം | | | | |
| 8 | കായികപരിശീലനം | | | | |
| 9 | ഫിസിയോതെറാപ്പി | | | | |
| 10 | മറ്റുള്ളവ | | | | |

**വിവരശേഖരണ രീതി**

തദ്ദേശഭരണ സ്ഥാപനത്തിന്റേയും ഘടകസ്ഥാപനങ്ങളിലേയും, ഇതരസ്ഥാപനങ്ങളിലേയും ലഭ്യമായ വിവരങ്ങൾ ശേഖരിച്ച് ഏകീകൃത ഫോർമാറ്റിൽ ആക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്.

**സെക്കണ്ടറി ഡാറ്റ ശേഖരണം**

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ സാമൂഹ്യനീതി വർക്കിംഗ് ഗ്രൂപ്പിന് ചുമതല നൽകാം. ഐസിഡിഎസ് നിർവ്വഹണ ഉദ്യോഗസ്ഥനെ കൺവീനറാക്കി നിശ്ചയിക്കാം. ഒരു ഏകീകൃത ഫോർമാറ്റ് താഴെ നൽകിയിട്ടുള്ളത് പരിശോധിക്കുക

**ശേഖരണ മാർഗ്ഗം**

ഐസിഡിഎസ് വാർഷിക റിപ്പോർട്ട്, പ്രോഗ്രസ്സ് റിപ്പോർട്ട്, കെഎസ്എസ്എം, ആശ്രയ, ആരോഗ്യ വകുപ്പ് (പിഎച്ച്സി), തദ്ദേശ പെൻഷൻരേഖ, സ്കോളർഷിപ്പ്, ഉപകരണവിതരണം, സിഡിഎസ് ആശ്രയ റിപ്പോർട്ട്, പട്ടികജാതി – പട്ടിക വർഗ്ഗ വികസന വകുപ്പ് എന്നീ തലങ്ങളിൽ കണക്കുകൾ ലഭ്യമാണ്. തദ്ദേശഭരണ സ്ഥാപന തീരുമാനപ്രകാരം സെക്രട്ടറിയോ, ചുമതലപ്പെട്ട നേതൃത്വമോ രേഖാമൂലം റിപ്പോർട്ടുകൾ ആവശ്യപ്പെടുന്നത് പ്രക്രിയ എളുപ്പമാക്കും.

## അനുബന്ധം – 5

## ഭിന്നശേഷി വ്യക്തിഗത ഗാർഹികതല വിവരശേഖരണ ഫോറം

**(ഓരോ വ്യക്തിക്കും പ്രത്യേകം)** (ബാധകമായത് √ ചെയ്യുക)

**(വർഷം ...................... , തീയതി ........................... )**

| | | | | |
|---|---|---|---|---|
| 1. | **തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്** | | | |
| 2. | **ഭിന്നശേഷിയുള്ളവരുടെ പേര്** | | | |
| 3. | **വാർഡ്** | | | |
| 4. | **കെട്ടിട നമ്പർ, വീട്ട് പേരും റോഡിന്റെ പേരും** | | | |
| 5. | **ജെൻഡർ** | | ☐ സ്ത്രീ ☐ പുരുഷൻ ☐ ട്രാൻസ് ജെൻഡർ | |
| 6. | **ആധാർ കാർഡ് നമ്പർ/UDID നമ്പർ** | | | |
| 7. | **ജനന തീയതിയും പൂർത്തിയായ വയസ്സും** | | | |
| 8. | **മതം** | | ☐ ഹിന്ദു<br>☐ മുസ്ലീം | ☐ ക്രിസ്ത്യൻ<br>☐ മറ്റുള്ളവ |
| 9. | **ഭിന്നശേഷിക്കാർ ഉൾപ്പെടുന്ന സാമൂഹ്യ വിഭാഗം** | | ☐ ജനറൽ<br>☐ പട്ടികജാതി | ☐ ഒ ബി സി<br>☐ പട്ടികവർഗ്ഗം |
| 10. | **ദാരിദ്ര്യരേഖക്ക് മുകളിലോ താഴെയോ** | | ☐ എപിഎൽ | ☐ ബിപിഎൽ |
| 11. | **വൈവാഹിക നില** | | ☐ വിവാഹിത/ൻ | ☐ അവിവാഹിത/ൻ |
| | | | ☐ വിധവ/വിഭാര്യൻ | ☐ വിവാഹമോചനം നേടിയവർ |
| | | | ☐ ദാമ്പത്യബന്ധം ഉപേക്ഷിച്ചവർ | |
| | | | ☐ മറ്റുള്ളവർ | |
| 12. | **മക്കൾ ഉണ്ടോ?** | | ☐ ഉണ്ട് | ☐ ഇല്ല |
| 13. | **താമസ രീതി** | | ☐ ഒറ്റക്ക് | ☐ കുടുംബാഗങ്ങളോടൊപ്പം |
| | | | ☐ മക്കളോടൊപ്പം | ☐ ബന്ധു വീട്ടിൽ |
| | | | ☐ സ്ഥാപനങ്ങളിൽ കഴിയുന്നവർ | |
| | | | ☐ ഊര് ചുറ്റി നടക്കുന്നവർ | ☐ മറ്റുള്ളവ |
| 14. | **ഒറ്റക്കാണ് താമസമെങ്കിൽ കാരണം** | | ☐ മക്കളില്ല | ☐ വീടില്ല |
| | | | ☐ മക്കൾ മാറി താമസിക്കുന്നു | |
| 15. | **ഭിന്നശേഷിക്കാരുടെ കുടുംബാവസ്ഥ** | **രക്ഷാകർത്താക്കളുടെ വിവരം** | ☐ അച്ഛൻ ഇല്ലാത്തവർ ☐ അമ്മ ഇല്ലാത്തവർ<br>☐ അച്ഛനും അമ്മയും ഇല്ലാത്തവർ | |
| | | **കുടുംബസ്വത്തിൽ അവകാശം** | ☐ ഉണ്ട്<br>☐ ഇല്ല | |

| 16. | ഭിന്നശേഷിയുടെ തരം | | | | | |
|---|---|---|---|---|---|---|
| ഭിന്നശേഷി പ്രധാന വിഭാഗങ്ങൾ | ഭിന്നശേഷി ഉപവിഭാഗങ്ങൾ | ഏത് തരം ഭിന്നശേഷി | ഭിന്നശേഷി ശതമാനം | | | റിമാർക്ക്സ് |
| | | | 40-59 | 60-79 | 80-100 | |
| 16.I.ശാരീരിക വൈകല്യങ്ങൾ | എ. ചലന വൈകല്യങ്ങൾ | 1. കുഷ്ഠരോഗ വിമുക്തർ | | | | |
| | | 2. സെറിബൽ പാൾസി | | | | |
| | | 3. ഡ്വാർഫിസം | | | | |
| | | 4. മസ്കുലർ ഡിസ്ട്രോഫി | | | | |
| | | 5. ആസിഡ് അറ്റാക്ക് വിക്ടിം | | | | |
| | | 6. ചലനവൈകല്യം | | | | |
| | ബി. ദൃശ്യ വൈകല്യങ്ങൾ | 7. അന്ധത | | | | |
| | | 8. ലോവിഷൻ | | | | |
| | സി. ശ്രവണ വൈകല്യങ്ങൾ | 9. ബധിരത | | | | |
| | | 10. ഹാർഡ് ഓഫ് ഹിയറിംഗ് | | | | |
| | | 11. ഭാഷണ-ഭാഷാ വൈകല്യം | | | | |
| 16.II.ബൗദ്ധിക വൈകല്യങ്ങൾ | എ. ബൗദ്ധിക വെല്ലുവിളികൾ | 12. സുവ്യക്ത പഠന വൈകല്യങ്ങൾ | | | | |
| | | 13. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ | | | | |
| | | 14. ബൗദ്ധിക വെല്ലുവിളികൾ | | | | |
| 16.III.വിഭ്രാന്തി (Mental Behaviour) | എ.മനോവ്യവഹാര വൈകല്യങ്ങൾ | 15. മനോരോഗം | | | | |
| 16.IV.വ്യത്യസ്ത കാരണങ്ങളാലുള്ള വൈകല്യങ്ങൾ | എ.നാഡീ സംബന്ധമായ അവസ്ഥ | 16. മൾട്ടിപ്പിൾ സ്ക്ലീറോസിസ് | | | | |
| | | 17. പാർക്കിൻസൺ ഡിസീസ് | | | | |
| | ബി.രക്തവുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ | 18. ഹീമോഫീലിയ | | | | |
| | | 19. തലാസീമീയ | | | | |
| | | 20. സിക്കിൾ സെൽ അനീമിയ | | | | |
| 16.V.മൾട്ടിപ്പിൾ ഡിസബിലിറ്റീസ് | ബഹുമുഖ വൈകല്യങ്ങൾ | 21. ഡഫ് – ബ്ലൈന്റ് | | | | |

| | | | | |
|---|---|---|---|---|
| 17. | **ഭിന്നശേഷിയുടെ കാരണം** | ☐ ജന്മനാൽ | ☐ രോഗം | ☐ അപകടം |
| 18. | **റിപ്പോർട്ട് വർഷം പ്രാദേശിക സർക്കാർ വഴി സഹായ ഉപകരണങ്ങൾ ലഭിക്കുന്നവർ** | ☐ ചലനവൈകല്യം ഉള്ളവർ<br>☐ ദൃശ്യ വൈകല്യം ഉള്ളവർ<br>☐ ശ്രവണ വൈകല്യം ഉള്ളവർ<br>☐ മാനസിക വെല്ലുവിളികൾ നേരിടുന്നവർ | | |

| | | |
|---|---|---|
| | **റിപ്പോർട്ട് വർഷം ഇതരം ഏജൻസികൾ വഴി സഹായ ഉപകരണങ്ങൾ ലഭിക്കുന്നവർ (ഭിന്നശേഷി, കോർപ്പറേഷൻ, കെ.എസ്.എസ്.എസം, ഹെൽത്ത്, എസ്.എസ്.എ സന്നദ്ധ സംഘടന** | ☐ ചലനവൈകല്യം ഉള്ളവർ<br>☐ ദൃശ്യ വൈകല്യം ഉള്ളവർ<br>☐ ശ്രുവണ വൈകല്യം ഉള്ളവർ<br>☐ മാനസിക വെല്ലുവിളികൾ നേരിടുന്നവർ |
| 19. | **തദ്ദേശ സ്വയംഭരണ സ്ഥാപന സേവനങ്ങൾ ഉപയോഗിക്കുന്ന ഭിന്നശേഷിക്കാർ** | ☐ ബഡ്സ് സ്കൂൾ<br>☐ സ്പെഷ്യൽ സ്കൂൾ<br>☐ പൊതു വിദ്യാലയം<br>☐ അയൽക്കൂട്ടം<br>☐ പ്രത്യേക ഗ്രാമസഭ<br>☐ പ്രാഥമിക ആരോഗ്യ കേന്ദ്രം/ആയുഷ് ക്ലിനിക്ക്<br>☐ ആശ്രയ സഹായം ലഭിച്ചിട്ടുണ്ടോ<br>☐ ലൈഫ് സഹായം ലഭിച്ചിട്ടുണ്ടോ |
| 20. | **പൊതുവിദ്യാഭ്യാസ നിലവാരം** | ☐ നിരക്ഷരൻ ☐ നവസാക്ഷരൻ<br>☐ ലോവർ പ്രൈമറി ☐ അപ്പർ പ്രൈമറി<br>☐ പത്തിനുതാഴെ ☐ പത്താംതരം<br>☐ പ്ലസ് ടു ☐ ബിരുദം<br>☐ ബിരുദാനന്തര ബിരുദം<br>☐ മറ്റുള്ളവ |
| 21. | **മറ്റു പ്രൊഫഷണൽ സാങ്കേതിക വിദ്യാഭ്യാസം** | ☐ എഞ്ചിനീയറിംഗ് ☐ ഹാർഡ് വെയർ മെയിന്റനൻസ്<br>☐ ഐ.ടി.ഐ ☐ സെയിൽസ്/ മാർക്കറ്റിംഗ്<br>☐ പോളിടെക്നിക് ☐ ഗ്രാഫിക്സ്<br>☐ കമ്പ്യൂട്ടർ ☐ പ്ലംബിംഗ്<br>☐ സോഷ്യൽ മീഡിയ ☐ മറ്റുള്ളവ |
| 22. | **ഭിന്നശേഷിക്കാരുടെ നിലവിലെ ഫങ്ഷണൽ അവസ്ഥ** | ☐ വിദ്യാലയങ്ങളിൽ പഠിക്കുന്നവർ<br>☐ തൊഴിൽ പരിശീലനത്തിൽ ഏർപ്പെടുന്നവർ<br>☐ തൊഴിൽ ചെയ്യുന്നവർ<br>☐ ഒന്നിലും പങ്കെടുക്കാത്തവർ |
| 23. | **ഇപ്പോൾ ഏതെങ്കിലും തൊഴിൽ ഉണ്ടോ?** | ☐ ഉണ്ട് ☐ ഇല്ല |
| 24. | **ഉണ്ടെങ്കിൽ തൊഴിൽ മേഖല ഏത്?** | ☐ വ്യവസായം ☐ സ്വയം തൊഴിൽ<br>☐ കൂലിവേല ☐ കാർഷികം<br>☐ സർക്കാർ |
| 25. | **പരമ്പരാഗത തൊഴിൽ എങ്കിൽ ഏത് മേഖല?** | ☐ കരകൗശലം ☐ വസ്ത്രം<br>☐ കയർ, ☐ മൂല്യവർദ്ധിത ഉൽപ്പന്നം<br>☐ കശുവണ്ടി ☐ ആശുപത്രി ജോലി<br>☐ മറ്റുള്ളവ |

| | | | |
|---|---|---|---|
| 26. | **പ്രതിദിനം ലഭിക്കുന്ന ശരാശരി ഒഴിവു സമയം** | | |
| 27. | **വരുമാന സ്രോതസ്സ് ഏത് മേഖലയിൽ നിന്ന്** | ☐ തൊഴിൽ | ☐ പെൻഷൻ |
| | | ☐ കാർഷികാദായം | ☐ ബിസിനസ്സ് |
| | | ☐ മറ്റേതെങ്കിലും | ☐ ഇല്ല |
| 28. | **കുടുംബത്തിലെ പ്രധാന വരുമാനദായകരുടെ പേരും, തൊഴിലും** | ഒന്നാമത്തെ വ്യക്തിയുടെ പേര്, തൊഴിൽ | |
| | | രണ്ടാമത്തെ വ്യക്തിയുടെ പേര്, തൊഴിൽ | |
| | | മൂന്നാമത്തെ വ്യക്തിയുടെ പേര്, തൊഴിൽ | |
| 29. | **താഴെപറയുന്ന ശീലങ്ങളുണ്ടോ ?** | ☐ മദ്യപാനം | ☐ പുകവലി |
| | | ☐ വെറ്റിലമുറുക്ക് | ☐ മറ്റുള്ളവ |
| 30. | **സ്വന്തം ആരോഗ്യസ്ഥിതി തൃപ്തികരമാണോ?** | ☐ അതെ | ☐ അല്ല |
| 31. | **ജീവിതപങ്കാളിയുടെ ആരോഗ്യ സ്ഥിതി തൃപ്തികരമാണോ ?** | ☐ അതെ | ☐ അല്ല |

| | | | |
|---|---|---|---|
| 32. | **നിരന്തരമായി നേരിടുന്ന ശാരീരിക മാനസിക അവശതകൾ** | | |
| | ☐ കേൾവിയില്ലായ്മ | ☐ കാഴ്ചയില്ലായ്മ | ☐ ബുദ്ധി വെല്ലുവിളി |
| | ☐ മനോരോഗങ്ങൾ | ☐ ശാരീരിക വൈകല്യം | ☐ പക്ഷാഘാതം |
| | ☐ മറ്റു വൈകല്യങ്ങൾ | | |
| 33. | **സ്ഥിരം രോഗങ്ങൾ** | | |
| | ☐ ബ്ലഡ് പ്രഷർ | ☐ ആസ്തമ | ☐ ഹൃദ്രോഗം |
| | ☐ ക്യാൻസർ | ☐ പ്രമേഹം | ☐ സന്ധിരോഗങ്ങൾ |
| | ☐ മൂത്രാശയരോഗങ്ങൾ | ☐ ത്വക്ക് രോഗങ്ങൾ | ☐ ക്ഷയം |
| | ☐ സിക്കിൾസെൽ അനീമിയ | ☐ ഓർമ്മക്കുറവ് | ☐ മറ്റുള്ളവ |

| | | |
|---|---|---|
| 34. | **രോഗിയുടെ ഇപ്പോഴത്തെ ആശ്രിതാവസ്ഥ** | |
| | ☐ ദൈനംദിന കാര്യങ്ങൾ നിർവ്വഹിക്കാൻ വിഷമമില്ല | ☐ ഭാഗികമായി വിഷമമുണ്ട് |
| | ☐ പരസഹായത്താൽ മാത്രം | ☐ പൂർണ്ണമായും ശേഷിയില്ല/രോഗം ബാധിച്ച് കിടക്കയിൽ കിടക്കുന്നു |
| | ☐ ബാധകമല്ല | |
| 35. | **രോഗം ബാധിച്ചിട്ട് എത്ര വർഷമായി** | |
| 36. | **രോഗത്തിന് ചികിത്സ ലഭ്യമാണോ?** | |
| 37. | **ലഭ്യമാണെങ്കിൽ ഏതു തരം ചികിത്സ** | ☐ അലോപ്പതി ☐ ഹോമിയോപ്പതി<br>☐ ആയുർവേദം ☐ മറ്റുള്ളവ |
| 38. | **ലഭ്യമല്ലെങ്കിൽ എന്ത്കൊണ്ട്?** | |

| | | | |
|---|---|---|---|
| 39. | **പരിചരണ രീതി** | | |
| | ☐ സ്വയം | ☐ കുടുംബാംഗങ്ങൾ | ☐ പരിചാരകർ |
| | ☐ ഹോംനഴ്സ് | ☐ ആരുമില്ല | |

| | | | | |
|---|---|---|---|---|
| 40. | ഭക്ഷണ ലഭ്യത | | | |
| | ☐ രണ്ട് നേരം | ☐ മൂന്ന് നേരം | ☐ യഥേഷ്ടം | |
| | ☐ ആവശ്യാനുസരണം ഇല്ല | ☐ ലഭിക്കാൻ ബുദ്ധിമുട്ടുന്നു | | |
| 41. | ഭക്ഷണം ആവശ്യാനുസരണം ലഭ്യമല്ലെങ്കിൽ കാരണം എന്ത്? വ്യക്തമാക്കുക | | | |
| 42. | കടബാധ്യതയുണ്ടോ? | ☐ ഉണ്ട് | ☐ ഇല്ല | |
| 43. | കടബാധ്യതയുണ്ടെങ്കിൽ എവിടെ നിന്ന്? | | | |
| 44. | ബാങ്ക് നിക്ഷേപമോ മറ്റ് സമ്പാദ്യമോ ഉണ്ടോ? | ☐ ഉണ്ട് | ☐ ഇല്ല | |
| 45. | ബാങ്ക് അക്കൗണ്ട് ഉണ്ടോ ? | ☐ ഉണ്ട് | ☐ ഇല്ല | |
| 46. | ഇൻഷുറൻസ് അംഗത്വം ഉണ്ടോ? | ☐ ഉണ്ട് | ☐ ഇല്ല | |
| | ഉണ്ടെങ്കിൽ ഏതെന്ന് വ്യക്തമാക്കുക | | | |
| 47. | താഴെ നൽകുന്ന മേഖലയിൽ സേവനം നൽകുന്നതിന് പ്രത്യേകം വൈദഗ്ദ്യം ഉണ്ടോ? | | | |
| | ☐ കല | ☐ കായികം | ☐ ആരോഗ്യം | ☐ വിദ്യാഭ്യാസം |
| | ☐ പരമ്പരാഗത തൊഴിൽ | ☐ നിയമം | ☐ മറ്റേതെങ്കിലും | |
| 48. | ഏതെങ്കിലും സാമൂഹ്യസാംസ്കാരിക പ്രസ്ഥാനത്തിലോ സംഘടനയിലോ പ്രവർത്തിക്കുന്നുണ്ടോ? | ☐ ഉണ്ടോ | ☐ ഇല്ല | |
| | ഉണ്ടെങ്കിൽ ഏത് സംഘടനയിൽ/ പ്രസ്ഥാനത്തിൽ | | | |
| | ഇപ്പോൾ വഹിക്കുന്ന സ്ഥാനം | | | |
| 49. | ജനപ്രതിനിധി വിവരങ്ങൾ | ജനപ്രതിനിധിയായി പ്രവർത്തിച്ചിട്ടുണ്ടോ? | ☐ ഉണ്ട് ☐ ഇല്ല | |
| | | ഉണ്ടെങ്കിൽ വഹിച്ചിരുന്ന/ വഹിക്കുന്ന സ്ഥാനം ഏത് വ്യക്തമാക്കുക | | |
| 50. | പെൻഷൻ /സാമൂഹ്യ സുരക്ഷ സഹായം ലഭിക്കുന്നവർ | തദ്ദേശ സ്ഥാപന സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടോ ? | | |
| | | തദ്ദേശ സ്ഥാപന സ്റ്റൈപ്പന്റ് ലഭിക്കുന്നുണ്ടോ ? | | |
| | | ഭിന്നശേഷി പെൻഷൻ ലഭിക്കുന്നുണ്ടോ ? | | |
| | | മറ്റ് പെൻഷനുകൾ ലഭിക്കുന്നുണ്ടെങ്കിൽ ഏത് പെൻഷൻ | ☐ സർവ്വീസ് പെൻഷൻ<br>☐ വിധവപെൻഷൻ<br>☐ സ്വാതന്ത്ര്യസമരസേനാനി<br>☐ കർഷക തൊഴിലാളി പെൻഷൻ<br>☐ വാർദ്ധക്യകാല പെൻഷൻ<br>☐ മറ്റ് സാമൂഹ്യക്ഷേമ പെൻഷൻ<br>☐ മറ്റുള്ളവ | |
| | | പരിചരണ സമാശ്വാസം ലഭിക്കുന്നുണ്ടോ | | |

| | | | |
|---|---|---|---|
| | | **ഇതര സാമ്പത്തിക സഹായങ്ങൾ ലഭിക്കുന്നുണ്ടോ (എസ്.എസ്.എ, എസ്.ജെ.ഡി, സന്നദ്ധ സംഘടന)** | |
| 51. | **ഭിന്നശേഷിയുള്ളയാൾ നേരിടുന്ന പ്രശ്നങ്ങൾ/ ആവശ്യങ്ങൾ ഏതെന്ന് രേഖപ്പെടുത്തുക** | | |

| **51.എ** | **ഭിന്നശേഷിയുള്ള ആളുടെ ആരോഗ്യ ആവശ്യങ്ങൾ ഉള്ള വിഭാഗം ടിക് ചെയ്യുക** | | | |
|---|---|---|---|---|
| **ക്ര. നം** | **വിഭാഗങ്ങൾ** | **ആൺ** | **പെൺ** | **ട്രാൻസ് ജെൻഡർ** |
| 1 | കാര്യമായ രോഗങ്ങൾ ഇല്ലാത്തവർ | | | |
| 2 | അലോപതി ചികിത്സ തേടുന്നവർ | | | |
| 3 | ആയുർവേദം | | | |
| 4 | ഡയബറ്റിസ് ബാധിച്ചവർ | | | |
| 5 | ഡയാലിസിസ് വേണ്ടവർ | | | |
| 6 | ന്യൂറോ ചികിത്സ വേണ്ടവർ | | | |
| 7 | കണ്ണ ശസ്ത്രക്രിയ വേണ്ടവർ | | | |
| 8 | കിടപ്പ് രോഗികളായവർ | | | |
| 9 | പാലിയേറ്റിവ് സേവനം വേണ്ടവർ | | | |
| 10 | ക്യാൻസർ ചികിത്സ വേണ്ടവർ | | | |
| 11 | ഉത്കണ്ഠ/ഉറക്കക്കുറവ് | | | |
| 12 | അപസ്മാര ചികിത്സ വേണ്ടവർ | | | |
| 13 | ശസ്ത്രക്രിയ വേണ്ടവർ | | | |

| **51.ബി** | **ഭിന്നശേഷിയുള്ള ആളുടെ പുനരധിവാസ ആവശ്യങ്ങൾ** | | | |
|---|---|---|---|---|
| **ക്ര. നം** | **ആവശ്യങ്ങൾ** | **ആൺ** | **പെൺ** | **ട്രാൻസ് ജെൻഡർ** |
| 1 | പകൽ സംരക്ഷണം | | | |
| 2 | സ്ഥാപനസംരക്ഷണം | | | |
| 3 | പാചകം ചെയ്ത ഭക്ഷണം വേണ്ടവർ | | | |
| 4 | തൊഴിൽ പരിശീലനം | | | |
| 5 | തൊഴിൽ വായ്പ | | | |
| 6 | തൊഴിൽ ഉപകരണങ്ങൾ വേണ്ടവർ | | | |
| 7 | സ്വയം തൊഴിൽ വേണ്ടവർ | | | |
| 8 | സ്ഥലം/വീട് വേണ്ടവർ | | | |
| 9 | പുനരധിവാസ ചികിത്സ വേണ്ടവർ | | | |
| 10 | സഹായ ഉപകരണങ്ങൾ വേണ്ടവർ | | | |

| 51.സി | **ഭിന്നശേഷിയുള്ള ആളുടെ പൊതു പങ്കാളിത്ത ആവശ്യങ്ങൾ** | | | |
|---|---|---|---|---|
| **ക്ര. നം** | **ആവശ്യങ്ങൾ** | **ആൺ** | **പെൺ** | **ട്രാൻസ് ജെൻഡർ** |
| 1 | പ്രത്യേക ഗ്രാമസഭ | | | |
| 2 | പ്രത്യേക അയൽക്കൂട്ടം | | | |
| 3 | വർക്കിംഗ് ഗ്രൂപ്പുകളിലെ പങ്കാളിത്തം | | | |
| 4 | ബഡ്സ് | | | |
| 5 | റിസോഴ്സ് സെന്റർ | | | |
| 6 | പാർക്ക് | | | |
| 7 | കലാപരിശീലനം | | | |
| 8 | കായികപരിശീലനം | | | |
| 9 | ഫിസിയോതെറാപ്പി | | | |
| 10 | മറ്റുള്ളവ | | | |
| | ☐ ചികിത്സയും മരുന്നും | ☐ സഹായ ഉപകരണങ്ങൾ (ഏത് തരം) | | |
| | ☐ ഭക്ഷണം, വസ്ത്രം | ☐ താമസസൗകര്യം | | |
| | ☐ പകൽ സംരക്ഷണം | ☐ മെഡിക്കൽ ഇൻഷ്വറൻസ് | | |
| | ☐ വിനോദ വിശ്രമ സൗകര്യം | ☐ പെൻഷൻ | | |
| | ☐ പാലിയേറ്റീവ് കെയർ | | | |

| | | |
|---|---|---|
| 52. | **ഭിന്നശേഷിക്കാർ ഉള്ളതിനാൽ കുടുംബം എന്തെങ്കിലും പ്രശ്നങ്ങൾ നേരിടുന്നുണ്ടെങ്കിൽ അവയിൽ പ്രധാനപ്പെട്ട രണ്ടെണ്ണം (കുടുംബാംഗങ്ങളുമായി ചർച്ച ചെയ്ത് എഴുതുക)** | |
| 53. | **വിവരം ശേഖരിക്കാൻ പോയ വ്യക്തിയുടെ അഭിപ്രായം (നേരിൽ കണ്ടതിന്റേയും ചർച്ച ചെയ്തതിന്റേയും അടിസ്ഥാനത്തിൽ)** | |
| 54. | **വീട്ടിലേക്കുള്ള വഴി സംവിധാനം എങ്ങിനെ.......** | |
| 55. | **വിവരം ശേഖരിച്ച വ്യക്തിയുടെ മറ്റു നിരീക്ഷണങ്ങൾ** | |

**ഭിന്നശേഷിയുള്ളവരുടെ കുടുംബത്തിലെ മറ്റ് അംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നം | അംഗങ്ങളുടെ പേര് | സ്ത്രീ/പു/ ടി.ജി | വയസ് | ബന്ധം | തൊഴിൽ | വിദ്യാർത്ഥി എങ്കിൽ ഏത് സ്ഥിതി ക്ലാസ്സിൽ | ആരോഗ്യ സ്ഥിതി |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |
| | | | | | | | |

വിവരം ശേഖരിച്ച വ്യക്തിയുടെ പേര്, വിലാസം, ഒപ്പ് :

ഒബ്സർവ്വറുടെ പേര്, വിലാസം, ഒപ്പ് :

സ്ഥലം :
തീയതി :

**കുറിപ്പ് 1**

1. ഭിന്നശേഷിക്കാർ കുടുംബാംഗങ്ങളായിട്ടുള്ള വീടുകളിൽ മാത്രമാണ് സർവ്വേ നടത്തേണ്ടത്.
2. ഓരോ വ്യക്തിക്കുവേണ്ട സേവനങ്ങൾ, അവരുടെ യഥാർത്ഥത്തിലുള്ള അവസ്ഥ, ആവശ്യമായ ഇടപെടൽ എന്നിവ ഹ്രസ്വമായി എഴുതണം.
3. ഓരോ കോളത്തിലും മറ്റുള്ളവ എന്ന് ടിക് ചെയ്യുന്നവ ഏതെന്ന് വ്യക്തമായി എഴുതണം

## അനുബന്ധം 6

## സംസ്ഥാന ഭിന്നശേഷിജന നിയമ ചട്ടങ്ങൾ

ദേശീയ ഭിന്നശേഷി ജനനിയമം 1995 അനുസരിച്ച് കേരളത്തിൽ സംസ്ഥാന ഡിസബിലിറ്റി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

**അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ്**

**അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറുടെ പ്രധാന പ്രവർത്തനങ്ങൾ**

1. വിവിധ വകുപ്പുകൾ മുഖേന അംഗപരിമിതരുടെ ക്ഷേമത്തിനായി സർക്കാർ നടപ്പാക്കി വരുന്ന ക്ഷേമ പദ്ധതികൾ ഏകോപിപ്പിക്കുക.
2. അംഗപരിമിതരുടെ പരാതികൾ കേട്ട് തീർപ്പ കൽപ്പിക്കുക.
3. അംഗപരിമിതരുടെ അവകാശങ്ങൾ അനർഹരായവർ കവർന്നെടുക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക. അംഗപരിമിതർക്കായുള്ള സേവന പദ്ധതികൾ കാര്യക്ഷമമാക്കുക.
4. അംഗപരിമിതർക്ക് നിയമബോധവൽക്കരണം നടത്തുക.
5. അംഗപരിമിതരുടെ തൊഴിൽ സംവരണം ഉറപ്പാക്കുക.
6. അംഗപരിമിതർക്കുവേണ്ടി ആരോഗ്യക്യാമ്പുകൾ സംഘടിപ്പിക്കുകയും അവർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ നൽകുകയും ചെയ്യുക.
7. അംഗപരിമിതർക്കുള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തുക.
8. ഗവേഷണം, ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക.

**ഭിന്നശേഷി സേവന സ്ഥാപന രജിസ്ട്രേഷൻ**

**ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് വേണ്ടിയുള്ള ക്ഷേമസ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ**

ഭിന്നശേഷിക്കാരായ വ്യക്തികളുടെ താമസം, വികസനം, തൊഴിൽ പരിശീലനം, പുനരധിവാസം തുടങ്ങിയവയ്ക്കായി നടത്തപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ദേശീയ ഭിന്നശേഷിജന നിയമപ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഭിന്നശേഷി ചട്ടപ്രകാരമുള്ള രജിസ്ട്രേഷൻ അതോറിറ്റിയിൽ നിന്നും രജിസ്ട്രേഷൻ നേടേണ്ടതാണ്. സാമൂഹ്യനീതി ഡയറക്ടർക്കാണ് രജിസ്ട്രേഷൻ അധികാരം നൽകാൻ സർക്കാർ അധികാരം നൽകിയിട്ടുള്ളത്. മാനസിക രോഗവുമായി ബന്ധപ്പെട്ടവർക്കായുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ മെന്റൽ ഹെൽത്ത് ആക്ട് 187 എന്ന നിയമത്തിൻ കീഴിലുള്ള രജിസ്ട്രേഷൻ എടുക്കേണ്ടതായി വരും. സ്പെഷൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ എന്നിവയ്ക്കുള്ള അംഗീകാരം വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറിൽ നിന്നും ഉറപ്പാക്കേണ്ടതാണ്. അംഗീകൃത സർക്കാർ ഇതര സംഘങ്ങൾക്ക് സ്ഥാപനം ആരംഭിച്ച് 6 മാസത്തിനകം അനുമതിക്കായി അപേക്ഷിക്കേണ്ടതാണ്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടികൾ കൈകൊള്ളുവാൻ കോമ്പിറ്റന്റ് അതോറിറ്റിക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

ഓരോ ക്ഷേമസ്ഥാപനത്തിനും നിശ്ചിതമായ മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവായോ പിഡബ്ല്യുഡി റൂൾസിലോ നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥല സൗകര്യങ്ങൾ ഭൂവിസ്തൃതി ഉപകരണങ്ങൾ സേവനദാതാക്കളുടെ യോഗ്യത ഗുണഭോക്താക്കളുടെ കുറഞ്ഞ എണ്ണം സ്ഥാപനത്തിന്റെ രജിസ്ട്രേഷനും കണക്കുകളും പോലെയുള്ള പല കാര്യങ്ങൾക്കും വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ട്.

- ഭിന്നശേഷിക്കാർക്കായുള്ള സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ രജിസ്ട്രേഷനുള്ള പ്രധാന നിബന്ധനകൾ കുറഞ്ഞത് 20 അന്തേവാസികൾ ഉണ്ടായിരിക്കണം. ഒരാൾക്ക് 40

ചതുരശ്ര അടി എന്ന കണക്കിൽ കെട്ടിടത്തിന് വിസ്തീർണ്ണം ഉണ്ടായിരിക്കണം. 4 കുളിമുറികൾ/ടോയലറ്റുകൾ ആണിനും പെണ്ണിനുമായി സജ്ജീകരിച്ചിരിക്കണം. അംഗീകൃത യോഗ്യതയുള്ള പരിശീലകർ, 2-3 ആയമാർ 2 പാചകക്കാർ എന്നിവർ പ്രവർത്തകരായി ഉണ്ടായിരിക്കണം. (കൂടുതൽ വിവരങ്ങൾക്ക് സ.ഉ (എം എസ് )28/2013 എസ് ജെ ഡി തീയതി 25/3/2013 ഉത്തരവ് പരിശോധിക്കുക)

- അനാഥാലയങ്ങളുടെ രജിസ്ട്രേഷൻ - കേരള സംസ്ഥാനത്ത് കുട്ടികളുടെ സംരക്ഷണത്തിനായി അനാഥാലയങ്ങളും അതോടൊപ്പം വൃദ്ധമന്ദിരങ്ങളും ആരംഭിക്കുന്നതിന് കേരള ഓർഫനേജ് കൺട്രോൾ ബോർഡ് ആക്ട് ആന്റ് റൂൾസ് 1961 പ്രകാരം തിരുവനന്തപുരം വികാസ് ഭവനിൽ പ്രവർത്തിക്കുന്ന കൺട്രോൾ ബോർഡ് ഓഫ് ഓർഫനേജ് സ്ഥാപനത്തിൽ നിന്നും അംഗീകാരം ഉറപ്പാക്കേണ്ടതാണ്. ഗ്രാന്റ് ലഭിക്കുന്നതിന് അംഗീകാരം അനിവാര്യമാണ്. ബാലാവകാശ നിയമം 2000ത്തിൽ നിലവിൽ വന്നതോടെ അനാഥരോ ഉപേക്ഷിക്കപ്പെട്ടവരോ ആയ കുട്ടികളെ പാർപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ അംഗീകാരവും ആവശ്യമാണ്.

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിപ്പിക്കുന്ന സ്പെഷൽ സ്കൂൾ - വിദ്യാഭ്യാസ വകുപ്പ് മാനദണ്ഡങ്ങൾ സ.ഉ (എം എസ് ) നമ്പർ 115/2015 പൊവിവ 15/5/2015. ഈ നിബന്ധനകളും രജിസ്ട്രേഷനും ഗ്രാന്റ് ഇൻ എയ്ഡ് ലഭിക്കുന്നതിന് അനിവാര്യമാണ്.

**എ.അടിസ്ഥാന സൗകര്യങ്ങൾ**

- ഭൂവിസ്തൃതി ഏറ്റവും കുറഞ്ഞത് പഞ്ചായത്തിൽ 50 സെന്റ്, മുനിസിപ്പാലിറ്റി 30 സെന്റ്, കോർപ്പറേഷൻ 20 സെന്റ്
- ഓരോ ക്ലാസ് മുറിക്ക് 225 ച.അടി (8 കുട്ടികൾക്ക് ഒരു ക്ലാസ് )
- ഫിസിയോതെറാപ്പി റൂം 400 ച.അടി സ്പീച്ച് തെറാപ്പി 100 ച.അടി ഒക്യുപേഷണൽ തെറാപ്പി 100 ച.അടി
- ഓഫീസ് റൂം/സ്റ്റാഫ് റൂം /കിച്ചൻ സ്റ്റോർ റൂം
- ടോയ് ലറ്റ് 1:5 എന്ന അനുപാതത്തിൽ ക്ലാസുമുറി ഉയരം കുറഞ്ഞത് 10 അടി
- തടസ്സ വിമുക്തം റാമ്പ്, ഹാന്റ് റെയിൽസ് ഹാന്റ് ഗ്രിപ്പ്

**ബി. സ്റ്റാഫ് പാറ്റേൺ**

- സ്പെഷ്യൽ ടീച്ചർ 1:8 അനുപാതം
- തെറാപ്പിസ്റ്റുകൾ ഒന്നുവീതം
- ആയ 1:15 കുക്ക്
- 50 പേർക്ക് ഒരു ഡ്രൈവർ (വാഹനമുണ്ടെങ്കിൽ)
- വിസിറ്റിംഗ് തസ്തിക ഡോക്ടർ, സൈക്കോളജിസ്റ്റ്
- കൺസോളിഡേറ്റഡ് സ്പെഷലിസ്റ്റ് ടീച്ചർ - മ്യൂസിക്ക്/ഡാൻസ്, വൊക്കേഷണൽ, ഡ്രോയിംഗ്, കായിക അദ്ധ്യാപകൻ, വാച്ച്മാൻ

**സി. ജീവനക്കാരുടെ യോഗ്യത**

- സ്പെഷ്യൽ ടീച്ചർ ആർ.സി.ഐ അംഗീകാരമുള്ള ഡിപ്ലോമ അല്ലെങ്കിൽ സ്പെഷ്യൽ ബിഎഡ്.
- കുട്ടികളുടെ ഭിന്നശേഷി തരം കണക്കാക്കി ടീച്ചർമാരുടെ യോഗ്യത എം.ഡി, എം.അർ, ഓട്ടിസം, സി.പി, എ.ഡി എന്നീ വിഷയങ്ങൾ പഠിച്ചവരെ നിയോഗിക്കേണ്ടതാണ്.